വാല്യം 24

ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന



## പൂതക്കുളം ഗ്രാമപഞ്ചായത്ത്

# സമഗ്രവികസന രേഖ



"എന്റെ ജീവിതമാണ് എന്റെ സന്ദേശം."

പൂതക്കുളം ഗ്രാമപഞ്ചായത്ത്

**ജനകീയ ആസൂത്രണം**

# സമഗ്രവികസന രേഖ

## റിപ്പോർട്ട് തയ്യാറാക്കിയവർ

കെ. ആർ. മനോജ്, എൻ. സദാനന്ദൻപിള്ള
പി. ദേവരാജൻ, ഡി. സുരേഷ്കുമാർ
അഡ്വ. എ.കെ. മനോജ്, ബി. ചന്ദ്രചൂഡൻപിള്ള
അഡ്വ. പി. വരദരാജൻ, ഷൈലജാ രാജൻ
എസ്. ജലജ, അഡ്വ. ബി. ശ്രീകണ്ഠൻനായർ
പി. സുധർമ്മണി, ബി. മധുസൂദനൻപിള്ള
ഡോ. സലിംരാജ്, പി. പരമേശ്വരൻപിള്ള
പി. ശ്രീധരനാശാൻ, എം.പി. ഗോപകുമാർ
കെ. ഗോപാലകൃഷ്ണപിള്ള, എൻ. ശിവശങ്കരപ്പിള്ള
ടി.എൻ. ജനാർദ്ദനൻപിള്ള, എം. സന്തോഷ്കുമാർ
ആർ. വാമദേവൻപിള്ള, ആർ. രാജേഷ്കുമാർ
കെ. സുധാകരൻനായർ, കെ. കേശവൻകുട്ടിപ്പിള്ള
എ. അച്ച്യുതൻ, കെ.ആർ. ജനാർദ്ദനൻപിള്ള

## കീ റിസോഴ്സ് പേഴ്സൺ

ആർ. പ്രസന്നകുമാർ

## ജില്ലാ റിസോഴ്സ് പേഴ്സൺമാർ

എൻ. സദാനന്ദൻപിള്ള, പി. ദേവരാജൻ
ഡി. സുരേഷ്കുമാർ, അഡ്വ. എ.കെ. മനോജ്
കെ. സുദേവൻ, ബാബു രാജേന്ദ്രപ്രസാദ്
കെ. ആർ. മനോജ് (കൺവീനർ)

## സാങ്കേതിക സഹായം

എസ്. സക്കീർ
സെന്റർഫോർ എർത്ത് സയൻസ് സ്റ്റഡീസ്
തിരുവനന്തപുരം

## ഡിസൈൻ & ലേ ഔട്ട്

എസ്. പ്രദീപ്
ബി. സുനിൽ, വിലീപ്കുമാർ, സുരേഷ്കുമാർ .ആർ

## ഡി.ടി.പി

ന്യൂമാൻസ്, പരവൂർ

## മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



കെ. കുഞ്ഞുണ്ണിപ്പിള്ള
(1953–58)



ഡോ. പി. കൃഷ്ണൻനായർ
(1963–79)



എൻ.വി. ദേവ്
(1988–91)



പി. സദാനന്ദൻപിള്ള
(1991–94)



# പൂതക്കുളം പഞ്ചായത്ത്
## ഭരണ ഭൂപടം



# പഞ്ചായത്ത് ഭരണസമിതി



**എൻ. പത്മാവതിയമ്മ**
പ്രസിഡന്റ്



**പി.വി. സത്യൻ**
വൈസ് പ്രസിഡന്റ്



**പി. സതീശൻ**
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



**എം. ശശിധരൻപിള്ള**



**പി. സുധർമ്മണി**



**ബി. മധുസൂദനൻപിള്ള**



**ബി. ചന്ദ്രചൂഡൻപിള്ള**



**എസ്. ജലജ**



**അഡ്വ. ബി. ശ്രീകണ്ഠൻനായർ**



**എം. വാസുദേവൻപിള്ള**



**ഷൈലജാരാജൻ**



**എ. അയ്യപ്പൻ**
സെക്രട്ടറി

# കേരളം



# ഉള്ളടക്കം


1. ആമുഖം ........ 11
2. പഞ്ചായത്ത് പൊതു വിവരണം ........ 13
3. സാമൂഹ്യ സാംസ്ക്കാരിക ചരിത്രം ........ 15
4. ഭൂപ്രകൃതി ........ 23
5. വികസന മേഖലകൾ

a. കൃഷി, ജലസേചനം ........ 30
b. മൃഗസംരക്ഷണം, മത്സ്യബന്ധനം ........ 38
c. വ്യവസായം ........ 43
d. ഗതാഗതം, ഊർജ്ജം, മാർക്കറ്റ് ........ 49
e. പാർപ്പിടം, സാമൂഹ്യക്ഷേമം ........ 65
f. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം ........ 78
g. പൊതുജനാരോഗ്യം, കുടിവെള്ളം ........ 85
h. വിദ്യാഭ്യാസം ........ 90
i. വനിത ........ 98
j. സംസ്ക്കാരം ........ 101
k. സഹകരണം ........ 111
l. വിഭവസമാഹരണം ........ 119

6. ഉപസംഹാരം ........ 122

# നന്ദി...

വികസനത്തിന്റെ പുത്തൻ സംസ്കാരത്തിന്
ഉയിരേകാൻ രൂപംകൊണ്ട കൂട്ടായ്മയിൽ
പങ്കാളികളായ പൊതുജനങ്ങൾ, പരിശീലകർ,
ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ പൊതുപ്രവർത്തകർ
തുടങ്ങി എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി രേഖ
പ്പെടുത്തിക്കൊണ്ട് ഈ വികസന രേഖ
ജനങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു. തുടർന്നും
പദ്ധതികളുടെ നടത്തിപ്പിലും നാടിന്റെ
വിദ്യാഭ്യാസ-സാംസ്കാരിക വളർച്ചയിലും
എല്ലാവരുടെയും സഹായം പ്രതീക്ഷിച്ചുകൊണ്ട്
സ്നേഹാദരങ്ങളോടെ,

പൂതക്കുളം ഗ്രാമപഞ്ചായത്ത്
ഭരണസമിതിക്കുവേണ്ടി

**എൻ. പത്മാവതിയമ്മ**
(പ്രസിഡന്റ്)

# ആമുഖം

കേരളം ഇന്നു നേരിടുന്ന വികസനവെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിനു വേണ്ടിയാണ് നമ്മുടെ സംസ്ഥാന സർക്കാർ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയത്. ആസൂത്രണത്തിൽ പുതിയ യുഗപ്പിറവി കുറിക്കുന്ന ജനകീയ പദ്ധതിയായി ഒമ്പതാം പദ്ധതിയെ മാറ്റിത്തീർക്കാനുള്ള ശ്രമങ്ങൾ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ ഇന്ന് സംസ്ഥാനത്തുടനീളം നടന്നു വരുന്നു. 1996 ആഗസ്റ്റ് 17 (1172 ചിങ്ങം 1) ന് സംസ്ഥാനതലത്തിൽ ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. ഇ.കെ.നായനാർ നിർവഹിച്ചതോടെ ലോകചരിത്രത്തിലാദ്യം ജനകീയ ആസൂത്രണ പ്രസ്ഥാനം കേരളത്തിൽ രൂപംകൊണ്ടു.

പ്രാദേശിക ആവശ്യങ്ങൾ മനസിലാക്കിയും വിഭവങ്ങൾ കണ്ടെത്തി സമാഹരിച്ചും സംസ്ഥാനത്ത് പുതിയൊരു വികസന സംസ്കാരം വളർത്തിയെടുക്കുകയാണ് ജനകീയ ആസൂത്രണത്തിൻെറ ലക്ഷ്യം. അധികാര വികേന്ദ്രീകരണത്തിലേക്കുള്ള സുപ്രധാന ചുവടുവയ്പാണ് ജനകീയ ആസൂത്രണം. പദ്ധതി രൂപവൽകരണം മുതൽ അതു നടപ്പിലാക്കുന്നതു വരെ എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഇതുവഴി ഉറപ്പുവരുത്തുന്നു.

കേരളത്തിലെ വികസനപ്രക്രിയയുടെ വളരെയേറെ പ്രകീർത്തിക്കപ്പെട്ട ഒരു വശമാണ് നീതിപൂർവമായ വിതരണത്തിൻെറ കാര്യത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടം. എന്നാൽ സാമ്പത്തിക വിതരണത്തിൻെറ മേഖലയിൽ നിന്നും സാമ്പത്തിക ഉല്പാദനത്തിൻെറ മേഖലയിലേക്ക് നീങ്ങുമ്പോഴാണ് കേരളത്തിൻെറ വികസന ദൗർബല്യം വെളിവാകുന്നത്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലുടനീളം കേരളത്തിൻെറ ആളോഹരി വരുമാനം ദേശീയ ശരാശരിയെക്കാൾ താഴ്ന്നതായി തുടരുന്നു. സാമ്പത്തിക വളർച്ചയുടെ പിന്നോക്കാവസ്ഥ മാത്രമല്ല, ഇന്നത്തെ സാമ്പത്തിക വളർച്ച സ്ഥായിയല്ല എന്നതുംകൂടിയാണ് നമ്മുടെ പ്രശ്നം. സാമ്പത്തികരംഗത്തെ അപകടകരമായ ഈ സ്ഥിതിവിശേഷം പ്രകടമാകാത്തതിനു മുഖ്യകാരണം ഗൾഫ്മലയാളികളിൽ നിന്നുള്ള വൻവരുമാനമാണ്. എന്നാൽ ഗൾഫ് വരുമാനത്തിൻെറ ഗുണഫലങ്ങൾ സംസ്ഥാനത്തെ ഉല്പാദനമേഖലയ്ക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്ന കാര്യവും നാമോർക്കണം. കേരളം സാമൂഹിക-രാഷ്ട്രീയ ക്ഷേമരംഗങ്ങളിൽ കൈവരിച്ചിട്ടുള്ള ഭൂതകാലത്തിൻെറ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടും അവ മെച്ചപ്പെടുത്തിക്കൊണ്ടും നമ്മുടെ സാമ്പത്തിക വളർച്ചയ്ക്ക് വേഗത കൂട്ടാനാണ് ജനകീയ ആസൂത്രണത്തിലൂടെ ശ്രമിക്കുന്നത്.

ആസൂത്രണവികേന്ദ്രീകരണം എന്നു പറഞ്ഞാൽ എല്ലാ കാര്യങ്ങളിലും താഴെത്തട്ടിൽ തന്നെ തീരുമാനം എടുക്കുക എന്നർത്ഥമില്ല. വൈദ്യുതി, വൻകിട വ്യവസായം, വൻകിട ജലസേചനം തുടങ്ങിയവ സംബന്ധിച്ച ആസൂത്രണം സംസ്ഥാനതലത്തിലേ സാധ്യമാകൂ. കൃഷി, ചെറുകിട വ്യവസായം, മത്സ്യബന്ധനം, മൃഗപരിപാലനം തുടങ്ങിയ മേഖലകളിലെ ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ സംബന്ധിച്ചും, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവനതുറകളുടെ ഗുണനിലവാരം ഉയർത്തുന്നതു സംബന്ധിച്ചും പ്രാദേശികതലത്തിൽ ആസൂത്രണം ഉണ്ടാകണം. ഇപ്രകാരം ഒരേ സമയം പല തട്ടുകളിലായി വികസനാസൂത്രണം നടത്തുകയും

അവയെ ഏകോപിപ്പിച്ച് നമ്മുടെ ഒമ്പതാം പദ്ധതിക്ക് രൂപം നൽകുകയും ചെയ്യുന്നു.

വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട ചില സംഗതികളുണ്ട്. ഒന്നാമതായി ഓരോ പ്രദേശത്തെയും ഭൂപ്രകൃതിയുടെ സാധ്യതകളേയും ജനങ്ങളുടെ ആവശ്യങ്ങളേയും കണക്കിലെടുത്തുകൊണ്ടു വേണം പരിപാടികൾ ആവിഷ്കരിക്കേണ്ടത്. രണ്ടാമതായി, പ്രാദേശികാടിസ്ഥാനത്തിൽ പദ്ധതിയുണ്ടാക്കുമ്പോൾ വിവിധ മേഖലകളുടെ പരസ്പര ബന്ധങ്ങൾ മനസിലാക്കുകയും സംയോജിതമായി വികസന പരിപാടികൾ നടപ്പിലാക്കുകയും വേണം. മൂന്നാമതായി, പ്രാദേശിക വികസനത്തിനാവശ്യമായ വിഭവങ്ങൾ പ്രാദേശികതലത്തിൽ തന്നെ സമാഹരിക്കാൻ ശ്രമിക്കണം.

ഒന്നാംഘട്ടത്തിൽ പൂതക്കുളം പഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്ന പരിപാടികളുടെ ഉദ്ഘാടനം 1996 സെപ്തംബർ 21-ാം തീയതി നടന്നു. ഇതിനു മുന്നോടിയായി നടന്ന ജില്ലാതല പരിശീനത്തിൽ പൂതക്കുളം പഞ്ചായത്തിൽ നിന്നും അഞ്ചുപേർ പങ്കെടുത്തു. 12.9.96 ൽ പഞ്ചായത്തുതലത്തിൽ 75ഓളം കോർഗ്രൂപ്പ് അംഗങ്ങൾക്ക് ഒരു ഏകദിന ശില്പശാലനടത്തി. 11 വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകൾ ഒക്ടോബർ 5 നു അവസാനിച്ചു. ഈ ഗ്രാമസഭകളിൽ രണ്ടു വിഷയങ്ങളിൽ ക്ലാസുകൾ നടത്തിയിരുന്നു. ജനകീയാസൂത്രണപ്രസ്ഥാനം എന്ത്? എന്തിന്? ജനകീയാസൂത്രണവും ഗ്രാമസഭകളും എന്നിവയാണ് ഗ്രാമസഭകളിൽ അവതരിപ്പിച്ച വിഷയങ്ങൾ. തുടർന്ന് ഓരോ ഗ്രാമസഭകളിലും കോർഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ പ്രധാന വികസന മേഖലകളിൽ ഗ്രൂപ്പുചർച്ചകൾ നടന്നു. വിവിധ മേഖലകളിലെ പൊതുസ്ഥിതി, പ്രശ്നങ്ങൾ, പരിഹാരങ്ങൾ എന്നിവയെക്കുറിച്ച് വിശദമായ ചർച്ചകളുണ്ടായി. സ്ത്രീകളടക്കം നിരവധിപേർ വളരെ ആവേശപൂർവം ഗ്രാമസഭകളിലെ ചർച്ചകളിൽ പങ്കെടുക്കുകയുണ്ടായി. രണ്ടാംഘട്ട പരിശീലനം ലഭിച്ച 7 റിസോഴ്സ് പേഴ്സൺമാർ പഞ്ചായത്തുതലത്തിൽ കോർ ഗ്രൂപ്പംഗങ്ങൾക്കു വേണ്ടി ഒരു ഏകദിനശില്പശാല നടത്തി. ഇതിനോടൊപ്പം പഞ്ചായത്തിലെ വിവിധ വകുപ്പുദ്യോഗസ്ഥൻമാരുടെ യോഗവും കൂടുകയുണ്ടായി. C.E.S.S ന്റെ നേതൃത്വത്തിൽ വിഭവ ഭൂപടം തയ്യാറാക്കി.1996 ഡിസംബർ 1 ന് ഭൂപ്രകൃതി പര്യടനം നടന്നു. തുടർന്ന്, ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം, ദ്വിതീയ സ്ഥിതി വിവര ശേഖരണം, ചരിത്രപഠനം എന്നിവ നടത്തുകയുണ്ടായി. ജില്ലാ റിസോഴ്സ് പേഴ്സൺമാർ, കോർഗ്രൂപ്പംഗങ്ങൾ, ഉദ്യോഗസ്ഥൻമാർ,വാർഡുമെമ്പർമാർ എന്നിവരുടെ സഹായത്തോടെ വികസന റിപ്പോർട്ട് തയ്യാറാക്കി. ഡിസംബർ 24നു ചേർന്ന പഞ്ചായത്തു കൗൺസിൽ ഈ റിപ്പോർട്ട് അംഗീകരിക്കുകയും പ്രസിദ്ധീകരണത്തിന് അനുവാദം നൽകുകയും ചെയ്തു.

ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം വികസനസെമിനാറാണ്. ഈ റിപ്പോർട്ടിൽ വിശകലനം ചെയ്തിട്ടുള്ളവികസനപ്രശ്നങ്ങളെക്കുറിച്ചും പരിഹാരമാർഗങ്ങളെക്കുറിച്ചും കുറേക്കൂടി ആഴത്തിലുള്ള ചർച്ചയ്ക്ക് അവസരം നൽകുക എന്നതാണ് ഈ സെമിനാറിന്റെ ഉദ്ദേശ്യം. വിഷയാടിസ്ഥാനത്തിലുള്ള 12 ഗ്രൂപ്പുകളിലായാണ് വികസന സെമിനാറിലെ ചർച്ചകൾ നടക്കുന്നത്. ഇതിനെത്തുടർന്ന് ഓരോ ഗ്രൂപ്പും മുൻഗണന നൽകുന്ന പരിപാടികൾ പ്രോജക്ടുകളും പദ്ധതികളുമാക്കി മാറ്റാൻ കർമസമിതികളെ ഈ വികസന സെമിനാറിൽ നിശ്ചയിക്കുന്നു. കർമസമിതികൾ വികസനപ്രശ്നങ്ങൾ വിശദമായി അവലോകനം നടത്തി അവയെ ചിട്ടപ്പെടുത്തി സമഗ്രപദ്ധതികളാക്കി മാറ്റുന്നതോടെ മൂന്നാം ഘട്ടം അവസാനിക്കുന്നു.

ഈ റിപ്പോർട്ടിലെ അഞ്ചാം അധ്യായത്തിലെ വികസനമേഖലകളുടെ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്.

# പൂതക്കുളം ഗ്രാമപഞ്ചായത്ത്
# പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | പൂതക്കുളം |
| ഉൾപ്പെടുന്ന വില്ലേജിന്റെ പേര് | : | പൂതക്കുളം |
| ബ്ലോക്ക് പഞ്ചായത്ത് | : | ഇത്തിക്കര |
| ജില്ലാ പഞ്ചായത്ത് മണ്ഡലം | : | കല്ലുവാതുക്കൽ |
| നിയമസഭ മണ്ഡലം | : | ചാത്തന്നൂർ |
| പാർലമെന്റ് മണ്ഡലം | : | കൊല്ലം |
| താലൂക്ക് | : | കൊല്ലം |
| വിസ്തീർണ്ണം | : | 16.56 ച. കി. മീ |
| അതിരുകൾ | : | ***വടക്ക്:*** ചാത്തന്നൂർ, കല്ലുവാതുക്കൽ പഞ്ചായത്തുകൾ<br><br>***കിഴക്ക്:*** കല്ലുവാതുക്കൽ, ഇലകമൺ പഞ്ചായത്തുകൾ<br><br>***തെക്ക്:*** ഇലകമൺ പഞ്ചായത്തും ഇടവാ നടയറ കായലും<br><br>***പടിഞ്ഞാറ് :*** പരവൂർ മുൻസിപ്പാലിറ്റിയും ഇടവാ നടയറ കായലും |
| ജനസംഖ്യ | : | 24610 (1991 സെൻസസ്)<br>1996 പ്രതീക്ഷിതം 25455 |
| പുരുഷന്മാർ | : | 11605 |
| സ്ത്രീകൾ | : | 13005 |
| ജനസാന്ദ്രത | : | 1481/ച.കി.മീ. |
| സാക്ഷരത | : | 90 ശതമാനം |
| വാർഡുകൾ | : | 11 |
| പ്രസിഡന്റിന്റെ പേര് | : | എൻ. പത്മാവതിയമ്മ |
| വൈസ്പ്രസിഡന്റിന്റെ പേര് | : | പി. വി. സത്യൻ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | പി. സതീശൻ |

# പഞ്ചായത്തിൻെറ ഭരണചരിത്രം

1953 ആഗസ്റ്റ് ഒന്നിനാണ് പൂതക്കുളം പഞ്ചായത്ത് രൂപീകൃതമായത്. അതിനു മുമ്പ് പരവൂർ പഞ്ചായത്തിൽ ഉൾപ്പെട്ടതായിരുന്നു ഈ ഗ്രാമം. പരവൂർ പഞ്ചായത്താഫീസിൽ വച്ച് പബ്ലിക് ഹെൽത്ത് ഓർഗനൈസർ എസ്. ബാലകൃഷ്ണൻ നായരുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് കെ. കുഞ്ഞുണ്ണിപ്പിള്ളയെ പ്രസിഡൻറായി ഐകകണ്ഠേന തെരഞ്ഞെടുത്തു.

**1953–63**

കെ.കുഞ്ഞുണ്ണിപ്പിള്ള (പ്രസിഡൻറ്)
ഡോ.പി.കൃഷ്ണൻനായർ
(വൈസ് പ്രസിഡൻറ്)
കെ.പി.ഗോപാലപിള്ള
വി.ശിവശങ്കരപ്പിള്ള
പി.നാരായണൻ
എസ്.അച്യുതൻ
എൻ.നാരായണപ്പിള്ള
സി.എൻ.ചെല്ലപ്പൻപിള്ള

**1963–79**

1963 ഡിസംബർ 17ന് പകൽ 4.15ന് ഇത്തിക്കര ബ്ലോക്ക് ജൂനിയർ ഇൻജിനിയർ ഗംഗാധരൻെറ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ഡോ. പി.കൃഷ്ണൻനായരെ പ്രസിഡൻറായി തെരഞ്ഞെടുത്തു.

ഡോ. പി.കൃഷ്ണൻനായർ (പ്രസിഡൻറ്)
വി.സുരേന്ദ്രൻ (വൈ.പ്രസിഡൻറ്)
വി.വാസുപിള്ള
കെ.നാരായണൻ
എൻ.ജനാർദ്ദനൻപിള്ള
എൻ.ബാലകൃഷ്ണപിള്ള
ജി.വാമദേവൻ
കെ.എൻ.സരസ്വതി (നോമിനേറ്റഡ്)

വൈസ്പ്രസിഡൻറ് വി.സുരേന്ദ്രൻ, മെമ്പർമാരായ എൻ.ജനാർദ്ദനൻപിള്ള, കെ.എൻ.സരസ്വതി എന്നിവർ രാജിവച്ച ഒഴിവിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ കോട്ടുവൻകോണം വാർഡിൽ നിന്നും എൻ.വി.ദേവ് വിജയിച്ചപ്പോൾ നെല്ലേറ്റിൽ വാർഡിൽ നിന്നും പി.കേശവപിള്ള എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. എ.രാധമ്മയമ്മ നോമിനേറ്റ് ചെയ്യപ്പെട്ടു.

ഡോ.പി.കൃഷ്ണൻനായർ (പ്രസിഡൻറ്)
എൻ.വി.ദേവ് (വൈസ് പ്രസിഡൻറ്)
വി.വാസുപിള്ള
കെ.നാരായണൻ
എൻ.ബാലകൃഷ്ണപിള്ള
ജി.വാമദേവൻ
പി.കേശവപിള്ള
കെ.രാധമ്മയമ്മ

1979 മുതൽ 1988 വരെ പഞ്ചായത്തിൽ ഉദ്യോഗസ്ഥഭരണമായിരുന്നു.

**1988–91**

എൻ.വി.ദേവ് (പ്രസിഡൻറ്)
എം.സുന്ദരൻപിള്ള (വൈസ് പ്രസിഡൻറ്)
വി.കാർത്തികേയൻ
പി.സദാനന്ദൻപിള്ള
കെ.ഗോപാലകൃഷ്ണനുണ്ണിത്താൻ
എസ്.കെ.രാമചന്ദ്രൻപിള്ള
എൻ.പത്മാവതിഅമ്മ
പി.വി.സത്യൻ
എം.സന്തോഷ്കുമാർ
ഷൈലജാരാജൻ

എൻ.വി.ദേവ് പ്രസിഡൻറ് സ്ഥാനം രാജി വയ്ക്കുകയും പി.സദാനന്ദൻപിള്ള പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. എം. സുന്ദരൻ പിള്ളയ്ക്കെതിരായ അവിശ്വാസപ്രമേയം പാസായതിനാൽ പി.വി.സത്യനെ വൈസ്പ്രസിഡൻറായി തെരഞ്ഞെടുത്തു.

**1991–94**

പി.സദാനന്ദൻപിള്ള (പ്രസിഡൻറ്)
പി.വി.സത്യൻ (വൈസ്പ്രസിഡൻറ്)
വി.കാർത്തികേയൻ
എൻ.വി.ദേവ്
കെ.ഗോപാലകൃഷണനുണ്ണിത്താൻ
എസ്.കെ.രാമചന്ദ്രൻപിള്ള
എൻ.പത്മാവതിഅമ്മ
എം.സന്തോഷ്കുമാർ
എം.സുന്ദരൻപിള്ള
ഷൈലജാരാജൻ

1994 ഫെബ്രുവരി 28 ന് പ്രസിഡൻറ് പി.സദാനന്ദൻപിള്ള അന്തരിച്ചതിനെ തുടർന്ന് ഉദ്യോഗസ്ഥഭരണം ഏർപ്പെടുത്തി.

# സാമൂഹ്യ സാംസ്കാരിക ചരിത്രം

കൊല്ലംജില്ലയിൽ ചാത്തന്നൂർ മണ്ഡലത്തിന്റെ തെക്കുപടഞ്ഞാറേയറ്റത്ത് ഇടവാ–നടയറ കായലിനോട് ചേർന്നു കിടക്കുന്ന ഒരു ഗ്രാമപ്രദേശമാണ് പൂതക്കുളം. ഒരു കാലത്ത് ഘോരവനമായിരുന്ന ഇവിടെ ശ്രീഭൂതനാഥന്റെ രൂപം പ്രത്യക്ഷപ്പെടുകയും ഭക്തജനങ്ങൾക്ക് ദർശനത്തിനായി പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു എന്നാണ് ഐതിഹ്യം. ഈ ഐതിഹ്യത്തിൽ നിന്നുമാണ് ഭൂതക്കുളം എന്ന പേരുണ്ടായത് എന്നു വായ്മൊഴികൾ സൂചിപ്പിക്കുന്നു. പിൽക്കാലത്ത് ഇത് ലോപിച്ച് പൂതക്കുളം ആയി. പൂതം എന്നാൽ പരിശുദ്ധം എന്നാണർത്ഥം. അതിനാൽ പരിശുദ്ധമായ പ്രദേശം എന്ന അർത്ഥത്തിലും പൂതക്കുളം എന്നു വിളിക്കപ്പെടുന്നു.

പൊതുവിൽ ശാന്തിയും സമാധാനവും കളിയാടുന്ന ഒരു പ്രദേശമാണ് പൂതക്കുളം. കുന്നുകളോ താഴ്വരകളോ ഇല്ലാത്ത, സമുദ്രനിരപ്പിൽ നിന്നും അധികം ഉയരമില്ലാത്ത ഒരു ഗ്രാമപ്രദേശം. ഒരു വശത്ത് കുഞ്ഞോളങ്ങൾ കളിയാടുന്ന കായൽത്തീരങ്ങളുള്ള ഈ പ്രദേശം വയലേലകളാലും അനുഗൃഹീതമാണ്. മണ്ണിനെ സ്നേഹിച്ചിരുന്ന നമ്മുടെ പൂർവികരുടെ ആത്മവീര്യം പുതിയതലമുറ കാത്തുസൂക്ഷിക്കുന്നു.

1952 വരെ പൂതക്കുളം പരവൂർ വില്ലേജ് പഞ്ചായത്തിന്റെ ഭാഗമായിരുന്നു. 1953ൽ പൂതക്കുളം, നെല്ലേറ്റിൽ, കലയ്ക്കോട് എന്നീ പ്രദേശങ്ങളും കൂനയിൽ പ്രദേശവും ചേർത്ത് പൂതക്കുളം പഞ്ചായത്ത് രൂപീകൃതമായി.

ശ്രീ. കെ.കുഞ്ഞുണ്ണിപ്പിള്ളയായിരുന്നു ആദ്യത്തെ പഞ്ചായത്തുപ്രസിഡൻറ്. 1962ൽ വില്ലേജ് പുനഃസംഘടന നടന്നപ്പോൾ കൂനയിൽ പ്രദേശം പരവൂരിനു വിട്ടുകൊടുക്കുകയുണ്ടായി.

മുന്നോട്ട് കുതിക്കുവാനുള്ള പശ്ചാത്തലം ഒരുക്കുവാൻ ഭൂതകാലത്തിന്റെ ഏടുകൾ നമുക്കൊന്ന് മറിച്ചു നോക്കാം.

### ക്ഷേത്രാരാധനാ സ്വാതന്ത്ര്യത്തിനുവേണ്ടി...

ദേശീയ പ്രസ്ഥാനത്തിലും സാമൂഹിക സാംസ്കാരിക രംഗത്തും നിറഞ്ഞു നിന്നിരുന്ന പൂതക്കുളത്തെ ആദ്യത്തെ കമ്യൂണിസ്റ്റുകാരനായിരുന്നു ശ്രീ. എസ്.മാധവൻപിള്ള. ഈ പ്രദേശത്തെ കയർത്തൊഴിലാളികളെ സംഘടിപ്പിക്കുകയും തൊഴിൽപ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുകയും ചെയ്തിരുന്ന കരുത്തനായ തൊഴിലാളി നേതാവായിരുന്നു അദ്ദേഹം. അഖില തിരുവിതാംകൂർ ട്രേഡ് യൂണിയൻ കോൺഗ്രസിന്റെ സ്ഥാപക സെക്രട്ടറിയായിരുന്ന അദ്ദേഹം യൂണിയൻ മാധവൻപിള്ള എന്നറിയപ്പെട്ടിരുന്നു. പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ടവർക്കു ക്ഷേത്രാരാധന സ്വാതന്ത്ര്യത്തിനു വേണ്ടി അദ്ദേഹം നടത്തിയ പോരാട്ടങ്ങളും മിശ്രവിവാഹം പ്രോത്സാഹിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങളും ഇന്നും പുതിയ തലമുറയെ ആവേശം കൊള്ളിക്കുന്നു.

1936ൽ ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ് ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചിരുന്നുവെങ്കിലും 1946 വരെ പൂതക്കുളത്തെ ശ്രീ ധർമ ശാസ്താ ക്ഷേത്രത്തിൽ ഹരിജനങ്ങൾക്ക് ആരാധനാ സ്വാതന്ത്ര്യം അനുവദിച്ചിരുന്നില്ല. 1948ൽ ഒരു സംഭവമുണ്ടായി. ധനുമാസത്തിലെ ആഴി ദിവസം അയ്യപ്പ ഭക്തൻമാർ ഇരുമുടിക്കെട്ടുമായി ദീപാരാധന തൊഴാൻ അമ്പലത്തിലേക്ക് വന്നുകൊണ്ടിരുന്നു. ഈ സമയം അമ്പലത്തിൽ തൊഴാനെത്തിയ ഒരു ഹരിജൻ സ്ത്രീയെ ഒരു നാട്ടു പ്രമാണി വടികൊണ്ടടിച്ചു വീഴ്ത്തി. ആരാധനാ സ്വാതന്ത്ര്യം നിഷേധിച്ച ഈ ക്രൂരതയ്ക്കെതിരെ ശ്രീ. മാധവൻപിള്ള

ശക്തിയായി പ്രതിഷേധിക്കുകയും അമ്പലത്തിൽ കയറാനും ആരാധന നടത്താനും വേണ്ട എല്ലാവിധ പിൻബലവും നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ഈ പ്രവർത്തനത്തോടെ ക്ഷേത്രാരാധനാ സ്വാതന്ത്ര്യം പൂതക്കുളത്ത് എല്ലാവർക്കും കൈവന്നു.

## ബ്രിട്ടീഷ് ഭരണത്തിനെതിരെ...

ബ്രിട്ടീഷ് സാമ്രാജ്യ വാഴ്ചയുടെയും ദിവാൻ ഭരണത്തിൻെറയും ഭീകരത അനുഭവിച്ചറിഞ്ഞവരാണ് ഈ നാട്ടിലെ അടിസ്ഥാനവർഗം. സ്വാതന്ത്ര്യത്തിനും ഉത്തരവാദ ഭരണത്തിനും വേണ്ടി നടന്ന പോരാട്ടം ഈ നാട്ടിലെ തൊഴിലാളികളെയും ആവേശം കൊള്ളിച്ചിരുന്നു. ദിവാൻ സി.പി.രാമസ്വാമി അയ്യരുടെ കിരാതവാഴ്ചയ്ക്കെതിരെ സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തകർ എസ്.മാധവൻപിള്ള, വി.വാസുപിള്ള, ആർ.അച്യുതൻ എന്നിവരുടെ നേതൃത്വത്തിൽ പ്രതിഷേധയോഗങ്ങളും പ്രകടനങ്ങളും സംഘടിപ്പിച്ചിരുന്നു. ദിവാൻ സി.പി.ക്ക് അനുകൂലമായും ചിലർ യോഗങ്ങൾ സംഘടിപ്പിച്ചു. സി.പി.ക്കനുകൂലമായി കലയ്ക്കോടു വച്ച് സംഘടിപ്പിച്ച യോഗത്തിലേക്ക് ഇരച്ചു കയറിയ സ്വാതന്ത്ര്യസമരക്കാരെ സിപി അനുകൂലികൾ തല്ലിച്ചതച്ചു. ഇതിനെതിരെ കലയ്ക്കോട് സംഘടിപ്പിച്ച പ്രതിഷേധ യോഗത്തിനു നേരെ സിപിയുടെ അഞ്ചുരൂപ പോലീസ് നടത്തിയ ആക്രമണത്തിൻറ ഫലമായി പലർക്കും പരിക്കുപറ്റി. സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തകരിൽ പലർക്കും ജയിലിൽ പോകേണ്ടി വന്നു. ഉത്തരവാദഭരണത്തിനു വേണ്ടി ഈ പ്രദേശത്തെ സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തകർ നടത്തിയ സമരങ്ങൾ ആവേശകരമായിരുന്നു.

## തൊഴിലാളിവർഗ പ്രസ്ഥാനം

കമ്യൂണിസ്റ്റ് പാർടി നിരോധിച്ചിരുന്ന കാലഘട്ടത്തിൽ (1949-50) പുന്നേക്കുളം പ്രദേശത്ത് ഒളിവിൽ താമസിക്കുകയും തൊഴിലാളികൾക്ക് പാർട്ടിക്ലാസ് കൊടുക്കുകയും സംഘടനാബോധം വളർത്താൻ ശ്രമിക്കുകയും ചെയ്തുവന്ന പാർടി പ്രവർത്തകരായിരുന്നു ആർ.പ്രകാശവും എൻ.വി. ദേവും. ഇക്കാലത്ത് ഒരു ദിവസം പാർട്ടി അനുഭാവിയും കല്ലുവെട്ടു തൊഴിലാളിയുമായിരുന്ന എസ്. അച്യുതനെ ഒരു നാട്ടുപ്രമാണി മർദ്ദിച്ചതിൽ പ്രതിഷേധിക്കാനായി ഇവരുടെ നേതൃത്വത്തിൽ പുന്നേകുളം പ്രദേശത്തെ തൊഴിലാളികൾ ഇടയാടിയിലേക്ക് മാർച്ചുചെയ്തു. ജാഥാംഗങ്ങളും നാട്ടുപ്രമാണിമാരും തമ്മിൽ നടന്ന ഏറ്റുമുട്ടലിൽ പലർക്കും പരിക്കേല്ക്കുകയും പ്രമാണിമാരിൽ പ്രധാനിയായിരുന്ന പൊട്ടൻകുഴി നാരായണപിള്ളയ്ക്ക് വെട്ടേൽക്കുകയും ചെയ്തു. ഇതിൽ രോഷാകുലരായ പ്രമാണിമാർ ആർ.പ്രകാശം, എൻ.വി.ദേവ്, എസ്.അച്യുതൻ എന്നിവരെ പിടിച്ചുകെട്ടി ക്രൂരമായി മർദിക്കുകയും പോലീസിലേൽപിക്കുകകയും ചെയ്തു. തൊഴിലാളി പ്രസ്ഥാനം ഈ പഞ്ചായത്തിൽ കരുത്താർജിച്ചത് 1950ലെ ഈ ചരിത്ര സംഭവത്തിനു ശേഷമാണ്.

## ക്യാപ്റ്റൻ ഡോ. പി. കൃഷ്ണൻനായർ

സ്വാതന്ത്ര്യസമരത്തിൻെറ തീച്ചൂളയിലേക്ക് എടുത്തുചാടിയ വ്യക്തിയായിരുന്നു ക്യാ. ഡോ. പി കൃഷ്ണൻനായർ. അദ്ദേഹം അക്കാലത്തെ എം.ബി.ബി.എസിനു തുല്യമായ എൽ.എം.പി. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് പാസായി. തുടർന്ന് നാട്ടിൽ വന്ന് സർക്കാരാശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന കാലത്താണ് രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടത്. ഡോ.കൃഷ്ണൻനായർ യുദ്ധരംഗത്തെ സേവനത്തിനായി നിയോഗിക്കപ്പെട്ടു. അവിടെ ക്യാപ്റ്റൻ പദവി വരെ ഉയർന്ന അദ്ദേഹം ആഫ്രിക്ക, സിസിലി, ഇറ്റലി, ഗ്രീസ്, ടർക്കി മുതലായ രാജ്യങ്ങൾ സന്ദർശിക്കുകയും അത്യാപത്തുകളെ ധീരമായി നേരിടുകയും ചെയ്തിട്ടുണ്ട്. യുദ്ധാനന്തരം നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം പ്രൈവറ്റ് പ്രാക്ടീസ് ആരംഭിച്ചു. ഈ സന്ദർഭത്തിലാണ് അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ വ്യാപൃതനായത്. ഒരു കോൺഗ്രസ് പ്രവർത്തകനായിട്ടാണ് അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തത്. സ്വാതന്ത്ര്യലബ്ധിക്കു ശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാതിരുന്ന പലരും സ്ഥാനാർത്ഥികളായി. ഇക്കാരണത്താൽ കോൺഗ്രസിൻെറ ഔദ്യോഗിക സ്ഥാനാർത്ഥിക്കെതിരെ അദ്ദേഹം മത്സരിച്ചു. അദ്ദേഹത്തെ അതിൽ നിന്നും പിന്തിരിപ്പിക്കാൻ പട്ടംതാണുപിള്ളയും സി.കേശവൻ ഉൾപ്പെടെയുള്ള ഉന്നതൻമാർ അദ്ദേഹത്തിൻെറ വീട്ടുപടിക്കൽ സത്യാഗ്രഹമിരുന്ന കാലം ഇന്ന് പഴമക്കാർ ഓർക്കുന്നു. തുടർന്ന്, അദ്ദേഹം കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേക്ക് കടന്നു വന്നു. പരവൂർ പൂതക്കുളം ചാത്തന്നൂർ പ്രദേശങ്ങൾ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ ശക്തിദുർഗമാ

നിലനിർത്തിയതിൽ കൃഷ്ണൻനായർക്കുള്ള പങ്ക് സുപ്രധാനമാണ്.

രണ്ടു പ്രമുഖ കമ്മ്യൂണിസ്റ്റ് പ്രവർത്തകരെ ഒളിവിൽ സൂക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞ് പരവൂർ പോലീസ് ഇൻസ്പെക്ടർ മിരാൻഡ കൃഷ്ണൻ നായരെ അറസ്റ്റു ചെയ്യുകയും കയ്യേറ്റം നടത്തുകയും ചെയ്തു. ഇതറിഞ്ഞ് പട്ടംതാണുപിള്ള ഉൾപ്പെടെ യുള്ളവർ അദ്ദേഹത്തിന്റെ വീട്ടിലെത്തി. അന്നു പരവൂരിൽ നടന്ന പ്രതിഷേധയോഗം ഇന്നു ചാത്ത ന്നൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളെ യാകെ ഇളക്കിമറിച്ചു. ഐ.ജി ചന്ദ്രശേഖരൻനായർ മിരാൻഡയെ ഡിസ്മിസ് ചെയ്തു. 1951 കാലഘട്ട ത്തിൽ നടന്ന ആ സംഭവം പരവൂരും പൂതക്കുളത്തും സമീപപ്രദേശങ്ങളിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തി ന്റെ വേരുകൾ കൂടുതൽ ശക്തമാക്കാൻ സഹായിച്ചു. പൂതക്കുളം പഞ്ചായത്ത് പ്രസിഡൻറായിരുന്ന കാലഘട്ടങ്ങളിലും അതിനുശേഷവും അദ്ദേഹം നാടിനു വേണ്ടി നടത്തിയ സേവനങ്ങൾ എക്കാലവും ഈ ഗ്രാമം ഓർക്കും. അദ്ദേഹം 39-ാം സ്വാതന്ത്ര്യ ദിനമായ 1985 ആഗസ്റ്റ് 15 ന് അന്തരിച്ചു.

## ചില പ്രമുഖർ കൂടി

പൂതക്കുളത്തിന്റെ ചരിത്രം പരിശോധിക്കു മ്പോൾ പ്രത്യേകം സ്മരിക്കേണ്ട ഒരു ബഹുമാന്യ വ്യക്തിയാണ് ശ്രീമാൻ. ആട്ടുക്കാരൻ കുഞ്ചിയൻ. അയിത്തവും അനാചാരവും നിലനിന്നിരുന്ന കാലത്ത് സാമൂഹ്യനീതിക്കുവേണ്ടിയും പിന്നോക്ക വിഭാഗക്കാ രുടേയും പാവപ്പെട്ടവരുടേയും ക്ഷേമത്തിനുവേണ്ടി യും ശബ്ദമുയർത്തിയ അദ്ദേഹം ശ്രീമൂലം പ്രജാ സഭയിൽ അംഗമായിരുന്നു.

പാവപ്പെട്ട ഒരു ഹരിജൻ കുടുംബത്തിൽ ജനിച്ച ശ്രീ. ആർ. അച്യുതൻ മലയാളം ഹയർ വരെ വിദ്യാഭ്യാസം ചെയ്തു. ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഇദ്ദേഹം 1947 മുതൽ 52 വരെ തിരു-കൊച്ചി നിയമസഭാംഗമായും ചീഫ് വിപ്പായും സേവനമനുഷ്ഠിച്ചു. 1962 മുതൽ 67 വരെ അദ്ദേഹം പാർലമെന്റ് അംഗമായിരുന്നു. വിദ്യാഭ്യാ സരംഗത്ത് ഇദ്ദേഹത്തിന്റെ സംഭാവന നിസ്തുലമാണ്. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു കാക്കാരിശ്ശി നാടകസംഘം പ്രവർത്തിച്ചിരുന്നു. ഇദ്ദേഹം സ്ഥാപിച്ച ചെമ്പകശ്ശേരി സ്കൂൾ പട്ടികജാതി വിഭാഗത്തിൽപെട്ട ഒരു വ്യക്തി സ്ഥാപിച്ച ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനമാണ്.

ദേശീയ പ്രസ്ഥാനത്തിലും സംഘടിത തൊഴി ലാളി പ്രസ്ഥാനങ്ങളുടെ നേതൃനിരയിലും പ്രവർത്തി ച്ചിരുന്ന ശ്രീ. എൻ. വി.ദേവ് നിരവധി മർദ്ദനങ്ങൾ ഏറ്റുവാങ്ങുകയും ജയിൽവാസം അനുഭവിക്കുകയും ചെയ്തിട്ടുള്ള തൊഴിലാളി പ്രവർത്തകനാണ്. ഇപ്പോൾ പരവൂർ ഫ്ലോർക്കോ കയർ തൊഴിലാളി യൂണിയന്റെ പ്രസിഡൻറായി പ്രവർത്തിക്കുന്ന ഇദ്ദേഹം 1988 മുതൽ 1991 വരെ പൂതക്കുളം പഞ്ചാ യത്ത് പ്രസിഡൻറായിരുന്നു.

കലയ്ക്കോട് ഗവ.യു.പി സ്ക്കൂളിലെ പ്രധാനാ ധ്യാപകനായിരുന്ന ശ്രീ. വി. വാസുപിള്ള കലയ്ക്കോട് പ്രദേശത്തിന്റെ വളർച്ചയ്ക്ക് വേണ്ടി ആത്മാർത്ഥ മായി പ്രവർത്തിച്ചിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തകനായിരുന്ന ഇദ്ദേഹം പൂതക്കുളം പഞ്ചായത്ത് മെമ്പറും കലയ്ക്കോട് സർവ്വീസ് സഹകരണബാങ്കിന്റെ മുൻ പ്രസിഡൻറും ആയിരുന്നു.

പൊതുപ്രവർത്തനരംഗത്ത് സജീവമായി ഇട പെട്ടിരുന്ന ഒരാളായിരുന്നു കോണത്തുവീട്ടിൽ ശ്രീ. മാധവൻപിള്ള. ഇദ്ദേഹം പൂതക്കുളം സർവ്വീസ് സഹകരണബാങ്ക്, ഇടയാടി കയർ സഹ കരണസംഘം എന്നിവയുടെ പ്രസിഡൻറായി സേവ നമനുഷ്ഠിച്ചിട്ടുണ്ട്. ഒരധ്യാപകൻ കൂടിയായിരുന്ന ഇദ്ദേഹം സാമൂഹ്യം മാധവൻപിള്ള എന്നാണ് അറിയപ്പെട്ടിരുന്നത്. രാഷ്ട്രീയ സാംസ്ക്കാരിക രംഗങ്ങളിൽ നിറഞ്ഞുനിന്നിരുന്ന വ്യക്തിത്വ മായിരുന്നു ഇദ്ദേഹത്തിന്റേത്.

കലയ്ക്കോട് സർവ്വീസ് സഹകരണബാങ്കിന്റെ പുരോഗതിക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ് ശ്രീ. പി. സദാനന്ദൻപിള്ള. ബാങ്കിന്റെ പ്രസിഡൻറായി ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുള്ള ഇദ്ദേഹം 1991 മുതൽ 94 വരെ പൂതക്കുളം പഞ്ചായത്ത് പ്രസിഡൻറായിരുന്നു. സാമൂഹ്യ സാംസ്ക്കാരിക മണ്ഡലങ്ങളിൽ നിറഞ്ഞുനിന്നിരുന്ന അദ്ദേഹം 1994 ഫെബ്രുവരി 28 ൽ പഞ്ചായത്ത് പ്രസിഡൻറായിരിക്കെ അന്തരിച്ചു.

പൂതക്കുളത്തെ രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ സജീവമായി പ്രവർത്തിച്ചിരുന്ന മറ്റൊരു വ്യക്തിയായി രുന്നു ശ്രീ. എം.സി. മാധവൻപിള്ള. വിദ്യാഭ്യാസ രംഗങ്ങളിലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു. പുതിയ തലമുറയ്ക്ക് ഒരു

വഴികാട്ടിയായിരുന്ന അദ്ദേഹം ദീർഘകാലം പൂതക്കുളം പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറായി മാതൃകാപരമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1994 സെപ്റ്റംബർ 2 ന് അദ്ദേഹം അന്തരിച്ചു.

## മാതൃകാ പ്രവർത്തനങ്ങൾ

പൂതക്കുളം പ്രദേശത്തെ കൃഷിക്കാരന്റെ കഠിനാധ്വാനത്തിന്റേയും കായികശേഷിയുടേയും സ്ഥിരോത്സാഹത്തിന്റേയും അംഗീകാരമാണ് ഇടയാടിയിൽ നിർമ്മിച്ചിരിക്കുന്ന വെട്ടുതോട്. പുല്ലയിൽ ഏലായെ സംരക്ഷിക്കാൻ വേണ്ടി ആധുനിക ഉപകരണങ്ങളൊന്നും ലഭ്യമല്ലാതിരുന്ന കാലഘട്ടത്തിൽ ജലസേചനസൗകര്യത്തിനായി ഇവിടത്തെ കൃഷിക്കാരന്റെ ആത്മവീര്യം രൂപം നൽകിയതാണ് ഈ തോട്. കേവലം ഒരാൾക്ക് നിൽക്കുവാൻ പറ്റുന്നത്ര വീതിയിൽ 2 കിലോമീറ്ററിലധികം നീളമുള്ള ഈ തോടിന്റെ ആഴം മുകളിൽനിന്നും നോക്കിയാൽ കാണാൻ കഴിയാത്തത്രയാണ്. കൂട്ടായ മനുഷ്യപ്രയത്നത്തിന്റെ മഹാത്ഭുതമായി ഇവിടത്തെ കൃഷിക്കാർക്ക് എന്നെന്നും ഇതിൽ അഭിമാനിക്കാം.

പൂതക്കുളം പഞ്ചായത്തിന്റെ ഇന്നുള്ള വികസനത്തിന് വിഭവസഹായം നൽകിയവരെ ഈ ഗ്രാമം ആദരപൂർവ്വം സ്മരിക്കുന്നു.

പൂതക്കുളം ഗവ. എച്ച്.എസ്സിന് ഒരേക്കർ ഏഴുസെന്റ് സ്ഥലം സംഭാവനയായി നൽകിയത് കൊച്ചുവീട്ടിൽ കാളീകേശവൻ ആയിരുന്നു. സൗത്ത് എൽ.പി.എസ്സിന് 50 സെന്റ് ഭൂമി നൽകിയത് ഇടയാടി പ്ലാവിളവീട്ടിൽ റിട്ട. ജയിലർ പി. പത്മനാഭപിള്ളയും നോർത്ത് എൽ.പി.എസ്സിന് 50 സെന്റ് ഭൂമി നൽകിയത് തടുത്താവിള വീട്ടിൽ എൻ. നാണുപിള്ളയുമാണ്. പൂതക്കുളം വില്ലേജാഫീസിനുവേണ്ടി 10 സെന്റ് സ്ഥലം സംഭാവന നൽകിയത് പൂതക്കുളം പഞ്ചായത്ത് പ്രസിഡന്റായിരുന്ന ഡോ. പി.കൃഷ്ണൻനായർ ആയിരുന്നു. അമ്മാരത്തുമുക്ക് പബ്ലിക്ക് മാർക്കറ്റിനുവേണ്ടി സ്ഥലം സംഭാവന നൽകിയതുംഇദ്ദേഹമാണ്. കലയ്ക്കോട് പ്രൈമറി ഹെൽത്ത്സെന്റർ തുടങ്ങാൻ 25 സെന്റ് ഭൂമി നൽകിയത് ശ്രീ. കല്ലിൽ ശങ്കുപിള്ള ആയിരുന്നു. മാവിള സബ്സെന്ററിന് 20 സെന്റ് സ്ഥലം കല്ലുവിളവീട്ടിൽ ശ്രീ. കേശവപിള്ള സംഭാവന നൽകിയതാണ്. വാട്ടർ അതോറിറ്റിയുടെ ടാങ്ക് നിർമ്മിക്കുന്നതിനുവേണ്ടി മാവിളയിൽ 2 സെന്റ് സ്ഥലം ശ്രീ. എൻ. ശിവശങ്കരപ്പിള്ള, ഷൺമുഖവിലാസം സംഭാവനയായി നൽകിയതാണ്. പൂതക്കുളം ശങ്കരപ്പിള്ള സ്മാരക ഗ്രന്ഥശാലക്ക് വേണ്ടിയുള്ള 10 സെന്റ് സ്ഥലം സംഭാവന നൽകിയത് മുൻ പഞ്ചായത്ത് മെമ്പർ ആയിരുന്ന മുള്ളാലുവിള വീട്ടിൽ ശ്രീ. എൻ. ബാലകൃഷ്ണപിള്ള ആണ്. കലയ്ക്കോട് വായനശാല കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം സംഭാവനയായി നൽകിയത് ശ്രീ. മങ്കുഴി രാമകൃഷ്ണപിള്ളയാണ്. പുന്നേക്കുളത്ത് ടി.വി. കേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലം സംഭാവന നൽകിയത് ലക്ഷ്മി വിലാസം വീട്ടിൽ ശ്രീ. രാമചന്ദ്രൻ നായർ, അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ശ്രീ. പി. ഗോപാലകൃഷ്ണപിള്ളയുടെ സ്മരണ നിലനിർത്തുന്നതിനാണ്. അജയകുമാർ സ്മാരക ഗ്രന്ഥശാലയുടെ നിർമ്മാണത്തിന് ശ്രീ. ജനാർദ്ദനൻപിള്ള, കൃഷ്ണ നിവാസ് സ്ഥലം സംഭാവനനൽകുകയുണ്ടായി. അംഗൻവാടി നിർമ്മിക്കുന്നതിന് ഒന്നാം വാർഡിൽ ശ്രീ. പി. സദാനന്ദൻ പിള്ളയും രണ്ടാം വാർഡിൽ മുള്ളുവിളയിൽ ശ്രീ. വിജയനും എട്ടാം വാർഡിൽ ശ്രീ. ആർ. അച്ച്യുതൻEx. M.Pയും സ്ഥലം സൗജന്യമായി നൽകിയിരുന്നു. മുക്കം കോളനിയിൽ ഒരു പൊതുകിണർ കുഴിക്കുന്നതിന് ശ്രീ. എസ്. അച്ചുതൻ 1 സെന്റ് സ്ഥലം സംഭാവനയായി നൽകിയിട്ടുണ്ട്. ഇതിനു പുറമേ റോഡുകളുടെ നിർമ്മാണത്തിലുണ്ടായിട്ടുള്ള ജനകീയ പങ്കാളിത്തവും എടുത്തുപറയേണ്ട ഒന്നാണ്. ഈ പ്രവർത്തനങ്ങളെല്ലാം തന്നെ വികസന വെല്ലുവിളികളെ ഫലപ്രദമായി നേരിടുവാൻ ഈ കൊച്ചു ഗ്രാമത്തിന് ആത്മധൈര്യം നൽകുന്നു.

## വിദ്യാഭ്യാസ രംഗം

19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് ഈ പ്രദേശത്ത് ആദ്യമായി ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നത്. പനയറ ശങ്കുപിള്ള എന്ന കൊട്ടാരംകാര്യസ്ഥന്റെ ശ്രമഫലമായി അയ്യരാലിൻമൂട്ടിൽ സ്ഥാപിതമായ സർക്കാർ പള്ളിക്കൂടമാണ് ഇവിടത്തെ ആദ്യത്തെ വിദ്യാലയം. പിൽക്കാലത്ത് പുളിയറ പുരയിടത്തിലേക്ക് മാറ്റിയ ഈ വിദ്യാലയം 21 വർഷക്കാലം അവിടെ പ്രവർത്തിച്ചു. സ്ഥലസൗകര്യക്കുറവുമൂലം ഈ സ്കൂൾ, ഇപ്പോൾ പൂതക്കുളം ഗവ. എച്ച്.എസ് പ്രവർത്തിക്കുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു. ശ്രീമാൻമാർ ശങ്കരപിള്ള, പൂതക്കുളം പാച്ചുപിള്ള, കാളി കേശവൻ

തുടങ്ങിയവരായിരുന്നു ഇതിന് നേതൃത്വം നൽകിയത്. മലയാളം മീഡിയം സ്കൂൾ ആയി പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം, സ്കൂളിൻെറ പുരോഗതിക്കുവേണ്ടി രൂപീകരിച്ച വെൽഫയർ കമ്മിറ്റിയുടെ ശ്രമഫലമായി 1951 ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. ഇതിനോട നുബന്ധിച്ച് പ്രവർത്തിച്ചിരുന്ന എൽ.പി.സ്കൂളുകൾ കുട്ടികളുടെ വർദ്ധനവും സ്ഥലപരിമിതിയുംമൂലം ഹൈസ്കൂളിൻെറ തെക്കും വടക്കും ഭാഗങ്ങളിൽ രണ്ടു പ്രത്യേക സ്ഥാപനങ്ങളായി പ്രവർത്തനം തുടങ്ങി.

1940 മുതൽ ചെമ്പകശ്ശേരിയിൽ ഒരു നിശാ പാഠശാല പ്രവർത്തിച്ചിരുന്നു. കുറെക്കാലങ്ങൾക്കു ശേഷം ഇതൊരു ഹരിജൻ വെൽഫയർ സ്കൂളായി പരിവർത്തനം ചെയ്തു. ഈ സ്കൂൾ കൊട്ടാരക്കര പ്രദേശത്തേക്ക് മാറ്റപ്പെട്ടതിനെ തുടർന്ന് ശ്രീ. ആർ. അച്ചുതൻെറ മാനേജ്മെൻറിൻ കീഴിൽ ഒരു എൽ.പി.സ്കൂൾ അനുവദിക്കപ്പെട്ടു. 1951 ലാണ് ഇത് സ്ഥാപിച്ചത്. ഇതിനോടനുബന്ധിച്ച് 1959–60 ൽ ഒരു യു.പി സ്കൂളും 1963–64 ൽ ഒരു ബേസിക് ട്രെയിനിംഗ് സ്കൂളും ആരംഭിച്ചു. 1966 ൽ ഒരു ഹൈസ്ക്കൂൾ കൂടി പ്രവർത്തനം ആരംഭിച്ചു.

പുത്തൻകുളത്ത് ഡോ. ദേവരാജൻെറ മാനേജ് മെൻറിൻ കീഴിൽ പ്രവർത്തനം ആരംഭിച്ച ദേവരാജ വിലാസം എൽ. പി സ്ക്കൂൾ, 1964 ൽ സ്ഥാപിതമായി. കലയ്ക്കോട് ഏകദേശം 75 വർഷങ്ങൾക്ക് മുമ്പ് ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ചത് കുഴിവിളവീട്ടിൽ ശ്രീ. പത്മനാഭൻ ഉണ്ണിത്താൻ ആയിരുന്നു. സ്കൂൾ നടത്തിക്കൊണ്ടുപോകുവാൻ നേരിട്ട ബുദ്ധിമുട്ടു കൾമൂലം ഇതിൻെറ മാനേജ്മെൻറ് ശ്രീ. കല്ലിൽ ശങ്കുപിള്ളയ്ക്ക് കൈമാറി. പിൽക്കാലത്ത് ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കുകയും മറുനാടൻ മല യാളികളുടെ സഹായത്തോടുകൂടി യു.പി സ്കൂളായി ഉയർത്തുകയും ചെയ്തു.

സർക്കാർ സഹായത്തോടെ നിരവധി വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളും നിശാ പാഠശാലകളും പ്രവർത്തിച്ചിരുന്നു. ഈ പ്രദേശത്തിൻെറ സാംസ്കാ രിക പുരോഗതിയിൽ ഗ്രന്ഥശാലകളും വായനശാല കളും വഹിച്ച പങ്ക് നിസ്തുലമാണ്.

50 വർഷങ്ങൾക്കുമുമ്പ് പൂതക്കുളം പഞ്ചായ ത്തിൽ യൂണിവേഴ്സിറ്റി വിദ്യാഭ്യാസം പൂർത്തിയാക്കി ഡിഗ്രി കരസ്ഥമാക്കിയ പിന്നോക്ക വിഭാഗത്തിൽപെട്ട വനിതയായിരുന്നു പുത്തൻകുളം മേടയിൽ വീട്ടിൽ ശ്രീമതി. ശാരദാപൊന്നൻ. പൂതക്കുളത്തെ ആദ്യത്തെ ബിരുദധാരിണിയും ബിരുദാനന്തര ബിരുദധാരി ണിയും ഈ മഹതി ആയിരുന്നു. പഞ്ചായത്തിലെ പോസ്റ്റ് ഗ്രാഡ്വേറ്റായ ആദ്യത്തെ ഹരിജൻ വനിത വലിയവിളവീട്ടിൽ ശ്രീമതി. സരസ്വതി ആയിരുന്നു. ജനകീയ പങ്കാളിത്തത്തോടെ സർക്കാർ ആവിഷ്ക്ക രിച്ച് നടപ്പാക്കിയ സമ്പൂർണ്ണ സാക്ഷരതാ യജ്ഞംവഴി പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൻെറ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥക്ക് ഒരു പരിധിവരെ പരിഹാരം കാണാൻകഴിഞ്ഞിട്ടുണ്ട്.

## സാംസ്ക്കാരിക രംഗം

സമ്പന്നമായയൊരു സാംസ്ക്കാരിക പൈതൃക മാണ് പൂതക്കുളത്തിനുള്ളത്. നിരവധി സാംസ്കാരിക നായകൻമാർക്ക് ഈ പ്രദേശം ജന്മം നൽകിയിട്ടുണ്ട്. ഗ്രന്ഥശാലകളും കലാ സമിതികളും ഉൾപ്പടെ ധാരാളം സാംസ്ക്കാരിക സ്ഥാപനങ്ങൾ ഇവിടെയുണ്ട്. 1949 ൽ ഊന്നിൻമൂട് കേന്ദ്രമാക്കി വിവേകോദയം ആർട്സ് ക്ലബ് പ്രവർത്തിച്ചിരുന്നു. ഈ സമിതിയുടെ നേതൃ ത്വത്തിൽ ഒരു വായനശാലയും കേരളോദയം എന്ന ഒരു കൈയെഴുത്തുമാസികയും പ്രസിദ്ധീകരിച്ചിരുന്നു. ഇക്കാലയളവിൽ S.B.N.V ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് കേരളോദയം കലാകേന്ദ്രം തുടങ്ങിയ കലാ സമിതികളും പൂതക്കുളത്തെ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഗണ്യമായ സംഭാവന നൽ കിയിട്ടുള്ളവയാണ്. ശങ്കരപിള്ള സ്മാരക ഗ്രന്ഥശാല, ഗാന്ധി സ്മാരക വായനശാല, ഐക്യകേരള ഗ്രന്ഥ ശാല എന്നിവ ആദ്യകാലംമുതൽക്കേ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ച് വരുന്ന സാംസ്ക്കാരിക സ്ഥാപനങ്ങളാണ്. പൂതക്കുളം സർവ്വീസ് സഹകരണ ബാങ്ക് കേന്ദ്രമാക്കി ഒരു ഫൈൻ ആർട്സ് സൊ സൈറ്റി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

തെക്കൻ തിരുവിതാംകൂറിൽ അറിയപ്പെട്ടിരുന്ന ഒരു കഥകളി ഗായകൻ ആയിരുന്നു മേച്ചേരി വാദ്ധ്യാർ എന്നറിയപ്പെട്ടിരുന്ന ശ്രീ. ശങ്കരപിള്ള. ശാസ്ത്രീയ സംഗീതത്തിലും വൈദഗ്ധ്യം നേടിയിരുന്ന ഇദ്ദേഹം, ഭാമാപരിണയം കഥകളിയുടെ സംഗീത സംവിധാനം നിർവ്വഹിച്ചിട്ടുണ്ട്.

പ്രശസ്തനായ മറ്റൊരു സംഗീജ്ഞനായിരുന്നു കലയ്ക്കോട് ചാമവിളവീട്ടിൽ ശ്രീ. കുഞ്ഞുണ്ണിത്താൻ ഭാഗവതർ. 16–ാമത്തെ വയസ്സിൽ സംഗീതം അഭ്യസിച്ച

ഇദ്ദേഹത്തിന് വയലിൻ, വീണ, മൃദംഗം തുടങ്ങിയവയിലും പ്രാവീണ്യമുണ്ടായിരുന്നു. തിരുവിതാംകൂർ ദിവാനിൽനിന്നും സ്വർണ്ണമെഡലും പ്രശംസാപത്രവും നേടിയിട്ടുണ്ട്.

മലയാളത്തിലും സംസ്കൃതത്തിലും രചനാവൈഭവം നേടിയ കവിയായിരുന്നു ശ്രീ. കലയ്ക്കോട് നാരായണപിള്ള. ഭജന കീർത്തനമാല, ദശാവതാരഗീത, മേഘനാഥവിജയം ആട്ടക്കഥ, അതികായവിജയം ആട്ടക്കഥ, ചീനസർപ്പം ഓട്ടൻതുള്ളൽ, ശബരിഗിരീശൻ ഓട്ടൻതുള്ളൽ തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധകൃതികൾ. മഹാകവി കെ. സി. കേശവപിള്ളയുടെ ശിക്ഷ്യനായിരുന്നു ഇദ്ദേഹം.

ഇവിടെ ജീവിച്ചിരുന്ന പ്രശസ്തരായ കഥകളി നടൻമാരായിരുന്നു ശ്രീ. കൊക്കാടൻ നാരായണപിള്ള, തെറ്റിക്കുളം പരമുപിള്ള തുടങ്ങിയവർ. നൃത്തകലയിൽ പ്രശസ്തനായിരുന്ന ഗുരു ഗോപിനാഥ് കൊക്കാടൻ നാരായണപിള്ളയുടെ ശിക്ഷ്യനായിരുന്നു. ആദ്യകാലത്ത് പ്രശസ്തരും ഇന്ന് ജീവിച്ചിരിക്കുന്നവരുമായ കഥകളി നടൻമാരാണ് നീലമനഇല്ലം കൃഷ്ണൻ നമ്പൂതിരി, ശങ്കരൻ നമ്പൂതിരി, ചെമ്പകശ്ശേരി പുത്തൻവീട്ടിൽ ഗോപാലപിള്ള തുടങ്ങിയവർ. പ്രഗൽഭനായ ഒരു നാടകനടനും സാമൂഹ്യപ്രവർത്തകനും കൂടിയാണ് ശ്രീ. ഗോപാലപിള്ള.

## ആരാധനാലയങ്ങൾ

ഈ പ്രദേശത്തെ ചെറുതും വലുതുമായ നിരവധി അമ്പലങ്ങളും കാവുകളും ഇവിടത്തെ ജനങ്ങൾ ഈശ്വരാരാധനയ്ക്ക് വളരെയധികം പ്രാധാന്യം നൽകിയിരുന്നു എന്നതിന്റെ തെളിവാണ്.

പൂതക്കുളം പഞ്ചായത്തിന്റേ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ശ്രീധർമശാസ്താ ക്ഷേത്രത്തിന് 35 കൊല്ലത്തിലേറെ പഴക്കമുണ്ട്. ഒരു കാലത്ത് ഘോരവനമായിരുന്ന ഈ പ്രദേശത്ത് കാടുവെട്ടിത്തെളിച്ച അവസരത്തിൽ വാൾ കല്ലിൽ കൊണ്ട് രക്തനിറം കാണപ്പെടുകയും പ്രശ്നവിധി പ്രകാരം ക്ഷേത്രം പണിതെന്നുമാണ് ഐതിഹ്യം. ശ്രീ മാർത്താണ്ഡവർമ മഹാരാജിവന്റെ കാലത്ത് ഇവിടത്തെ അഞ്ചു കുടുംബങ്ങളിൽ നിന്നുള്ള വ്യക്തികൾ അദ്ദേഹത്തെ മുഖം കാണിക്കുകയും ക്ഷേത്രവുമായി ബന്ധപ്പെട്ട ഐതിഹ്യകഥ അദ്ദേഹത്തെ ധരിപ്പിക്കുകകയും ചെയ്തു. അതിൻപ്രകാരം മഹാരാജാവ് എട്ടര യോഗത്തിലുൾപ്പെട്ട കൊല്ലൂ അത്തിയറ മഠം പോറ്റിമാർക്ക് ക്ഷേത്രം നിർമിക്കാ അവകാശം നൽകി. ഐതിഹ്യപ്രകാരം രക്തക്ക കണ്ട ശിലയിൽ നിന്നും സ്വയംഭൂവായി പ്രത ഷ്ഠിക്കപ്പെട്ടിട്ടുള്ളതാണ് ഇവിടത്തെ പ്രതിഷ്ഠ എന്ന പറയപ്പെടുന്നു. മറ്റു ക്ഷേത്രങ്ങളിൽ നിന്ന വ്യത്യസ്തമായി എപ്പോഴും കാറ്റും മഴയും വെയിലു കൊള്ളത്തക്കവിധത്തിലാണ് ഈ ക്ഷേത്രത്തിന്റെ ശ്രീകോവിൽ പണിതിരിക്കുന്നത്.

പടയോട്ടക്കാലത്ത് കോലത്തിരി നാട്ടിൽ നിന്നു സാളഗ്രാമമേന്തി ഇവിടെ കുടിയേറിപ്പാർത്ത ബ്രാഹ്മ ണകുടുംബം നൂറ്റാണ്ടുകൾക്കു മുൻപ് സ്ഥാപിച്ചതാണ് ശ്രീ വൈകുണ്ഡപുരം മഹാവിഷ്ണു ക്ഷേത്രം.

മറ്റൊരു പ്രധാന ക്ഷേത്രമായ നാട്ടുവഴി കുടുംബം വക ഈഴംവിള ദേവിക്ഷേത്രത്തിനു 30 വർഷത്തെ പഴക്കമുണ്ട്. സാധാരണ ദേവീക്ഷേത്രങ്ങളിൽ നിന്നു വ്യത്യസ്തമായി വടക്കോട്ടു ദർശനമുള്ള ദേവീപ്രതിഷ്ഠയാണ് ഇവിടത്തെ പ്രത്യേകത.

വളരെ പുരാതനമായ മറ്റൊരു അമ്പലമാണ് കലയ്ക്കോട് അമ്മവാസത്ത് ദേവീക്ഷേത്രം. ഈ ക്ഷേത്രം സ്ഥാപിച്ചത് അകവൂർ മനയ്ക്കൽ മഠക്കാരായിരുന്നു. ഭൂപട, അന്നംകെട്ട്, തോറ്റംപാട്ട്, കഥകളി തുടങ്ങിയ കലാരൂപങ്ങൾ ഇവിടത്തെ ഉത്സവത്തിന്റെ പ്രത്യേകതയാണ്. ഇവ കൂടാതെ നിരവധി ക്ഷേത്രങ്ങളും സർപ്പക്കാവുകളും ഇവിടെ നിലവിലുണ്ട്.

നെല്ലേറ്റിലും കലയ്ക്കോടും പ്രദേശങ്ങളിൽ ഓരോ ജുമാ–അത്ത് പള്ളികളുണ്ട്. കലയ്ക്കോട് സ്ഥിതിചെയ്യുന്ന ലിറ്റിൽ ഫ്ളവർ ചർച്ച് വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാമത്തിൽ സ്ഥാപിച്ചിട്ടുള്ളതാണ്. ഇതിന് 62 കൊല്ലത്തെ പഴക്കമുമുണ്ട്.

## ആതുരസേവനരംഗം

ഈ നാട്ടിലെ എല്ലാ ജനങ്ങളുടെയും ആദരവും ബഹുമാനവും ലഭിച്ചിരുന്ന പുളിമൂട്ടിൽ ശ്രീമാൻ ശങ്കരപ്പിള്ള അതിനിപുണനായ ഒരു വിഷവൈദ്യനും സംസ്കൃതപണ്ഡിതനുമായിരുന്നു. സർപ്പവിഷത്തിനു പച്ചമരുന്നുകൊണ്ട് ചികിത്സ നൽകുന്നതിൽ പ്രഗത്ഭനായിരുന്ന ഒരു വിഷവൈദ്യനായിരുന്നു ഇദ്ദേഹം. വിഷചികിത്സയ്ക്കു പുറമേ മറ്റനേകം മേഖലകളിൽ അദ്ദേഹം പ്രശസ്തി നേടിയിരുന്നു.

ജനഗാനരചയിതാവു കൂടിയായിരുന്ന അദ്ദേഹം വാതിരക്കളി, കമ്പടികളി എന്നിവയ്ക്ക് ഗാനങ്ങൾ ക്കുകയും ആ കലാരൂപങ്ങളെ വേണ്ടവിധം ാത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. സനപ്രവർത്തനങ്ങളിൽ നേതൃത്വപരമായ വഹിച്ചിരുന്ന ഒരു കർമയോഗിയായിരുന്നു ഹം. 1130 കന്നി മാസം 8ന് ഈ പുണ്യപുരുഷൻ രിച്ചു. ഇദ്ദേഹത്തിൻെറ സ്മരണയ്ക്കായി ഒരു ബോൾ ടൂർണമെൻറ് ഇവിടെ നടന്നുവരുന്നു. രപ്പിള്ള സ്മാരക ഗ്രന്ഥശാല, ശങ്കരപ്പിള്ള ാരക ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങൾ ദ്ദേഹത്തിൻെറ ഓർമ നിലനിർത്തിപ്പോരുന്നു.

ആധുനിക വൈദ്യചികിത്സയ്ക്ക് പരവൂർ ക്കുളം പ്രദേശങ്ങളിൽ തുടക്കംകുറിച്ചത് ഡോ. കൃഷ്ണൻനായരായിരുന്നു. ഹരിജനങ്ങൾക്കും ന്ന വരുമാനക്കാർക്കും ഒരാശ്രയകേന്ദ്രമായിരുന്നു ദ്ദേഹത്തിൻെറ ആതുരാലയം.

ഏകദേശം 40 വർഷങ്ങൾക്കു മുമ്പാണ് ഈ ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം ാപിച്ചത്. ഇത്തിക്കര ബ്ലോക്കിൽ ആദ്യമായി നുവദിക്കപ്പെട്ട ഈ പി.എച്ച്.സി.യുടെ കീഴിൽ 5 നി പി.എച്ച്.സി.കളും ജനസംഖ്യാനുപാതികമായി വർത്തിക്കുന്ന കുടുംബക്ഷേമകേന്ദ്രങ്ങളുമുണ്ട്. ട്ടികജാതി പട്ടികവർഗക്കാർക്കും താഴ്ന്ന വരുമാന ാർക്കും ഒരു ആശ്രയകേന്ദ്രമാണ് ഈ ആതുരാ യം. ആതുരശുശ്രൂഷാരംഗത്ത് സ്വകാര്യാശുപത്രി ൾക്കു പുറമേ രണ്ടു പാരമ്പര്യ വൈദ്യശാലകളും വിടുണ്ട്.

## ്യവസായമേഖല

ചെറുകിട വ്യവസായം എന്ന നിലയിൽ കയറും രമ്പരാഗത വ്യവസായ എന്ന നിലയിൽ കൈത്ത ിയുമാണ് ഇവിടത്തെ പ്രധാന വ്യവസായങ്ങൾ. യർ വ്യവസായ മേഖലയിൽ പ്രവർത്തനമാരംഭിച്ച ആദ്യത്തെ സഹകരണ സംഘമാണ് കലയ്ക്കോട് ്യു 23-ാം നമ്പർ കയർ വ്യവസായ സഹകരണ സംഘം. ഇതുകൂടാതെ ഇടയാടിയിലും നെല്ലേറ്റിലും ാരോ സംഘങ്ങൾ പ്രവർത്തിക്കുന്നു.

## സഹകരണരംഗം

സഹകരണപ്രസ്ഥാനത്തിൻെറ ചരിത്രത്തിൽ നിർണായകമായ സ്ഥാനമാണ് പൂതക്കുളം പഞ്ചായത്തിനുള്ളത്. ഇവിടെ പ്രധാനമായും രണ്ടു വായ്പാസഹകരണസംഘങ്ങളാണ് പ്രവർത്തിക്കുന്നത്. കൊല്ലവർഷം 1101മാണ്ട് കുംഭമാസം 13-ാം തീയതി രജിസ്റ്റർ ചെയ്ത കലയ്ക്കോട് ദേവീ വിലാസം പരസ്പര നായർ സഹായസഹകരണ സംഘം 1957ൽ വിവിധോദ്ദേശ്യ സഹകരണസംഘമായും തുടർന്ന് റീജിയണൽ സഹകരണബാങ്കായും മാറുകയുണ്ടായി. പിൽക്കാലത്ത് കലയ്ക്കോട് സർവീസ് സഹകരണബാങ്ക് എന്ന പേരിലറിയപ്പെടാൻ തുടങ്ങിയ ഈ സ്ഥാപനത്തിന് 1967-68ൽ ജില്ലാതലത്തിൽ നല്ല ബാങ്കിനുള്ള ട്രോഫിയും 68-69ൽ ജില്ലാതലത്തിൽ ട്രോഫിയും ലഭിച്ചു. 1976-ൽ നിക്ഷേപസമാഹരണ യജ്ഞത്തിൻെറ സംസ്ഥാന തല ഉദ്ഘാടനം ഈ ബാങ്കിൽ വച്ചു നടന്നു. കൊല്ലംജില്ലയിൽ പ്രാഥമികസഹകരണസംഘങ്ങളുടെ കൂട്ടത്തിൽ ആദ്യമായി ആഡിറ്റോറിയം പണിയുന്നത് ഈ ബാങ്കാണ്. കലയ്ക്കോട് സർവീസ് സഹകരണബാങ്കിൻെറ പുരോഗതിക്കുവേണ്ടി അക്ഷീണം പ്രയത്നിച്ചിട്ടുള്ള വ്യക്തിയാണ് ശ്രീ പി.സദാനന്ദൻ പിള്ള. ബാങ്കിൻെറ പ്രസിഡൻറായി ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുള്ള ഇദ്ദേഹം 1991 മുതൽ 94 വരെ പൂതക്കുളം പഞ്ചായത്തു പ്രസിഡൻറായിരുന്നു. സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ നിറഞ്ഞു നിന്നിരുന്ന അദ്ദേഹം 1994ൽ അന്തരിച്ചു.

1948ൽ പാണാട്ട് ചിറ കുഴിക്കുന്നതിനു വേണ്ടി രൂപീകരിക്കപ്പെട്ട കർഷകസംഘമാണ് പൂതക്കുളം കർഷക സഹകരണസംഘമായിത്തീർന്നത്. ഈ സംഘം പിന്നീട് 1951ൽ പൂതക്കുളം സർവീസ് സഹകരണസംഘമായി രജിസ്റ്റർ ചെയ്യപ്പെട്ടു. ഈ പ്രദേശത്തെ ജനങ്ങളുടെ സേവനാർത്ഥം മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന ഈ ബാങ്കിന് മൂന്നു തവണ നിക്ഷേപസമാഹരണത്തിന് ജില്ലയിൽ ഒന്നാംസ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. ബാങ്ക് ഭരണസമിതിയുടെ സഹായത്തോടെ പ്രവർത്തിച്ചിരുന്ന ഫൈൻ ആർട്ട് സൊസൈറ്റിയുടെ ഉപയോഗത്തിനായി കെട്ടിയ താൽക്കാലിക ആഡിറ്റോറിയം പൊളിച്ചു മാറ്റി വളരെ മനോഹരമായ ഒരു ആഡിറ്റോറിയം പണിതു. സഹകരണരംഗത്ത് തനതായ മുദ്ര പതിപ്പിച്ച ഒരു ബാങ്കാണിത്.

ഈ രണ്ടു ബാങ്കിനു പുറമെ, കലയ്ക്കോട് ഹരിജൻ സർവീസ് സഹകരണബാങ്ക് 1959ൽ സ്ഥാപിതമായി. ജില്ലയിലെ ഹരിജൻബാങ്കുകളിൽ

പ്രഥമസ്ഥാനമാണ് ഇതിനുള്ളത്. പട്ടികജാതി വിഭാഗത്തിലുള്ളവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഈ ബാങ്ക് പട്ടികജാതി സംഘം സംസ്ഥാന ഫെഡറേഷനിൽ അംഗമാണ്.

## ഗതാഗതം

ഗതാഗതസൗകര്യം തീരെ കുറവായിരുന്ന ഇവിടെ 50 വർഷങ്ങൾക്കു മുമ്പു വരെയും കാളവണ്ടിയായിരുന്നു പ്രധാന വാഹനം. കാളവണ്ടികൾക്ക് കഷ്ടിച്ചു കടന്നുപോകാൻ പറ്റുംവിധമുള്ള വഴികളും കാൽനടപ്പാതകളും മാത്രമായിരുന്നു റോഡ് എന്നു പറയുവാനുണ്ടായിരുന്നത്. ഇന്നു കാണുന്ന പ്രധാന റോഡുകളായ പരവൂർ-പാരിപ്പള്ളി റോഡ്, ഊന്നിൻമൂട്-പരവൂർ റോഡ്, ആലിൻെറമൂട്-ഒഴുകുപാറ റോഡ് എന്നിവ ജനകീയപങ്കാളിത്തത്തോടെ നിർമിച്ചവയായിരുന്നു.

## വാർത്താവിതരണം

രാജഭരണകാലത്താണ് ഇവിടെ ഒരു അഞ്ചലാപ്പീസ് ആരംഭിക്കുന്നത്. ഇന്ന് ഒരു പോസ്റ്റൽ സബ് ആഫീസ് ഇവിടെ പ്രവർത്തിക്കുന്നു. വില്ലേജിന് സ്വന്തമായൊരു ടെലഫോൺ എക്സ്ചേഞ്ച് ഇല്ല.

## മതസൗഹാർദം

മതസൗഹാർദത്തിന് പേരുകേട്ട പ്രദേശമാണ് പൂതക്കുളം. നാടിൻെറ പല ഭാഗത്തും വർഗീയ സംഘട്ടനങ്ങൾ അരങ്ങേറുമ്പോഴും ഇവിടെ വിവിധ മതവിഭാഗങ്ങൾ സാഹോദര്യത്തോടെ വർത്തിച്ചു പോരുന്നത് മറ്റു പ്രദേശങ്ങൾക്കും മാതൃകയാണ്. വിവിധ മതജാതി വിഭാഗങ്ങൾ ആചാരങ്ങളിലും ആഘോഷങ്ങളിലും ഒരുമയോടേ പങ്കുകൊള്ളുന്നത് ഈ പ്രദേശത്തിൻെറ സാംസ്കാരിക സമ്പന്നതയ്ക്ക് തെളിവാണ്.

നാടിൻെറ വികനത്തിനുവേണ്ടി പൂർവികർ തെളിച്ച പാതയിലൂടെ ഒരു പുത്തൻ വികസന സംസ്കാരത്തിൻെറ ദീപശിഖയുമായി നമുക്കു മുന്നേറാം. സ്വാശ്രയബോധത്തിൻെറ സങ്കീർത്തനങ്ങൾ പാടി വരുംതലമുറയ്ക്ക് വഴികാട്ടിയായി നമുക്കു മാറാം.

# ഭൂപ്രകൃതി

അടിസ്ഥാന വിഭവങ്ങളായ മണ്ണ്, ജലം എന്നിവയുടെ വിന്യാസവും ലഭ്യതയും പ്രകൃതിയിലെ ജൈവനിലനിൽപുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. അടിസ്ഥാന വിഭവങ്ങളുടെ സംരക്ഷണവും നീതിപൂർവവുമായ വിനിയോഗം ഉറപ്പുവരുത്തിയാൽ മാത്രമേ ഇവയുടെ സ്ഥായിയായ വികസനം സാധ്യമാകൂ.

പ്രകൃതിയിൽ മണ്ണ്, ജലം എന്നിവയുടെ വിന്യാസവും ലഭ്യതയും സംബന്ധിച്ച സമഗ്രമായ അറിവ് ഈ മേഖലയിലെ ആസൂത്രണത്തിന് കൂടുതൽ സഹായകമാണ്.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിലെ പ്രദേശങ്ങളെ തീരദേശവിഭാഗത്തിൽപ്പെടുത്താം. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം സമുദ്രനിരപ്പിൽ നിന്നും 40 മീറ്ററും ഏറ്റവും താഴ്ന്ന പ്രദേശം 20 മീറ്ററും ഉയരത്തിലാണ്.

ഉയരം കാണിക്കുന്ന ഭൂപടം




ഓരോ മേഖലയുടെയും വിസ്തൃതി പട്ടികയിൽ ചേർക്കുന്നു. പഞ്ചായത്തിൻെറ ആകെ വിസ്തൃതി 16.56 ച.കി.മീ. ആണ്.

| നിമ്നോന്നതി | വിസ്തൃതി ച.കി.മീ. | ശതമാനത്തിൽ |
|---|---|---|
| 20 മുതൽ 40 മീ. | 8.35 | 49.14 |
| 40 മീ.നു മുകളിൽ | 5.25 | 30.88 |

പഞ്ചായത്തിലെ പ്രദേശങ്ങളെ താഴെപ്പറയുന്ന രീതിയിൽ തരംതിരിക്കാവുന്നതാണ്.

### 1. സമതലം

ചെറു ചരിവോടുകൂടിയ (0–5) നിരന്ന പ്രദേശങ്ങളെയാണ് സമതലപ്രദേശമായി കണക്കാക്കുന്നത്. ചരിവ് പൊതുവെ തെക്കുപടിഞ്ഞാറോട്ട് ആണെങ്കിലും സൂക്ഷ്മമായി പരിശോധിച്ചാൽ എല്ലാ ദിശയിലേക്കും ചരിവുള്ളതായി കാണപ്പെടുന്നു.

### 2. കുന്നുകൾ

പഞ്ചായത്തിൻെറ ഏകദേശം മധ്യഭാഗത്തും വടക്കു കിഴക്ക് ഭാഗത്തും കാണുന്ന ഉയരം കൂടിയ പ്രദേശം സമുദ്ര നിരപ്പിൽ നിന്നും 40 മീറ്റർ മുകളിലാണ്. മുകൾ ഭാഗം പൊതുവെ നിരന്നു കാണുന്നുവെങ്കിലും നാലു ദിക്കിലോട്ടുള്ള ചരിവു സ്പഷ്ടമാണ്.

### 3. താരതമ്യേന താഴ്ന്ന നിലങ്ങൾ

ഇത് ഈ പഞ്ചായത്തിൻെറ വിസ്തൃതിയുടെ 1.5% പ്രദേശം ഉൾപ്പെടുന്നു. നിരന്ന പ്രദേശങ്ങളായിട്ടാണ് കാണപ്പെടുന്നതെങ്കിലും നേരിയ ചരിവുകൾ സ്പഷ്ടമാണ്. ഈ പ്രദേശങ്ങളിലൂടെ ഒഴുകുന്ന തോടുകളുടെ ദിശ നോക്കി ചരിവുകൾ മനസിലാക്കാവുന്നതാണ്. പൂതക്കുളം ഏല വടക്കുനിന്ന് തെക്കോട്ട് ചരിവു പ്രകടമാകുമ്പോൾ തലക്കുളം ഏലയുടേത് കിഴക്കു നിന്ന് പടിഞ്ഞാറോട്ടാണ്.

ഭൂപ്രകൃതി വിഭാഗം




## 4. കായൽപ്രദേശങ്ങൾ

പഞ്ചായത്തിൻെറ 1.61 ച.കി.മീ. വിസ്തൃതിയിൽ കാണപ്പെടുന്ന കായൽ ഉപ്പു കലർന്ന ജലാംശമാണ്.

| | ഭൂപ്രകൃതി | വിസ്തൃതി ച.കി.മീ. | ശതമാനത്തിൽ |
|---|---|---|---|
| 1. | സമതലം | 8.26 | 49.8 |
| 2. | കുന്നുകൾ | 5.25 | 31.7 |
| 3. | താരതമ്യേന താഴ്ന്നനിലങ്ങൾ | 1.44 | 8.69 |
| 4. | കായൽ | 1.61 | 9.7 |

## മണ്ണ്

പാറയ്ക്ക് അപക്ഷയം സംഭവിച്ച് 1 സെ.മീ. മണ്ണ് ഉണ്ടാകുന്നതിന് ഏകദേശം 10 വർഷം മുതൽ 1000 വർഷം വരെ വേണ്ടി വരും. ഇങ്ങനെയുണ്ടാകുന്ന മണ്ണ് ജനങ്ങളുടെ അനാസ്ഥമൂലം ഒലിച്ചുപോകുന്നു. നമുക്കു ലഭിക്കുന്ന അമൂല്യമായ വിഭവങ്ങളിലൊന്നാണ് മണ്ണ്. ജീവൻെറ നിലനില്പ് ഒരു പരിധിവരെ മണ്ണിനെ ആശ്രയിച്ചിരിക്കുന്നു. മണ്ണിൻെറ വിന്യാസം സൂക്ഷ്മതലത്തിൽപോലും ക്രമമായി കാണപ്പെടുന്നില്ല. സാധാരണയായി ഭൂപ്രകൃതിയുടെയോ കാലാവസ്ഥയുടെയോ അടിസ്ഥാനത്തിലാണ് മണ്ണിനെ തരംതിരിക്കുന്നത്.

വെട്ടുകല്ലിൻെറയും പാറകളുടെയും അപക്ഷയം മൂലം ഉണ്ടാകുന്ന ചെമ്മണ്ണും ഇവിടെ കാണപ്പെടുന്നു. മണ്ണൊലിപ്പുമൂലം ഈ മണ്ണ് ചരിഞ്ഞ പ്രദേശങ്ങളിൽ നിന്നും താഴ്‌വാരങ്ങളിലെത്തുന്നു. ഇവയാണ് എക്കൽ മണ്ണ്. ഇവ പൊതുവെ 10 മുതൽ 6 സെ.മീ. വരെ കനത്തിൽ കാണുന്നു. ഇത് എല്ലാത്തരം കൃഷികൾക്കും അനുയോജ്യമാണ്. മേൽവിവരിച്ച രണ്ടുതരം മണ്ണിനു പുറമേ ഉപരിതലത്തിൽ നരിക്കല്ലുകൾ കാണപ്പെടുന്നു.

മണ്ണിനെപ്പറ്റിയുള്ള ഭൂപടം




മണ്ണുകളുടെ നിറം, ഘടന, തരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടിക 1ൽ ചേർത്തിരിക്കുന്നു.

പട്ടിക 1

| മണ്ണിൻെറ തരം | ഘടന | നിറം | ആഴം | ഡ്രെയിനേജ് |
|---|---|---|---|---|
| ചെമ്മണ്ണ് | മണ്ണു നിറഞ്ഞ ചെമ്മണ്ണ് | തവിട്ടുനിറം | കൂടുതൽ | ശരിയായ രീതിയിൽ ആഗിരണം ചെയ്യുന്നു |
| | ചരൽ നിറഞ്ഞ ചെമ്മണ്ണ് | മഞ്ഞ, തവിട്ട് | ദരിദ്രവും മിതവും | ദരിദ്രവും മിതവും |
| എക്കൽ മണ്ണ് | ചരൽ നിറഞ്ഞത് | തവിട്ട് | കൂടുതൽ | ശരിയായരീതിയിൽ ആഗിരണം ചെയ്യുന്നു |
| | പൊടികൊണ്ടു നിറഞ്ഞത് | തവിട്ടുകലർന്ന കറുപ്പ് | കൂടുതൽ | മിതവും ദരിദ്രവും |

| മണ്ണിൻെറ ഇനം | കാണപ്പെടുന്ന പ്രദേശങ്ങൾ |
|---|---|
| ചെമ്മണ്ണ് | കുന്നിൻപ്രദേശം, ചരിവുപ്രദേശം |
| എക്കൽ മണ്ണ് | താഴ്വരകളിലും ഏലകളിലും തോടിൻെറ കരകളിലും |

ജലഭൂപടം




## ജലലഭ്യത

ഈ പഞ്ചായത്തിൽ പ്രധാനമായും രണ്ടു സ്രോതസ്സുകളിൽ നിന്നും ജലം ലഭിക്കുന്നു.

1. ഉപരിതല ജലസ്രോതസ് – പഞ്ചായത്തിൻെറ ഉപരിതല സ്രോതസ്സിന് കാര്യമായ സ്വാധീനം ചെലുത്തുന്നത് ചെറുതും വലുതുമായ തോടുകളും എകദേശം 21ലധികം ചെറുതും വലുതുമായ കുളങ്ങളും ചേർന്നതാണ്. ഈ പഞ്ചായത്തിൽകൂടി ഒഴുകുന്ന തോടുകളുടെ ആകെ നീളം 14.2 കി.മീ.

പ്രധാന തോടുകളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

| തോടുകളുടെ പേര് | ജലലഭ്യത | നീളം കി.മീ. |
|---|---|---|
| പൂതക്കുളം–തോണിപ്പാറ തോട് | വറ്റുന്നത് | 2.9 |
| പറണ്ടക്കുളം–കരിയിലക്കുളം തോട് | വറ്റുന്നത് | 1.45 |
| കുരക്കുളം–പാണാട്ടുച്ചിറ തോട് | വറ്റുന്നത് | 2.05 |

പ്രധാന കുളങ്ങളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

| കുളം സ്ഥിതി ചെയ്യുന്ന ഏല | കുളങ്ങളുടെ എണ്ണം | വാർഡ് | ജലലഭ്യത |
|---|---|---|---|
| പൂതക്കുളം ഏല ഇരുപൂകൃഷി | 3 | 4,5 | വറ്റാത്തത് |
| കൂനംകുളം ഏല ഇരുപൂകൃഷി | 2 | 5 | വറ്റുന്നത് |
| കരിയിലകുളം ഒരുപൂകൃഷി | 2 | 10 | വറ്റുന്നത് |
| ഇടയാടി ഏല ഇരുപൂകൃഷി | 2 | 7 | വറ്റുന്നത് |
| പെരുംകുളം ഏല ഇരുപൂകൃഷി | 2 | 2 | വറ്റുന്നത് |
| പുന്നേയിക്കുളം ഏല ഇരുപൂകൃഷി | 3 | 8 | വറ്റാത്തത് |
| തലക്കുളം ഏല ഇരുപൂകൃഷി | 4 | 9 | വറ്റാത്തത് |

പഞ്ചായത്തിൽ ഏകദേശം 9ൽ കൂടുതൽ നീരുറവകൾ കാണപ്പെടുന്നു. ഇവയെ പരിരക്ഷിച്ചാൽ അതാതു പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാമെന്ന് ശാസ്ത്രീയ പഠനങ്ങൾ തെളിയിക്കുന്നു.

പ്രധാനപ്പെട്ട നീരുറവകളെ സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| നമ്പർ | സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ | പഠനറിപ്പോർട്ടുസംബന്ധിച്ച വിവരങ്ങൾ |
|---|---|---|
| 1 | കോട്ടുവൻകോണം കുളം വാർഡ് 3 | എപ്പോഴും വെള്ളം കിട്ടുന്നു. പരിരക്ഷിച്ചെടുത്താൽ കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കാം. |
| 2 | പാണാട്ടുച്ചിറ വാർഡ് 5 | കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കാൻ പറ്റുന്ന രീതിയിൽ ജലം ലഭ്യമാകുന്ന നീരുറവ. |
| 3 | പുന്നേയ്ക്കുളം വാർഡ് 8 | പരിരക്ഷിച്ചെടുത്താൽ കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കാം |
| 4 | മുക്കം കോളനി വാർഡ് 6 | പരിരക്ഷിച്ചെടുത്താൽ കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കാം |
| 5 | കരിയിലക്കുളം വാർഡ് 10 | കൃഷിക്കുപയോഗിക്കാൻ കഴിയുന്ന നീരുറവ. എപ്പോഴും ജലം ലഭ്യമാണ്. |

## ഭൂഗർഭജല സ്രോതസ്

ഇവിടത്തെ പ്രധാന ഭൂഗർഭ ജല സ്രോതസ്സുകൾ കിണറുകളാണ്. ഏകദേശം 4632 കിണറുകളുണ്ട്. അതിൽ 3578 എണ്ണം വറ്റുന്നതും 1054 എണ്ണം വറ്റാത്തതുമാണ്. ഇവിടെ രണ്ട് കുഴൽക്കിണറുകൾ മാത്രമേയുള്ളൂ. ഇവയുടെ കാര്യക്ഷമമല്ല.

## ഭൂവിനിയോഗം

ഈ പഞ്ചായത്തിൽ പ്രധാനമായും സമ്മിശ്ര കൃഷികളും നെൽകൃഷിയുമാണുള്ളത്. കൃഷിരീതി സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| കൃഷിരീതി | വിസ്തൃതി ച.കി.മീ. | ശതമാനം |
|---|---|---|
| സമ്മിശ്രകൃഷി | 13.51 | 81.5 |
| നെൽകൃഷി | 1.31 | 7.9 |
| നിലം നികത്തിയത് | .13 | .79 |
| കായൽ | 1.61 | 9.71 |




## പരിസ്ഥിതി

അനുയോജ്യമായ പരിസ്ഥിതിയാൽ അനുഗൃഹീതമാണ് പൂതക്കുളം പഞ്ചായത്ത് പ്രത്യേകിച്ചും കൃഷിക്കനുയോജ്യമായ കാലാവസ്ഥയാണ് ഇവിടുള്ളത്. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 16ൽപ്പരം കാവുകൾ പരിസ്ഥിതി സന്തുലനത്തിൽ

പ്രധാന പങ്കു വഹിക്കുന്നു. ഇവയിൽ ചിലത് നാശത്തെ നേരിടുന്നു. ഇവയ്ക്ക് അർഹമായ പരിചരണം നൽകി സംരക്ഷിക്കേണ്ടതുണ്ട്. ഈ കാവുകൾ പഞ്ചായത്തിൻെറ പൊതുസ്വത്തായി പ്രഖ്യാപിച്ച് അവ സംരക്ഷിക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം.

കുടിവെള്ളക്ഷാമം രൂക്ഷമായി നേരിടുന്ന ഈ പഞ്ചായത്തിൽ ജലവും മണ്ണും സംരക്ഷിക്കേണ്ടത് പ്രാധാന്യമുള്ള കാര്യമായെടുക്കേണ്ടതുണ്ട്. ജലം ഭൂമിക്കടിയിൽ സംഭരിച്ചു നിർത്താൻ കഴിയാത്തതും മണ്ണൊലിപ്പുമാണ് കുടിവെള്ള ക്ഷാമത്തിനുകാരണം. മണ്ണൊലിപ്പു തടയാനും ഭൂഗർഭജലം ഉപയോഗപ്പെടുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. നെൽകൃഷി, മിശ്രിതകൃഷി, മറ്റ് ഇടവിള കൃഷികൾ ഇവക്ക് കൂടുതൽ പ്രോത്സാഹനം നൽകി പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന രീതിയിൽ വയൽ പ്രദേശങ്ങളും കായലും നികത്തുന്ന പ്രവണത

ശക്തമായി ചെറുക്കപ്പെടേണ്ടതാണ്. വയൽ പ്രദേശങ്ങളിലെ കൃഷിക്കു നാശം സംഭവിക്കുന്ന രീതിയിൽ ഇഷ്ടികക്കളങ്ങൾ വർദ്ധിച്ചുവരുന്നത് നിയന്ത്രിക്കപ്പെടണം. പരിസര ശുചിത്വത്തിൻെറ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനായി ജനസമ്പർക്ക പരിപാടി നടപ്പിലാക്കേണ്ടതാണ് ആരോഗ്യകരമായ ജീവിതത്തിന് ആവശ്യമായ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

## പഠന പര്യടനം (Transect Walk)

പഞ്ചായത്തിൻെറ ഭൂപ്രകൃതി, മൺതരം, വിളകളുടെ അവസ്ഥ, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ, കോർ ഗ്രൂപ്പ് അംഗങ്ങൾ, പഞ്ചായത്ത് മെമ്പർമാർ, കർഷകർ തുടങ്ങിയവരുടെ രണ്ടു സംഘങ്ങൾ രൂപീകരിച്ച് പഞ്ചായത്തിൻെറ പടിഞ്ഞാറു നിന്ന് കിഴക്കോട്ടും വടക്കു നിന്ന് തെക്കോട്ടും പര്യടനം നടത്തുകയുണ്ടായി. ഈ സംഘങ്ങൾ തയ്യാറാക്കിയ രേഖാചിത്രങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

പരിസ്ഥിതി അവലോകനം




പഠന പര്യടന ചിത്രം



## പഠന പര്യടനം ചിത്രം - 1

കലയ്ക്കോട് — ഊന്നിൻമൂട്



| | | | | | |
|---|---|---|---|---|---|
| ഭൂപ്രകൃതി | സമതലം | ചരിവു പ്രദേശം | ചരിവു പ്രദേശം | കുന്നിൻ പ്രദേശം | സമതലം |
| മൺതരം | വെട്ടുകല്ല് | വെട്ടുകല്ല് | വെട്ടുകല്ല് | വെട്ടുകല്ല് | വെട്ടുകല്ല് |
| സസ്യാവരണം | നെൽകൃഷി | സമ്മിശ്ര കൃഷി | സമ്മിശ്ര കൃഷി | സമ്മിശ്ര കൃഷി | സമ്മിശ്ര കൃഷി |
| പരിസ്ഥിതി പ്രശ്നങ്ങൾ | വയൽ നികത്തൽ | കുന്നിൻെറ അടിഭാഗം ഇടിയുന്നു | കുന്നിൻെറ അടിഭാഗം ഇടിയുന്നു | ജലക്ഷാമം | ജലക്ഷാമം |

## പഠന പര്യടനം ചിത്രം - 2

പാർക്കുമുക്ക് — ആലുവിളപ്പുറം



| | | | | | |
|---|---|---|---|---|---|
| ഭൂപ്രകൃതി | സമതലം | ചരിവു പ്രദേശം | താഴ്‌വര | സമതലം | ചെറിയ ചരിവ് |
| മൺതരം | വെട്ടുകല്ല് | വെട്ടുകല്ല് | എക്കൽ മണ്ണ് | വെട്ടുകല്ല് | വെട്ടുകല്ല് |
| സസ്യാവരണം | സമ്മിശ്ര കൃഷി | സമ്മിശ്ര കൃഷി | നെല്ല് | സമ്മിശ്ര കൃഷി | സമ്മിശ്ര കൃഷി |
| പരിസ്ഥിതി പ്രശ്നങ്ങൾ | കുടിവെള്ള ക്ഷാമം | മണ്ണൊലിപ്പ് | വയൽ നികത്തൽ | ജലക്ഷാമം തരിശു ഭൂമി | മണ്ണൊലിപ്പ് |



# വികസന മേഖലകൾ

## കൃഷി, ജലസേചനം

പാരമ്പര്യമായി തുടർന്നുവരുന്ന ഒരു കാർഷിക സംസ്കാരമാണു നമ്മുടെ പഞ്ചായത്തിൽ നില നിൽക്കുന്നത്. ഈ പ്രദേശത്തെ പ്രധാന കൃഷികൾ നെല്ല്, തെങ്ങ്, കുരുമുളക്, മരച്ചീനി, മറ്റു കിഴങ്ങു വിളകൾ, വാഴ, പച്ചക്കറികൾ, ധാന്യ വിളകൾ എന്നിവയാണ്. കാർഷികാവശ്യത്തിന് പ്രധാനമായും ജൈവവളങ്ങളാണ് ഉപയോഗിച്ചിരുന്നത്. എല്ലാ വീടുകളിലും കന്നുകാലികളെ വളർത്തിയിരുന്നതു കൊണ്ടും പച്ചിലകൾ ധാരാളമായി ലഭിച്ചിരുന്ന തുകൊണ്ടും ജൈവവളങ്ങൾ വർദ്ധിച്ച തോതിൽ ഉപയോഗിക്കുവാൻ കഴിഞ്ഞിരുന്നു. മഴയെ മാത്രം ആശ്രയിച്ചായിരുന്നു കൃഷി ചെയ്തിരുന്നത്. മഴവെള്ളം സംഭരിച്ചു ഉപയോഗിക്കുന്നതിനായി അനേകം കുളങ്ങളും തോടുകളും ഇവിടെയുണ്ട്. ഇപ്പോൾ

അവയിൽ പലതും ഉപയോഗയോഗ്യമല്ല. കീട രോഗ നിയന്ത്രണത്തിന് ജൈവിക മാർഗ്ഗങ്ങളാണ് മുൻ കാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. ആദ്യകാല കർഷകർ ഇതിനായി കൃഷി ഭൂമിയിലും വയൽ കരകളിലും ചവർ കൂട്ടി തീയിടുക, പന്തം കൊളുത്തുക, ഇടവിളകൾ കൂടുതലായി കൃഷി ചെയ്യുക, വിത്തുകൾ മാറി കൃഷി ചെയ്യുക തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിച്ചിരുന്നു. കാവുകൾ, കുളങ്ങൾ ഇവ സംരക്ഷിക്കുന്നതിലൂടെ പരിസ്ഥിതിസംരക്ഷണം ഉറപ്പു വരുത്തുവാനും മുൻകാല കർഷകർ ശ്രദ്ധിച്ചിരുന്നു. കൃഷിയിലും വിളവെടുപ്പിലും കർഷകർ തമ്മിലുണ്ടായിരുന്ന കൂട്ടായ്മ മാതൃകാപരമായിരുന്നു. ഈ പഞ്ചായത്തിലെ ഭൂവിസ്തൃതിയുടെ ഭൂരിഭാഗവും പുരയിടങ്ങളാണ്.

ഏകദേശം ഏഴിൽ ഒരു ഭാഗം മാത്രമാണ് നെൽപ്പാടങ്ങൾ. ഇത് 13 ഏലകളിലായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 217 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്നു.

ഇവിടത്തെ കർഷകരിൽ 92%പേരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്.

ഈ പ്രദേശം ഉഷ്ണമേഖലാപ്രദേശമായതിനാൽ ഇവിടത്തെ ജനങ്ങളുടെ മുഖ്യ ആഹാരം നെല്ലരിയാണ്. അതിനുവേണ്ടി നെൽപ്പാടങ്ങളിൽ സാധാരണ വിത്തിനങ്ങളായി ചെറു നെല്ലാരിയൻ (ചെറുആരിയൻ), അധിക്രാതി, തവളക്കണ്ണൻ, ഞവര എന്നിവ ഉപയോഗിച്ചിരുന്നു. നെൽപ്പാടങ്ങളുടെ വിസ്തൃതി കുറവായിരുന്നതിനാൽ ഭക്ഷ്യാവശ്യത്തിന് നെല്ല് ഉല്പാദിപ്പിക്കുവാൻ മുൻകാല കർഷകർ സാർവത്രികമായി പുരയിടങ്ങളിൽ ഒന്നാം വിളയായി ഒരുപൂ നെൽകൃഷി ചെയ്തിരുന്നു. മൂപ്പു കുറഞ്ഞ നെല്ലിനമായ കുനിപ്പൻ, ഞവര എന്നീ ഇനങ്ങളാണ് ഇതിനുപയോഗിച്ചിരുന്നത്. കാലാവസ്ഥ പ്രതികൂലമാകുന്നതുകൊണ്ടും കീട രോഗബാധ ഉണ്ടാകുന്നതുകൊണ്ടും കൃഷി ആദായകരമാക്കുവാൻ ഒരേസ്ഥലത്തു തന്നെ നെല്ലിനോടൊപ്പം കൂവരക്, എള്ള്, പയർ, ഉഴുന്ന് എന്നിവയും കൃഷി ചെയ്തിരുന്നു.

## മുൻകാല കൃഷിരീതി

കാളയും കലപ്പയും ഉപയോഗിച്ചാണ് നിലം ഒരുക്കിയിരുന്നത്. നിലം ഉഴുകുന്നതിനും നിരപ്പാക്കുന്നതിനും വിത്തു വിതച്ച് മൂടുന്നതിനും കാളയെ ഉപയോഗിച്ചിരുന്നു. നെൽകൃഷി പ്രധാനമായും രണ്ടു വിളകളായിട്ടാണ് നടത്തിയിരുന്നത്. ഒന്നാംവിള, (വിരിപ്പ്) രണ്ടാംവിള (മുണ്ടകൻ). മേടമാസത്തിൽ കൃഷിയിറക്കി ചിങ്ങമാസത്തിൽ വിളവെടുക്കുന്നതിന് ഒന്നാം വിളയെന്നും കന്നിമാസത്തിൽ വിളവിറക്കി മകരമാസത്തിൽ വിളവെടുക്കുന്നതിന് രണ്ടാം വിളയെന്നും പറയുന്നു. മഴയെ മാത്രമാശ്രയിച്ച് കൃഷി ചെയ്യുന്നതുകൊണ്ടാണ് ഈ രീതി അവലംബിച്ചിട്ടുള്ളത്. കാലവർഷത്തിന്റെ ആദ്യമഴയോടുകൂടി മേടമാസത്തിൽ വിളവിറക്കുന്നു. കാലവർഷത്തിലെ വെള്ളം പൂർണമായും ഉപയയോഗപ്പെടുത്താൻ കഴിയുമെന്നുള്ളതാണ് അതിന്റെ പ്രത്യേകത. കാലവർഷത്തിന്റെ അവസാനം ലഭിക്കുന്ന മഴയിൽ നിന്നും കിട്ടുന്ന ജലം നഷ്ടപ്പെടുന്നതിനു മുമ്പായി രണ്ടാംവിള കൃഷി നടത്തുന്നു. ഇതിനു വിത്തുപാകി ഞാറുവളർത്തി പറിച്ചു നടുകയാണ് പതിവ്. ഒന്നാംവിള (വിരിപ്പ്) കൃഷിയിലെ വിളവിനെക്കാൾ കൂടുതൽ ഉല്പാദനം രണ്ടാംവിള (മുണ്ടകൻ) കൃഷിയിൽ നിന്നും കിട്ടുന്നു. തുലാവർഷത്തിൽ കിട്ടുന്ന വെള്ളം കൊണ്ട് രണ്ടാംവിള പൂർത്തിയാകുന്നു. വളമായി ഒന്നാംവിളയ്ക്ക് ചാരവും ചാണകപ്പൊടിയും രണ്ടാംവിളയ്ക്ക് ചാരം, ചാണകം, കമ്പോസ്റ്റ്, പച്ചില എന്നിവയും ഉപയോഗിക്കുന്നു.

കീടരോഗങ്ങൾക്കെതിരായി ചാരം വിതറുക, വെള്ളത്തിൽ നെല്ലിനെ മുക്കുക, കയർ നെല്ലിനുമേൽ വീശുക എന്നീ രീതികൾ ചെയ്തിരുന്നു. ഭക്ഷ്യവിളയെന്ന രീതിയിലുള്ള കൃഷി നെല്ലാണെങ്കിലും വിസ്തൃതിയുടെ കാര്യത്തിൽ തെങ്ങുകൃഷിക്കാണ് മുൻഗണന. തെങ്ങുകൃഷി ഒരു ഭക്ഷ്യവിളയെന്നതിനേക്കാൾ പ്രാധാന്യം നാണ്യവിളയെന്ന നിലയ്ക്കാണ്. പണ്ടുകാലം മുതലേ നാളികേരം സംസ്കരിച്ച് കൊപ്രയാക്കി എണ്ണയെടുക്കുന്നതിന് നാടൻചക്കുകളും ഉണ്ടായിരുന്നു.

മരച്ചീനി. മുൻകാലങ്ങളിൽ എല്ലാ പുരയിടങ്ങളിലും പരക്കെ കൃഷി ചെയ്തിരുന്നു. അന്നജപ്രധാനമായ ആഹാരമെന്ന നിലയിൽ മരച്ചീനിക്ക് വളരെ പ്രാധാന്യം കൊടുത്തിരുന്നു. കിഴങ്ങുവർഗവിളകളായ കാച്ചിൽ, ചേന, ചേമ്പ്, ചെറുകിഴങ്ങ് മുതലായവയും ധാരാളമായി ഇടവിള എന്ന നിലയിൽ തെങ്ങിൻതോട്ടങ്ങളിൽ കൃഷി ചെയ്തിരുന്നു. പച്ചക്കറികളും ഫലവൃക്ഷങ്ങളും വച്ചു പിടിപ്പിച്ചിരുന്നു. ഇവയെല്ലാം ചേർന്ന ഒരു സമ്പൂർണ ആഹാരരീതി അക്കാലത്ത് നിലവിലുണ്ടായിരുന്നു.

ആയതിനാൽ അക്കാലത്ത് രോഗങ്ങളും കുറവാ യിരുന്നതായിട്ടാണ് മനസ്സിലാകുന്നത്. അതോടൊപ്പം പശു, ആട്, കാള, എരുമ, കോഴി എന്നിവകളെയും ധാരാളമായി വളർത്തിയിരുന്നു. തൻമൂലം കാലിവളം, കമ്പോസ്റ്റുവളം, പാൽ എന്നിവ ആവശ്യാനുസരണം ലഭിച്ചിരുന്നു.

## സാഹചര്യവും സാധ്യതകളും

ഈ പഞ്ചായത്തുപ്രദേശം സമതലമാണെന്ന് പൊതുവായി പറയാമെങ്കിലും ഭൂരിഭാഗം സ്ഥലങ്ങളും ചെറിയ ചരിവോ ഇടത്തരം ചരിവോ ചെറിയ കുന്നുകളോടുകൂടിയതോ ആണ്. നെൽപാടം കഴിഞ്ഞാൽ കരഭൂമി എല്ലാം തന്നെ പശിമരാശി മണ്ണിന്റെ തരത്തിൽപ്പെട്ടതാണ്. അതുകൊണ്ടു തന്നെ ഈ മണ്ണിന്റെ പി.എച്ച്. (അമ്ലത്തോത്) 6നു താഴെയാണ്. ചരിഞ്ഞ ഭൂമിയായിരുന്നാലും മണ്ണു സംരക്ഷണം ശരിയായി നടത്താത്തതിനാലും മഴ പെയ്തു മണ്ണൊലിച്ചുപോകുന്നത് കൃഷിയെ സാരമായി ബാധിക്കുന്നു.

വർദ്ധിച്ചുവരുന്ന ജനസംഖ്യമൂലം പലതരത്തിലുള്ള വിഷമങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകുന്നു. കെട്ടിടനിർമാണത്തിനും തോടുകൾക്കുമായി ധാരാളം ഭൂമി ഉപയോഗപ്പെടുത്തുന്നതിനാൽ കൃഷിഭൂമി നഷ്ടപ്പെടുകയും ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുവാൻ കഴിയാതെ വരികയും ചെയ്യുന്നു.

കാലം മാറുകയും വിദ്യാഭ്യാസപരമായ പുരോഗതി നേടുകയും ചെയ്തതോടെ കാലാനുസൃതമായ മാറ്റങ്ങൾ ഇവിടെയും പ്രതിഫലിച്ചു തുടങ്ങി. പഞ്ചവത്സരപദ്ധതി ദേശീയതലത്തിൽ നടപ്പിലായതോടുകൂടി ഇവിടെയും അതിന്റെ പ്രതിഫലനം കണ്ടുതുടങ്ങി.

നമ്മുടെ മുഖ്യ ആഹാരം നെല്ലരിയായതിനാൽ നെൽകൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനു നിലിവിലുള്ള നിലങ്ങൾ ശരിയായി സംരക്ഷിച്ച് ശാസ്ത്രീയമായി കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടതതുണ്ട്. ഇന്നു ഒരു ഹെക്ടറിലെ നെൽകൃഷിയുടെ ശരാശരി വിളവ് 2000 കി.ഗ്രാം നെല്ലാണ്. ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഭക്ഷ്യാവശ്യത്തിന്റെ 10% ഉല്പാദിപ്പിക്കാൻ മാത്രമേ നമുക്കു കഴിയുന്നുള്ളൂ. ഇന്ന് ഭക്ഷ്യവസ്തുക്കളുടെ ആവശ്യങ്ങൾ ഏറുയകും കൃഷിഭൂമിയുടെ വിസ്തീർണം കുറയുകയും ചെയ്യുന്നതു കൊണ്ട് ഉല്പാദനക്ഷമതയിൽ ഗണ്യമായ പുരോഗതിയുണ്ടാകേണ്ടതാണ്.

## പരിഹാരമാർഗങ്ങൾ

നിലവും കരയുമായി ബന്ധിപ്പിക്കുന്ന ഭാഗങ്ങൾ നിലത്തിന്റെ നാലുവശവും വരമ്പുകൾ, കയ്യാലകൾ, കരിങ്കല്ലു കെട്ടിയ മതിലുകൾ എന്നിവ ആവശ്യാനുസരണം നിർമിച്ച് മണ്ണൊലിപ്പും കരയിടിഞ്ഞു നിലത്തിൽ വീഴുന്നതും തടയേണ്ടതാണ്. അനധികൃതമായി നിലം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുന്ന നിയമം നിലവിലുണ്ടെങ്കിലും ശരിയായി പാലിക്കപ്പെടുന്നില്ല. അത് കർശനമാക്കേണ്ടതും ബോധവൽക്കരണ ക്ലാസുകൾ നടത്തേണ്ടതുമാണ്.

## ജലസേചന സൗകര്യങ്ങൾ

ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി വ്യാപിച്ചു കിടക്കുന്ന 19 കുളങ്ങളും 2 ചിറകളും നമുക്കുണ്ട്. എല്ലാ കുളങ്ങളും നെൽവയലുകളുടെ ആവശ്യത്തിനായി നിർമിച്ചിട്ടുള്ളതാണെങ്കിലും വേനൽക്കാലത്ത് വെള്ളം ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഈ ജലാശയങ്ങളെ ബന്ധിച്ചുകൊണ്ട് 16 കി.മീ. നീളത്തിൽ 9 തോടുകളും നിർമിച്ചിട്ടുണ്ട്. കുളങ്ങൾ കാര്യക്ഷമമല്ലാത്തതുകൊണ്ട് തോടുകളും ഉപയോഗമില്ലാത്ത തരത്തിൽ നശിച്ചുകൊണ്ടിരിക്കുന്നു.

## പാണാട്ടുച്ചിറ

പൂതക്കുളം പഞ്ചായത്തിലെ ഏറ്റവും കൂടുതൽ വിസ്തീർണമുള്ള (3 ഹെക്ടർ) ജലസംഭരണിയാണ് പാണാട്ടുച്ചിറ. പ്രധാനമായും രണ്ട് തോടുകളിൽ കൂടിയാണ് ഇതിൽ വെള്ളം എത്തിച്ചേരുന്നത്. 1. തലക്കുളം ഏലായിൽ നിന്നും തുടങ്ങി കുരകുളം പനവൂർ ഏലാ വഴി പാണാട്ടുചിറയിൽ വന്നു ചേരുന്നത്. 2. കരീലക്കുളം ഏലായിൽ നിന്നും തുടങ്ങി പാണാട്ടുചചിറിൽ വന്നു ചേരുന്നത്. ഈ ചിറയിലെ വെള്ളം ഉപയോഗിച്ച് പൂതക്കുളത്തെ ഏറ്റവും വലിയ ഏല ആയ പൂതക്കുളം ഏലായും അതിനോടനുബന്ധിച്ചുള്ള 4 ചെറിയ ഏലാകളും മൂന്നുപൂ കൃഷി ചെയ്യാൻ സാധിക്കുന്നതാണ്. ഇതിലെ ജലം കൊണ്ട് 86 ഹെക്ടർ സ്ഥലം നനയ്ക്കാൻ സാധിക്കും. പൂർണമായതോതിൽ ഇതിൽ ജലം സംഭരിച്ച് നിർത്തുന്നതുകൊണ്ട് പരിസര പ്രദേശങ്ങ

ളിലെ കരക്കൃഷിക്ക് പ്രയോജനപ്പെടുകയും കൂടാതെ പരിസരപ്രദേശങ്ങളിലെ കിണറുകൾ വറ്റാതിരിക്കുകയും ചെയ്യും. ഇതിൻെറ തെക്കേക്കരയിൽക്കൂടി ഉണ്ടായിരുന്ന കരത്തോട് ഇന്നില്ലാതായിരിക്കുന്നു. ഇത് വീണ്ടെടുത്ത് സംരക്ഷിച്ചാൽ വടക്കേ ഏലായുടെ വടക്കേയറ്റം വരെ ജലസേചനം നടത്താവുന്നതാണ്. ഈ കരത്തോടിൻെറ അടിവശവും പാർശ്വഭാഗങ്ങളും കല്ലുകൊണ്ടോ കോൺക്രീറ്റുകൊണ്ടോ ചോർച്ചയില്ലാത്തവിധം കെട്ടേണ്ടതും അവിടവിടെയായി നിലത്തിലേക്ക് സ്ളൂയിഡുകൾ നിർമിക്കേണ്ടതുമാണ്. ചീർപ്പും ബണ്ടും കൂടുതൽ ബലപ്പെടുത്തി കുറച്ചുകൂടി ഉയരം കൂട്ടേണ്ടതും, .5 മീ. കൂടുതൽ കുഴിപ്പിച്ച് ചോർച്ചയില്ലാത്ത രീതിയിൽ ആക്കേണ്ടതുമാണ്. യൂറോപ്യൻ സാമ്പത്തിക സമൂഹ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇതിൻെറ പ്രവർത്തനം ജനപങ്കാളിത്തത്തോടെ ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്. ഇതിൽ നിന്നും തുടങ്ങുന്ന ജലനിർഗമന തോട് പുനരുദ്ധരിച്ച് പാർശ്വഭിത്തികൾ ആവശ്യാനുസരണം ഉയർത്തിക്കെട്ടി ചോർച്ചയില്ലാത്തവിധം ബലപ്പെടുത്തുകയും അത്യാവശ്യം വേണ്ടുന്ന സ്ഥലങ്ങളിൽ തടയണകൾ നിർമിക്കേണ്ടതുമാണ്. ചീർപ്പിനരികിൽകൂടി പാലം നിർമിച്ചാൽ അതുവഴിയുള്ള ഗതാഗതവും ഉറപ്പാക്കാം.

### പുന്നേക്കുളം ചിറ

ഇതിൻെറ ജലസംഭരണശേഷി കുറവായതിനാൽ പുന്നേക്കുളം ഏലയ്ക്ക് ലഭിക്കാറില്ല. ഇതിൻെറ പാർശ്വഭിത്തികൾ കുറേക്കൂടി ഉയർത്തി ചോർച്ചയില്ലാത്ത വിധം കെട്ടി ബലപ്പെടുത്തേണ്ടതാണ്. തോട്ടിലേക്ക് ജലം ഒഴുകാനുള്ള നിർഗമനക്കുഴൽ മാറ്റി നല്ല ഒരുഷട്ടർ സ്ഥാപിക്കണം. അതുവഴിയുള്ള തോട് വീതിയും ആഴവും കൂട്ടി സംരക്ഷിക്കേണ്ടതുമാണ്. പാടത്തിൻെറ ഇരു കരകളിലുംകൂടി പോകുന്ന കൈത്തോട് പുനരുദ്ധരിച്ച് സംരക്ഷിക്കേണ്ടതാണ്.

### ബ്ളാപ്പട്ടികുളം

വടക്കേ ഏലയുടെ നടുക്കു സ്ഥിതി ചെയ്യുന്ന ഈ കുളത്തിൻെറയും തോടുകളുടെയും പാർശ്വഭിത്തികൾ കുറേക്കൂടി ഉയർത്തി ചോർച്ചയില്ലാത്തവിധം കെട്ടി ബലപ്പെടുത്തേണ്ടതും തോടു നികന്ന ഭാഗത്ത് തടയണകൾ നിർമിക്കേണ്ടതുമാണ്. തോട്, കുളം എന്നിവ ആഴം കൂട്ടി ജലസംഭരണശേഷി വർദ്ധിപ്പിച്ചാൽ വെള്ളപ്പൊക്കക്കെടുതി ഉണ്ടാകാതെ വിളകളെ രക്ഷിക്കാനും വേനൽക്കാലത്ത് നെൽപ്പാടം നനയ്ക്കാനും സാധിക്കും. മത്സ്യക്കൃഷിക്ക് കൂടുതൽ അനുയോജ്യമാകും.

### കോട്ടുവൻകോണം കുളം

പഞ്ചായത്തിൻെറ മൂന്നാം വാർഡിൽപ്പെടുന്നതും സാമാന്യം വലുപ്പമുള്ളതുമായ കുളമാണിത്. 1957ൽ മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും ആഴംകൂട്ടി പാർശ്വഭിത്തി കെട്ടിയിട്ടുള്ളതുമാണ്. ഇപ്പോൾ ചോർച്ചയുള്ളതുകൊണ്ട് ജലസംഭരണിശേഷി വളരെ കുറവാണ്. അതിൻെറ തൊക്കുഭാഗത്തും കിഴക്കുഭാഗത്തും നടപ്പാതയുള്ളതിനാൽ ആ ഭാഗങ്ങൾ ഉയരം കൂട്ടി പാർശ്വഭിത്തി കെട്ടേണ്ടതാണ്. വടക്കുപടിഞ്ഞാറുവശങ്ങൾ ഉയരം വർദ്ധിപ്പിക്കുകയും ജലനിർഗമനക്കവാടം കുറച്ചുകൂടി ഉയരത്തിൽ സ്ഥാപിച്ച് ചോർച്ചയില്ലാത്ത ഷട്ടർ സ്ഥാപിക്കേണ്ടതാണ്.

മൂന്നാം വാർഡിൽ നിലവിലുള്ള മറ്റൊരു കുളമാണ് പാലോട്ടുകാവു കുളം. ഇത് പശുമൺ ഏലായിലെ കിഴക്കേതലയ്ക്കൽ സ്ഥിതിചെയ്യുന്നു. ഇതിൻെറയും സംഭരണശേഷി തൃപ്തികരമല്ലാത്തതിനാൽ വലുപ്പംകൂട്ടി സംരക്ഷിക്കുന്നത് പ്രയോജനകരമാണ്.

ഒന്നാംവാർഡിലെ പൊരുംകുളം ഏലായിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ഏലായുടെ വടക്കേയറ്റത്ത് ഒരു കുളം നിർമിക്കേണ്ടതാണ്.

രണ്ടാംവാർഡിലെ അമ്മാരത്തുവയലിൻെറ വടക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന പൊട്ടൻകുളം കുറച്ചുകൂടി വലുതാക്കി വെള്ളം സംഭരിച്ചു നിർത്തിയാൽ അമ്മാരത്തുവയലിൻെറ നടുവിൽക്കൂടി ഊറ്റുകുഴിയിൽ അവസാനിക്കുന്ന തോടിൻെറ പാർശ്വഭിത്തികൾ കുറച്ചുകൂടി ഉയരം കൂട്ടി ചോർച്ചയില്ലാതെ സംരക്ഷിച്ച് പ്രയോജനപ്പെടുത്താം. തടയണ സ്ഥാപിച്ചാൽ ജലനിയന്ത്രണത്തിനും സാധ്യതയേറുന്നതാണ്.

അഞ്ചാംവാർഡിലെ കൂനംകുളം, ചെമ്പൻകുളം എന്നീ ഏലകൾക്കുവേണ്ടി നിലവിലുള്ള കുളങ്ങൾ ആഴംകൂട്ടി സംരക്ഷിക്കുകയും ജലനിർഗമനത്തോടുകൾ പുനരുദ്ധരിക്കേണ്ടതുമാണ്.

ആറാം വാർഡിൽപ്പെട്ട പുല്ലയിൽ ഏലായുടെ കിഴക്കേവശത്തുകൂടി പോകുന്ന തോടിൻെറ പാർശ്വഭിത്തികൾ ഉയർത്തിക്കെട്ടി വർഷകാലത്ത് പുല്ലേൽ ഏലായിലെ വെള്ളപ്പൊക്കക്കെടുതി തടയേണ്ടതും

ജലനിർഗമനത്തിനായി വൊട്ടുതോട് പുനരുദ്ധരിച്ച് സംരക്ഷിക്കേണ്ടതുമാണ്. വെട്ടുതോടിൻെറ തുടക്കത്തിൽ ഒരു ഷട്ടർ നിർമിച്ചാൽ ജലം നിയന്ത്രിച്ച് വേനൽക്കാലത്ത് ജലദൗർലഭ്യം നിയന്ത്രിക്കാനും സാധിക്കും.

കുഴിക്കുളത്തുചാലിലുള്ള കുളം കുറേക്കൂടി സംരക്ഷിച്ചാൽ വർഷക്കാലത്ത് വെള്ളക്കെടുതി നിയന്ത്രിക്കുന്നതിന് സാധിക്കുന്നതാണ്.

ഏഴാംവാർഡിലെ തോട്ടത്തിൽകുളം, പള്ളത്തിൽ കുളം, മുടിയക്കോട്ട്കുളം എന്നിവ പുനരുദ്ധരിച്ചാൽ ഇടയാടി ഏലായിലെ കൃഷി കാര്യക്ഷമമാക്കുവാൻ സാധിക്കും. തലക്കുളം ഏല, കുരകുളം ഏല, ഞാറോട്ട് ഏല, എന്നീ ഏലകളിലുഴഴ കുളങ്ങൾ പരമാവധി പ്രയോജനപ്പെടുത്തക്കത്ത വിധത്തിൽ പുനരുദ്ധരിച്ച് സംരക്ഷിക്കേണ്ടതാണ്.

പുത്തൻകുളം ഏലായുടെ മധ്യഭാഗത്തുള്ള കുളവും തോടും പുനരുദ്ധരിച്ച് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുകയും അതിൽനിന്നുള്ള ജലസേചനത്തോട് പുനരുദ്ധരിച്ച് സംരക്ഷിക്കേണ്ടതുമാണ്. അതോടെ ഏലായുടെ കിഴക്കെത്തലയ്ക്കൽ മറ്റൊരു കുളം നിർമിച്ച് നിലവിലുള്ള തോടുമായി ബന്ധിച്ച് കുളത്തിൽ ഷട്ടർ സ്ഥാപിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും.

എല്ലാ പാടശേഖരങ്ങളിലേക്കും കാർഷികോപകരണങ്ങളും സാധനങ്ങളും കൊണ്ടുപോകുന്നതിനും വിളവെടുത്തു കൊണ്ടുവരുന്നതിനും നടപ്പാതകളും ഇടവഴിയും ഉണ്ടായിരുന്നത് ഇന്ന് മിക്കഭാഗത്തും നാമാവശേഷമായിരിക്കുകയാണ്. ഇത് സൗകര്യപ്രദമായരീതിയിൽ പുനർനിർമിച്ച് ഉപയോഗപ്രദമാക്കേണ്ടതാണ്. അതോടൊപ്പം പൂതക്കുളം വടക്കേ ഏലയുടെ കുറുകെ മേച്ചേരിത്തൊടിയിൽ നിന്ന് ഈഴംവിള ക്ഷേത്ര ത്തിലേക്കു വരുന്ന നടവരമ്പ് വീതികൂട്ടി നടപ്പാതയാക്കേണ്ടതാണ്.

പഞ്ചായത്തിലെ മിക്ക തോടുകളും മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും പഞ്ചായത്തിൽ നിന്നും സംരക്ഷിച്ചുവരുന്നുണ്ടെങ്കിലും അവയൊന്നും ഫലപ്രദമായിട്ടില്ല. ആ പോരായ്മകൾ പരിഹരിച്ച് വീതി കൂട്ടി തടയണകൾ കെട്ടി സംരക്ഷിക്കേണ്ടതാണ്.

ഇതിനു പുറമേ ആവശ്യാനുസരണമുള്ള വിത്തിനങ്ങൾ കൃഷിക്കാർ തന്നെ സംരക്ഷിച്ചു സൂക്ഷിക്കാവുന്നതും സർക്കാരിൽ നിന്നും മറ്റേജൻസികളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ഗവേഷണ കേന്ദ്രങ്ങളുടെ ശാസ്ത്രീയ നിഗമനങ്ങളും കൃഷിയിൽ അവലംബിക്കേണ്ടതാണ്. നിലവിലുള്ള പാടശേഖര സമതികൾ കാര്യക്ഷമമായി പുനസംഘടിപ്പിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഉല്പാദനം മെച്ചപ്പെടുത്താൻ കഴിയും. ഗ്രൂപ്പുഫാമിംഗ് എല്ലാ ഏലകളിലും രൂപീകരിച്ച് നെൽകൃഷി മെച്ചപ്പെടുത്തണം.

### തെങ്ങുകൃഷി

ഈ പഞ്ചായത്തുപ്രദേശത്തെ 1107 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി നടത്തുന്നു. മുൻകാലങ്ങളിൽ നാടൻ ഇനങ്ങളും ഇപ്പോൾ സങ്കരയിനം തെങ്ങുകളും കൃഷി ചെയ്തു തുടങ്ങിയിട്ടുണ്ട്. ഒരു തെങ്ങിൽ നിന്നും ഒരു വർഷം 40 നാളികേരമാണ് ഇപ്പോഴത്തെ ശരാശരി വിളവ്. ശാസ്ത്രീയവളപ്രയോഗത്തിൻെറ കുറവ്, മണ്ണുസംരക്ഷണത്തിലുള്ള പോരായ്മ, രോഗബാധകൾ, ജലസേചനസൗകര്യമില്ലായ്മ എന്നിവയാലാണ് ഉല്പാദനം കുറയാൻ കാരണം. പ്രധാന നാണ്യവിളയായ തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്താൻ ശ്രദ്ധിക്കേണ്ട സംഗതികൾ ഇവയൊക്കെയാണ്.

### മണ്ണുസംരക്ഷണം

ഈ പ്രദേശം ഭൂരിഭാഗവും ചരിഞ്ഞ ഭൂമിയായതിനാൽ മണ്ണുസംരക്ഷണം വളരെ അത്യന്താപേക്ഷിതമാണ്. ചരിഞ്ഞ തട്ടുകൾ തട്ടുകളായി തിരിച്ചും മരംവച്ചു പിടിപ്പിച്ചും മണ്ണൊലിപ്പ് തടയേണ്ടതാണ്.

### വളപ്രയോഗം

ഈ പ്രദേശത്ത് തെങ്ങിന് വളപ്രയോഗം നടത്തുന്നത് പരിമിതമായ തോതിലാണ്. നാളികേര ഉല്പാദനത്തിന് ആനുപാതികമായി വളം ചെയ്തില്ലെങ്കിൽ ഉല്പാദനം കുറയുകയും തെങ്ങുകൃഷി ആദായകരമല്ലാതാകുകയും ചെയ്യും.

തെങ്ങിനുവേണ്ടി വളപ്രയോഗം നടത്തുമ്പോൾ ജൈവവളത്തിന് പ്രാമുഖ്യം കൊടുക്കണം. തെങ്ങിൻ തോട്ടത്തിലെ ഇടവരമ്പുകളിലും അതിർത്തി വരമ്പുകളിലും പച്ചിലവളച്ചെടിയായ ശീമക്കൊന്ന നട്ടുപിടിപ്പിച്ചാൽ പച്ചിലവളമുണ്ടാക്കുന്നതിനു കഴിയും. അതുപോലെ തന്നെ തെങ്ങിൻെറ അവശിഷ്ടങ്ങൾ അതിനടുത്തു തീയിട്ടാൽ നല്ലൊരു ക്ഷാരവളമായി.

### ഇടയിളക്കൽ

തെങ്ങിൻെറ വേര് ആഴത്തിൽ വളരാത്തതു കൊണ്ട് അതിനുവേണ്ട ജലവും ആഹാരവും മേൽമണ്ണിൽ നിന്നാണ് സംഭരിക്കുന്നത്. അതിനാൽ മേൽമണ്ണ് കിളച്ചിളക്കിയിടേണ്ടതാണ്. കൂടാതെ, വേനൽക്കാലത്ത് തെങ്ങിൻതോട്ടത്തിലെ ജലാംശം അമിതമായി നഷ്ടപ്പെടാതെയും ഇത് സഹായിക്കുന്നു

### ജലസേചനം

ആവശ്യാനുസരണം ജലസേചനം നടത്തിയാൽ വിളകൾ വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്. അതിനു വേണ്ടി മഴവെള്ളം നഷ്ടപ്പെട്ടു പോകാതെ തോട്ടത്തിൽ നിലനിറുത്താൻ ശ്രമിക്കുന്നതോടൊപ്പം ജലസേചന സംവിധാനങ്ങൾ ഏർപ്പെടുത്താവു ന്നതാണ്.

### സസ്യസംരക്ഷണം

തെങ്ങുകൾക്കുള്ള രോഗങ്ങളും കീടശല്യവും തക്കസമയത്തു കണ്ടുപിടിച്ച് പരിഹരിച്ചാൽ വിളവ് വർദ്ദിപ്പിക്കുവാൻ കഴിയുന്നതാണ്. സങ്കരയിനത്തിൽ പ്പെട്ടതും രോഗപ്രതിരോധ ശക്തിയുള്ളതുമായ തെങ്ങിനങ്ങൾ നടുന്നത് ഇതിന് ഒരളവോളം പ്രതിവിധിയാണ്. തെങ്ങുകൃഷി ശാസ്ത്രീയമായി പരിഷ്കരിച്ചാൽ ഉല്പാദനം പരമാവധി വർദ്ധിപ്പക്കാം.

തെങ്ങിനെ ബാധിക്കുന്ന പ്രധാനരോഗമാണ് കാറ്റുവീഴ്ച. പ്രതിവിധി കണ്ടുപിടിച്ചിട്ടില്ലാത്തതിനാൽ ശാസ്ത്രീയരീതിയിലുള്ള പരിചരണംകൊണ്ട് ഉല്പാദനം കുറയാതെ പിടിച്ചു നിർത്താൻ കഴിയും. ഉല്പാദനം തീരെ കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയവ നടുന്നതിനുള്ള സംവിധാനം വിപുലപ്പെടുത്തുകയും വ്യാപകമാക്കുകയും വേണം.

### മരച്ചീനി

മുൻകാലങ്ങളിൽ ഈ പ്രദേശത്തെ ഒരു പ്രധാന കൃഷിയായിരുന്നു. നെല്ലരി ആവശ്യത്തിനു തികയാത്ത തിനാലും പകരമായി മരച്ചീനി ആഹാരമായി ഉപയോഗിച്ചിരുന്നു. ഈ കൃഷി ഇന്നു വളരെയധികം പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. ഭക്ഷ്യവസ്തു എന്നതിനു പുറമേ ഒരു വ്യാവസായിക അസംസ്കൃത വസ്തുകൂടിയാണ് ഇത്. മരച്ചീനി ഉപയോഗിച്ച് ഗ്ലൂക്കോസ്, റവ മുതലായവയും നിർമിക്കുന്നു. ഇതൊരിടവിളയായി കൃഷി ചെയ്യാവുന്നതാണ്. മരച്ചീനി ഉപയോഗിച്ച് ഈ പഞ്ചായത്തിൽ തന്നെ വ്യവസായം തുടങ്ങാൻ സൗകര്യമുണ്ടാകുകയാണെങ്കിൽ കുറേ യാളുകൾക്ക് തൊഴിലവസരം ഉണ്ടാകുന്നതാണ്.

### പയറുകൃഷി

മുൻകാലങ്ങളിൽ സാർവത്രികമായി നടത്തി യിരുന്ന ഒരു കൃഷിയാണ് പയർ. ഇതു തനിവിളയായും മിശ്രവിളയായും ചെയ്തിരുന്നു. മാംസ്യത്തിൻെറ കുറവുമൂലമുണ്ടാകുന്ന അസുഖത്തിന് പ്രതിവിധിയായി മാംസ്യാഹാരമായ പയർ കൃഷി ഇന്ന് സർക്കാർ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. പാവപ്പെട്ടവൻെറ മാംസ്യാഹാരം എന്നാണ് പയറിൻെറ വിശേഷണം. ഈ കൃഷി മൂലം നല്ലൊരു കാലിത്തീറ്റ ഉല്പാദിപ്പി ക്കാൻ കഴിയുന്നതിനു പുറമേ മണ്ണിൻെറ ഫലപുയിഷ്ടി വർദ്ദിപ്പിക്കുവാനും കഴിയുന്നു. ജലസേചനപദ്ധതികളും ജലവിനിയോഗവും കാര്യക്ഷമമായി നടത്തുമ്പോൾ മൂന്നുവിള നെൽകൃഷി നടത്താൻ കഴിയാതെവരുന്ന നെൽപ്പാടങ്ങളിലും പയർകൃഷി, പച്ചക്കറി കൃഷി എന്നിവ നടത്താവുന്നതാണ്.

### കുരുമുളക് കൃഷി

കറുത്തപൊന്ന് എന്നറിയയപ്പെടുന്ന കുരുമുഴക് ഇടവിളയായും തനിവിളയായും കൃഷി ചെയ്യാവുന്ന താണ്. സാധാരണ മരങ്ങളിൽ താങ്ങുകളായി ഉപയോഗപ്പെടുത്താമെങ്കിലും അനുയോജ്യമായത് മുരുക്കാണ്. ഇതിന് സാമാന്യം നല്ല വില എപ്പോളും കിട്ടുന്നു. ഇതിനനുയോജ്യമായ കാലാവസ്ഥയും മണ്ണുമാണ് ഇവിടുള്ളത്. കർഷകന് നല്ല ഒരു വരുമാനമെന്ന നിലയിൽ ഇതിനെ പ്രോത്സാഹി പ്പിക്കേണ്ടതാണ്.

### കശുമാവ്

നല്ലൊരു നാണ്യവിളയാണെങ്കിലും ഇവിടത്തെ പരിതസ്ഥിതി കൃഷി വ്യാപിക്കാൻ സൗകര്യമില്ലെങ്കിലും മറ്റു കൃഷിക്കുപയുക്തമല്ലാത്ത സ്ഥലത്തും ചരിവുഭൂമിയിലും ഇത് കൃഷി ചെയ്ത് ആദായം ഉണ്ടാക്കാവുന്നതാണ്. കശുമാങ്ങ നല്ലൊരു ഭക്ഷ്യവസ്തുവും അതിൽ നിന്നെടുക്കുന്ന പാനീയം പോഷകപ്രദവുമാണ്.

### ഔഷധച്ചെടികൃഷി

പ്രകൃതിയിലേക്കു മടങ്ങുക എന്ന സന്ദേശം അനുസരിച്ച് ആയുർവേദത്തിന് ഇന്ന് വളരെ

പ്രാധാന്യമുണ്ട്. ആയതിന് ഔഷധച്ചെടികൾ നട്ടുവളർത്തുന്നത് ആദായകരവും സ്വയചികിത്സയ്ക്ക് സൗകര്യവുമാണ്. അതുമൂലം ചികിത്സാച്ചിലവ് ലഭിക്കാമെന്നതിനു പുറമേ ഒരു വരുമാനമാർഗവുമാണ്. ഇതുമൂലം ഒരു പരിധിവരെ തൊഴിൽസാധ്യത വർദ്ധിക്കുന്നു.

### പുഷ്പകൃഷികൾ

ഓർക്കിഡ്, അന്തൂറിയം, കുറ്റിമുല്ല തുടങ്ങിയ കൃഷി ഈ പ്രദേശത്തിൽ നടത്തുന്നതിന് വളരെയേറെ സാധ്യതയുണ്ട്. ഇത് പ്രോത്സാഹിപ്പിക്കുന്നതിന് ധാരാളം ഏജൻസികൾ നിലവിലുണ്ട്. ലോക വിപണിയിൽ 5000 കോടി രൂപയുടെ വിപണിയുണ്ട്. ഈ പുഷ്പങ്ങൾ ശേഖരിച്ചു വിപണനം നടത്തുന്നതിന് തൊട്ടടുത്ത പട്ടണത്തിൽ ഏജൻസികളുള്ളതിനാൽ തൊഴിൽസാധ്യത ഏറെയുള്ള ഈ കൃഷി സ്ത്രീകൾക്കനുയോജ്യമാണ്. പരവൂർ ഒരു വിപണനകേന്ദ്രമാണ്.

### ബയോഗ്യാസ് പ്ലാൻറ്

ഓരോ കർഷക കുടുംബത്തിലും ഓരോ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ചാൽ അവിടെ ലഭ്യമായ ചാണകവും മറ്റവശിഷ്ടങ്ങളുമുപയോഗിച്ച് പോഷകഗുണമുള്ള വളത്തിനു പുറമേ അതിൽ നിന്നുണ്ടാകുന്ന വാതകം പാചകത്തിനും വിളക്കു കത്തിക്കുന്നതിനും പ്രയോജനപ്പെടുത്താവുന്നതാണ്.

### കാലിത്തീറ്റ പുൽകൃഷി

ഈ പഞ്ചായത്തിലെ കർഷകരിൽ 80% കർഷകരും ഏതെങ്കിലും ഇനത്തിൽപ്പെട്ട കന്നുകാലികളെ വളർത്തുന്നവരാണ്. ഇന്ന് കാലിത്തീറ്റയ്ക്കുള്ള അമിതമായ വില കർഷകനെ അലട്ടുന്ന പ്രശ്നമാണ്. അതിനാൽ പുൽകൃഷിക്കു വളരെ പ്രാധാന്യമുണ്ട്. വരമ്പുകളിലും ഒഴിവുള്ള സ്ഥലങ്ങളിലും ഇതു നട്ടുവളർത്തിയാൽ മണ്ണൊലിപ്പു തടയുന്നതോടൊപ്പം പോഷകഗുണമുള്ള കാലിത്തീറ്റയും ലഭിക്കും.

### പഴവർഗകൃഷി

നാട്ടിൻപുറങ്ങളിൽ മുൻകാലങ്ങളിൽ ധാരാളമായി പ്ലാവ്, മാവ്, പേര തുടങ്ങിയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും അതോടൊപ്പം വാഴ തുടങ്ങിയ കൃഷിയും ചെയ്താൽ പോഷകഗുണമുള്ള ആഹാരം ലഭിച്ചിരുന്നു. പോഷകഗുണമേറിയ ഒരു ആഹാരമെന്ന നിലയിൽ ഇതു വ്യാപിപ്പിക്കേണ്ടതാണ്.

### ഇഞ്ചി മഞ്ഞൾ

ഇത് നല്ലൊരു ഇടവിളകൃഷിയാണ്. ഇതുമൂലം മണ്ണിൻെറ ഫലപുഷ്ടി വർദ്ധിക്കുകയും മണ്ണിൽ ഈർപ്പം നിലനിറുത്തുകയും ചെയ്യുന്നു. കസ്തൂരി മഞ്ഞൾ നല്ലൊരു സൗന്ദര്യവർദ്ധക ഉല്പന്നമായതിനാൽ നല്ല വിപണിയുണ്ട്.

### സാമൂഹ്യ വനവൽകരണം

ഈ പഞ്ചായത്തിൽ പുറംപോക്കുഭൂമിയിലും വിശാലമായ റോഡരികിലും അതിനോടു ചേർന്ന സ്ഥലത്തും മരങ്ങൾ വച്ചു പിടിപ്പിക്കുന്നതുകൊണ്ട് പരിസ്ഥിതി സംരക്ഷണത്തോടൊപ്പം തണൽ കിട്ടുകയും ചവർ പച്ചില എന്നിവ ജൈവവളമായി ലഭിക്കുകയും ചെയ്യുന്നു.

### പച്ചക്കറികൃഷി

നാം നിത്യേന ഉപയോഗിച്ചുവരുന്ന പച്ചക്കറികളുടെ കാര്യത്തിൽ സമ്പൂർണമായ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പരിമിതകളേറെയുണ്ട്. എന്നിരുന്നാലും പയർ, പടവലം, പാവൽ, വെള്ളരി, തടിയൻ കായ്, ചേന, കാച്ചിൽ തുടങ്ങിയ ഇനങ്ങൾ നമ്മുടെ പുരയിടങ്ങളിൽ നന്നായി വളരുന്നവയാണ്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തും സഹകരണസംഘങ്ങളും മുന്നോട്ടു വരേണ്ടതാണ്.

### കൃഷിഭവൻ

1987 മുതലാണ് ഈ പഞ്ചായത്തിൽ കൃഷിഭവൻ പ്രവർത്തിക്കുന്നത്. ആ സ്ഥാപനത്തിൽ നിന്നും ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന കാർഷിക സഹായ പദ്ധതികൾ കുറേക്കൂടി മെച്ചപ്പെടുത്തണം. കൃഷിഭവനിൽ ഒരു കൃഷി ആഫീസറും മൂന്ന് അസിസ്റ്റൻറുമാരുമാണ്. ഉദ്യോഗസ്ഥരുടെ എണ്ണം കൂട്ടേണ്ടതാണ്. കൃഷിഭവനിലൂടെ കർഷകർക്കു വിവിധ സഹായപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

### ഒരു ലക്ഷം യുവാക്കൾക്ക് പ്രത്യേക തൊഴിൽദാന പദ്ധതി

അഭ്യസ്ത വിദ്യരും തൊഴിൽരഹിതരുമായ യുവാക്കൾക്കുവേണ്ടി 1994-95ൽ പ്രത്യേക തൊഴിൽ ദാനപദ്ധതി പ്രകാരം പൂതക്കുളം കൃഷിഭവനിൽ 104 പേരെ രജിസ്റ്റർ ചെയ്യുകയുണ്ടായി. അവർക്ക് കോഴി

വളർത്തൽ, കന്നുകാലി സംരക്ഷണം, പട്ടുനൂൽകൃഷി, കൂൺകൃഷി, പഴസംസ്കരണം എന്നിവയ്ക്കുള്ള പരിശീലനം നൽകുവാൻ കഴിഞ്ഞു.

### നിർദേശങ്ങൾ

1. 86 ഹെക്ടർ കൃഷിക്ക് പ്രയോജനം കിട്ടുന്നതിനായി പാണാട്ടുചിറയിൽ യൂറോപ്യൻ സാമ്പത്തിക സാമൂഹ പദ്ധതിയിലൂടെ അനുവദിക്കപ്പെട്ടിട്ടുള്ള പണികൾ എത്രയും പെട്ടെന്ന് നടപ്പിലാക്കണം. അങ്ങനെ ഇന്നുള്ള രണ്ടുപൂ നെൽകൃഷി മൂന്നു പൂ ആക്കി മാറ്റാൻ കഴിയും.

2. നിലവിലുള്ള ഗ്രൂപ്പുഫാമിംഗ് സമിതികളെ പ്രവർത്തനോൻമുഖമാക്കുക. എല്ലാ ഏലകളിലും കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക.

3. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പാടങ്ങളിൽ ഉഴവു നടത്തുന്നതിനും കറ്റകൾ മെതിക്കുന്നതിനുമുള്ള ട്രാക്ടർ മെതിയന്ത്രം എന്നിവ വാങ്ങുന്നതിനുള്ള നടപടിയുണ്ടാകണം.

4. കീടനാശിനികൾ, രാസവളം എന്നിവ അശാസ്ത്രീയമായ രീതിയിലാണ് ഇന്ന് പല കർഷകരും ഉപയോഗിക്കുന്നത്. അവയ്ക്കെതിരെയുള്ള ബോധവൽകരണം കർഷകരിലുണ്ടാകണം.

5. നെൽവിത്ത്, പച്ചക്കറിവിത്ത്, മറ്റു നടീൽ വസ്തുക്കൾ എന്നിവ കർഷകന് യഥാസമയം കിട്ടുന്നതിനുള്ള സൗകര്യമുണ്ടാകണം. പ്രാദേശികമായി അവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക.

6. ജലസേചന നിർഗമന മാർഗങ്ങൾ വർദ്ധിപ്പിച്ചാൽ എല്ലാ ഏലകളിലും മൂന്നുവിള നെൽകൃഷി ചെയ്യാൻ കഴിയും. അങ്ങനെ ഉല്പാദനം പതിൻമടങ്ങ് വർദ്ധിക്കും.

7. പുഷ്പകൃഷിക്കനുയോജ്യമായ മണ്ണാണിവിടുള്ളത്. അവയെക്കുറിച്ചുള്ള സാങ്കേതികപരിശീലനവും തൈകൾ കിട്ടുന്നതിനുള്ള സൗകര്യങ്ങളും കർഷകർക്ക് ചെയ്തുകൊടുക്കണം.

8. കേരകർഷകർ നേരിടുന്നതായ കാറ്റുവീഴ്ച, തെങ്ങിന്റെ മണ്ടച്ചീയൽ എന്നീ രോഗങ്ങളുടെ കടന്നാക്രമണം നിയന്ത്രിക്കുന്നതിന് കൂട്ടായ മരുന്നുതളിക്കൽ, രോഗം ബാധിച്ചവ മുറിച്ചു മാറ്റുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവയ്ക്ക് ഊന്നൽ കൊടുക്കണം. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സ്പ്രേയർ, കുമിൾ നാശിനികൾ എന്നിവ വാങ്ങി കർഷകർക്കു വിതരണം ചെയ്യേണ്ടതാണ്.

9. ഇവിടെയുണ്ടാകുന്ന കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണനകേന്ദ്രങ്ങളും കർഷകന് ആവശ്യമായ രാസവളം, കീടനാശിനികൾ എന്നിവ യഥാസമയം കിട്ടുന്നതിനുള്ള സൗകര്യവും ഉണ്ടാക്കേണ്ടതാണ്.

10. സഹകരണ സ്ഥാപനങ്ങളിൽ നിന്നും കാർഷികാവശ്യത്തിന് വായ്പകൾ കിട്ടുന്നതിനുള്ള സംവിധാനം കുറഞ്ഞ പലിശാനിരക്കിലും ലഘുവായ നടപടിക്രമങ്ങളിലൂടെ ഉണ്ടാകണം. വാഴ, കുരുമുളക്, കമുക്, വെറ്റില എന്നീ കൃഷികൾ കുറേക്കൂടി വ്യാപിപ്പിക്കുകയും റോഡരികിലും മറ്റും ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ പച്ചക്കറികൃഷി, കശുമാവ് തുടങ്ങിയവ കൃഷി ചെയ്യുന്നതിനുള്ള നടപടികളുമുണ്ടാകണം. കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. കാർഷിക പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിച്ച് കർഷകരെ ബോധവൽക്കരിക്കേണ്ടതാണ്. പച്ചക്കറിയിൽ സ്വയംപര്യാപ്ത ഗ്രാമമാക്കി പൂതക്കുളത്തിനെ മാറ്റുന്നതിനുള്ള കർമപരിപാടിക്ക് രൂപം നൽകുക.





# മൃഗസംരക്ഷണം, മത്സ്യബന്ധനം

## മൃഗസംരക്ഷണം

ഏകദേശം ഒരു നൂറ്റാണ്ടിനു മുമ്പ് ഇവിടെ നിലവിലുണ്ടായിരുന്ന കന്നുകാലി ചന്ത നമ്മുടെ നാട്ടിൽ മൃഗസംരക്ഷണത്തിനുണ്ടായിരുന്ന പ്രാധാന്യത്തെ വിളിച്ചറിയിക്കുന്നു. ഉദ്ദേശം 70 വർഷങ്ങൾക്ക് മുമ്പ് വരെ ഇപ്പോൾ പഞ്ചായത്താഫീസ് നിലനിൽക്കുന്നതിന് സമീപം ഉണ്ടായിരുന്ന കന്നുകാലി ചന്തയിൽ കേരളത്തിന്റെ നാനാഭാഗത്തു നിന്നും തമിഴ്നാട്ടിൽ നിന്നും കന്നുകാലികളെ കച്ചവടത്തിനായി കൊണ്ടുവന്നിരുന്നു. എന്നാൽ കാലക്രമത്തിൽ ഈ ചന്ത കിഴക്കോട്ടുമാറി ഇപ്പോൾ കല്ലുവാതുക്കൽ പഞ്ചായത്തിലെ പാരിപ്പള്ളിയിൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

പശു, ആട്, പട്ടി എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. പട്ടിക 1 കാണുക. കൃഷി ഉപജീവന മാർഗ്ഗമായിട്ടുള്ള ചെറുകിട കർഷകരിൽ ഒരു ചെറിയ ശതമാനം കാളകളെ വളർത്തുന്നു. 42 ജോഡി ഉഴവുകാളകളാണ് നമ്മുടെ പഞ്ചായത്തിൽ ആകെ ഉള്ളത്. ഇവിടെ പശുവോ ആടോ ഇല്ലാത്ത കുടുംബങ്ങൾ 25% ത്തിൽ താഴെ മാത്രമേ ഉള്ളൂ. 60% വീടുകളിലും പശുവിനെ വളർത്തുന്നുണ്ട്. ഇതിൽ 50%വും അത്യുൽപ്പാദനശേഷിയുള്ള പശുക്കളാണ്. എരുമയെ വളർത്തുന്നവർ നമ്മുടെ പഞ്ചായത്തിൽ വിരളമാണ്.

പട്ടിക 1

**വളർത്തുമൃഗ സംഖ്യ**

| | കാളനാടൻ | | കാളസങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ യുള്ളത് | കറവ യില്ലാത്തത് | കറവ യുള്ളത് | കറവ യില്ലാത്തത് | കറവ യുള്ളത് | കറവ യില്ലാത്തത് | | ആൺ | പെൺ | | |
| 1987 | – | 167 | 5 | 240 | 1008 | 537 | 2122 | 1223 | 26 | 19 | 1 | 549 | 2183 | 1261 | 18 |
| 1996 | – | 185 | 4 | 265 | 508 | 500 | 2834 | 1345 | 30 | 21 | 5 | 604 | 2401 | 1400 | 16 |

*അവലംബം : കന്നുകാലി സെൻസസ്*

നമ്മുടെ പഞ്ചായത്തിൽ ആടിനെ വളർത്തുന്നതിൽ 80 % സ്ത്രീകളാണ്. എന്നാൽ വ്യാവസായിക അടിസ്ഥാനത്തിൽ ആടിനെ വളർത്തുന്നവർ ഇവിടെയില്ല. I.R.D.P യുടെ ഘടകപദ്ധതിയായ D.W.C.R.A പ്രകാരം പ്രവർത്തിക്കുന്ന രണ്ടു ആടു വളർത്തൽ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

പൂതക്കുളം പഞ്ചായത്തിൽ അഞ്ചു ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ഉണ്ട്. ഇതിൽ നാലൊണ്ണം അപ്കോസ് കേന്ദ്രങ്ങളും മറ്റൊന്ന് പ്രാദേശിക സൊസൈറ്റിയുമാണ്. ഇവ കൂടാതെ ചില സ്വകാര്യ പാൽ സംഭരണ വിതരണകേന്ദ്രങ്ങളുമുണ്ട്. ഒരു സ്വകാര്യ കേന്ദ്രത്തിലാണ് ഏറ്റവും കൂടുതൽ പാൽ സംഭരണവിതരണം നടക്കുന്നു എന്നത് ശ്രദ്ധേയമാണ്. സൊസൈറ്റികളിൽ ഉല്പാദകന് മാന്യമായ വില ലഭിക്കുന്നില്ല എന്ന പരാതി പൊതുവിലുണ്ട്. നമ്മുടെ പഞ്ചായത്തിൽ പ്രാദേശിക ഉപഭോഗം കഴിഞ്ഞു പ്രതിദിനം 464.95 ലിറ്റർ പാൽ അപ്കോസിന്റെ ഡയറികളിലേക്ക് അയയ്ക്കുന്നു. പട്ടിക 2 കാണുക.

പട്ടിക 2

## പ്രധാന പാൽ സംഭരണ കേന്ദ്രങ്ങൾ

| നമ്പർ | സംഭരണ കേന്ദ്രത്തിന്റെ പേര് | പ്രതിദിനം സംഭരിക്കുന്ന പാൽ (ലിറ്റർ) | പ്രാദേശിക ഉപഭോഗം (ലിറ്റർ) | ഡയറിയിലേക്ക് അയക്കുന്നത് (ലിറ്റർ) |
|---|---|---|---|---|
| 1 | കലയ്ക്കോട് ക്ഷീരോൽപ്പാദക സഹകരണ സംഘം, APCOS | 63.20 | 12.70 | 50.45 |
| 2 | മുക്കട ക്ഷീരോൽപ്പാദക സഹകരണ സംഘം, APCOS | 157 | 43 | 114 |
| 3 | പൂതക്കുളം ക്ഷീരോൽപ്പാദക സഹകരണ സംഘം, APCOS | 280 | 50 | 230 |
| 4 | പുത്തൻകുളം ക്ഷീരോൽപ്പാദക സഹകരണ സംഘം, APCOS | 80 | 9.56 | 70.50 |
| 5 | ഊന്നിൻമൂട് ക്ഷീരോൽപ്പാദക സഹകരണ സംഘം | | 205 | 205 |
| 6 | വിഷ്ണു പാൽസംഭരണകേന്ദ്രം, കോട്ടുവൻകോണം | | 340 | 340 |
| 7 | അമ്മാരത്തുമുക്ക് ക്ഷീരോൽപ്പാദക കേന്ദ്രം | | 125 | 125 |
| | ആകെ | 1250.20 | 749.20 | 464.95 |

കാലിത്തീറ്റ വാങ്ങി കാലികൾക്ക് നൽകുന്നവരാണ് ഇവിടെ അധികവും. എന്നാൽ കാലിത്തീറ്റയുടെ വർദ്ധിച്ചു വരുന്ന വില കന്നുകാലി വളർത്തൽ നഷ്ടത്തിലാക്കുന്നു. ബോധപൂർവ്വമായ ഇടപെടലുകളിൽ കൂടിയും വ്യാപകമായ തീറ്റപ്പുൽ കൃഷിയിൽ കൂടിയും പാലുൽപ്പാദനം ഇപ്പോഴുള്ളതിന്റെ ഇരട്ടിയിലധികമാക്കാൻ നമുക്കു കഴിയും.

നമ്മുടെ നാട്ടിൽ മിക്ക വീടുകളിലും കാവൽക്കാരനായി വളർത്തു നായ്ക്കളുണ്ട്. ആൺപട്ടികളെ മാത്രമെ സാധാരണമായി വീടുകളിൽ വളർത്താറുള്ളു. എന്നാൽ ഓരോ വർഷവും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം കൂടിവരുന്നുണ്ട്. വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പു നടത്തുന്നവർ നമ്മുടെ പഞ്ചായത്തിൽ വിരളമാണ്.

നമ്മുടെ പഞ്ചായത്തിലെ ഏക മൃഗാശുപത്രി പുത്തൻകുളത്താണ്. ഇതിന് രണ്ടു സബ്സെൻററുകൾ ഇടയാടിയിലും ഒഴുകുപാറയിലുമായി പ്രവർത്തിക്കുന്നു. ഈ മൃഗാശുപത്രിക്കും സബ് സെൻററുകൾക്കും

പട്ടിക 4

## രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പട്ടി | കോഴി | ആന | മറ്റുള്ളവ | |
|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 677 | 7 | 317 | 30 | 260 | – | 4 | |
| 2 | ശ്വാസകോശസംബന്ധം | 170 | – | 175 | 19 | 353 | –– | 3 | |
| 3 | ഉപാപചയ സംബന്ധം | 128 | – | 25 | – | – | – | – | –– |
| 4 | ത്വക് രോഗങ്ങൾ | 130 | – | 15 | 2 | – | – | – | – |
| 5 | ധാതുലവണങ്ങളുടെ അഭാവം | 31 | – | 30 | – | 50 | – | – | – |
| 6 | പരാദ രോഗങ്ങൾ | 350 | 1 | 105 | 10 | 210 | ––– | 5 | |
| 7 | പ്രത്യുൽപ്പാദന വ്യവസ്ഥ യുമായി ബന്ധപ്പെട്ടവ | 240 | – | 35 | – | – | – | – | – |
| 8 | വന്ധ്യത | 18 | – | – | – | – | – | – | – |
| 9 | അകിടുവീക്കം | 80 | – | 16 | – | – | – | – | – |
| 10 | മുടന്തൻ പനി | 65 | – | – | – | – | – | – | – |
| 11 | പകർച്ചവ്യാധികൾ | | | | | 85 | – | – | – |

സ്വന്തമായി കെട്ടിടമോ ആവശ്യത്തിന് ജീവനക്കാരോ ഇല്ല. രണ്ട് സബ്സെൻററുകളിലും കൂടി ഒരു ലൈവ് സ്റ്റോക്ക് അസിസ്റ്റൻറ് മാത്രമാണുള്ളത്. ഈ മൃഗാശുപത്രി പഞ്ചായത്തിൻെറ കിഴക്കേ അറ്റത്തായതിനാൽ ഇതിൻെറ സൗകര്യങ്ങൾ ഭൂരിഭാഗം പ്രദേശത്തും ലഭിക്കുന്നില്ല. 1 മുതൽ 8 വരെ വാർഡുകളിൽ മൃഗ ഡോക്ടറുടെ സേവനം ലഭിക്കണമെങ്കിൽ അഞ്ച് കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഉദര രോഗം, അകിട് വീക്കം, കുളമ്പ് രോഗം, പനി തുടങ്ങിയവയാണ് പ്രധാനമായും വളർത്തു മൃഗങ്ങളിൽ കണ്ടു വരുന്ന രോഗങ്ങൾ. പ്രതിരോധ നടപടികളെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും കർഷകർക്കുള്ള അറിവില്ലായ്മയാണ് ഇത്തരം രോഗങ്ങൾ കൂടുന്നതിന് കാരണം.

പശുക്കളിൽ ശരാശരി 1050 എണ്ണത്തിന് ഒരു വർഷം കൃത്രിമബീജസങ്കലനം നടത്തുന്നു. ഇതിൽ ശരാശരി 70 എണ്ണത്തിന് രണ്ടോ അതിലധികമോ തവണ കൃത്രിമബീജസങ്കലനം നടത്തേണ്ടതായി വരുന്നു.

പട്ടിക 5

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വർഷം | വളർത്തു മൃഗം | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| 1994–95 | പശു | 644 | 22 |
| 1995–96 | | 663 | 36 |
| 1994–95 | കിടാരി | 358 | 42 |
| 1995–96 | | 388 | 72 |

ഇത്രയും കന്നുകാലികൾ നമ്മുടെ നാട്ടിലുണ്ടെങ്കിലും ഗോബർ ഗ്യാസ് പ്ലാൻറുകൾ 5 വീടുകളിൽ മാത്രമാണുള്ളത്. ഇത്തരം പ്ലാൻറുകൾക്ക് ഏറെ സാധ്യതയുള്ള പ്രദേശമാണിത്. ഒരു വീടിൻെറ വെളിച്ചത്തിനും പാചകത്തിനും വേണ്ടി വരുന്ന ഊർജ്ജത്തിൻെറ വലിയൊരു ഭാഗം ഇത്തരം ഗോബർഗ്യാസ് പ്ലാൻറുകളിൽ നിന്നും കണ്ടെത്താൻ കഴിയും. ഇത്തരം പ്ലാൻറുകൾ സ്ഥാപിക്കുന്നതിനു സർക്കാർ ധനസഹായങ്ങളും മറ്റുമുണ്ടെങ്കിലും ജനങ്ങളിപ്പോഴും ഇത്തരം പദ്ധതികളെക്കുറിച്ച് അജ്ഞരാണ്.

കോഴിയാണ് പ്രധാനമായും ഇവിടെ വളർത്തുന്ന പക്ഷി. ഏകദേശം 60% വീടുകളിലും കോഴികളുണ്ട്. സ്ഥിരമായി താറാവിനെ വളർത്തുന്നവർ ഇവിടെ വിരളമാണ്. ഇറച്ചിക്കോഴിയെ വളർത്തുന്ന കേന്ദ്രങ്ങളുണ്ടെങ്കിലും മുട്ടക്കോഴിയെ വ്യാവസായിക അടിസ്ഥാനത്തിൽ വളർത്തുന്ന ഒരു കേന്ദ്രവും ഈ പഞ്ചായത്തിലില്ല. വീട്ടുമുറ്റത്ത് ഒന്നോ രണ്ടോ കോഴികളെ വളർത്തുന്നവരാണിവിടെ അധികവും. ഇവിടെ ഉല്പാദിപ്പിക്കുന്നതിൻെറ എത്രയോ ഇരട്ടി മുട്ട പുറത്തു നിന്നും വില്പനയ്ക്കെത്തുന്നു. കോഴിവസന്തയ്ക്ക് ഫലപ്രദമായ പ്രതിവിധി ഇല്ലാത്തതും കോഴിയുടെ അമിത വിലയും ഈ മേഖലയിൽ മുതൽ മുടക്കുന്നതിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു.

പട്ടിക 6

### വളർത്തു പക്ഷി സംഖ്യ

| വർഷം | കോഴി | | താറാവ് | മറ്റുള്ളവ |
|---|---|---|---|---|
| | നാടൻ | സങ്കരം | | |
| 1987 | 9411 | 494 | 99 | |
| 1996 | 9700 | 600 | 110 | |

ക്ഷേത്രങ്ങളുടെയും ഉത്സവങ്ങളുടെയും നാടായ നമ്മുടെ പഞ്ചായത്തിൽ 16 ആനകളുണ്ട്. ഉത്സവ കാലങ്ങളിൽ എഴുന്നള്ളത്തിനും മറ്റു സമയങ്ങളിൽ തടി പിടിക്കുന്നതിനും ഈ ആനകളെ ഉപയോഗിക്കുന്നു. എന്നാൽ കാടും തടിയും ഇല്ലാതായതോടെ ആനകളുടെ ഉപയോഗം ഉത്സവങ്ങൾക്കു മാത്രമായി ചുരുങ്ങി. എന്തായാലും ഈ ഗജവീരന്മാർ നമ്മുടെ നാടിനൊരൈശ്വര്യം തന്നെ.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ ഉയർന്ന വില
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.
3. അപര്യാപ്തമായ മൃഗചികിത്സ സൗകര്യങ്ങൾ
4. നിലവിലുള്ള പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞത
5. തെരുവുനായ്ക്കളുടെ ശല്യം

## സാധ്യതകൾ

1. സൊസൈറ്റികൾ മുഖേന കുറഞ്ഞ വിലയക്ക് കാലിത്തീറ്റകൾ വിതരണം ചെയ്യുക.
2. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സൗജന്യ നിരക്കിൽ വിത്തും വളവും ലഭ്യമാക്കുക.
3. മൃഗചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 1, 2 വാർഡുകൾക്കും 3, 4 വാർഡുകൾക്കും ഓരോ സബ്സെൻററുകൾ സ്ഥാപിക്കുക.
4. പൂതക്കുളം കേന്ദ്രമാക്കി മൃഗാശുപത്രി സ്ഥാപിക്കുക.
5. നിലവിലുള്ള സബ്സെൻററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും പുത്തൻകുളം മൃഗാശുപത്രി വെറ്റിനറി പോളിക്ലിനിക്കാക്കി ഉയർത്തുകയും ചെയ്യുക.
6. മാതൃകാ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷകർക്ക് ധനസഹായം നൽകുക.
7. അത്യുല്പാദനശേഷിയുള്ള പശുക്കളെ വാങ്ങുന്നതിന് ധനസഹായം നൽകുക.
8. അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ വളർത്തുന്നതിനു വേണ്ടിയുള്ള പ്രോത്സാഹനം നൽകുക.
9. മാതൃകാ കാലിത്തൊഴുത്തു നിർമിക്കുന്നതിനുള്ള ധനസഹായം നൽകുക.
10. മിൽക്കിംഗ് മെഷീൻ വാങ്ങുന്നതിന് കർഷകർക്ക് ധനസഹായം നൽകുക.
11. പാൽ സൊസൈറ്റികൾ ഇല്ലാത്ത വാർഡുകളിൽ സൊസൈറ്റി സ്ഥാപിക്കുക.
12. സ്വകാര്യ പാൽ സംഭരണ വിതരണ ഏജൻസികൾക്ക് വേണ്ടുന്ന പ്രോത്സാഹനം നല്കുക.

13. പാലുല്പന്നങ്ങൾ നിർമിക്കുന്നതിന് സൊസൈറ്റികളെ പ്രോത്സാഹിപ്പിക്കുക.

14. കാലിത്തീറ്റ നിർമാണ കേന്ദ്രം സ്ഥാപിക്കുക.

15. സ്ത്രീകൾക്ക് ആടു ഫാമുകൾ തുടങ്ങുന്നതിനും വ്യവാസായികാടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തുന്നതിനും ധനസഹായം നൽകുക.

16. D.W.C.R.A യൂണിറ്റുകൾ പഞ്ചായത്തു വഴി നടപ്പിലാക്കുക.

17. ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് കർഷകർക്കു വേണ്ടുന്ന പ്രോത്സാഹനങ്ങളും നിർദേശങ്ങളും നൽകുക.

18. കലയ്ക്കോട്, ഇടയാടി, നെല്ലേറ്റിൽ ഭാഗങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ താറാവു വളർത്താവുന്നതാണ്.

19. കന്നുകാലി ഇൻഷുറൻസ് വ്യാപകമാക്കുക.

20. കർഷകർക്ക് ബോധവൽക്കരണ ക്ലാസുകളും ഗ്രൂപ്പു ചർച്ചകളും സംഘടിപ്പിക്കുക.

21. വളർത്തുനായ്ക്കൾക്ക് ലൈസൻസിംഗും സൗജന്യവും നിർബന്ധിതവുമായ പേവിഷ പ്രതിരോധ കുത്തിവയ്പ് നടപ്പിലാക്കി പേവിഷ നിയന്ത്രിത പഞ്ചായത്താക്കി മാറ്റുന്നതിനുള്ള കർമപദ്ധതിക്ക് രൂപം നൽകുക.

## മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിൻെറ തെക്കേ അതിർത്തി ഏകദേശം 1.67 ചതുരശ്ര കി.മീ. വിസ്തൃതി വരുന്ന ഇടവ-നടയറ കായലാണ്. ചെറുതും വലുതുമായ 19 കുളങ്ങളും 2 ചിറകളും 9 തോടുകളും ഉൾപ്പെടുന്നതാണ് നമ്മുടെ ജലാശയങ്ങൾ. ഒന്നുരണ്ടു സ്വകാര്യകുളങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

മത്സ്യബന്ധനവും വിപണനവുമായി ബന്ധപ്പെട്ട് ഏകദേശം 100 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ടവർ കൂടുതലും ഉൾനാടൻ മത്സ്യബന്ധനമാണ് നടത്തുന്നത്. ഇവിടെ നിന്ന് കണമ്പ്, കരിമീൻ, ഞണ്ട്, കൈവെട്ടി, അഴുക തുടങ്ങിയ മത്സ്യങ്ങൾ ലഭിക്കുന്നു. എന്നാൽ വ്യാപകമായ കായൽ നികത്തൽ നമ്മുടെ മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ചെമ്മീൻ കൃഷിക്ക് നല്ല സാധ്യതയുണ്ടെങ്കിലും ആരും നാളിതുവരെ മുന്നോട്ടു വന്നിട്ടില്ല. ചെമ്മീൻ കൃഷി രീതിയെക്കുറിച്ചുള്ള അജ്ഞതയും വിദഗ്ധരുടെ അഭാവവുമാണ് ഇതിന് കാരണം. ഇവിടത്തെ കുളങ്ങളിൽ മിക്കതും പൊതു കുളങ്ങളോ അമ്പലക്കുളങ്ങളോ ആയത്കൊണ്ട് മീൻ വളർത്താൻ കഴിയുന്നില്ല. പൊതുകുളങ്ങളിൽ നിന്നും വർഷാവർഷം മത്സ്യബന്ധനം നടത്തുന്നുണ്ട്. വരാൽ, കാരി, കോര എന്നിവയാണ് കുളങ്ങലിൽ നിന്ന് ലഭിക്കുന്ന പ്രധാന മത്സ്യങ്ങൾ. എന്നാൽ അടുത്തകാലത്തായി കുള മത്സ്യങ്ങളിൽ കണ്ടുവരുന്ന രോഗം മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നതിന് കാരണമാകുന്നു.

### പ്രധാന പ്രശ്നങ്ങൾ

1. കായലുകളും കുളങ്ങളും നികത്തപ്പെടുന്നു.
2. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ വാങ്ങുന്നതിന് യാതൊരു ധനസഹായവും ലഭിക്കാറില്ല.
3. ജൂൺ, ജൂലൈ മാസങ്ങളിൽ വിടുവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു.
4. മത്സ്യകൃഷിയെക്കുറിച്ചുള്ള അജ്ഞത
5. മത്സ്യരോഗങ്ങൾ

### സാധ്യതകൾ

1. മത്സ്യതൊഴിലാളി സഹകരണ സംഘത്തിൻെറ പ്രവർത്തനം വ്യാപിപ്പിക്കുക.
2. ഇടവ-നടയറ കായലിൽ ഓരു ജല ചെമ്മീൻ കൃഷി നടപ്പിലാക്കാം.
3. നിലവിലുള്ള പൊതു കുളങ്ങൾ മത്സ്യകൃഷിക്ക് ഉപയോഗിക്കാം.
4. സ്വകാര്യ വ്യക്തികൾക്ക് മത്സ്യകൃഷിക്കു വേണ്ട പ്രോത്സാഹനം നൽകുക.
5. ശുദ്ധജല മത്സ്യങ്ങളിൽ കണ്ടുവരുന്ന രോഗങ്ങൾക്ക് ഫലപ്രഥമായ പ്രതിവിധി കണ്ടെത്തുക.
6. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് പദ്ധതി ഉണ്ടാക്കുക.
7. മത്സ്യവിപണനത്തിന് മാർക്കറ്റുകളിൽ ശുചികരമായ സൗകര്യങ്ങൾ ഉണ്ടാക്കുക. ■



# വ്യവസായം

പൂതക്കുളം ഗ്രാമപഞ്ചായത്ത് വ്യാവസായികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ്. 80% ത്തോളം ജനങ്ങൾ കാർഷികമേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. പരമ്പരാഗത വ്യവസായങ്ങളിൽ കയറിനും കൈത്തറിക്കും മുൻതൂക്കമുണ്ട്. ഒരു കാലത്ത് റാട്ടുകളുടെ സംഗീതം എല്ലാ വാർഡുകളിലും മുഴങ്ങികേട്ടിരുന്നു. വ്യവസായത്തിൻെറ വികസനത്തിനും തൊഴിലാളികൾക്ക് മിനിമം കൂലിയും മറ്റ് ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി നടത്തിയിട്ടുള്ള എണ്ണമറ്റ സമരങ്ങൾ പഞ്ചായത്തിൻെറ ചരിത്രത്താളുകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. അധ്വാനശീലരും സാങ്കേതിക വൈദഗ്ധ്യം നേടിയവരുമായ തൊഴിലാളികൾ ഉണ്ടെങ്കിലും വൻകിട വ്യവസായങ്ങൾക്കാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. ഗൾഫ് കുടിയേറ്റം പഞ്ചായത്തിലെ ജീവിതനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉള്ള സമ്പത്ത് പ്രത്യുൽപ്പാദനപരമായ മേഖലയിൽ വിനിയോഗിക്കാൻ നമുക്കു കഴിയുന്നില്ല.

പഞ്ചായത്തിൽ വൻകിട വ്യവസായങ്ങളൊന്നും തന്നെയില്ല. പരമ്പരാഗത വ്യവസായങ്ങൾക്ക് പുറമേ കുടിൽവ്യവസായ യൂണിറ്റുകളുമുണ്ട്. കയർ വ്യവസായം ഇടവാ-നടയറ കായലിൻെറ തീരപ്രദേശങ്ങളായ കലയ്ക്കോട് 1, 2 വാർഡുകളിലും ചമ്പാംചാൽ, നെല്ലേറ്റിൽ ഭാഗങ്ങളിലും സംഘടിതമായും മറ്റു പ്രദേശങ്ങളിൽ ഒറ്റപ്പെട്ടും പ്രവർത്തിക്കുന്നു. പരമ്പരാഗത രീതിയിലുള്ള തൊണ്ടഴുക്കൽ സമ്പ്രദായത്തിലൂടെയാണ് ചകിരി ഉൽപ്പാദിപ്പിക്കുന്നത്. കായൽത്തീരത്ത് 20 ഓളം തൊണ്ട്തല്ല് യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ദൂരപ്രദേശങ്ങളിൽ ചകിരിയാക്കിക്കൊണ്ടുപോയാണ് ഉത്പ്പാദനം നടത്തുന്നത്. ഏകദേശം 500 കുടുംബങ്ങളിലായി 1000 ത്തോളം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു. ഇതിൽ 80% വും സ്ത്രീതൊഴിലാളികളാണ്. 50 ൽപ്പരം സ്വകാര്യ ഉൽപ്പാദകരും സ്വയം തൊഴിൽകണ്ടെത്തിയവരും വ്യവസായത്തിലുണ്ട്. പരവൂർ-അഞ്ചുതെങ്ങ് ഇനത്തിൽപ്പെട്ട 1560 ടൺ കയർ വർഷംതോറും ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നു.

സഹകരണമേഖയിൽ മൂന്ന് കയർവ്യവസായ സംഘങ്ങളാണ് പഞ്ചായത്തിലുള്ളത്.

1. നെല്ലേറ്റിൽ കയർ വ്യവസായ സഹകരണ സംഘം ക്യൂ.643

1979 ൽ സ്ഥാപിതമായ ഈ സംഘം 7-ാം വാർഡിൽ പ്രവർത്തിക്കുന്നു. 373 അംഗങ്ങളും 10 ലക്ഷം രൂപ മൂലധനവുമുള്ള സംഘത്തിന് പിരിഞ്ഞ്കിട്ടിയ ഓഹരി 16805 രൂപയും സർക്കാർ ഓഹരി 130680 രൂപയും വായ്പാ പരിധി 50 ലക്ഷം രൂപയുമാണ്. സ്വന്തമായി 14 സെൻറ് ഭൂമിയും ആഫീസ് കെട്ടിടവുമുള്ള ഇവിടെ 5 റാട്ടുകളിൽ പ്രവർത്തനം നടക്കുന്നു. 15 കയർപിരിത്തൊഴിലാളികൾ, 16 തൊണ്ട്തല്ല്, കയർ കെട്ട്-1, തൊണ്ടെടുപ്പ്-2, ചകിരിച്ചുമട്-2 തൊണ്ടെണ്ണിച്ചുമട്-3 എന്നീ ക്രമത്തിൽ 39 തൊഴിലാളികൾ പണിയെടുക്കുന്നു. ICDP (സംയോജിത കയർ വികസന പദ്ധതി) പ്രകാരം യന്ത്രവൽകൃത കയർറാട്ട് പ്രവർത്തിപ്പിക്കാനുള്ള ഷെഡ് പൂർത്തീകരിച്ച് 60 തൊഴിലാളികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ അനുവദിച്ച സബ്സിഡി പ്രയോജനപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. സംഘത്തിന് സ്ഥലപരിമിതിമൂലം തൊണ്ടഴുക്കൽടാങ്ക് നിർമ്മിക്കാൻ കഴിയാത്തത് പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്.

### ICDP പ്രകാരം ലഭിച്ചതുക

| സ്ഥാപനത്തിൻെറ പേര് | അനുവദിച്ച തുക |
|---|---|
| കേന്ദ്രസർക്കാർ | 3.60 ലക്ഷം |
| സംസ്ഥാന സർക്കാർ | 4.50 ലക്ഷം |
| N.C.D.C ലോൺ | 9.00 ലക്ഷം |
| സംഘം ഫണ്ട് | 0.90 ലക്ഷം |
| ആകെ | 18.00 ലക്ഷം |

ഈ പദ്ധതിയിൻകീഴിൽ 100 സ്ത്രീ തൊഴിലാളികൾക്ക് പ്രത്യക്ഷമായി തൊഴിൽ ലഭിക്കും. പദ്ധതിയുടെ ഉത്ഘാടനത്തിന് തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ് സംഘം ഭരണസമിതിയും തൊഴിലാളികളും.

2. **ഇടയാടി കയർ വ്യവസായ സഹകരണ സംഘം ക്യു 395**

1963-ൽ സ്ഥാപിതമായ സംഘം ഇടയാടി കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. 664 അംഗങ്ങളിൽനിന്നും 31422 രൂപയും സർക്കാരിൽനിന്ന് 2,40,840 രൂപയും ഓഹരിമൂലധനമായിട്ടുണ്ട്. സ്വന്തമായി ഓഫീസ്കെട്ടിടവും സ്ഥലവുമുള്ള സംഘത്തിൽ 10 റാട്ടുകളിലായി 45 തൊഴിലാളികൾ പണിയെടുക്കുന്നു. തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽനൽകുവാൻ കഴിയുംവിധം തൊണ്ട് സംഭരിക്കാൻ ജാഗ്രത പുലർത്തണം. സ്ത്രീതൊഴിലാളികളുടെ കുട്ടികൾക്കായി സംഘം നടത്തിയിരുന്ന ക്രഷ് പുനസ്ഥാപിക്കണം.

3. **കലയ്ക്കോട് കയർ വ്യവസായ സഹകരണ സംഘം നമ്പർ. ക്യു 203**

1957 ൽ സ്ഥാപിതമായ സംഘം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 227 അംഗങ്ങളും പിരിഞ്ഞ്കിട്ടിയ 69422.50 രൂപയും സർക്കാർ ഓഹരിയായി 45800 രൂപയുമുണ്ട്. സ്വന്തമായി 50 സെൻറ് വസ്തുവും ഭാഗികമായി പൂർത്തീകരിച്ച ഗോഡൗണും കോമ്പൗണ്ട്വാളും തൊണ്ടഴുക്കലിന് 30 സെൽറ് കായലും ഒരേക്കർ കുത്തക പാട്ടവുമുണ്ട്. ഇത്രയധികം ആസ്തിയുള്ള കയർസംഘം ഈ ജില്ലയിൽതന്നെ വിരളമാണ്. ലിക്വിഡേഷൻെറ വക്കിലെത്തിയിട്ടുള്ള സംഘത്തെ പുനരുദ്ധരിക്കേണ്ടത് നമ്മുടെ നാടിൻെറ വ്യാവസായിക പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്.

കയർ അധിഷ്ഠിത വ്യവസായത്തിന് ശോഭനമായ ഭാവിയുള്ള നമ്മുടെ പഞ്ചായത്തിൽ മോഹൻസ് കയർ വർക്സ് എന്ന ഒരു സ്വകാര്യ കയർമാറ്റിംഗ് സ്ഥാപനം 3-ാം വാർഡിൻെറ ഭാഗമായ മാവിൻെറ മൂട്ടിൽ പ്രവർത്തിക്കുന്നു. സഹകരണമേഖലയിൽ 3-ാം വാർഡിൻെറ ഭാഗമായ വെട്ടുവിള ജംഗ്ഷനിൽ ഒരു കയർ മാറ്റിംഗ് രജിസ്ട്രർ ചെയ്ത് പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്വകാര്യമേഖലയിൽ 14 ലക്ഷം രൂപ മുതൽമുടക്കുള്ള ഒരു സ്ഥാപനം 10-ാം വാർഡിൻെറ ഭാഗമായ പുത്തൻകുളത്ത് പ്രവർത്തിക്കുന്നുണ്ട്. 10 തൊഴിലാളികൾക്ക് പ്രത്യക്ഷമായി തൊഴിൽ ലഭിക്കുന്നു.

പരമ്പരാഗത വ്യവസായം സംസ്ഥാന വ്യാപകമായി പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ നമ്മുടെ പഞ്ചായത്തിൻെറ സ്ഥിതിയും വ്യത്യസ്തമല്ല. ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെട്ട് ഉൽപ്പന്നത്തിന് വില ലഭിക്കാതെ വരുകയും, ഉൽപ്പന്നം കെട്ടിക്കിടക്കുകയും, തൊഴിലാളികൾക്ക് മിനിമം കൂലിപോലും നൽകാൻ കഴിയാതെ വരുകയും ചെയ്യുന്ന സാഹചര്യത്തിൽ അവർ മറ്റു തൊഴിൽ മേഖലകളിലേക്ക് ചേക്കേറുന്നു. തൊണ്ട്തല്ല് യന്ത്രം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന സ്വകാര്യവ്യക്തികൾക്ക് മാത്രമേ പിടിച്ചുനിൽക്കാൻ കഴിയുന്നുള്ളൂ. ചെറുകിട ഉൽപ്പാദകരും സ്വയംതൊഴിൽ കണ്ടെത്തിയവരും വ്യവസായം നിലനിറുത്തിക്കൊണ്ടുപോകാൻ പാടുപെടുന്നു. ഇപ്പോൾ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഡിസ്ട്രസ് പർച്ചേസ് സംവിധാനംകൊണ്ട് മാത്രമാണ് ഇവിടെ വ്യവസായം നിലനിൽക്കുന്നത്. കയർവാങ്ങുന്ന വൻകിട മുതലാളിമാരുടെ ചൂഷണം ഒരു പരിധിവരെ തടഞ്ഞുനിറുത്താൻ ഇതുവഴി കഴിയുന്നു. ഈ സംവിധാനം സ്ഥിരമായി പഞ്ചായത്ത് തലത്തിൽ നിലനിറുത്തുകയും തൊണ്ട് വില സ്ഥിരമായി നിലനിറുത്താൻ പര്യാപ്തമായ സർക്കാർ സംവിധാനം ഉണ്ടാവുകയും വേണം. സഹകരണമേഖലയിലെ തൊഴിലാളികളുടെ വർക്ക്ലോഡ് കുറയ്ക്കുകയും യന്ത്രവൽകൃത റാട്ടുകളിൽ പ്രവർത്തനം തുടങ്ങുന്നതിൻെറ ഭാഗമായി യന്ത്രവൽകൃത റാട്ടുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരീക്ഷണം ത്വരിതപ്പെടുത്തുകയും വേണം.

കയർ സഹകരണസംഘങ്ങളിലെ കൂലിനിരക്ക്

| നമ്പർ | ഇനം | പുരുഷൻ | സ്ത്രീ |
|---|---|---|---|
| 1 | തൊണ്ട്തല്ല് (100 ന്) | --- | 33.60 |
| 2 | കയർപിരി | | 33.60 |
| 3 | ചകിരിപിന്ന് | 10.30 | |
| 4 | കറക്ക് | – | 29.50 |
| 5 | കയർകെട്ട് | 4.25 | – |
| 6. | തൊണ്ട്താഴ്ത്ത് (1000 ന്) | 39 | – |

സ്വകാര്യ മേഖല – കൂലിനിരക്ക്

| നമ്പർ | ഇനം | പുരുഷൻ | സ്ത്രീ |
|---|---|---|---|
| 1 | തൊണ്ട്തല്ല് (മില്ല് 1000 ന്) | 100 | |
| 2 | കയർപിരി (65 പിടി) | | 31.00 |
| 3 | ചകിരിപിന്ന് (15 കി.ഗ്രാം) | 4.50 | – |
| 4 | കറക്ക് (65 പിടി) | | 27.00 |
| 5 | മാടൽ (1 കി.ഗ്രാം) | | 0.70 |
| 6. | തൊണ്ട്താഴ്ത്ത് (1000 ന്) | 31 | |
| 7. | തൊണ്ടെടുത്തെണ്ണൽ (1000 ന്) | 59 | |

പഞ്ചായത്തിലെ മറ്റൊരു പരമ്പരാഗത വ്യവസായം കൈത്തറിയാണ്. 10, 11 വാർഡുകളുടെ ഭാഗമായ പുത്തൻകുളം കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. ഒരു കാലത്ത് എല്ലാ വാർഡുകളിലും നിലനിന്നിരുന്ന വ്യവസായം ഇപ്പോൾ നാശോൻമുഖമായിക്കൊണ്ടിരിക്കുകയാണ്. 100 തറികൾവരെ പ്രവർത്തിച്ചിരുന്ന പ്രദേശത്ത് ഇപ്പോൾ 20 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. യന്ത്രവൽക്കരണത്തിലൂടെയും സഹകരണമേഖല സജീവമാക്കിയും നിരവധി കുടുംബങ്ങൾക്ക് പുതുതായി തൊഴിലവസരം സൃഷ്ടിക്കാൻ ഈ വ്യവസായത്തിന് കഴിയും.

കൂലിനിരക്ക് – കൈത്തറി

| നമ്പർ | ഇനം | പുരുഷൻ | സ്ത്രീ |
|---|---|---|---|
| 1 | നൂലുചുറ്റ് (1 കഴി) | | 1.50 |
| 2 | പാവ്ഓട്ടം (1 കഴി) | | 1.50 |
| 3. | നെയ്ത്ത് | | 30.00 |

ഇവിടെ നിലവിലുള്ള വ്യവസായങ്ങളിൽ മറ്റൊന്നാണ് ഇഷ്ടിക നിർമ്മാണം. 8–ാം വാർഡിൻെറ ഭാഗമായ വേക്കുളം, 10–ാം വാർഡിൻെറ ഭാഗമായ തലക്കുളം എന്നീ പ്രദേശങ്ങളിലായി 5 ചൂളകൾ പ്രവർത്തിക്കുന്നു. സീസണലായി പ്രവർത്തിക്കുന്ന ഈ വ്യവസായത്തിൽ 50 ഓളം കുടുംബങ്ങൾക്ക് പരോക്ഷമായി ജോലി ലഭിക്കുന്നു. ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ ചെളിയുടെ ദൗർലഭ്യവും പാരിസ്ഥിതിക പ്രശ്നങ്ങളും ഈ വ്യവസായത്തിൻെറ വളർച്ചക്ക് തടസ്സമാണ്. 8–ാം വാർഡിൻെറ ഭാഗമായ പുന്നേക്കുളത്ത് കമ്പിക്കട്ട നിർമ്മിക്കുന്ന ഒരു S.S.I യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. 5–ാം വാർഡിൻെറ ഭാഗമായ അമ്മാരത്തുമുക്കിൽ വി.ആർ ഹോളോ ബ്രിക്സ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നു.

കലയ്ക്കോട് രണ്ടാം വാർഡിൻെറ ഭാഗമായ ആൽത്തറമൂട്ടിൽ പ്രവർത്തിക്കുന്ന സാലജ് ബേക്കേഴ്സിൽ 10 സ്ത്രീ തൊഴിലാളികൾ പ്രത്യക്ഷമായി തൊഴിൽചെയ്യുന്നു. മാർക്കറ്റിംഗ്, വൈദ്യുതി പ്രതിസന്ധികൾ സ്ഥാപനത്തിൻെറ പ്രവർത്തനം പലപ്പോഴും തടസ്സപ്പെടുത്തുന്നു. 10–ാം വാർഡിൽ ഇൻഡോ ഇൻഡസ്ട്രീസ് എന്ന പേരിൽ പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കുന്ന ഒരു സ്ഥാപനം സാമ്പത്തിക പ്രതിസന്ധിയും മറ്റ് പ്രശ്നങ്ങളും കാരണം പ്രവർത്തനം നിലച്ചിരിക്കുകയാണ്. റബ്ബർ പാൽ അസംസ്കൃത വസ്തുവായുപയോഗിച്ച് ഇലാസ്റ്റിക് നിർമ്മാണത്തിനാവശ്യമായ റബ്ബർത്രഡ് നിർമ്മാണ യൂണിറ്റ് വിജയ് ലാറ്റക്സ് എന്ന പേരിൽ കലയ്ക്കോട് വരമ്പിട്ടവിള

3. ഇവിടെ സുലഭമായി ലഭിക്കുന്ന മരച്ചീനി, ചക്കക്കുരു, തുടങ്ങിയ വസ്തുക്കളുപയോഗിച്ച് കാലിത്തീറ്റനിർമാണ യൂണിറ്റ് സ്ഥാപിക്കാം.

4. പട്ടുനൂൽപ്പുഴു വളർത്തൽ പ്രോത്സാഹിപ്പിച്ച് കൈത്തറിമേഖലയിലെ തൊഴിലവസരം വർദ്ധിപ്പി ക്കാവുന്നതാണ്.

5. വ്യവസായ സംരംഭകരുടെ വിവരശേഖരണം പഞ്ചായത്തുതലത്തിൽ നടത്തി, വ്യവസായ ഉദ്യോഗസ്ഥൻമാരെക്കൂടി ഉൾക്കൊള്ളിച്ച് ഒരു വ്യവസായ വികസന സമിതി അടിയന്തിരമായി രൂപീകരിക്കേണ്ടതാണ്.

6. ചകിരിച്ചോറ് ഉപയോഗപ്പെടുത്തി കാർഡു ബോർഡു നിർമാണം, വളംനിർമാണം എന്നിവ ആരംഭിക്കാവുന്നതാണ്.

7. വൈദ്യുതിപ്രശ്നം പരിഹരിക്കുന്നതിനുവേണ്ട ക്രമീകരണം പഞ്ചായത്തുതലത്തിൽ നടത്തേണ്ട താണ്.

8. വ്യവസായ മുതൽമുടക്കിന് വിദേശമലയാളികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തുത ലത്തിൽ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതാണ്.





# ഗതാഗതം, ഊർജം, മാർക്കറ്റ്

വികസനത്തിൻെറ അടിസ്ഥാന ഘടകങ്ങളിലൊന്നാണ് ഗതാഗതം. ആദ്യകാല ഗതാഗത മാധ്യമമായ ജലഗതാഗതം മനുഷ്യസമൂഹത്തിൻെറ പുരോഗതിയിൽ നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. അതിപുരാതനകാലംമുതൽ പല രാജ്യങ്ങളിലും ഒറ്റത്തടി വള്ളങ്ങൾ ഉപയോഗിച്ച് ജലഗതാഗതം നടത്തിയിരുന്നു. കൃഷിആയുധങ്ങൾ, കാർഷിക വ്യാവസായികോൽപ്പന്നങ്ങൾ പാർപ്പിട നിർമ്മാണ സാമഗ്രികൾ തുടങ്ങി വിവിധ സാധനങ്ങൾ ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് കൊണ്ടുപോകേണ്ടി വന്നത് റോഡുഗതാഗതത്തിൻെറ അനിവാര്യതയിൽ കൊണ്ടെത്തിച്ചു. ചക്രങ്ങളുടെ കണ്ടുപിടിത്തം ഗതാഗത സൗകര്യങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതെളിച്ചു. ചക്രങ്ങളുടെ ആവിർഭാവവും ചക്ര വാഹനങ്ങളുടെ രംഗപ്രവേശവും റോഡുഗതാഗതത്തിൽ ദൂരവ്യാപകങ്ങളായ മാറ്റങ്ങൾക്ക് തുടക്കമിട്ടു.

ഗതാഗത സൗകര്യങ്ങളെ പ്രധാനമായി മൂന്നായി തരംതിരിക്കാം. റോഡുഗതാഗതം, ജല ഗതാഗതം റെയിൽ ഗതാഗതം. നെല്ലേറ്റിൽ, കലയ്ക്കോട് എന്നീ പ്രദേശങ്ങളിൽ മാത്രമാണ് ജലഗതാഗത സൗകര്യമുള്ളത്. റയിൽ ഗതാഗതം ഏകദേശം 2 കിലോമീറ്റർ ദൂരത്തിൽ കലയ്ക്കോട് പ്രദേശത്തുകൂടി കടന്നുപോകുന്നു. പരവൂർ റെയിൽവേ സ്റ്റേഷൻ കേന്ദ്രീകരിച്ചാണ് പൂതക്കുളത്തുകാർ റെയിൽയാത്ര നടത്തുന്നത്. പ്രധാനമായും റോഡ് ഗതാഗതമാണ് ഈ പഞ്ചായത്തിലുള്ളത്.

പൂതക്കുളം പഞ്ചായത്ത് രൂപീകൃതമാകുന്നതിന് ഏകദേശം 200 വർഷങ്ങൾക്കുമുമ്പുതന്നെ സഞ്ചാരയോഗ്യവും വിസ്തൃതവുമായ ദീർഘദൂരറോഡുകൾ നിർമ്മിക്കുന്നതിൽ നമ്മുടെ പൂർവ്വികൻമാർ കാണിച്ചുതന്ന മാതൃക അനുകരണീയമാണ്. റോഡുകൾ നിർമ്മിക്കുന്നതിൽ മാത്രമല്ല വഴിയോരങ്ങളിലിരുവശത്തും തണൽമരങ്ങൾ വച്ചു പിടിപ്പിക്കുന്നതിലും പുമടുതാങ്ങികൾ സ്ഥാപിക്കുന്നതിലും കൂറ്റൻ കരിങ്കല്ലുകളിൽ വിസ്തൃതമായ ഇരിപ്പിടങ്ങൾ സ്ഥാപിക്കുന്നതിലും അവർ ബദ്ധശ്രദ്ധരായിരുന്നു. ഇതിൻെറ മകുടോദാഹരണമാണ് പനയറ ശങ്കരപിള്ള റോഡ് എന്നറിയപ്പെടുന്ന പൂതക്കുളം പഞ്ചായത്താഫീസ് നെടുങ്ങോലം റോഡ്.

ഗ്രാമീണറോഡ് നിർമ്മാണത്തോളം പ്രാധാന്യം ലഭിച്ച മറ്റൊരു മേഖലയും ഗ്രാമവികസനരംഗത്തില്ലെങ്കിലും ഈ റോഡധിഷ്ഠിത വികസന പ്രവർത്തനത്തിൻെറ പ്രത്യാഘാതങ്ങൾ ചെറുതല്ല. പഞ്ചായത്തിൻെറ ചെലവിനങ്ങൾ പരിശോധിച്ചാൽ വരുമാനത്തിൻെറ സിംഹഭാഗവും ചെലവഴിച്ചത്

റോഡുനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമാണ്. തൻനിമിത്തം തൊഴിൽസാധ്യതകൾ ഉണ്ടാക്കാൻ സഹായകമായ ഉൽപ്പാദനമേഖലയിൽ ഒരു മരവിപ്പ് അനുഭവപ്പെട്ടതായി സംശയിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് രൂപീകൃതമാകുമ്പോൾ ഉണ്ടായിരുന്നതിനേക്കാളും പത്തിരട്ടിയിലധികം റോഡുകൾ ഇന്നുണ്ട്. പഞ്ചായത്തിൽ പി.ഡബ്ല്യു.ഡി റോഡിൻെറ ദൈർഘ്യം 27.5 കി.മീ.ആണ്.

മൺറോഡും മെറ്റൽറോഡും ഉൾപ്പെടെ പഞ്ചായത്ത് റോഡിൻെറ നീളം 106.490 കിലോമീറ്റർ ആണ്. മുക്കട പന്നിവിള റോഡും ചക്കവിള കൊച്ചുവിളറോഡും വളരെ പ്രധാനപ്പെട്ട രണ്ടു റോഡുകളാണെങ്കിലും മഴക്കാലത്തുണ്ടാകുന്ന മണ്ണൊലിപ്പും നീർക്കെട്ടും നിമിത്തം ഇപ്പോൾ സഞ്ചാരയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. റോഡിൻെറ ദൈർഘ്യം ഏറെക്കുറെ തൃപ്തികരമാണെങ്കിലും അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതുകൊണ്ട് വർഷകാലത്ത് മിക്ക റോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. ഓടകളുടേയും കലങ്ങുകളുടേയും അഭാവമാണ് ഇതിന് പ്രധാന കാരണം.

ഈ പഞ്ചായത്തിൽ നിലവിലുള്ള റോഡുകളും അവയുടെ നീളം സ്വഭാവം ഇവ പട്ടികയായിച്ചേർത്തിരിക്കുന്നു.

### P.W.D റോഡുകളുടെ വിവരം

| ക്രമ നമ്പർ | റോഡിൻെറ പേര് | സ്വഭാവം | ദൂരം കി.മീ |
|---|---|---|---|
| 1 | മാവിൻമൂട് ബ്ലോക്ക്മരം റോഡ് | ടാർ | 5 |
| 2 | മാവിൻമൂട് ഊന്നിൻമൂട് റോഡ് | ടാർ | 7 |
| 3 | പൂതക്കുളം ഇടയാടി റോഡ് | ടാർ | 3 |
| 4 | പൂതക്കുളം ഭജനമഠം റോഡ് | ടാർ | 2 |
| 5 | ഡോ. മുക്ക് പൂതക്കുളം എച്ച്.എസ് റോഡ് | ടാർ | 1.5 |
| 6 | വെട്ടുവിള കലയ്ക്കോട് നെല്ലേറ്റിൽ റോഡ് | ടാർ | 6 |
| 7 | ഈഴംവിള തെറ്റിക്കുളം റോഡ് | ടാർ | 3 |
| | ആകെ | | 27.5 |

### നിലവിലുള്ള റോഡുകളുടെ വിവരം

| ക്രമ നമ്പർ | വാർഡ് | ടാർ റോഡിൻെറ നീളം (മീ.) | മെറ്റൽ റോഡിൻെറ നീളം (മീ.) | മൺ റോഡിൻെറ നീളം (മീ.) | റോഡുകളുടെ എണ്ണം | ആകെ (കി. മീ.) |
|---|---|---|---|---|---|---|
| 1 | 1 | 7500 | ഇല്ല | 9090 | 12 | 16.590 |
| 2 | 2 | 2000 | ഇല്ല | 4500 | 5 | 6.500 |
| 3 | 3 | 3000 | ഇല്ല | 11150 | 15 | 14.150 |
| 4 | 4 | 1500 | ഇല്ല | 14250 | 19 | 15.750 |
| 5 | 5 | 1000 | ഇല്ല | 6900 | 11 | 7.900 |
| 6 | 6 | 3000 | ഇല്ല | 5000 | 11 | 8.000 |
| 7 | 7 | ഇല്ല | ഇല്ല | 6300 | 12 | 6.300 |
| 8 | 8 | 1000 | ഇല്ല | 11350 | 15 | 12.350 |
| 9 | 9 | 1200 | ഇല്ല | 7100 | 16 | 8.300 |
| 10 | 10 | 600 | ഇല്ല | 4550 | 6 | 5.150 |
| 11 | 11 | 1500 | ഇല്ല | 4000 | 4 | 5.500 |
| ആകെ | 11 | 22300 | ഇല്ല | 84190 | 126 | 106.490 |

പഞ്ചായത്തിലെ റോഡിൻെറ തരം, നീളം, പേര് എന്നിവ താഴെകാണിച്ചിരിക്കുന്ന പട്ടികയിൽനിന്ന് മനസ്സിലാക്കാം

### വാർഡ് 1

| ക്രമ നമ്പർ | റോഡിൻെറ പേര് | റോഡിൻെറ തരം | ദൂരം | ഓട | കലുങ്ക് |
|---|---|---|---|---|---|
| 1 | കലയ്ക്കോട് തെക്കേവിള പി.എച്ച്. സെൻറർ റോഡ് | ടാർ | 1000 | ഇല്ല | ഇല്ല |
| 2 | കലയ്ക്കോട് ഹരിജൻ കോളനി റോഡ് | ടാർ | 3000 | ഇല്ല | ഇല്ല |
| 3 | കലയ്ക്കോട് ഹരിജൻ കോളനി പി.എച്ച്.സി റോഡ് | മൺറോഡ് | 1200 | ഇല്ല | ഇല്ല |
| 4 | കലയ്ക്കോട് പി. എച്ച്. സി മുസ്ലീം പള്ളി റോഡ് | മൺറോഡ് | 1000 | ഇല്ല | ഇല്ല |
| 5 | കലയ്ക്കോട് വട്ടവിള പുളിമൂട് റോഡ് | ടാർ | 2000 | ഇല്ല | ഇല്ല |
| 6 | കലയ്ക്കോട് കുഞ്ചാരംവിള പി.എച്ച്.സി റോഡ് | മൺറോഡ് | 1000 | ഇല്ല | ഇല്ല |
| 7 | കലയ്ക്കോട് കന്യാമഠം ക്ഷേത്രം ചരുവിളക്ഷേത്രം | ടാർ | 1500 | ഇല്ല | ഇല്ല |
| 8 | മുല്ലക്കൽ സദനം കോളനിറോഡ് | മൺറോഡ് | 1000 | ഇല്ല | ഇല്ല |
| 9 | പള്ളിവിളാകം തൊടിറോഡ് | മൺറോഡ് | 1500 | ഇല്ല | ഇല്ല |
| 10 | പാറവിള പെരിങ്കുളം റോഡ് | മൺറോഡ് | 1000 | ഇല്ല | ഇല്ല |
| 11 | കലയ്ക്കോട് പി.എച്ച്.സി മുക്കത്തുവിള | മൺറോഡ് | 390 | ഇല്ല | ഇല്ല |
| | ആകെ | | 16590 മീ. | | |

### വാർഡ് 2

| ക്രമ നമ്പർ | റോഡിൻെറ പേര് കലുങ്ക് | റോഡിൻെറ തരം | ദൂരം | ഓട | കലുങ്ക് |
|---|---|---|---|---|---|
| 1 | കലയ്ക്കോട് കുളത്തിൻകര ചാലിൽ റോഡ് | ടാർ | 2000 | ഉണ്ട് | ഉണ്ട് |
| 2. | കലയ്ക്കോട് ആനന്ദഭവനം പീന്തമുക്ക് റോഡ് | മൺറോഡ് | 2000 | ഇല്ല | ഇല്ല |
| 3. | കലയ്ക്കോട് പഴയ കടവ് പീന്തമുക്ക് റോഡ് | മൺറോഡ് | 500 | ഉണ്ട് | ഇല്ല |
| 4. | കലയ്ക്കോട് പണ്ടാരവിള റോഡ് | മൺറോഡ് | 1000 | ഇല്ല | ഇല്ല |
| 5. | ചക്കവിള കൊച്ചുവിള റോഡ് | മൺറോഡ് | 1000 | ഉണ്ട് | ഉണ്ട് |
| | ആകെ ദൂരം | | 65000 മീറ്റർ | | |

## വാർഡ് 3

| ക്രമ നമ്പർ | റോഡിൻെറ പേര് | റോഡിൻെറ തരം | ദൂരം | ഓട | കലുങ്ക് |
|---|---|---|---|---|---|
| 1 | കോട്ടുവൻകോണം നെൽപ്പുരയിടം റോഡ് | മണ്ണ് | 1200 | ഉണ്ട് | ഉണ്ട് |
| 2 | നെൽപ്പുരയിടം പാലോട്ടുകാവ് റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 3 | കരിക്കുളത്തുവിള ഭജനമഠം റോഡ് | ടാർ | 2000 | ഉണ്ട് | ഉണ്ട് |
| 4 | കണ്ണങ്കര കല്ലുവിള റോഡ് | മണ്ണ് | 1500 | | |
| 5 | കിളിത്തട്ടിൽ ചീറണ്ടുകുളം മൈനാട്ട് ചാൽ | ടാർ ഭാഗികം | 1500 | | |
| 6 | കോട്ടുവൻകോണം ചക്കവിള റോഡ് | ടാർ | 500 | | |
| 7 | കോട്ടുവൻകോണം വാറൂറോഡ് | ടാർ | 500 | | |
| 8 | പോച്ചവിള കോട്ടുവൻകോണം | റോഡ് | മണ്ണ് | 750 | |
| 9 | മേലതിൽ ഇടവഴി | മണ്ണ് | 1000 | | |
| 10 | ആലുവിള കുന്നുവിള റോഡ് | മണ്ണ് | 1000 | | |
| 11 | നാടാക്കുവിള കുന്നുവിള റോഡ് | മണ്ണ് | 1000 | | |
| 12 | കരടിമുക്ക് കൂനയിൽ ചരുവിളറോഡ് | മണ്ണ് | 1000 | | |
| 13 | നാടാക്കുവിള കോട്ടുവൻകോണം റോഡ് | മണ്ണ് | 500 | | |
| 14 | നാഗരുവിള റോഡ് | മണ്ണ് | 1000 | | |
| 15 | പാർവ്വതി സദനം മുല്ലയ്ക്കൽ റോഡ് | മണ്ണ് | 200 | | |
| | ആകെ | | 14150 മീറ്റർ | | |

## വാർഡ് 4

| ക്രമ നമ്പർ | റോഡിൻെറ പേര് | റോഡിൻെറ തരം | ദൂരം | ഓട | കലുങ്ക് |
|---|---|---|---|---|---|
| 1 | മുക്കട നെടിയവിള റോഡ് | മണ്ണ് | 1500 | ഉണ്ട് | ഉണ്ട് |
| 2 | മുക്കട ഭജനമഠംറോഡ് | ടാർ | 1500 | ഉണ്ട് | ഉണ്ട് |
| 3 | മേച്ചേരി റോഡ് | മണ്ണ് | 500 | ഉണ്ട് | ഇല്ല |
| 4 | കടമ്പ്ര ഇടവഴി | മണ്ണ് | 500 | ഇല്ല | ഇല്ല |
| 5 | കൊടിയിലഴികം വിളക്ക്മരംറോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 6 | മുള്ളുവിള ഇടവഴി | മണ്ണ് | 500 | ഇല്ല | ഇല്ല |
| 7 | പനയറ ഇടവഴി | മണ്ണ് | 500 | ഇല്ല | ഇല്ല |
| 8 | മുക്കട നെടുതിക്കോട് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 9 | പശുവൻകരിക്കുളം പാലോട്ടുകാവ് റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 10 | കുരിക്കിലഴികം തൈപ്പറമ്പ് റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 11 | ഈഞ്ചക്കാട് വിള റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 12 | ഈശ്വരവിലാസം കരയോഗം തോട്ടത്തിലഴികം റോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 13 | പൂതക്കുളം തൊടിറോഡ് | മണ്ണ് | 2000 | ഇല്ല | ഇല്ല |
| 14 | ആലിൻറുമൂട് വട്ടത്താമരറോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 15 | നാരായണവിലാസം തെക്കോട്ട്റോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 16 | തെക്കേ പനയറ ഇടവഴി | മണ്ണ് | 750 | ഇല്ല | ഇല്ല |
| 17 | ഈഞ്ചക്കാട്ട് ഇടവഴി | മണ്ണ് | 750 | ഇല്ല | ഇല്ല |
| 18 | പുളിമൂട്ടിൽ ഇടവഴി | മണ്ണ് | 750 | ഇല്ല | ഇല്ല |
| 19 | പുളിയറ ഇടവഴി | മണ്ണ് | 500 | ഇല്ല | ഇല്ല |
| | ആകെ | | 16050 മീറ്റർ | | |

## വാർഡ് 5

| ക്രമ നമ്പർ | റോഡിൻെറ പേര് | റോഡിൻെറ തരം | ദൂരം | ഓട | കലുങ്ക് |
|---|---|---|---|---|---|
| 1 | വയനക്കൽ കൂനംകുളം ലക്ഷംവീട് | ടാർ | 1000 | ഇല്ല | ഇല്ല |
| 2 | ആലിൻെറ മൂട് ചരിപ്പുറം പാണാട്ടുചിറ | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 3 | ആമ്പാടിമുക്ക് കൂനംകുളം ലക്ഷംവീട് | മണ്ണ് | 1000 | ഉണ്ട് | ഇല്ല |
| 4 | കാടിയാതിവിള വയൽവരെ | മണ്ണ് | 300 | ഇല്ല | ഇല്ല |
| 5 | പൂതക്കുളം ശാസ്ഥാംകുളം എച്ച്.എസ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 6 | പൂതക്കുളം ശാസ്ഥാംക്ഷേത്രം ചന്തമുക്ക് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 7 | സരളമന്ദിരം മഠത്തിൽകുളം റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 8 | പാർക്ക്മുക്ക് കരടിമുക്ക് റോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 9 | വില്ലേജ്ഓഫീസ് കൂനംകുളം ഹരിജൻകോളനി | മണ്ണ് | 800 | ഇല്ല | ഇല്ല |
| 10 | പഞ്ചായത്താഫിസിന് പടിഞ്ഞാറുവശം ചരിപ്പുറം വഴി വയൽ വരെ | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 11 | കാക്കച്ചിമുക്കുമുതൽ കൂനംകുളംലക്ഷംവീട്മണ്ണ് | 300 | ഇല്ല | ഇല്ല | |
| | ആകെ | | 7900 മീറ്റർ | | |

## വാർഡ് 6

| ക്രമ നമ്പർ | റോഡിൻെറ പേര് | റോഡിൻെറ തരം | ദൂരം | ഓട | കലുങ്ക് |
|---|---|---|---|---|---|
| 1 | ഇളമ്പഴികത്ത് വീട് ഇടയാടിറോഡ് | ടാർ | 1000 | ഉണ്ട് | ഉണ്ട് |
| 2 | വേപ്പിൻമൂട് വെട്ടുതോട് റോഡ് | ടാർ | 1000 | ഇല്ല | ഇല്ല |
| 3 | മാങ്കൂട്ടത്തിൽമുക്ക്റോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 4 | പാലവിള ചമ്പാംചാൽ റോഡ് | ടാർ | 1000 | ഇല്ല | ഇല്ല |
| 5 | രാധാമന്ദിരം പുല്ലയിൽ ഏലാ റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 6 | ബാബുസദനം മുക്ക് വെട്ടുതോട്റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 7 | ഇടയാടി കോച്ചാടി റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 8 | വടക്കേവീട് പുല്ലയിൽ ഏല | മണ്ണ് | 500 | ഇല്ല | ഇല്ല |
| 9 | തെക്കേചമ്പാംചാൽ റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 10 | പി.ആർ ജം. മുക്കം കോളനി റോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 1 | ഗൗരീ സദനം പി.ആർ ജം. | മണ്ണ് | 500 | ഇല്ല | ഇല്ല |
| | ആകെ | | 8000 മീറ്റർ | | |

## വാർഡ് 7

| ക്രമ നമ്പർ | റോഡിൻെറ പേര് | റോഡിൻെറ തരം | ദൂരം | ഓട | കലുങ്ക് |
|---|---|---|---|---|---|
| 1 | നെല്ലേറ്റിൽ എസ്.എൻ.ഡി.പി മുക്ക് നെല്ലേറ്റിൽവിള റോഡ് | മണ്ണ് | 1500 | ഇല്ല | ഇല്ല |
| 2 | നെല്ലേറ്റിൽതെക്ക് കടത്ത് ഇടവഴി | മണ്ണ് | 500 | ഇല്ല | ഇല്ല |
| 3 | വടക്കേവീട് ഇടവഴി | മണ്ണ് | 500 | ഇല്ല | ഇല്ല |
| 4 | കുന്നുവിളമുക്ക് കായൽ ഇടവഴി | മണ്ണ് | 500 | ഇല്ല | ഇല്ല |
| 5 | കമലാലയംമുക്ക് കായൽറോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 6 | ശിവസദനംമുക്ക് കായൽറോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 7 | ബീ.റ്റി.എസ് ഹരിഹരപുരം റോഡ് | മണ്ണ് | 500 | ഇല്ല | ഉണ്ട് |
| 8 | ഇടയാടി കെടാകുളം റോഡ് | മണ്ണ് | 200 | ഇല്ല | ഇല്ല |
| 9 | ശശിവിലാസം തോണിപ്പാററോഡ് | മണ്ണ് | 300 | ഇല്ല | ഇല്ല |
| 10 | തോട്ടത്തിൽ ജംഗ്ഷൻ വെട്ടുതോട്റോഡ് | മണ്ണ് | 300 | ഇല്ല | ഇല്ല |
| 11 | പാറക്കൽമുക്ക് കുഴിക്കുളത്ത് ചാൽറോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| | ആകെ | | 6300 മീ | | |

## വാർഡ് 8

| ക്രമ നമ്പർ | റോഡിൻെറ പേര് | റോഡിൻെറ തരം | ദൂരം | ഓട | കലുങ്ക് |
|---|---|---|---|---|---|
| 1 | മാധവവിലാസം വേക്കുളം ക്ഷേത്രം റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 2 | വാഴത്തൊടി പൂതക്കുളം റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 3 | സുകുമാരവിലാസം റോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 4 | സൗത്ത് എൽ.പി.എസ് കുഴിക്കുളത്ത്ചാലിൽ | മണ്ണ് | 500 | ഇല്ല | ഇല്ല |
| 5 | വാറുവിള വേക്കുളം ഏലാ റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 6 | വേക്കുളം ക്ഷേത്രം ഇടത്തറമുക്ക് റോഡ് | മണ്ണ് | 1500 | ഇല്ല | ഇല്ല |
| 7 | കുളങ്ങരക്കാല മാടൻനട റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 8 | ചെമ്പകശ്ശേരി എച്ച്.എസ്സ് റോഡ് | ടാർ | 1000 | ഇല്ല | ഇല്ല |
| 9 | വലിയവിള ചെമ്പകശ്ശേരി എച്ച്.എസ്സ് | മണ്ണ് | 2000 | ഇല്ല | ഇല്ല |
| 10 | പുതുവീട്ടിൽറോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 11 | സുകുമാരവിലാസം പാലവിളമുക്ക് റോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 12 | ചെമ്പകശ്ശേരി എച്ച്.എസ്സ്. പുന്നേക്കുളം ഏലറോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 13 | ശശിവിലാസം മുതൽ ലക്ഷ്മിവിലാസം വരെയുള്ള റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 14 | വേപ്പാലിൻമൂട് പുന്നേക്കുളം ഏലാ റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 15 | വേപ്പാലുംമൂട് കല്ലാഴി റോഡ് | മണ്ണ് | 350 | ഇല്ല | ഇല്ല |
| | ആകെ | | 12350 മീറ്റർ | | |

## വാർഡ് 9

| ക്രമ നമ്പർ | റോഡിൻെറ പേര് | റോഡിൻെറ തരം | ദൂരം | ഓട | കലുങ്ക് |
|---|---|---|---|---|---|
| 1 | ഊന്നിൻമൂട് ബ്ലാക്ക്മരം റോഡ് | ടാർ | 1200 | ഉണ്ട് | ഉണ്ട് |
| 2 | ഊന്നിൻമൂട് ഇടപ്പണറോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 3 | ശാരദാമുക്ക് കുരകുളം ഇടപ്പണറോഡ് | മണ്ണ് | 400 | ഇല്ല | ഇല്ല |
| 4 | ഇടനാഴിത്തൊടി കരകുളം റോഡ് | മണ്ണ് | 250 | ഇല്ല | ഇല്ല |
| 5 | വേപ്പാലുംമൂട് പുന്നവിള ജം. | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 6 | കിഴക്കതിൽ പുനവൂർ ഏലാ റോഡ് | മണ്ണ് | 250 | ഇല്ല | ഇല്ല |
| 7 | ചെന്നയ്ക്കോട് പുനവൂർ ഏലാറോഡ് | മണ്ണ് | 350 | ഇല്ല | ഇല്ല |
| 8 | തുണ്ടിൽ പുനവൂർ ഏലാ റോഡ് | മണ്ണ് | 300 | ഇല്ല | ഇല്ല |
| 9 | കോണത്തു ജം. പുനവൂർ ഏലാ റോഡ് | മണ്ണ് | 300 | ഇല്ല | ഇല്ല |
| 10 | പാലവിള ജം. പുനവൂർ ഏലാ റോഡ് | മണ്ണ് | 400 | ഇല്ല | ഇല്ല |
| 11 | പൊരുത്തുമൂല തോക്കാട്ടിൽ റോഡ് | മണ്ണ് | 450 | ഇല്ല | ഇല്ല |
| 12 | തോക്കാട്ടിൽ കൃഷ്ണൻനട റോഡ് | മണ്ണ് | 300 | ഇല്ല | ഇല്ല |
| 13 | പൂതക്കുളം എച്ച്.എസ്സ്. തലക്കുളംഹൗസ്റോഡ് | മണ്ണ് | 1100 | ഇല്ല | ഉണ്ട് |
| 14 | കാവിൽകിഴക്കത് പുനവൂർ ഏലാ | മണ്ണ് | 450 | ഇല്ല | ഇല്ല |
| 15 | വായനശാല ജം. കുരകുളം ഏല റോഡ് | മണ്ണ് | 450 | ഇല്ല | ഇല്ല |
| 16 | കുന്നുവിള തലക്കുളം ഏലാ റോഡ് | മണ്ണ് | 150 | ഇല്ല | ഇല്ല |
| | ആകെ | | 8300 മീ | | |

## വാർഡ് 10

| ക്രമ നമ്പർ | റോഡിൻെറ പേര് | റോഡിൻെറ തരം | ദൂരം | ഓട | കലുങ്ക് |
|---|---|---|---|---|---|
| 1 | പുത്തൻകുളം ലിംനിവാസ് റോഡ് | ടാർ | 600 | ഇല്ല | ഇല്ല |
| 2 | ഐ.ഒ.ബി ജം. കിണറ്റുവിള റോഡ് | മണ്ണ് | 800 | ഇല്ല | ഇല്ല |
| 3 | കലുങ്ങ് ജം. നെടുവള്ളിച്ചാൽ വഴി വട്ടവിളറോഡ് | മണ്ണ് | 1050 | ഇല്ല | ഇല്ല |
| 4 | കല്ലുവിള വേപ്പാംലുംമൂട് റോഡ് | മണ്ണ് | 500 | ഇല്ല | ഇല്ല |
| 5 | കലുങ്ങ് ജം. പറണ്ടക്കുളം വഴി കിഴക്കേവീട്ടിൽ ക്ഷേത്രം റോഡ് | മണ്ണ് | 1350 | ഇല്ല | ഉണ്ട് |
| 6 | പാറപ്പുറം നോർത്ത് എൽ.പി.എസ് റോഡ് | മണ്ണ് | 850 | ഇല്ല | ഇല്ല |
| | ആകെ | | 5150 മീ | | |

## വാർഡ് 11

| ക്രമ നമ്പർ | റോഡിൻെറ പേര് | റോഡിൻെറ തരം | ദൂരം | ഓട | കലുങ്ക് |
|---|---|---|---|---|---|
| 1 | ഈഞ്ചക്കാട്ടു ഇടവഴി റോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| 2 | പുത്തൻകുളം വടക്കേത്തൊടി റോഡ് | മണ്ണ് | 2000 | ഇല്ല | ഇല്ല |
| 3 | അമ്മാരത്ത്മുക്ക് ചിറക്കരത്താഴം റോഡ് | ടാർ | 1500 | ഇല്ല | ഇല്ല |
| 4 | ദേവരാജവിലാസം എൽ.പി.എസ് പുത്തൻകുളം ഏലാ റോഡ് | മണ്ണ് | 1000 | ഇല്ല | ഇല്ല |
| | ആകെ | | 5500 മീ | | |

## പുതുതായി വെട്ടേണ്ട റോഡുകൾ

പെരുങ്കുളം ഏലായുടെ വടക്കുവശത്തുകൂടി സാറാബിൽഡിംഗിന് അടുത്തുനിന്നും കിഴക്കോട്ട് കല്ലട പദ്ധതിയുടെ കനാൽവരെ ഒരു പുതിയ റോഡുവെട്ടി ടാർ ചെയ്യണം. കൂനയിൽ സ്കൂളിന് എതിർവശമുള്ള തടിമില്ലിന് സമീപം ചേർന്ന് തെക്കോട്ട് ഞാറോട്ട് ഏലായിൽ കൂടി ചരുവിള ക്ഷേത്രത്തിന് സമീപം വന്നു ചേരുന്ന റോഡു നിർമ്മിക്കണം. പാണാട്ടുചിറ ചീർപ്പിന്റെ സമീപത്തുനിന്നും വടക്കോട്ടൊരു റോഡ്വെട്ടണം. വേക്കുളം ഹരിഹര പുരം പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു റോഡ് വെട്ടണം. കിഴക്കേവീട് ക്ഷേത്രത്തിന് പടിഞ്ഞാറ് ഈഴംവിളക്ഷേത്രത്തിനു മദ്ധ്യേ ഈഴംവിള മുക്കിൽനിന്നും അമ്മാരത്തുമുക്ക് ചന്ത നോർത്ത് എൽ.പി.എസ് എന്നിവിടങ്ങളിലേക്ക് പോകുന്നതിന് റോഡ് നിർമ്മിക്കണം. പുത്തൻകുളം തീയറ്റർ ജംഗ്ഷനിൽ നിന്നും ചിറക്കരത്താഴത്തേക്ക് ഒരു പുതിയ റോഡ്വെട്ടണം.

## ടാർ ഇടേണ്ട റോഡുകൾ

1. കലയക്കോട് പടിഞ്ഞാറേ മാടൻനടമുതൽ പി.എച്ച്.സി വരെയുള്ള റോഡ്
2. ഇൻഡ്യൻ ബാങ്ക് ഇ.എം.എസ് കോളനി റോഡ്
3. കലയ്ക്കോട് പടിഞ്ഞാറേ മാടൻ നടയ്ക്ക് ചുറ്റുമുള്ള റോഡ്
4. മേലേവിള പെരുങ്കുളം റോഡ്
5. കാടിയാതി ജം. ഹരിജൻകോളനി റോഡ്
6. പുളിമൂട് ജം.ൽ നിന്നും താഴോട്ടുള്ളറോഡ്
7. ചക്കവിള കൊച്ചുവിള റോഡ്
8. ട്രാൻസ്ഫോർമർ പട്ടമ്പി റോഡ്
9. പുന്നമുക്ക് പഴയകടവ് റോഡ്
10. കോട്ടുവൻകോണം പണ്ടാരത്ത്റോഡ്
11. മുക്കട പന്നിവിള റോഡ്
12. രാജാമിൽ വലിയപാലം റോഡ്
13. ഭജനമഠം പാർക്കുമുക്ക് റോഡ്
14. അംഗൻവാടി പാണാട്ടുചിറ റോഡ്
15. എച്ച്.എസ് ഗ്രൗണ്ട് മഠത്തിക്കുളംറോഡ്
16. നെല്ലേറ്റിൽ എസ്.എൻ.ഡി.പി മുക്ക് പോസ്റ്റാഫീസ് റോഡ്
17. വാറുവിള വേക്കുളം റോഡ്
18. സുകുമാരവിലാസം അഞ്ചുമൂല റോഡ്
19. മാധവവിലാസം വേക്കുളം ക്ഷേത്രം
20. ഊന്നിൻമൂട് ബ്ലോക്ക്കമരം റോഡ്
21. ഐ.ഒ.ബി ജം. മുതൽ കടമ്പ്ര വഴി പി.ഡബ്ല്യു.ഡി റോഡിൽ എത്തുന്ന റോഡ്
22. കലുങ്ക് ജം. നെടുവള്ളിച്ചാലിൽ വേപ്പാംലുമൂട് റോഡ്
23. കലുങ്ക് ജം. പറണ്ടക്കുളം കിഴക്കേവീട് റോഡ്
24. കലുങ്ക് ജം. നോർത്ത് എൽ.പി.സ്കൂൾ റോഡ്
25. വിളയിൽവീട് ജം. കല്ലുവിള ജം. റോഡ്
26. ശാരദാമുക്ക് പുന്നേക്കുളം കോളനിറോഡിന്റെ അവശേഷിക്കുന്ന ഭാഗം.

പഞ്ചായത്തിൽ അംഗീകൃത ടാക്സി സ്റ്റാൻറുകൾ ഒന്നുമില്ല. പൂതക്കുളം ബാങ്ക് ജംഗ്ഷൻ, പുത്തൻകുളം അമ്മാരത്ത്മുക്ക്, പഞ്ചായത്താഫീസ് ജംഗ്ഷൻ കലയ്ക്കോട് ബാങ്ക് ജംഗ്ഷൻ എന്നിവിടങ്ങളിൽ ടാക്സിസ്റ്റാൻറുകളുണ്ട്. ഏകദേശം 100 ടാക്സികളും 75 ഓളം ഓട്ടോറിക്ഷകളും സർവ്വീസ് നടത്തുന്നു. പഞ്ചായത്താഫീസ് ജംഗ്ഷൻ, ബ്ലോക്ക്മരം ഊന്നിൻമൂട് പൂതക്കുളം എന്നിവിടങ്ങളിലാണ് ഓട്ടോ സ്റ്റാൻറുകളുള്ളത്. പഞ്ചായത്ത് ചെലവിൽ നിർമ്മാണം പൂർത്തിയാക്കിയ ഏക ബസ് വെയ്റ്റിംഗ് ഷെഡ് പഞ്ചായത്താഫീസ് ജംഗ്ഷനിലാണ്. രാഷ്ട്രീയ സന്നദ്ധസംഘടനകലുടേയും ബഹുജനങ്ങളുടേയും പങ്കാളിത്തത്തോടുകൂടി കോട്ടുവൻകോണം, മുക്കട അംബികാമേക്കപ്പ് ജംഗ്ഷൻ, വിവേകോദയം ജംഗ്ഷൻ പുത്തൻകുളം, പൂതക്കുളം എച്ച്.എസ്.ജംഗ്ഷൻ, വേപ്പിൻമൂട്, ചക്കവിള, കലയ്ക്കോട് ബാങ്ക് ജംഗ്ഷൻ തെക്കേവിള ജംഗ്ഷൻ, ഇടയാടി തുടങ്ങിയ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ് ഉണ്ട്. ട്രാൻസ്പോർട്ട് ബസുകൾ വളരെചുരുക്കമായി മാത്രമേ ഈ പഞ്ചായത്തിൽ സർവ്വീസ് നടത്തുന്നുള്ളു. പൊഴിക്കര–പൂവാർ, ശിവഗിരിമഠം–ഗുരുവായൂർ ഫാസ്റ്റ്

പാസഞ്ചറുകൾ, കൊല്ലം-വർക്കല ക്ഷേത്രം, കൊല്ലം-നെല്ലേറ്റിൽ എന്നിവയാണ് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ. ഇതിൽ കൊല്ലം- നെല്ലേറ്റിൽ എന്നീ സർവ്വീസുകൾ പലപ്പോഴും മുടങ്ങാറുണ്ട്. കൊട്ടാരക്കര -പുതുവൽ സർവീസ് പുനഃരാരംഭിക്കണം. പഞ്ചായത്ത് അതിർത്തിയിലെ മിക്ക സ്ഥലങ്ങളേയും സംയോജിപ്പിച്ചുകൊണ്ട് പ്രൈവറ്റ് ബസ് സർവ്വീസുകൾ ഉണ്ട്. പുതുതായി ആരംഭിക്കേണ്ട ബസ് സർവ്വീസുകൾ

1. കൊല്ലം നെല്ലേറ്റിൽ K.S.R.T.C ബസിന്റെ ഷെഡ്യൂൾ രണ്ടിൽ നിന്നും നാലു പ്രാവശ്യമാക്കണം.
2. ആറ്റിങ്ങൽ ഊന്നിൻമൂട് കലയ്ക്കോട് വഴി പരവൂരിലേക്ക് K.S.R.T.C സർവ്വീസ് ആരംഭിക്കണം.
3. തിരുവനന്തപുരം-തോണിപ്പാറ ഫാസ്റ്റ് പാസഞ്ചർ കലയ്ക്കോടുവഴി പരവൂർ വരെ നീട്ടണം.
4. ആറ്റിങ്ങൾ-പാരിപ്പള്ളി പൂതക്കുളം പഞ്ചായത്താഫീസ് ജംഗ്ഷൻ വഴി കൊല്ലം വരെ സർവ്വീസ് തുടങ്ങണം.
5 ഊന്നിൻമൂട്, ചെമ്പകശ്ശേരി വാറുവിള ജംഗ്ഷൻ ഇടയാടി പൂതക്കുളം വഴി കൊല്ലം.
6. ആറ്റിങ്ങൽ-പാരിപ്പള്ളി-പഞ്ചായത്താഫീസ്-നെടുങ്ങോലം വഴി പരവൂർ
7. കൊട്ടാരക്കര-ഊന്നിൻമൂട്-പരവൂർ
8. ആറ്റിങ്ങൽ-ഹരിഹരപുരം-പൂതക്കുളം-പരവൂർ
9 ആറ്റിങ്ങൽ-പാരിപ്പള്ളി പൂതക്കുളം വഴി പരവൂർ
10. കൊല്ലം-കൊച്ചാലുംമൂട്-കലയ്ക്കോട് വഴി വർക്കലക്ഷേത്രം.
11. പുനലൂർ-നിലമേൽ-പാരിപ്പള്ളി-ഡോക്ടർ ജം.-പൂതക്കുളം എച്ച്.എസ്-കലയ്ക്കോട് പി.എച്ച്. സെൻറർ
12. കടയ്ക്കൽ-പാരിപ്പള്ളി-പഞ്ചായത്താഫീസ് വഴി കലയ്ക്കോട്
13. പാരിപ്പള്ളി പുത്തൻകുളം-ഈഴംവിള-പൂതക്കുളം എച്ച്.എസ് വഴി പരവൂർ കൊല്ലം.
14. കൊല്ലത്തുനിന്നും ചിറക്കരക്ഷേത്രം വരെയുള്ള K.S.R.T.C സർവ്വീസ് ഊന്നിൻമൂട് വരെ നീട്ടണം.
15. പൂതക്കുളം പഞ്ചായത്താഫീസ്-എച്ച്.എസ്. ജം.-പാരിപ്പള്ളി വഴി ദ'മ'ഭ'യ'ഞ യുടെ ഒരു പുതിയ സർവ്വീസ് ആരംഭിക്കണം.

### പ്രശ്നങ്ങൾ

1. റോഡുകൾക്കാവശ്യമുള്ള ഓടകളില്ല.
2. പലറോഡുകൾക്കും കലുങ്കില്ല.
3. റോഡുകളുടെ വീതിക്കുറവ്
4. മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കൽ
5. കോൺട്രാക്ട് സമ്പ്രദായം

### നിർദ്ദേശങ്ങൾ

നിർമ്മാണ പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തം ഉറപ്പാക്കണം. റോഡുനിർമ്മാണത്തിനുപയോഗിക്കുന്ന മെറ്റീരിയൽസ് ശരിയായ മിശ്രിതത്തിലാണ് ഉപയോഗിക്കുന്നതെന്ന് പരിശോധിക്കാനുള്ള അധികാരം ജനകീയ കമ്മിറ്റികളിൽ നിക്ഷിപ്തമാക്കണം. സന്നദ്ധപ്രവർത്തനങ്ങളിലൂടെയുള്ള റോഡു നിർമ്മാണവും സംരക്ഷണവും പ്രോത്സാഹിപ്പിക്കണം. റോഡുകളുടെ സംക്ഷണത്തിന് ടെലിക്കോം., വാട്ടർ അതോറിട്ടി. കെ.എസ്.ഇ.ബി., പി. ഡബ്ല്യൂ.ഡി എന്നീ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉണ്ടാകേണ്ടതാണ്. മഴക്കാലങ്ങളിൽ വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സൗകര്യത്തോടുകൂടിയ ഓടകൾ നിർമ്മിക്കണം. മണ്ണൊലിപ്പ് തടയുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. റോഡുനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തണം.

കയർവ്യവസായ മേഖലയായ കലയ്ക്കോട് പുളിമൂട്ടിൽ നിന്നും പരവൂർ കോട്ടപ്പുറവുമായി ബന്ധിപ്പിച്ച് പുതിയ കടത്ത് ആരംഭിക്കണം. നെല്ലേറ്റിൽ-ഒരു ബോട്ടുജെട്ടി സ്ഥാപിച്ച് ബോട്ട് സർവ്വീസ് ആരംഭിക്കാനുള്ള നയപടികൾ സ്വീകരിക്കണം.

## ഊർജ്ജം

ഊർജ്ജ സ്രോതസ്സുകളിൽ വൈദ്യുതിക്കാണ് പ്രമുഖസ്ഥാനം. ഗാർഹികാവശ്യങ്ങൾക്കുപുറമേ കാർഷികാവശ്യത്തിനും ഇപ്പോൾ വൈദ്യുതി ഉപയോഗിക്കുന്നന്നുണ്ട്. ഏകദേശം 30 വർഷങ്ങൾക്കു മുമ്പ് നമ്മുടെ ഗ്രാമത്തിൽ വൈദ്യുതി എത്തിച്ചേർന്നു

എങ്കിലും പൂതക്കുളം പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലുമുള്ള വീടുകളിൽ വിദ്യുച്ഛക്തി സൗകര്യമില്ല. പൂതക്കുളം പഞ്ചായത്തിൽ 3200 വൈദ്യുത ഉപഭോക്താക്കളുണ്ട്. പാരിപ്പള്ളി 66 കെ.വി സബ്സ്റ്റേഷനിൽനിന്നും വർക്കല 66 കെ.വി സബ്സ്റ്റേഷനിൽനിന്നുമാണ് പൂതക്കുളം പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത്.

പരവൂർ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസിൽ കൂടിയാണ് പൂതക്കുളം പഞ്ചായത്തിൽ വൈദ്യുതി വിതരണം നടക്കുന്നത്. പഞ്ചായത്തിൽ ഒരു വൈദ്യുതി ഓഫീസ് ഉണ്ടെങ്കിലും കറണ്ടുചാർജ് അടക്കുന്നതിലും വൈദ്യുതതകരാറ് പരിഹരിക്കുന്നതിലും മാത്രമേ ഈ ഓഫീസ് ഉപകരിക്കുന്നുള്ളു. മറ്റു എല്ലാവിധ ആവശ്യങ്ങൾക്കും പരവൂർ ഓഫീസിനെയാണ് ആശ്രയിക്കുന്നത്. പൂതക്കുളം ഓഫീസിൽ ഒരു സബ് എഞ്ചിനീയർ ഉൾപ്പടെ 10 ജീവനക്കാർ മാത്രമേ ഉള്ളൂ.

**ഉപഭോക്താക്കളുടെ പട്ടിക**

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ഗാർഹികം | 3200 |
| 2 | വ്യാപാരം | 225 |
| 3 | വ്യാവസായികം | 34 |
| 4 | കാർഷികം | 110 |
| 5 | സ്ഥാപനങ്ങൾ | 51 |
| | ആകെ | 3620 |

**തൻവർഷത്തെ കണക്ഷൻ**

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ഓർഡിനറി | 11 |
| 2 | ഒ.റ്റി.പി | 9 |
| 3 | ഒ.വൈ.ഇ.സി | 74 |
| | ആകെ | 94 |

**കണക്ഷനുവേണ്ടി കാത്തിരിക്കുന്നവർ**

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ഓർഡിനറി | 70 |
| 2 | ഒ.റ്റി.പി | 4 |
| 3 | ഒ.വൈ.ഇ.സി | 44 |
| | ആകെ | 118 |

ഒ.റ്റി.പി വ്യവസ്ഥ അനുസരിച്ച് കണക്ഷൻ ലഭിക്കാൻ അർഹതയുള്ളവർ പട്ടികജാതി, അംഗവൈകല്യം സംഭവിച്ചവർ, ജവാൻമാർ എന്നിവർക്കാണ്. പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് പോസ്റ്റ് കൂടാതെ ഒ.റ്റി.പി വ്യവസ്ഥകളനുസരിച്ച് ഉടൻ കണക്ഷൻ കൊടുക്കുന്നതാണ്. മുൻഗണനാ ക്രമം ഇവരുടെ കാര്യത്തിൽ ബാധകമല്ല. പട്ടികജാതി ഉൾപ്പടെ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവർക്ക് കുടിർജ്യോതി പദ്ധതി പ്രകാരം വൈദ്യുതി നൽകുന്ന ഏർപ്പാടും നിലവിലുണ്ട്.

പഞ്ചായത്തിലെ മുഴുവൻ ഹരിജൻ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. എന്നാൽ നിരവധി ഹരിജൻ ഭവനങ്ങളിൽ ഇപ്പോഴും വൈദ്യുതി ലഭിച്ചിട്ടില്ല.

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ ഇനിയും ധാരാളമുണ്ട്. പ്രതിമാസം തെരിവുവിളക്കിൻെറ കറണ്ടുചാർജ് ഇനത്തിൽ 9560 രൂപ ചെലവഴിക്കുന്നുണ്ട്.

**സ്ട്രീറ്റ് ലൈറ്റ് പട്ടിക**

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ബൾബ് 40 വാൾട്ട് | 708 |
| 2 | ട്യൂബ് | 59 |
| 3 | മെർക്കുറി വേപ്പർ | 1 |
| 4 | സോഡിയം വേപ്പർ | ഇല്ല |
| | ആകെ | 768 |

പഞ്ചായത്തിലൊട്ടാകെ 27 ട്രാൻസ്ഫോർമറുകളാണുള്ളത്. വൈദ്യുതി വിതരണം മെച്ചപ്പെടുത്താനും ഉയർന്നതോതിൽ വോൾട്ടേജ് ലഭിക്കാനും ആണ് ഇത് സ്ഥാപിച്ചിട്ടുള്ളതെങ്കിലും സ്ഥിതിഗിതികൾ മെച്ചപ്പെട്ടിട്ടില്ല.

ട്രാൻസ്ഫോർമറുകളുടെ പട്ടിക

| ക്രമ നമ്പർ | സ്ഥാപിച്ചിട്ടുള്ള സ്ഥലം | സ്ഥാപിത ശേഷി |
|---|---|---|
| 1 | ബ്ലോക്ക്മരം | 100 KVA |
| 2 | ഈഴംവിള | 160 KVA |
| 3 | ഊന്നിൻമൂട് | 100 KVA |
| 4 | പുത്തൻകുളം | 100 KVA |
| 5 | ഡോക്ടർമുക്ക് | 100 KVA |
| 6 | പൂതക്കുളം ഓഫീസ് | 100 KVA |
| 7 | പൂതക്കുളം എച്ച്.എസ് | 100 KVA |
| 8 | വേപ്പാലുംമൂട് | 100 KVA |
| 9 | പൂതക്കുളം വെസ്റ്റ് | 100 KVA |
| 10 | മേക്കപ്പ്മുക്ക് | 100 KVA |
| 11 | പാലോട്ട്കാവ് | 100 KVA |
| 12 | അംഗൻവാടി | 100 KVA |
| 13 | ശരവണ | 100 KVA |
| 14 | നെല്ലേറ്റിൽ നമ്പർ 1 | 100 KVA |
| 15 | നെല്ലേറ്റിൽ നമ്പർ 2 | 100 KVA |
| 16 | ഇടയാടി | 63 KVA |
| 17 | കുളങ്ങരക്കാല | 100 KVA |
| 18 | വാറുവിള | 100 KVA |
| 19 | കലയക്കോട് നോർത്ത് | 160 KVA |
| 20 | കലയ്ക്കോട് സൗത്ത് | 100 KVA |
| 21 | കലയ്ക്കോട് പി.എച്ച്.സെൻറർ | 100 KVA |
| 22 | പെരുങ്കുളം | 63 KVA |
| 23 | ഞാറോട്ട് | 100 KVA |
| 24 | കൂനയിൽ വായനശാല | 160 KVA |
| 25 | കോട്ടുവൻകോണം | 100 KVA |
| 26 | ചക്കവിള | 100 KVA |
| 27 | വേപ്പിൻമൂട് | 160 KVA |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും എല്ലാ വീടുകളും വൈദ്യുതീകരിച്ചിട്ടില്ല.
2. വോൾട്ടേജ് കമ്മി.
3. വൈദ്യുതി മുടക്കം
4. തെരുവുവിളക്കുകൾ പൂർണ്ണമായും കത്തുന്നില്ല
5. തെരുവുവിളക്കുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല
6. ട്യൂബ്ലൈറ്റിൻേറയും തെരിവുവിളക്കുകളുടേയും എണ്ണക്കുറവ്
7. സോഡിയം വേപ്പർ ലാമ്പിൻെറ അഭാവം
8. വൈദ്യുതി പാഴാക്കിക്കളയൽ
9. വൈദ്യുതി ബന്ധം കിട്ടാനുള്ള കാലതാമസം
10. വൈദ്യുതി തകരാറിനെക്കുറിച്ചുള്ള പരാതിയിൻമേൽ നടപടി എടുക്കുവാനുള്ള കാലതാമസം.
11. യഥാസമയം മീറ്റർ റീഡിംഗ് എടുക്കാത്തതുകൊണ്ട് ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്.
12. ഊർജ്ജാസൂത്രണത്തിൽ ജനകീയപങ്കാളിത്തമില്ലായ്മ, വൈദ്യുതി ലഭിക്കാനുള്ള സങ്കീർണ്ണമായ നടപടിക്രമം.
13. കുടിർജ്യോതി പദ്ധതിയുടെ ദുരുപയോഗം
14. വൈദ്യുതി മോഷണം.

## നിർദ്ദേശങ്ങൾ

മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനു വേണ്ടി ലൈൻ എക്സ്റ്റൻഷൻ പണികൾ ത്വരിതപ്പെടുത്തണം. പല വാർഡുകളിലും ലൈൻ വന്ന് മുറിഞ്ഞ് നിൽപ്പുണ്ട്. എത്രകിലോമീറ്റർ ദൂരത്തിൽ പുതുതായി ലൈൻ വലിക്കണമെന്നതിനും വൈദ്യുതീകരിക്കാത്ത കുടുംബങ്ങൾ എത്രയെന്ന് കണ്ടെത്തുന്നതിനും വേണ്ടി ഒരു ഊർജ്ജ സർവ്വേ നടത്തണം.

വോൾട്ടേജ് കമ്മി പരിഹരിക്കുന്നതിനാവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. ഇപ്പോൾ ചക്കവിളയിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ ഉടൻതന്നെ കമ്മീഷൻ ചെയ്യണം. ലൈനുകളിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചാൽ വൈദ്യുതി വിതരണത്തിൻെറ മുടക്കം ഒരു പരിധിവരെ പരിഹരിക്കാം. സെക്ഷൻ അടിസ്ഥാനത്തിൽ ഗ്രമപഞ്ചായത്ത് മെമ്പർമാരുടേയും രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും ഉദ്യോഗസ്ഥന്മാരുമടങ്ങിയ ജനകീയ കമ്മിറ്റികൾ രൂപീകരിക്കണം. ഇപ്പോൾ ഡിവിഷൻ തലത്തിൽ

പ്രവർത്തിക്കുന്ന വൈദ്യുത ഉപദേശകസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഈ രണ്ടു സമിതികളും മാസത്തിലൊരു പ്രാവശ്യം അവലോകന യോഗങ്ങൾ നടത്തണം. പുതിയ വൈദ്യുതി ബന്ധം സ്ഥാപിച്ച് കിട്ടാനുള്ള കാലതാമസം ഒഴിവാക്കണം. ഓർഡിനറി വ്യവസ്ഥകൾ അനുസരിച്ച് കണക്ഷനുകൾ അനുവദിക്കുന്നതിന് വലിയ കാലതാമസം നേരിടുന്നുണ്ട്. പോസ്റ്റുകൾ സ്ഥാപിച്ച് വൈദ്യുത ബന്ധം ലഭിക്കണമെങ്കിൽ നാലഞ്ച് കൊല്ലം കാത്തിരിക്കണം. തെരുവുവിളക്കുകൾ ഫലപ്രദമായി കത്താറില്ല. ഫ്യൂസായ ബൾബുകൾ മാറുന്നതിനുള്ള കാലതാമസം ഒഴിവാക്കുക. ബൾബുകൾ വാങ്ങി മാറുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് കൈമാറുക. പ്രസരണവിതരണനഷ്ടം ഒഴിവാക്കുക. വൈദ്യുതി പാഴാക്കലിനെതിരെ ബോധവൽക്കരണം നടത്തുക. തെരുവുവിളക്കുകളുടെ ഉപഭോഗം പ്രത്യേകം അളക്കുന്നതിന് മീറ്റർ സ്ഥാപിക്കുക. വൈദ്യുത കണക്ഷൻ കിട്ടുന്നതിന് വ്യവസ്ഥകൾ ലഘൂകരിക്കുക. യഥാസമയം മീറ്റർ റീഡിംഗ് നടത്തി അധികം ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ് ഈടാക്കുക.

രൂക്ഷമായ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് പുത്തൻ ഉൽപ്പാദന സ്രോതസുകൾ കണ്ടെത്തുക.

പൂതക്കുളത്തു ഇപ്പോൾ പ്രവർത്തിക്കുന്ന വൈദ്യുതി ബോർഡാഫീസ് ഒരു സെക്ഷനാഫീസായി ഉയർത്തുക. നെല്ലേറ്റിലും പുത്തൻകുളത്തും കലയ്ക്കോടും ആഴ്ചയിലൊരുദിവസം പ്രവർത്തിക്കുന്ന കളക്ഷൻ സെൻററുകൾ സ്ഥാപിക്കുക. താലൂക്ക് സഭകളിൽ പഞ്ചായത്ത് പ്രതിനിധികളുടെ പരാതികൾക്കും നിർദ്ദേശങ്ങൾക്കും ഉടൻ പരിഹാരം കാണുന്നതിന് നടപടി ഉണ്ടാകണം.

വൈദ്യുതിക്ക് പുറമേ വിറക്, തെങ്ങുൽപ്പന്നങ്ങൾ, മണ്ണെണ്ണ, റബ്ബറിൻെറ കായത്തോട്, ചപ്പുചവറുകൾ, പാചക വാതകം എന്നിവയാണ് വ്യാപകമായി ഉപയോഗിക്കുന്ന മറ്റു ഊർജ സ്രോതസ്സുകൾ. പാചക ആവശ്യത്തിനായി 10% ൽ താഴെ ആളുകൾ മാത്രമേ പാചകവാതകം ഉപയോഗിക്കുന്നുള്ളൂ. പഞ്ചായത്തിലൊരു ഗ്യാസ് കണക്ഷൻ–വിതരണ ഏജൻസി ഇല്ല. പരവൂർ മുൻസിപ്പാലിറ്റിയിലെ ഗ്യാസ് ഏജൻസിയാണ് നമ്മുടെ പ്രദേശത്ത് വിതരണം നടത്തുന്നത്. വളരെയധികം ആളുകൾ ഗ്യാസ് കണക്ഷനായി കാത്തിരിക്കുന്നു. പഞ്ചായത്ത് അതിർത്തിയിൽ ഗവൺമെൻറ് അംഗീകൃത ഗ്യാസ് ഏജൻസി ആരംഭിക്കണം. കോട്ടുവൻകോണത്ത് എമിറേറ്റസ് ഗ്യാസ് ഏജൻസി എന്ന പേരിൽ ഒരു സ്വകാര്യ ഏജൻസി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ചുരുക്കം ചില വീടുകളിൽ പാചക ആവശ്യത്തിനായി മണ്ണെണ്ണ ഉപയോഗിക്കുന്നു. വിറകാണ് നമ്മുടെ ഏറ്റവും പ്രധാന ഗാർഹിക ഇന്ധനം. ഇതിൻെറ ഏതാണ്ട് 40%വും തെങ്ങിൽ നിന്നാണ് ലഭിക്കുന്നത്. വിറകിൻെറ ലഭ്യത കുറഞ്ഞുവരുകയും വില കൂടി വരുകയും ചെയ്യുന്ന ഈ അവസരത്തിൽ ദക്ഷത കൂടിയ അടുപ്പുകളുടെ പ്രചാരം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇത് സ്ത്രീകളുടെ ആരോഗ്യത്തകർച്ചക്ക് പരിഹാരമാകും.

## മാർക്കറ്റ്

കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സൗകര്യങ്ങൾ പൂതക്കുളം പഞ്ചായത്തിലെ മാർക്കറ്റുകളിലുണ്ട്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി ചെറുതും വലുതുമായ അഞ്ചു മാർക്കറ്റുകൾ പ്രവർത്തിക്കുന്നു. പഞ്ചായത്ത് വക ചന്തകളായ അമ്മാരത്തുമുക്ക്, പുത്തൻകുളം എന്നിവിടങ്ങളിൽ നിന്ന് 10,010 രൂപ വാർഷികവരുമാനം ലഭിക്കുന്നു. ഇതിന് പുറമേ കോട്ടുവൻകോണത്തും പൂതക്കുളത്തും ഊന്നിൻമൂട്ടിലും സ്വകാര്യചന്തകളുണ്ട്. നെല്ലേറ്റിൽ, കലയ്ക്കോട്ട് എന്നിവിടങ്ങളിൽ കുറച്ചു സമയം പ്രവർത്തിക്കുന്ന നാമമാത്രമായ ചന്തകളുമുണ്ട്. മാർക്കറ്റുകളിൽകൂടി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, നാളീകേരം, കിഴങ്ങുവർഗ്ഗങ്ങൾ, മത്സ്യം എന്നിവയാണ് പ്രധാനമായും വിറ്റഴിക്കുന്നത്.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

കോട്ടുവൻകോണം ചന്തയിൽ മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നതുമൂലമുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് തറലെവൽ ഉയർത്തി, ഷെഡുകൾ കെട്ടി പ്രവർത്തനം സുഗമമാക്കണം. സ്വകാര്യ ചന്തകൾ പഞ്ചായത്ത് ഏറ്റെടുക്കണം. പുത്തൻകുളം ചന്തക്ക് പ്രവർത്തനം വിപുലീകരിക്കുന്നതിന് വേണ്ടി 4 സെൻറ് വസ്തുകൂടി വാങ്ങണം. ചന്തയിലുള്ള കിണർ ശുദ്ധീകരിച്ച് ഉപയോഗപ്രദമാക്കുകയും പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കുകയും വേണം. പൂതക്കുളം കേന്ദ്രമാക്കി ഒരു പഞ്ചായത്ത് മാർക്കറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.



# പാർപ്പിടം, സാമൂഹ്യക്ഷേമം

ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവയാണല്ലോ. നാലാം പഞ്ചവത്സര പദ്ധതിവരെ ഭവനനിർമാണം ഒരു കേന്ദ്രവിഷയമായിരുന്നു. അന്നൊക്കെ ഭവന നിർമാണ മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മേൽനോട്ടച്ചുമതലയേ സംസ്ഥാന സർക്കരുകൾക്കുണ്ടായിരുന്നുള്ളൂ. എന്നാൽ നാലാം പദ്ധതിയിൽ ഭവനനിർമാണം ഒരു സംസ്ഥാന വിഷയമായി മാറ്റിയതോടുകൂടി സംസ്ഥാന സർക്കാരുകൾക്ക് പുതിയ കർമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യം കൈവന്നു. കേരളത്തിലെ ദുർബലവിഭാഗത്തിൽപ്പെട്ടവരെ ഉദ്ദേശിച്ചു ഒരു ലക്ഷംവീട് നിർമിച്ചുകൊടുക്കുന്നതിനുള്ള ലക്ഷംവീട് പദ്ധതി നാലാം പദ്ധതിയുടെ തുടക്കത്തിൽ ആരംഭിച്ചു. 250 ചതുരശ്ര അടി വിസ്തീർണമുള്ള വീട് നിർമിച്ചു കൊടുക്കാനായിരുന്നു പരിപാടി. ലോകശ്രദ്ധ പിടിച്ചുപറ്റിയ ലക്ഷംവീടു പദ്ധതിയനുസരിച്ച് ഇത്തിക്കര ബ്ലോക്കിൽ 100 വീടുകളുടെ നിർമാണം ആദ്യം പൂർത്തിയാക്കിയത് പൂതക്കുളം പഞ്ചായത്തായിരുന്നു.

നമ്മുടെ പഞ്ചായത്തിൽ പാർപ്പിടമില്ലാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. സ്വന്തമായി വീടില്ലാത്തവരുടെ എണ്ണം പതിനൊന്നു വാർഡുകളിലായി ഏകദേശം 1800 പേർ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 4 സെൻറ് കോളനികളിലും ഹരിജൻ കോളനികളിലും കൂടുതലും കാണുന്നത് ചെറ്റക്കുടിലുകളും ഓലപ്പുരകളുമാണ്. ലക്ഷംവീട് കോളനികളിലും ഹരിജൻകോളനികളിലും താമസിക്കുന്നവർക്കും പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻപോലുമുള്ള സൗകര്യങ്ങളില്ല. ഓടിട്ട വീടുകളും കോൺക്രീറ്റുമന്ദിരങ്ങളും ഒന്നിലധികം നിലയുള്ള കെട്ടിടങ്ങളും പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിലുണ്ടെങ്കിലും ജനസംഖ്യയിൽ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ പാർപ്പിട സൗകര്യങ്ങളുടെ സ്ഥിതി പരമദയനീയമണ്.

നമ്മുടെ പഞ്ചായത്തിൽ ആകെ 7142 വീടുകളാണുള്ളത്. ഇതിൽ 129 എണ്ണം ഒന്നിലധികം നിലയുള്ള വീടുകളും 2869 എണ്ണം കോൺക്രീറ്റ് മേൽക്കൂരകളുള്ളതും 2661 എണ്ണം ഓടിട്ടതും 1483 എണ്ണം ഓലമേഞ്ഞതുമാണ്. 20% വീടുകൾ മൊസൈക് തറയുള്ളതാണ്. പുതിയ കെട്ടിടങ്ങൾ വാർഡിൻെറ എല്ലാ ഭാഗത്തും നിർമിച്ചുകൊണ്ടിരിക്കുന്നു. കെട്ടിടനിർമാണ സാമഗ്രികളുടെ കൂട്ടത്തിൽ ഇഷ്ടികയും വെട്ടുകല്ലും ചല്ലിയും ചില പ്രദേശങ്ങളിൽ നിന്നും ലഭിക്കുന്നു. ഒരു വയർക്കട്ട് ബ്രിക്സ് നിർമാണശാല 8-ാം വാർഡിൽ പ്രവർത്തിക്കുന്നു. ഗൾഫ്പണത്തിൻെറ സ്വാധീനം കെട്ടിട നിർമാണങ്ങളിൽ നിഴലിച്ചു കാണാം.

## വിവിധതരം വീടുകളുടെ ഇനം തിരിച്ചുള്ള പട്ടിക

| വാർഡ് | ഒന്നിൽ കൂടുതൽ നിലയുള്ളത് | മേല്പുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | ആകെ |
| 1 | 15 | 312 | 360 | 180 | 867 |
| 2 | 9 | 230 | 286 | 111 | 636 |
| 3 | 13 | 302 | 228 | 221 | 764 |
| 4 | 10 | 250 | 237 | 137 | 634 |
| 5 | 15 | 273 | 142 | 167 | 597 |
| 6 | 12 | 256 | 246 | 153 | 667 |
| 7 | 11 | 210 | 164 | 75 | 460 |
| 8 | 10 | 320 | 317 | 157 | 804 |
| 9 | 12 | 270 | 289 | 122 | 693 |
| 10 | 10 | 216 | 210 | 79 | 515 |
| 11 | 12 | 230 | 182 | 81 | 505 |
| ആകെ | 129 | 2869 | 2661 | 1483 | 7142 |

*അവലംബം - പഞ്ചായത്ത് കെട്ടിട നികുതി രജിസ്റ്റർ*

കെട്ടിട നിർമാണ സാമഗ്രികളുടെ കുത്തനെ ഉയർന്നുകൊണ്ടിരിക്കുന്ന വിലക്കയറ്റവും കെട്ടിട നിർമാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദഗ്ധ അവിദഗ്ധ തൊഴിലാളികളുടെ കൂലിവർദ്ധനവും ഭയാനകമായ രീതിയിൽ കുതിച്ചുയർന്നു കൊണ്ടിരിക്കുന്നതു നിമിത്തം വീടു നിർമിക്കുന്നതിന് സാധാരണക്കാർ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്നു. 1994-95 കാലയളവിൽ 100 രൂര മുതളഃ 110 രൂപ വരെ കൂലിയുണ്ടായിരുന്ന വിദഗ്ധതൊഴിലാളികളുടെ കൂലിനിരക്ക് 95-96ൽ 120 രൂപ മുതൽ 130 രൂപ വരെയായി വർദ്ധിച്ചു. അവിദഗ്ധത്തൊഴിലാളികളുടെ കൂലിനിരക്ക് ഈ കാലഘട്ടത്തിൽ യഥാക്രമം 70-80 രൂപയിൽ നിന്ന് 90 മുതൽ 100 രൂപ വരെയായി വർദ്ധിച്ചു. എന്നാൽ കൂലിയിനത്തിൽ സ്ത്രീപുരുഷ അന്തരം നിലനിൽക്കുന്നു. സിമൻറ്, തടി, കമ്പി, മണൽ, ഇഷ്ടിക, ചല്ലി തുടങ്ങിയ സാധനങ്ങളുടെ വിലവർദ്ധനവ് സാധാരണക്കാരനു താങ്ങാവുന്നതിനുമപ്പുറമാണ്. ഈ കാരണങ്ങൾകൊണ്ട് വിവിധ സർക്കാർ ഏജൻസികളിൽ നിന്നും ഭവനനിർമാണ ബോർഡിൽ നിന്നും സാധാരണക്കാർക്കും ദുർബല ജനവിഭാഗങ്ങൾക്കും ലഭിക്കുന്ന ഭവനനിർമാണ വായ്പ ഉപയോഗിച്ച് വീടു നിർമാണം പൂർത്തിയാക്കാൻ കഴിയുന്നില്ല.

## വിവിധ ഏജൻസികൾ മുഖേനെ പൂർത്തീകരിച്ച വീടുകൾ

| പദ്ധതിയുടെ പേര് | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ജെ.ആർ.വൈ | 75 | 75 |
| എൻ.ആർ.ഇ.പി. | 36 | 36 |
| എം.എസ്.എസ് | 1 | 1 |
| ആർ.എൽ.ജി.പി. | 13 | 13 |
| ലക്ഷംവീടുപദ്ധതി | 100 | 100 |

*അവലംബം - പഞ്ചായത്ത് കെട്ടിട നിർമാണരജിസ്റ്റർ*

മുകളിൽപ്പറഞ്ഞിരിക്കുന്ന ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുച്ഛമായ തുകകൊണ്ട് വാസയോഗ്യമായ വീടുകൾ നിർമിക്കാൻ കഴിയുകയില്ല എന്ന് വ്യക്തമാണ്. സൗജന്യമായി ലഭിക്കുന്ന ഈ തുകയുടെ തോത് വർദ്ധിപ്പിക്കേണ്ടതാണ്. സമീപകാലത്ത് ഈ തുക 15800 രൂപയിൽ നിന്നും 22000 രൂപയായി വർദ്ധിപ്പിച്ചത് ആശ്വാസകരം തന്നെ.

ജാതിമത ഭേദമന്യേ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും കുടിൽ കെട്ടി താമസിക്കുന്നു. പട്ടിക വർഗകോളനികളിലും നാലുസെൻറ് കോളനികളിലും കുടിലുകളിലോ ഓലപ്പുരകളിലോ താമസിക്കുന്നവർ ആരും തന്നെ ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ടവരല്ല. പാടം നികത്തി വീടു വയ്ക്കുന്ന പ്രവണത ഈ പഞ്ചായത്തിൽ ഇപ്പോളില്ല. എന്നാൽ ഭാവിയിൽ ഇത് സംഭവിച്ചു കൂടായ്കയില്ല. കരഭൂമിയുടെ വില അത്രകണ്ട് ഉയർന്നുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. വീടു വയ്ക്കാൻ സ്വന്തമായി ഭൂമിയില്ലാത്ത ഭൂരഹിതരുടെ പ്രശ്നമാണ് ഈ രംഗത്തു കാണുന്ന മറ്റൊരു പ്രതിസന്ധി. 4 സെൻറ് ഭൂമിയെങ്കിലും സ്വന്തമായിട്ടുള്ളവർക്കു മാത്രമേ സൗജന്യനിരക്കിലോ ഭവനനിർമാണ വായ്പയിനത്തിലോ സഹായത്തിനർഹതയുള്ളൂ. വില്ലേജാഫീസിൽ നിന്നും ലഭ്യമായ സ്ഥിതിവിവരക്കണക്കനുസരിച്ച് 88 ഏക്കറോളം

പുറംപോക്കു ഭൂമി പതിച്ചു കോടുക്കാവുന്നതായി കാണുന്നു. ഇപ്പോൾ പുറംപോക്കു ഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്നവർക്ക് ഭൂഉടമസ്ഥാവകാശം സ്ഥാപിച്ചു കിട്ടുന്നതിനു വേണ്ടി പട്ടയം നൽകുന്ന പരിപാടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

റവന്യൂ വകുപ്പു വഴി പ്രകൃതിക്ഷോഭം മൂലം വീടു നഷ്ടപ്പെട്ടവർക്ക് പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം ഈ പഞ്ചായത്തിൽ ചുരുക്കം ചില ആളുകൾക്കേ ലഭിച്ചിട്ടുള്ളൂ. ഒരു ഭവനനിർമാണ സഹകരണ സംഘമില്ലാത്ത ഈ പഞ്ചായത്തിൽ ജനങ്ങൾ ബബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഇത്തിക്കര ഭവനിർമാണ സഹകരണസംഘത്തിലെ വായ്പ ഉപയോഗിച്ച് വീടുകൾ നിർമിക്കുന്നുണ്ട്. സങ്കീർണമായ ജാമ്യവ്യവസ്ഥയും നടപടിക്രമങ്ങളുടെ നൂലാമാലയും നിമിത്തം ഈ സംഘത്തിൽ നിന്നുള്ള വായ്പ സാധാരണക്കാരന് അപ്രാപ്യമാണ്. തമിഴ്നാട്ടിൽ നിന്നും വന്നവർ ഇവിടെ ധാരാളമായി കെട്ടിടനിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. അവരിൽ ഭൂരിപക്ഷവും സ്വന്തം വീടുകളിൽ താമസിക്കുന്നവരല്ല. കോളനികകളിലെ വീടുകളുടെ പെരുപ്പം പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളുമുണ്ടാക്കുന്നുണ്ട്. പകർച്ചവ്യാധികൾ വളരെ പെട്ടെന്ന് പടർന്നു പിടിക്കാൻ ഈ ജനബാഹുല്യം കാരണമായേക്കാം.

11 വാർഡുകളിലെയും ഗ്രാമസഭകളിൽക്കൂടി ഉയർന്നു വന്ന നിർദേശങ്ങൾ ഏകീകൃത സ്വഭാവമുള്ളതാണ്.

## പ്രശ്നങ്ങൾ

1. വിവിധ വാർഡുകളിൽ വാസയോഗ്യമായ വീടുകളില്ലാത്തവരുടെ എണ്ണം
2. വിവിധ പദ്ധതികളനുസരിച്ച് വീടു നിർമിക്കുന്നവർക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ കിട്ടാനുള്ള താമസം.
3. ഭവനനിർമാണത്തിന് വവിധ എജൻസികൾ നൽകുന്ന തുകയുടെ അപര്യാപ്തത.
4. സങ്കീർണമായ ഭവനനിർമാണ വ്യവസ്ഥകളും നടപടിക്രമവും.
5. കെട്ടിടനിർമാണ സാമഗ്രികളുടെ കുതിച്ചുയരുന്ന വിലക്കയറ്റം.
6. വിദഗ്ധത്തൊഴിലാളികളുടെ അഭാവം.
7. കെട്ടിനിർമാണ സാധനങ്ങളുടെ ഗുണനിലവാരമില്ലായ്മ.
8. ഭൂരഹിതരുടെ പ്രശ്നം
9. യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കാത്തത്.
10. പുറംപോക്കു ഭൂമിയിലെ അനധികൃത കയ്യേറ്റം.
11. വിവിധ ഭവനനിർമാണ വായ്പകളെക്കുറിച്ച് അറിവില്ലായ്മ.
12. സ്റ്റേജു സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

## പരിഹാരമാർഗങ്ങൾ

ഭവനനിർമാണത്തിൽ അനുഭവപ്പെടുന്ന പല ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും കൂട്ടായ പ്രവർത്തനത്തിലൂടെ പരിഹരിക്കപ്പെടാവുന്നതാണ്. ഭവനനിർമാണ വായ്പാ വ്യവസ്ഥകളും നടപടിക്രമങ്ങളും ലളിതമാക്കിയാൽ വായ്പ കിട്ടാനുള്ള കാലതാമസം ഒഴിവാക്കാം. അപേക്ഷകൾ സമർപ്പിച്ച് സങ്കീർണമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ സാമ്പത്തികസഹായം ലഭിക്കുമ്പോൾ നിർമാണസാമഗ്രികളുടെ വില ഉയർന്നു വരും.

കെട്ടിടനിർമാണ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്താൽ മാത്രമേ വിലനിലവാരംപടിച്ചു നിർത്തുവാൻ സാധിക്കുകയുള്ളൂ. സിമൻറ്, കമ്പി, പെയിൻറ് തുടങ്ങിയ സാധനങ്ങൾ കോർപ്പറേഷൻ വഴി വിതരണം നടത്തണം. സിമൻറു വിതരണം സിവിൽ സപ്ലൈസ് ഏറ്റെടുത്തു നടത്താൻ പോകുന്നതായുള്ള ആലോചന ആശ്വാസത്തിന് വക നൽകുന്നതാണ്. ഭവനനിർമാണ രംഗത്ത് സംജാതമായിരിക്കുന്ന ഏറ്റവും വലിയ കീറാമുട്ടി ഭൂരഹിതരുടെ കാര്യമാണ്. എങ്ങനെയങ്കിലും പണം സ്വരൂപിച്ചാലും ഭൂമിയില്ലെങ്കിൽ വീടുനിർമാണം അസാധ്യമാകുന്നു. അതുകൊണ്ടു പുറംപോക്കുഭൂമിയും മിച്ചഭൂമിയും ഉണ്ടെങ്കിൽ അത് അക്വയർ ചെയ്ത കാലവിളംബം കൂടാതെ ഭൂരഹിതർക്ക് കൊടുക്കാനുള്ള നടപടികൾ റവന്യൂ അധികാരികൾ സ്വീകരിക്കണം.

ഏകദേശം 88 ഏക്കർ പുറംപോക്കു ഭൂമി പതിച്ചു കൊടുക്കാനായിട്ടുണ്ട്. ഇപ്പോൾ പുറംപോക്കുഭൂമിയിൽ

അനധികൃത കയ്യേറ്റം നടത്തി കുടിലുകൾ കെട്ടി താമസിക്കുന്നവർക്ക് നിയമവ്യവസ്ഥകൾക്ക് വിധേയമായി പട്ടയം കൊടുക്കുന്ന നടപടികൾ സ്വീകരിക്കണം. റോഡിൽ നിന്നും 3 മീറ്റർ അകലം ഇടണമെന്ന നിബന്ധനയും കർശനമായി നടപ്പിലാക്കണം.

ഒരു ലേബർ ബാങ്ക് രൂപീകരിക്കേണ്ടതാണ്. ഈ ലേബർബാങ്കിൽക്കൂടി ഇഞ്ചിനിയർ മുതൽ സാധാരണ തൊഴിലാളികൾ വരെ ഭവനനിർമാണം നടത്തുന്നവർക്ക് സപ്ലൈ ചെയ്യാനുള്ള സൗകര്യങ്ങളുണ്ടാക്കണം. ജോലിക്ക് ആളെ അന്വേഷിച്ചുള്ള അലച്ചിൽ ഇതുമൂലം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും. സൗജന്യമായും വായ്പയായും നൽകിക്കൊണ്ടിരിക്കുന്ന വിവിധ തരത്തിലുള്ള തുക സാധനവിലകൾ ഉയരുന്നതിനനുസരിച്ച് കാലോചിതമായി വർദ്ധിപ്പിക്കണം. ജെ.ആർ.വൈ. പദ്ധതി അൺ ടൈഡ് പദ്ധതി തുടങ്ങിയ ഏജൻസികൾ നൽകുന്ന ഭവനനിർമാണ സഹായം 30000 രൂപയായി ഉയർത്തണം. ഭവനനിർമാണ ബോർഡിൻെറ വായ്പയിൽമേലുള്ള പലിശനിരക്ക് 5% മായി നിജപ്പെടുത്തണം. വിവിധ ഭവനനിർമാണ പദ്ധതികളുടെ സ്റ്റേജ് സർട്ടിഫിക്കറ്റു നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്തു മെമ്പർമാർക്ക് കൈമാറണം. ഗുണനിലവാരമില്ലാത്ത നിർമാണസാമഗ്രികൾ ഉപയോഗിക്കുന്നതുകൊണ്ട് പ്രകൃതിക്ഷോഭം അതിജീവിക്കാൻ പല വീടുകൾക്കും കഴിയുന്നില്ല. യഥാസമയം അറ്റകുറ്റപ്പണികൾ നടത്തിയില്ലെങ്കിൽ ഇത്തരം വീടുകൾ നിലംപതിക്കുന്ന ഒരവസ്ഥ വരും. വീട് പുനരുദ്ധാരണത്തിന് സർക്കാർ നൽകുന്ന പദ്ധതികളെക്കുറിച്ച് വ്യാപകമായി ബോധവൽകരണം നടത്തണം. വിവിധ രീതിയിലുള്ള ഭവനനിർമാണ സഹായ പദ്ധതിയെക്കുറിച്ച് ഏറിയകൂറും ആളുകൾ അജ്ഞരാണ്. കുറഞ്ഞചെലവിൽ വീടു നിർമിക്കുന്നതിന് നിർമിതികേന്ദ്രത്തിൻെറ സഹായം സ്വീകരിക്കാം. നിർമിതി കേന്ദ്രത്തിൻറെ പ്രവർത്തനത്തെക്കുറിച്ചും അവയുണ്ടാക്കുന്ന കെട്ടിനിർമാണ സാമഗ്രികളെക്കുറിച്ചും ജനങ്ങൾക്ക് അറിവു പകർന്നുകൊടുക്കണം. സാമൂഹ്യ സന്നദ്ധ സംഘടനകൾക്ക് ഇക്കാര്യത്തിൽ വളരെയേറെ സംഭാവന ചെയ്യാൻ കഴിയും. ഭവനനിർമാണ സഹകരണ സംഘം പഞ്ചായത്തിൽ പ്രവർത്ത നമാരംഭിച്ചാൽ ഭവന നിർമാണ വായ്പ കാലതാമസം കൂടാതെ ലഭിക്കും. ഇപ്പോൾ ഇത്തിക്കര ഹൗസിംഗ് സൊസൈറ്റിയാണ് ഒരാശ്രയം.

പത്തു ലക്ഷത്തിലധികം തുക ചെലവാക്ക വീടു വയ്ക്കുന്നവരിൽ നിന്നും 5% അധി നികുതിചുമത്തിയാൽ അങ്ങനെ പിരിച്ചെടുക്കുന്ന തുക ദുർബലവിഭാഗങ്ങളുടെ ഭവനനിർമാണ ത്തിനുപയോഗിക്കാം. ഏതെങ്കിലും രീതിയിലുള്ള സ്ഥിരവരുമാനക്കാർക്കാണ് ഇപ്പോൾ വായ്പ ലഭിക്കുന്നത്. സമൂഹത്തിൽ ബഹുഭൂരിപക്ഷത്തിന് സ്ഥിരവരുമാനമില്ല. ഈ വിഭാഗങ്ങൾക്ക് വീട് നിർമിക്കുന്നതിന് പ്ലോട്ടുകൾ കണ്ടെത്തി ഹൗസിം നടപടികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. എല്ലാവി ഭവനനിർമാണ വായ്പകളുടെ അപേക്ഷാഫാറങ്ങളു വിശദവിവരങ്ങളും ഗ്രാമപഞ്ചായത്തുകളിൽക്കൂട ലഭിക്കാനുള്ള നടപടികളുണ്ടാകണം. ഇന്നിപ്പോൾ കേരളത്തിൽ 16ൽപ്പരം സർക്കാർ അർദ്ധ സർക്കാ ഏജൻസികളാണ് ഭവനനിർമാണരംഗത്തുള്ളത്.

പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിത്തുക 15000 രൂപയിൽ നിന്നും 25000 രൂപയായി ഉയർത്തണം.

രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിത്തുക 2540 രൂപയിൽ നിന്നും 50000 രൂപയായി ഉയർത്തണം.

സമ്പന്നവിഭാഗത്തിൽപ്പെട്ടവരെ അവരവരുടെ സ്വന്തം സമ്പാദ്യം കൊണ്ട് വീടു വയ്ക്കുന്നതിന് പ്രേരിപ്പിക്കണം. ഇവർക്ക് ഭവനനിർമാണ വായ്പ സ്ഥാപനങ്ങളിൽ നിന്നും ഭീമമായ തുക വായ്പ കൊടുക്കുന്ന രീതി മാറണം. ഭവനനിർമാണ സഹായത്തിന് അർഹതയുള്ളവരെ തെരഞ്ഞെ ടുക്കേണ്ടത് വളരെ വ്യക്തമായ മാനദണ്ഡത്തോ ടയായിരിക്കണം.

ദുർബലവിഭാഗങ്ങൾക്കുവേണ്ടി ചെലവുകുറഞ്ഞ രീതി ആവിഷ്കരിക്കുമ്പോൾ ഇത്തരം വീടുകളുടെ വിശ്വാസ്യത അവരെ ബോധ്യപ്പെടുത്തണം. നിർമാ ണത്തിൻെറ ഓരോ ഘട്ടത്തിലും ഗുണ ഭോക്താ വിൻെറ താത്പര്യങ്ങൾക്കു പ്രാധാന്യം കൊടുക്കുകയു പൂർണപങ്കാളിത്തം ഉറപ്പുവ രുത്തുകയും വേണം.

ഭവനിർമാണ പ്രവർത്തനങ്ങളിൽ ബഹുജന സംഘടനകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയു മറ്റ് സന്നദ്ധസംഘടനകളുടെയും കൂട്ടായ്മ ഉറപ്പ വരുത്തണം.

താഴ്ന്ന വരുമാനക്കാരെ മാത്രം ഉദ്ദേശിച്ച നടപ്പാക്കിയ പല പദ്ധതികളുടെയും പ്രയോജനം അവർക്കുതന്നെ ലഭിച്ചിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ച

പരിശോധിക്കുമ്പോൾ പാവപ്പെട്ടവർക്കായി സർക്കാർ ചെലവഴിക്കാൻ നീക്കി വച്ചിരുന്ന തുകയുടെ നല്ലൊരു ഭാഗം ഇടത്തട്ടുകാർ തട്ടിയെടുത്തതായി മനസിലാക്കാൻ കഴിയും.

ഭൂമിയുടെ കച്ചവടത്തിൽ നിന്നും ദല്ലാളൻമാരെ ഒഴിവാക്കുക. കഴിയുന്നത്ര ഭൂമി ഭവനനിർമാണത്തിനായി ലഭ്യമാക്കുക.

അംഗീകൃത ഗുണനിലവാരമുള്ള കെട്ടിടനിർമാണ വസ്തുക്കൾ ചെറുകിട സംരംഭങ്ങളിൽ ഉല്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കണം.

പദ്ധതിരൂപീകരണത്തിൽ പാർപ്പിട പ്രശ്നത്തിന് പരമ പ്രാധാന്യം കൊടുക്കുകയും ഇന്നുള്ള മുഴുവൻ ഭവനരഹിതർക്കും വാസയോഗ്യമായ വീടുകൾ നിർമിച്ചു കൊടുക്കാനുള്ള നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകകയും വേണം.

## സാമൂഹ്യക്ഷേമം

കഴിഞ്ഞ പഞ്ചവത്സരപദ്ധതിയിലൂടെ ദാരിദ്ര്യ നിർമാർജന പരിപാടികൾക്കുവേണ്ടി നിരവധി പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നുവെങ്കിലും പാവപ്പെട്ടവർക്കും ദുർബലവിഭാഗക്കാർക്കും അതിൻെറ ആനുകൂല്യങ്ങൾ പൂർണമായി ലഭിച്ചിട്ടില്ല. ജില്ലാ ഗ്രാമവികസന ഏജൻസികളും ഐ.ആർ.ഡി.പി. പദ്ധതികളും നടപ്പിലാക്കിയതിൻെറ ഉദ്ദേശ്യം ദാരിദ്ര്യ നിർമാർജനം എന്ന ലക്ഷ്യത്തിനായിരുന്നു. കേരളത്തിൽ സുസംഘടിതമായ ഒരു സാമൂഹ്യസുരക്ഷാ ശൃംഖല നിലവിലുണ്ട്. അസംഘടിതമേഖലയിൽ പണിയെടുക്കുന്ന ജനവിഭാഗങ്ങളെക്കൂടി സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 60 വയസിനു മുകളിൽ പ്രായമുള്ള ജനസംഖ്യയുടെ ഏകദേശം 30% ആളുകളും വിവിധ പെൻഷൻ പദ്ധതികളിൽ അംഗങ്ങളാണ്. 92-93ൽ 68.5 കോടി രൂപ പെൻഷൻപദ്ധതികൾക്കുവേണ്ടി ചെലവാക്കി. ഇതു സംസ്ഥാന റവന്യൂച്ചെലവിൻെറ 1.8 ശതമാനമാണ്. കേന്ദ്ര-സംസ്ഥാനസർക്കാരും വിവിധ ക്ഷേമനിധി ബോർഡുകളും നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളാണ് ഇന്നു നിലവിലുള്ളത്.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിയന്ത്രണത്തിലുള്ള ഓഫീസുകൾ വഴിയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. പഞ്ചായത്തില ജനസംഖ്യ 24610 ആണ്. ഇതിൽ പട്ടികജാതിക്കാർ 3635. 8.5% പേരും ദാരിദ്ര്യരേഖയുടെ താഴെ ജീവിക്കുന്നവരാണ്. ഇതിൽ പട്ടികജാതിക്കാർ 14.78%.

ഐ.ആർ.ഡി.പി. സർവേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ പട്ടിക

| വാർഡു നമ്പർ | ആകെ കുടുംബങ്ങൾ | എസ്.സി-എസ്.ടി കുടുംബങ്ങൾ |
|---|---|---|
| 1 | 223 | 53 |
| 2 | 199 | 25 |
| 3 | 316 | 30 |
| 4 | 254 | 4 |
| 5 | 227 | 30 |
| 6 | 162 | 41 |
| 7 | 137 | 55 |
| 8 | 127 | 75 |
| 9 | 222 | 8 |
| 10,11 | 241 | 22 |
| ആകെ | 2108 | 343 |

*അവലംബം ഐ.ആർ.ഡി.പി. രജിസ്റ്റർ വി.ഇ.ഒ. ഓഫീസ്*

ഐ.ആർ.ഡി.പി. സർവേ പ്രകാരം സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം

| വർഷം | സഹായം ലഭിച്ച കുടുംബങ്ങൾ | സഹായം ലഭിച്ച എസ്.സി-എസ്.ടി കുടുംബങ്ങൾ |
|---|---|---|
| 92-93 | 44 | 40 |
| 93-94 | 32 | 40 |
| 94-95 | 32 | 23 |
| 95-96 | 37 | 36 |
| ആകെ | 145 | 141 |

ദേശസൽകൃതബാങ്കുകൾ വഴിയാണ് ഐ.ആർ.ഡി.പി വായ്പകൾ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. എന്നാൽ വായ്പകൾ കൊടുക്കുവാനും അതിനെ

പ്രോത്സാഹിപ്പിക്കുവാനും ഗുണഭോക്താക്കൾക്ക് കാലവിളംബം കൂടാതെ വായ്പ നൽകുവാനുമുള്ള താല്പര്യം ദേശസൽകൃത ബാങ്കുകൾ കാണിക്കാറില്ല. ഇത്തരം വായ്പകളും സഹകരണ ബാങ്കുകൾ വഴി നൽകുന്നതിനുള്ള നടപടികളുണ്ടാകേണ്ടതാണ്.

ഐ.ആർ.ഡി.പി. പദ്ധതിയെക്കുറിച്ചുള്ള സർക്കാരിൻെറ നിയമം കാലോചിതമായി മാറ്റപ്പെടേ ണ്ടതുണ്ട്. ദാരിദ്ര്യരേഖയുടെ പരിധി 10800 രൂപയിൽ നിന്നും 30000 രൂപയെങ്കിലും ഉയർത്തണം.

## ഡി.ഡബ്ലിയു.സി.ആർ.എ. സഹായ പദ്ധതി

സ്ത്രീകളുടെയും കുട്ടികളുടെയും സാമ്പത്തികാഭിവൃദ്ധി ലക്ഷ്യമാക്കി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടാക്കി നത്തുന്ന തൊഴിൽസംരംഭമാണ് ഡി.ഡബ്ലിയു.സി.ആർ.എ.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഡി.ഡബ്ലിയു.സി.ആർ.എ. പദ്ധതി

| വാർഡ് | തൊഴിൽ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന ആളുകൾ | സാമ്പത്തിക സഹായം | | |
|---|---|---|---|---|---|---|
| | | | | ലോൺ | സബ്സിഡി | റിവോൾവിംഗ് ഫണ്ട് |
| 1 | | | | | | |
| 2 | ആടുവളർത്തൽ | 194–95 | 10 | 40000 | 20000 | 15000 |
| 3 | | | | | | |
| 2 | കയർ യൂണിറ്റ് | 1996–97 | 10 | 10200 | 48000 | 25000 |
| 6 | ആടുവളർത്തൽ | 195–96 | 11 | 94160 | 34000 | 15000 |
| 8 | ഡയറിയൂണിറ്റ് | 1996–97 | 11 | 220950 | 44000 | 25000 |
| ആകെ | 4 | | 42 | 365310 | 146000 | 80000 |

ആടുവളർത്തൽ യൂണിറ്റുകളെല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. ഡയറി യൂണിറ്റിൻെറയും പ്രാരംഭപ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഐ.ആർ.ഡി.പി. ലിസ്റ്റിൽപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകളാണ് ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ.

### ട്രൈസം

18 വയസ്സു മുതൽ 35 വയസ്സു വരെ പ്രായമുള്ള ഗ്രാമീണ യുവതീയുവാക്കൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന സാങ്കേതികവും ഭരണപരവുമായ വൈദഗ്ധ്യം വളർത്തിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വിവിധ വ്യാവസായി വാണിജ്യ പരിശീലന കേന്ദ്രങ്ങൾ വഴിയാണ് ട്രൈസം പരിശീലനം നൽകുന്നത്. പരിശീലനകാലയളവിൽ 200 മുതൽ 500 രൂപ വരെ സ്റ്റൈപൻറു നൽകുന്നതാണ്. ഇവർക്ക് ഐ.ആർ.ഡി.പി. പദ്ധതിയനുസരിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായം ലഭിക്കുന്നതാണ്. തൊഴിൽപരിശീനത്തിന് ആളില്ല എന്ന പരാതി ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുമുണ്ട്. ഗുണഭോക്താക്കളിൽ 50% പട്ടികജാതിക്കാരും 40% വനിതകളും 10% വികലാംഗരുമായിരിക്കും.

പൂതക്കുളം സർക്കിൾ

| ക്രമ നമ്പർ | പരിശീലന വിഷയത്തിൻെറ പേര് | പരിശീല ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം |
|---|---|---|---|
| 1 | കമ്പോസിംഗ് | 6 | 6 |
| 2 | ബുക്ക്ബയൻറിംഗ് | 1 | 1 |
| 3 | ഷീറ്റുമെറ്റൽ വെൽഡിംഗ് | 1 | 1 |
| 4 | ടൈപ്പ്റൈറ്റിംഗ് | 1 | 1 |
| | ആകെ | 9 | 9 |

*അവലംബം വി.ഇ.ഒ.ഓഫീസ്*

ട്രൈസം പരിശീലനം ലഭിച്ചവരുടെ എണ്ണം– കോട്ടുവൻകോണം സർക്കിൾ

| ക്രമ നമ്പർ | പരിശീലന വിഷയത്തിൻെറ പേര് | പരിശീല ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം |
|---|---|---|---|
| 1 | സൈക്കിൾ റിപ്പയറിംഗ് | 2 | 2 |
| 2 | കമ്പോസിംഗ് | 6 | 6 |
| 3 | ബുക്ക്കീപ്പിംഗ് | 2 | 2 |
| 4 | പ്ലംബിംഗ് | 1 | 1 |
| 5 | ഷീറ്റുമെറ്റൽ വെൽഡിംഗ് | 3 | 3 |
| 6 | വാച്ച്റിപ്പയറിംഗ് | 1 | 1 |
| 7 | ടൈപ്പ്റൈറ്റിംഗ് | 1 | 1 |
| 8 | കമ്പ്യൂട്ടറൈസിംഗ് | 1 | – |
| 9 | സ്പ്രേപെയിൻറിംഗ് | 1 | 1 |
| 10 | ചൂരൽപ്പണി | 9 | 9 |
| | ആകെ | 27 | 26 |

*അവലംബം വി.ഇ.ഒ. ഓഫീസ്*

പൂതക്കുളം സർക്കിളിൽ 96–97ൽ ഒരാൾക്കു കൂടി ബുക്ക് ബയൻറിംഗിൽ തൊഴിൽപരിശീലനം കൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ടൂൾകിറ്റ്

ഗ്രാമീണതൊഴിലാളികൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. നമ്മുടെ പഞ്ചായത്തിൽ ചുരുക്കം ചിലർക്കു മാത്രമാണ് ഇതിൻെറ ആനുകൂല്യം ലഭിച്ചിട്ടുള്ളത്.

## ക്ഷേമപദ്ധതികൾ

പഞ്ചായത്തിലെ വിവിധ പെൻഷൻ ഗുണഭോക്താക്കളുടെയും ക്ഷേമനിധിബോർഡിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നവരുടെയും കൃത്യമായ കണക്കുകൾ ലഭ്യമല്ല. വാർദ്ധക്യകാല പെൻഷൻ, അഗതിപെൻഷൻ, ക്ഷയരോഗപെൻഷൻ, ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ ലഭിക്കുന്നവരിവിടെയുണ്ട്.

വിവിധ പെൻഷൻപദ്ധതികൾക്കു പുറമെ തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ നടത്തുന്ന ക്ഷേമനിധിബോർഡുകളും നിലവിലുണ്ട്. കർഷക ത്തൊഴിലാളി, കെട്ടിടനിർമാണ, കയർ ത്തൊഴിലാളി, കശുവണ്ടിത്തൊഴിലാളി ക്ഷേമനിധിേ ബാർഡുകൾ തുടങ്ങി പതിനെട്ടോളം ബോർഡുകൾ നിലവിലുണ്ട്. കൈത്തറിത്തൊഴിലാളി ബോർഡിനും കെട്ടിട നിർമാണത്തൊഴിലാളി ക്ഷേമനിധിബോർഡിനും അംഗങ്ങളായി ചേർന്നവർ അനവധിപേർ ഈ പഞ്ചായത്തിലുണ്ട്. അംഗവൈകല്യം സംഭവിച്ചവർക്ക് ആശ്വാസം പകർന്നു കൊടുക്കു ന്നതിനു വേണ്ടി സാമൂഹ്യക്ഷേമ വകുപ്പ് നിരവധി ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു. ഉദ്യോഗനിയമനാർത്ഥം എഴുത്തു പരീക്ഷയ്ക്കോ ഇൻറർവ്യൂവിനോ ഹാജരാകുന്ന വികലാംഗർക്ക് യാത്രാബത്തയും വികലാംഗ വിദ്യാർഥികൾക്കുള്ള കേന്ദ്രസംസ്ഥാന സർക്കാരു കളുടെ സ്കോളർഷിപ്പു കളും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള സ്കോ ളർഷിപ്പുകളും തൊഴിൽ പരിശീലനത്തിനുള്ള സർക്കാരിൻെറ സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്നുണ്ട്.

### പെൻഷൻ വിവരപ്പിട്ടിക

| വർഷം | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | ക്ഷയരോഗ പെൻഷൻ | ക്യാൻസർ പെൻഷൻ | കർഷക പെൻഷൻ |
|---|---|---|---|---|---|---|---|
| 1991–92 | | 2 | 2 | 4 | 2 | | 186 |
| 1992–93 | | 27 | | 2 | 3 | | 192 |
| 1993–94 | | 22 | 8 | 3 | 9 | 6 | 197 |
| 1994–95 | | 1 | | 3 | 4 | 3 | 198 |
| 1995–96– | | 71 | | 24 | 4 | 3 | |
| ആകെ | | 125 | 13 | 40 | 27 | 18 | 773 |

### അംഗവൈകല്യമുള്ളവരുടെ പട്ടിക

| ഇനം | എണ്ണം |
|---|---|
| ചലനവൈകല്യം | 206 |
| കാഴ്ചവൈകല്യം | 29 |
| കേഴ്‌വിവൈകല്യം | 23 |
| മന്ദബുദ്ധികൾ | 45 |
| മറ്റിനം | 23 |
| ആകെ | 330 |

## പ്രശ്നങ്ങൾ

1. ഡി.ഡബ്ല്യിയൂ.സി.ആർ.എ. പദ്ധതികളുടെ ന്യൂന തകൾ.
2. ഐ.ആർ.ഡി.പി. പദ്ധതികളുടെ കുടുംബ വരുമാനം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം.
3. തൊഴിൽപരിശീലന പരിപാടികളെക്കുറിച്ചുള്ള അജ്ഞത
4. വിവിധ പെൻഷൻ പദ്ധതികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സങ്കീർണത
5. ബോധവൽകരണത്തിൻെറ അഭാവം
6. വിവിധ പെൻഷൻതുകയുടെ അപര്യാപത്ത

## നിർദേശങ്ങൾ

ഡി.ഡബ്ല്യിയൂ.സി.ആർ.എ. പദ്ധതികളുടെ വിശദ വിവരങ്ങൾ ഗ്രാമീണജനങ്ങൾക്ക് പകർന്നുകൊടുക്കുന്നതിനുള്ള പ്രചാരപ്രവർത്തനങ്ങൾ നടത്തണം. ഈ പദ്ധതിയിൽക്കൂടി നടത്തുന്ന വിവിധ പ്രവർത്തനക്ഷമതയെക്കുറിച്ച് വിലയിരുത്തുന്നതിന് വി.ഇ.ഒ.മാരും ഗ്രാമപഞ്ചായത്തു മെമ്പർമാരും അടങ്ങിയ ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കണം. യൂണിറ്റുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ലോൺ, സബ്സിഡി, റിവോൾവിംഗ് ഫണ്ട് എന്നിവയിലെ സാമ്പത്തികസഹായം കാലവിളംബം കൂടാതെ നേടിക്കൊടുക്കുന്നതിന് ജനകീയ കമ്മിറ്റിയുടെ മുൻകൈ ഉണ്ടാകണം.

ട്രൈസം തൊഴിൽ പരിശീലന പരിപാടിയനുസരിച്ച് തൊഴിൽ നേടുന്നവർക്കുള്ള സ്റ്റൈപൻറ് വർദ്ധിപ്പിക്കണം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായങ്ങളും യഥാസമയം ലഭ്യമാക്കണം. സ്വയം തൊഴിൽ കണ്ടെത്താത്തവരായി ആരും തന്നെയുണ്ടാകരുത്. ഇപ്പോൾ അംഗൻവാടികളിൽക്കൂടി നടന്നുകൊണ്ടിരിക്കുന്ന ട്രൈസം തൊഴിൽപരിശീലന ബോധവൽകരണ ക്ലാസുകൾ വ്യാപകമായി സംഘടിപ്പിക്കണം. സ്ത്രീ പങ്കാളിത്തം ഈ മേഖലയിൽ അനിവാര്യമായി ഉണ്ടാകണം. ടൂൾകിറ്റ് പദ്ധതിയുടെ ആനുകൂങ്ങളെക്കുറിച്ചുള്ള അറിവ് ബഹുഭൂരിപക്ഷം വരുന്ന വിദഗ്ധ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അറിഞ്ഞുകൂടാ. വിധവാപെൻഷനപേക്ഷിക്കുന്നവർക്ക് ആൺമക്കളുണ്ടെങ്കിൽ ലഭിക്കുകയില്ല എന്ന വ്യവസ്ഥ നീക്കണം. അഗതിപെൻഷൻകാർക്കും വാർദ്ധക്യകാല പെൻഷൻകാർക്കും പെൻഷനുള്ള ഇപ്പോഴുള്ള വ്യവസ്ഥകൾ ലഘൂകരിക്കണം. പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിനുള്ള ധനസഹായത്തിനുള്ള കാലതാമസം ഒഴിവാക്കണം. എല്ലാവിധ പെൻഷൻ അപേക്ഷാഫോറവും ഗ്രാമപഞ്ചായത്തുകളിൽകൂടി വതരണം ചെയ്യണം. അനർഹരമായ ആളുകൾ പെൻഷൻ പദ്ധതികളിൽ കടന്നുകൂടാതിരിക്കാൻ ശ്രദ്ധിക്കണം.

കെട്ടിടനിർമാണ ക്ഷേമനിധിബോർഡിലും കർഷകത്തൊഴിലാളി ബോർഡിലും അംഗമായിട്ടുള്ളവർക്ക് ക്ഷേമനിധി വിഹിതംഅടയ്ക്കാനുള്ള സൗകര്യം സർവീസ് സഹകരണബാങ്കുകൾ വഴിയുണ്ടാക്കണം. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായി ചേരാൻ അപേക്ഷിക്കുന്നവർക്ക് ഗ്രാമപഞ്ചായത്തിൽക്കൂടി ക്ഷേമനിധി കാർഡുകൾ വിതരണ ചെയ്യാനുള്ള സൗകര്യമുണ്ടാകണം. ക്ഷേമനിധിബോർഡുകളിൽ അംഗമായിട്ടുള്ളവർക്ക് 60 വയസ്സ് തികയുമ്പോൾ കാലതാമസംകൂടാതെ പെൻഷൻ തുകയും ഗ്രാറ്റുവിറ്റിയും നൽകാനുള്ള ഏർപ്പാടുകളുണ്ടാകണം. കയർത്തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ല. ഇവർക്ക് ക്ഷേമനിധിയിൽ ചേരാനുള്ള വ്യവസ്ഥകൾ ലഘൂകരിക്കണം.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ മാറ്റം വരുത്തുനനതിന് വേണ്ടിയാണ് അംഗൻവാടികൾ

രൂപികൃതമായിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൽ 11 വാർഡുകളിലായി 15 അംഗൻവായികൾ പ്രവർത്തിക്കുന്നുണ്ട്. 1000 ആളുകളൾക്ക് ഒരു അംഗൻവാടി വേണമെന്നാണ് ഐ.സി.ഡി.എസ് ൻെറ ലക്ഷ്യമെങ്കിലും 24610 ജനസംഘ്യയുള്ള പൂതക്കുളം പഞ്ചായത്തിൽ 23 അംഗൻവാടികളേ ഉള്ളൂ. മിക്ക അംഗൻവാടികളും സ്ഥിതിചെയ്യുന്നത് വാർഡിൻെറ ഏതെങ്കിലും ഒരു കോണിലായതുകൊണ്ട് കുട്ടികൾക്ക് എത്തിച്ചേരാൻ പ്രയാസമാണ്. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകകര്യങ്ങളോ കളിക്കുന്നതിന് ആവശ്യമായ കളിക്കോപ്പുകളോ അംഗൻവാടികളിലില്ല. ഒരു അംഗൻവാടി ടീച്ചറും ഒരു ഹെൽപ്പറുമാണ് അംഗൻവാടികളിൽ ജീവനക്കാരായിട്ടുള്ളത്. തുച്ഛമായ പ്രതിഫലം ലഭിക്കുന്ന ഇവരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതാണ്. ആരോഗ്യരംഗത്തുള്ള സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുവാനും സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതും അംഗൻവാടികളിലൂടെയാണ്. കുട്ടികൾക്ക് പൾസ്, പോളിയോ വാക്സിൻ നൽകുന്നതിനും അനുപൂരക പോഷകാഹാര വിതരണംചെയ്യുന്നതിനും അംഗൻവാടി ഡി.ഡബ്ലിയൂ. സി.ആർ.എ. പദ്ധതി കകളുടെ സേവനം പ്രയോജനപ്പെടുന്നുണ്ട്.

### അംഗൻവാടികളിൽനിന്ന് ശേഖരിച്ച വിവരം

| | | |
|---|---|---|
| 1. | എ. പഞ്ചായത്തിലെ ആകെ ജനസംഖ്യ | 24610 |
| | ബി. പുരുഷൻമാർ | 11605 |
| | സി. സ്ത്രീകൾ | 13005 |
| 2. | എ. പട്ടികജാതി ജനസംഖ്യ | 3635 |
| | ബി. പട്ടിക വർഗ്ഗ ജനസമഖ്യ | ഇല്ല |
| 3. | അംഗൻവാടികളുടെ എണ്ണം | 15 |
| 4. | എ. ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ | 354 |
| | ബി. 1–2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 405 |
| | സി. 2–3 വരെ പ്രായമുള്ള കുട്ടികൾ | 381 |
| | ഡി. 3–5 വയസ്സുവരെ പ്രായമുള്ളകുട്ടികൾ | 819 |
| 5. | എ. വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം | 167 |
| | ബി. ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | 6 |
| 6. | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം *(6 മാസം വരെ പ്രയമുള്ള കുട്ടികളുള്ളത്)* | 170 |
| 7. | എ. കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | 360 |
| | ബി. ചാപിള്ള ജനനങ്ങൾ | 5 |
| 8. | എ. ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം | 6 |
| | ബി. 1–3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | 2 |
| | സി. 3–6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | 1 |
| 9. | എ. ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | 1 |
| | ബി. മറ്റു മരണങ്ങളുടെ എണ്ണം | 129 |
| 10. | എ. അനുപൂരക പോഷകാഹാരം ലഭിച്ച കുട്ടികളുടെ എണ്ണം | 699 |
| | ബി. അനുപൂരക പോഷകാഹാരം ലഭിച്ച ഗർഭിണികളുടെ എണ്ണം | 104 |
| | സി. അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 98 |

*അവലംബം – അംഗൻവാടി രജിസ്റ്ററുകൾ*

## അംഗൻവാടികൾ : വിവരശേഖരണം

| വാർഡു നമ്പർ | അംഗൻവാടി എണ്ണം | അംഗൻവാടി നമ്പർ | കുട്ടികളുടെ എണ്ണം | | | സ്വന്തമായി കെട്ടിടമുള്ളത് | സ്വന്തമായി കെട്ടിടമില്ലാത്തത് |
|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | | |
| 1 | 3 | 21 | 17 | 8 | 25 | ഉണ്ട് | |
| | | 121 | 10 | 9 | 19 | ഉണ്ട് | |
| | | 124 | 15 | 10 | 25 | ഉണ്ട് | |
| 2 | 1 | 22 | 7 | 14 | 21 | ഉണ്ട് | |
| 3 | 1 | 24 | 25 | 15 | 40 | ഉണ്ട് | |
| 4 | 1 | 23 | 10 | 8 | 18 | ഉണ്ട് | |
| 5 | 1 | 19 | 8 | 9 | 17 | ഉണ്ട് | |
| 6 | 2 | 18 | 12 | 13 | 25 | ഉണ്ട് | |
| | | 25 | 14 | 12 | 26 | ഉണ്ട് | |
| 7 | 2 | 26 | 16 | 17 | 33 | ഉണ്ട് | |
| | | 128 | 10 | 8 | 18 | | ഇല്ല |
| 8 | 1 | 17 | 17 | 23 | 40 | ഉണ്ട് | |
| 9 | 2 | 122 | 6 | 6 | 12 | ഉണ്ട് | |
| | | 129 | 14 | 12 | 26 | | ഇല്ല |
| 10 | 1 | 20 | 12 | 25 | 37 | ഉണ്ട് | |
| ആകെ | 15 | | 193 | 189 | 382 | | |

*അവലംബം അംഗൻവാടി രജിസ്റ്ററുകൾ*

## കുട്ടികളുടെയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവയ്പ്പിന്റെ സ്ഥിതി വിവരക്കണക്കുകൾ

| കുട്ടികൾ | ബി.സി.ജി | ഡി.പി.റ്റി | | | | പോളിയോ | | | | ഡി.റ്റി. | | | | മിസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1ഡി | 2ഡി | 3ഡി | ബിഡി | 1ഡി | 2ഡി | 3ഡി | ബിഡി | 1ഡി | 2ഡി | 3ഡി | ബിഡി | |
| 1വയസ്സിൽ താഴെ | 448 | 411 | 386 | 378 | 64 | 412 | 384 | 380 | 64 | – | – | – | – | 246 |
| 1–3 വയസ്സ് | 458 | 471 | 476 | 472 | 430 | 471 | 476 | 472 | 455 | 4 | 5 | 27 | 55 | 436 |
| 3–6 വയസ്സ് | 514 | 516 | 512 | 512 | 376 | 516 | 512 | 512 | 376 | 8 | 6 | – | 199 | 468 |

*അവലംബം അംഗൻവാടി രജിസ്റ്ററുകൾ*

ടെറ്റനസ് ടോക്സോയിഡ് (ടി.ടി)

| ഗർഭിണികൾ | 1ഡി | 2ഡി | 3ഡി |
|---|---|---|---|
| | 204 | 188 | 28 |

| | |
|---|---|
| ഇരുമ്പ് / ഫോളിക്കോസിഡ് ഗുളിക ലഭിച്ച ഗർഭിണികളുടെ എണ്ണം | 718 |
| ഇരുമ്പ്/ ഫോളിക്കോസിഡ് ഗുളിക ലഭിച്ച കുട്ടികളുടെ എണ്ണം | 1134 |
| വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | 1136 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | 212 |
| വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | 1 |

അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിട സൗകര്യങ്ങൾ ഉണ്ടെങ്കിലും മതിയായ കളിസ്ഥലങ്ങളോ കളിക്കോപ്പുകളോ ഇല്ല. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ ഒന്നുംതന്നെ അംഗൻ വാടികളിലില്ല. പ്രത്യേക ഘടകപദ്ധതി അനുസരിച്ച് പണികഴിപ്പിച്ചിട്ടുള്ള അംഗൻവാടികളിൽ വയറിംഗ് നടത്തിയിട്ടുണ്ടെങ്കിലും വൈദ്യുത കണക്ഷൻ നാളിതു വരെ ലഭിച്ചിട്ടില്ല. ആവശ്യാനുസരണം ഫർണീച്ചറുകളും ഇല്ല. 122-ാം നമ്പർ അംഗൻവാടിയിൽ മാത്രമാണ് കിണറുകളുള്ളത്. 18-19 എന്നീ നമ്പറുകളിലെ അംഗൻ വാടികളെ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. മതിയായ കളിസ്ഥലവും കളിക്കോപ്പുകളുടേയും അഭാവം
2. കുടിവെള്ളത്തിനുള്ള സൗകര്യമില്ലായ്മ
3. ആവശ്യാനുസരണം ഫർണീച്ചറുകളില്ലായ്മ
4. വൈദ്യുത കണക്ഷൻ ലഭിച്ചിട്ടില്ല
5. സ്വന്തമായി കെട്ടിടം ഇല്ലായ്മ
6. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യ മില്ലായ്മ
7. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളിലെ അപര്യാപ്തത

### പരിഹാരമാർഗ്ഗങ്ങൾ

സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണിഞ്ഞ്കൊടുക്കുക. കുടിവെള്ളം കിട്ടുന്ന തിനുവേണ്ടി കിണറു കുഴിക്കാനുള്ള നടപടി സ്വീകരിക്കുക. ചുറ്റുമതിൽ ഇല്ലാത്ത അംഗൻവാടികള ചുററുമതിൽ കെട്ടി സംരക്ഷിക്കുക. വൈദ്യുതി ബന്ധം സ്ഥാപിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുക. അംഗൻവാടികളിലെ കുട്ടികൾക്ക് പോഷകാഹാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുക. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീക രിക്കുക. സേവനവേതന വ്യവസ്ഥകൾ കാലോചി തമായി പരിഷ്ക്കരിക്കുക.

### പൊതുവിതരണം

ഭക്ഷ്യസാധനങ്ങളുടെ ഉൽപ്പാദനത്തിൽ ഒരു കമ്മി സംസ്ഥാനമാണ് കേരളം. നാണ്യവിളകളാണ് നമ്മുടെ കാർഷികോൽപ്പന്നങ്ങളിൽ ഏറിയ പങ്കും. നെൽകൃഷിയുടെ പ്രാധാന്യം കുറഞ്ഞു കൊണ്ടി രിക്കുന്നു. ഭക്ഷ്യകാര്യത്തിൽ മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കാതെ നിവൃത്തിയില്ല. രൂക്ഷമായ ഭക്ഷ്യക്കമ്മി അനുഭവപ്പെട്ടതിൻെറ അടിസ്ഥാമത്തിൽ ഉൽപ്പാ ദിപ്പിക്കപ്പെടുന്ന ഭക്ഷ്യധാന്യത്തിൻെറയും മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടേയും നീതി പൂർവ്വകമായ വിതരണം നടത്തിയാൽ മാത്രമേ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗത്തിൽപ്പെട്ട ജന വിഭാഗ ങ്ങളുടെയും താൽപ്പര്യം സംരക്ഷിക്കുവാൻ കഴിയുക യുള്ളൂ. കുതിച്ചുയരുന്ന നിത്യോപയോഗ സാധന ങ്ങളുടെ വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കാനും അരി, ഗോതമ്പ് പഞ്ചസാര, മണ്ണെണ്ണ തുടങ്ങി ജനങ്ങളുടെ നിത്യാവശ്യത്തിന് ഉപകരിക്കുന്ന ഭക്ഷ്യവും ഭക്ഷ്യേതരവുമായ സാധനങ്ങൾ വിവേചനരഹിതമായി വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് റേഷൻ സമ്പ്രദായം നടപ്പിലാക്കിയത്. 1966 മുതൽ കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലവിൽവന്നു ഇപ്പോൾ ന്യായവില റേഷൻഡിപ്പോയുടെ പേര് പരിഷ്ക്കരിച്ച് പൊതു വിതരണ കേന്ദ്രം എന്നാക്കി മാറ്റിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ പൊതു വിതരണ കേന്ദ്രത്തിൻെറ ഒരു ശൃഖലതന്നെ പ്രവർത്തി ക്കുന്നുണ്ട്. പഞ്ചായത്തിലെ വിവധപ്രദേശങ്ങളിലായ് 12 പൊതു വിതരണ കേന്ദ്രങ്ങളുണ്ട്. ഗുണനില വാരമില്ലാത്ത ഭക്ഷ്യപദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതുകൊണ്ട് ഉപഭോക്താക്കൾ റേഷൻ

സാധനങ്ങൾ വാങ്ങി ഉപയോഗിക്കാൻ അത്രയേറെ താല്പര്യം കാണിക്കുന്നില്ല. അളവിലും തൂക്കത്തിലും പലപ്പോഴും കൃത്യത പാലിക്കാൻ കഴിയുന്നില്ല. പഞ്ചായത്തിൽ ആകെയുള്ള റേഷൻകാർഡുടമകളുടെ എണ്ണം 5181 ആണ്. എന്നാൽ 1991 ലെ സെൻസസ് പ്രകാരം 7094 കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. 1903 കുടുംബങ്ങൾക്ക് ഇപ്പോഴും റേഷൻ കാർഡില്ല. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഒരു റേഷൻ കടയുടെ ശരാശരി ഉപഭോക്താക്കളുടെ എണ്ണം 432 ആണ്.

നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് വിതരണം ചെയ്യുന്നതിന് വേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ നേതൃത്വത്തിൽ പൂതക്കുളം ജംഗ്ഷനിൻ ഒരു മാവേലിസ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഈ സ്റ്റോറിൽനിന്നും ചില സാധനങ്ങൾ ഉപഭോക്താക്കൾക്ക് ഇഷ്ടാനുസരണം ലഭിക്കുന്നില്ല. പയറു വർഗ്ഗങ്ങൾ, പഞ്ചസാര, ഉഴുന്ന് തുടങ്ങിയ സാധനങ്ങൾ പൊതുവിപണിയേക്കാളും വിലനിലവാരം കുറവാണെങ്കിലും ആവശ്യാനുസരണം ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ല.

സ്റ്റോക്കു വിവര പട്ടികയിൽനിന്നും വിറ്റഴിക്കപ്പെടുന്ന സാധനങ്ങളുടെ കണക്ക് ബോധ്യമാകുന്നു. സ്റ്റോക്ക് നീക്കിയിരിപ്പിൽ അരിയാണ് കൂടുതൽ കാണാൻ കഴിയുന്നത്. ഗുണനിലവാരമുള്ള അരി വിതരണം ചെയ്താൽ ആവശ്യക്കാരുടെ എണ്ണം കൂടും. മല്ലി, മുളക്, ഉഴുന്ന്, ചെറുപയർ തുടങ്ങിയ സാധനങ്ങൾ കൂടുതലായി സ്റ്റോക്ക് ചെയ്യുകയും വിതരണം നടത്തുകയും വേണം.

### പ്രശ്നങ്ങൾ

1. റേഷനരിയുടെ ഗുണനിലവാരമില്ലായ്മ.
2. അളവിലും തൂക്കത്തിലും കൃത്യതയില്ലായ്മ
3. പുതിയ റേഷൻകാർഡുകൾ കിട്ടാനുള്ള ബുദ്ധിമുട്ടുകൾ
4. റേഷൻകടകൾ തുറക്കുന്നതിലും അടക്കുന്നതിലും കൃത്യനിഷ്ടയില്ലായമ
5. മാവേലിസ്റ്റോറുകളിൽ ചില സാധനങ്ങളുടെ സ്റ്റോക്ക് ഇല്ലായ്മ
6. മാവേലിസ്റ്റോറുകളിലെ ജീവനക്കാരുടെ എണ്ണക്കുറവ്.

### സ്റ്റോക്കു വിവരപട്ടിക : മാവേലിസ്റ്റോർ 1995–96

| നമ്പർ | ഇനം | മുന്നിരിപ്പ് | തൻമാസം | ആകെ | വിൽപ്പനനടന്നത് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | അരി | 2323 | 2663 | 4986 | 2230 | 2756 |
| 2 | പാംഓയിൽ | 421.500 | 4 | 425.500 | 423.500 | 2 |
| 3 | പഞ്ചസാര | | 32000 | 3200 | 3018 | 182 |
| 4 | ചെറുപയർ | 80 | 1798 | 1878 | 1631 | 247 |
| 5 | ഉഴുന്ന് | 2.00 | 2198 | 2200 | 1936 | 263 |
| 6 | കടല | 193 | 674 | 867 | 767 | 100 |
| 7 | മുളക് | 177 | 1487 | 1664 | 1474 | 190 |
| 8 | മല്ലി | 59 | 1774 | 1773 | 1665 | 108 |

### നിർദ്ദേശങ്ങൾ

1. റേഷൻകടകളിൽകൂടി ഗുണനിലവാരമുള്ള അരി വിതരണം ചെയ്യുന്നതിന് സിവിൽസപ്ലൈസ് വകുപ്പ് കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കണം.

2. അരിക്കുപുറമേ മുളക്, മല്ലി, വെളിച്ചെണ്ണ പയറു വർഗ്ഗങ്ങൾ തുടങ്ങിയ സാധനങ്ങൾ കൂടി വിതരണം ചെയ്യണം.

3. റേഷൻ കാർഡു ലഭിക്കുവാൻ ഇപ്പോഴുള്ള നിബന്ധനകൾ ലഘൂകരിക്കണം.

4. റേഷൻ കടകളിലെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിന് ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തണം. ഇതിനായി പഞ്ചായത്തു തലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കണം.

5. അളവിലും തൂക്കത്തിലും കൃത്യത പാലിക്കുന്നതിന് വേണ്ടിയുള്ള ബോധവൽക്കരണം നടത്തണം.

6. മാവേലിസ്റ്റോറുകളിൽകൂടി ഉപഭോക്താക്കൾക്ക് ആവശ്യാനുസരണമുള്ള സാധനങ്ങൾ വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തണം. ഇപ്പോൾ ചില സാധനങ്ങൾ വാങ്ങുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളിൽ അയവ് വരുത്തണം.

7. മാവേലിസ്റ്റോറിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണം.

8. പഞ്ചായത്ത് തലത്തിൽ ഉപഭോക്തൃസംരക്ഷണ സമിതികൾ രൂപീകരിക്കണം.





# പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

1991 ലെ സെൻസസ് അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യ 24610 ആണ്. ഇതിൽ പട്ടികജാതി വിഭാഗത്തിൽ 3635 പേരാണ് ഉള്ളത്. പട്ടികവർഗ്ഗ വിഭാഗക്കാരില്ല. ഇത് ആകെ ജനസംഖ്യയുടെ 15% ത്തോളമാണ്. ഇതിൽ 1746 പുരുഷൻമാരും 1889 സ്ത്രീകളുമാണ്.

അടിയിൽ പട്ടിക 1ൽ വിവരിക്കുന്ന അംഗീകരിച്ച 14 കോളനികളാണ് ഈ ഗ്രാമപഞ്ചായത്തിലുള്ളത്.

പട്ടിക 1

## നിലവിലുള്ള കോളനികളുടെ ലിസ്റ്റ്

| നമ്പർ | കോളനികളുടെ പേര് | വാർഡ് |
|---|---|---|
| 1 | 2 | 3 |
| 1 | സെറ്റിൽമെൻറ് കോളനി | I |
| 2 | പാറവിള കോളനി | I |
| 3 | പട്ടമ്പി കോളനി | II |
| 4 | E.M.S കോളനി, ഞാറോട്ട് കോളനി | III |
| 5 | കോട്ടുവൻകോണം കോളനി | III |
| 6 | കൂനംകുളം ലക്ഷംവീട് കോളനി | V |
| 7 | കൂനംകുളം ഹരിജൻ കോളനി | V |
| 8 | പാണാട്ടുചിറ ലക്ഷംവീട് കോളനി | V |
| 9 | ചമ്പാൻചാൽ കോളനി | VI |
| 10 | തോണിപ്പാറ ലക്ഷംവീട് കോളനി | VII |
| 11 | തെങ്ങുവിള ലക്ഷംവീട് കോളനി | VIII |
| 12 | പുന്നേക്കുളം കോളനി | VIII |
| 13 | തലക്കുളം കോളനി | IX |
| 14 | തേരാക്കുളം ലക്ഷംവീട് കോളനി | XI |

ഇത് കൂടാതെ ഗവൺമെൻറ് അംഗീകരിച്ചിട്ടില്ലാത്തതും പട്ടിക ജാതിക്കാരും മറ്റു വിഭാഗക്കാരും ഇടകലർന്ന് ജീവിക്കുന്ന കോളനിപോലുള്ള അടിയിൽ പട്ടിക രണ്ടിൽ വിവരിക്കുന്ന 4 കോളനികളും ഈ ഗ്രാമപഞ്ചായത്തിലുണ്ട്. ഇതും കോളനികളായി അംഗീകരിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

## അംഗീകരിക്കേണ്ട പുതിയ കോളനികളുടെ ലിസ്റ്റ്

| നമ്പർ | കോളനിയുടെ പേര് | വാർഡ് |
|---|---|---|
| 1 | പെരുങ്കുളം ഏലാക്ക് വടക്കുവശം ഉള്ള നെടിയവിള വടക്കേ കോളനി | I |
| 2 | മുക്കം ഹരിജൻ കോളനി | VI |
| 3 | ആലുവിളപ്പുറം കോളനി | VII |
| 4 | പാറപ്പുറം ഹരിജൻ കോളനി | X |

ഈ വിഭാഗത്തിൽപ്പെട്ട പഴയതലമുറക്കാർ പൊതുവേ നിരക്ഷരരാണ്. പുതിയ തലമുറയിലെ 90% വും പ്രാഥമിക വിദ്യാഭ്യാസം നടത്തിയിട്ടുള്ളവരും നടത്തിക്കൊണ്ടിരിക്കുന്നവരുമാണ്. സാക്ഷരതാ പരിപാടി ഈ പഞ്ചായത്തിൽ വളരെ നല്ല രീതിയിൽ ആദ്യഘട്ടം പൂർത്തീകരിച്ചതുമൂലം പഴയ തലമുറയിലെ മിക്കവാറും എല്ലാ പേരും തന്നെ ഇതിൽ പങ്കെടുക്കുകയും സാക്ഷരത കൈവരി ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ടം ആദ്യഘട്ടം പോലെ ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാക്ഷരതാ

വാർഡ് തിരിച്ചുള്ള പട്ടിക ജാതിക്കാരുടെ വിവരങ്ങൾ പട്ടിക 3 ൽ കാണിച്ചിരിക്കുന്നു.

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1 | 381 | 406 | 787 |
| 2 | 103 | 99 | 202 |
| 3 | 148 | 170 | 318 |
| 4 | 25 | 23 | 48 |
| 5 | 132 | 156 | 288 |
| 6 | 216 | 258 | 474 |
| 7 | 210 | 249 | 459 |
| 8 | 346 | 340 | 686 |
| 9 | 49 | 57 | 106 |
| 10 | 136 | 131 | 267 |
| 11 | 136 | 131 | 267 |
| ആകെ | 1746 | 1889 | 3635 |

## എസ്.സി/എസ്.ടി കുട്ടികളെ സംബന്ധിക്കുന്ന വിവരം (എയ്ഡഡ് സ്കൂൾ)

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | SC/ ST കുട്ടികൾ | | | SC/ ST കുട്ടികൾ തോറ്റുപഠിക്കുന്നവർ | | | SC/ ST കുട്ടികൾ പഠനം നിർത്തിയവർ | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ചെമ്പകശ്ശേരി H.S പൂതക്കുളം | 579 | 80 | 70 | 150 | 10 | 5 | 15 | 5 | 4 | 9 |
| 2 | ചെമ്പകശ്ശേരി U.P.S പൂതക്കുളം | 1010 | 152 | 121 | 273 | 17 | 22 | 29 | 16 | 14 | 30 |
| 3 | ദേവരാജവിലാസം L.P.S,പുത്തൻകുളം | 238 | 27 | 40 | 67 | 4 | 3 | 7 | – | 2 | 2 |
| | ആകെ | 1827 | 259 | 231 | 490 | 31 | 30 | 61 | 21 | 20 | 41 |

പരിപാടി തുടർന്നും നടത്തിയാൽ പഴമക്കാരെ ഒന്നുകൂടി സാക്ഷരരാക്കാൻ കഴിയു ന്നതാണ്. ഇപ്പോഴത്തെ തലമുറയുടെ വിദ്യാഭ്യാസം ഇടയ്ക്കുവച്ചു നിലച്ചുപോകുന്നതായി കാണാൻ കഴിയും. വീടുകളിലെ ജീവിതവൈഷമ്യവും മറ്റും മൂലം കുട്ടികളെക്കൂടെ കൂലിപ്പണിയിൽ ഏർപ്പെടുത്തുന്നതായിക്കാണുന്നു.

എസ്.എസ്.എൽ.സി വരെ എത്താതെ തന്നെ സ്ക്കൂളുകളിൽനിന്നും പട്ടികജാതി വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു. ബോധവൽക്കരണത്തിൽ ക്കൂടി മാത്രമേ ഈ കൊഴിച്ചിൽ തടയാൻ പറ്റൂ. എസ്.എസ്.എൽ.സി കഴിഞ്ഞാൽ ഉപരിപഠനത്തി നായി പോകുന്നവരും വളരെ കുറഞ്ഞ ശതമാനം മാത്രമാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളും സർക്കാരും ഈ കാര്യം മനസ്സിലാക്കി ഈ വിഭാഗത്തിൽപ്പെട്ട 100% വിദ്യാർത്ഥികളെയും പ്രൈമറിതലം മുതൽ ഡിഗ്രി തലം വരെയും പഠിച്ച് ഉയർച്ചയിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കണം. അതിനായി ഇന്നുള്ള ഗ്രാൻറ് തുകകളും ഹോസ്റ്റൽ അലവൻസും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചുകൊടുക്കേണ്ടതാണ്. ഗ്രാൻറുകൾ രണ്ടു തവണയായി നൽകണം. എങ്കിൽ മാത്രമേ സമൂഹമദ്ധ്യത്തിൽ ഈ വിഭാഗങ്ങളെക്കൂടി ഒപ്പത്തിനൊപ്പം ഉയർത്തിക്കൊണ്ടുവരുവാൻ പറ്റുക യുള്ളു. തോറ്റു പഠിക്കുന്ന വിദ്യാർത്ഥികളുടെയും പഠനം നിർത്തി പോയിട്ടുള്ള കുട്ടികളുടേയും വിവരം കാണിക്കുന്ന സ്റ്റേറ്റ്മെൻറ് പട്ടികയിൽ വിവരിക്കുന്നു.

## എസ്.സി/എസ്.ടി കുട്ടികളെ സംബന്ധിക്കുന്ന വിവരം (സർക്കാർ സ്കൂൾ)

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | ആകെ കുട്ടികൾ | SC/ ST കുട്ടികൾ | | | SC/ ST കുട്ടികൾ തോറ്റുപഠിക്കുന്നവർ | | | SC/ ST കുട്ടികൾ പഠനം നിർത്തിയവർ | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ഗവൺമെൻറ് H.S പൂതക്കുളം | 2035 | 118 | 113 | 231 | 32 | 21 | 53 | 8 | 6 | 1 |
| 2 | ഗവ. U.P.S. കലയ്ക്കോട് | 427 | 65 | 68 | 113 | 6 | 12 | 18 | 2 | 1 | 3 |
| 3 | ഗവ. L.P.S പൂതക്കുളം നോർത്ത് | 248 | 25 | 29 | 54 | 1 | 1 | 2 | 1 | – | 1 |
| 4 | ഗവ. L.P.S പൂതക്കുളം സൗത്ത് | 171 | 31 | 29 | 60 | – | 1 | 1 | –– | – | |
| | ആകെ | 2881 | 239 | 478 | 39 | 35 | 71 | 11 | 7 | 18 | |

മുൻകാലങ്ങളിൽ പട്ടികജാതി വിഭാഗത്തിനുള്ള മുഖ്യതൊഴിൽ കൃഷിപ്പണിയായിരിന്നു. പലതരത്തി ലുമുള്ള ബുദ്ധിമുട്ടുകൾ കാരണം ഭൂരിഭാഗവും കൃഷി ഉപേക്ഷിക്കുകയോ മുൻപുള്ളതിൽ നിന്നും കുറയ്ക്കുയോ ചെയ്തിട്ടുള്ളതു മൂലം ഈ മേഖലയിൽ പണി കുറയുകയും കെട്ടിട നിർമ്മാണം, ഇഷ്ടിക നിർമ്മാണം, കശുവണ്ടി മേഖല എന്നീ മേഖല കളിലേയ്ക്ക് പോകേണ്ടി വന്നിരിക്കുകയാണ്. കൂടെതെ കൃഷിപ്പണിയേക്കാളും കുറഞ്ഞ അദ്ധ്വാനവും കൂടിയ കൂലിയും മറ്റു തൊഴിലുകൾക്ക് ലഭിക്കുന്നു എന്നുള്ളതും ഒരു പ്രത്യേക കാരണമായി കാണുന്നു. കൃഷിപ്പണികൾ, നിർത്തിവച്ചിട്ടുള്ളവ പുനജ്ജീവി പ്പിക്കുകയും കൂടുതൽ യന്ത്രവൽക്കരിക്കുകയും കൂടിചെയ്താൽ മറ്റുതൊഴിൽ തേടി പോയിട്ടുള്ള കാർഷിക മേഖലയിലെ പണിക്കാർ തിരികേ വരുന്ന തായിരിക്കും. 80%വും കൃഷി മുഖ്യ ഉപജീവനമായിട്ടുള്ള ഈ പഞ്ചായത്ത് പ്രദേശത്ത് ഈ വിഭാഗത്തിന് തൊഴിൽ ലഭിക്കാൻ കൃഷിപ്പണി ആധുനികരിക്കേണ്ടിയിരിക്കുന്നു.

പാർപ്പിട പ്രശ്നത്തിൽ 100% വും പരിഹാരം ഉണ്ടായിട്ടില്ല. എന്നാൽ തന്നെയും പല ഏജൻസികൾ പല അവസരത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ മൂലം ഒരു പരിധി വരെ പാർപ്പിട പ്രശ്നം പരിഹരിച്ചിട്ടുണ്ട്.

ഇത്തിക്കര ബ്ലോക്കിൽ ലക്ഷംവീട് പദ്ധതി പ്രകാരം 100 വീടുകൾ പൂർത്തീകരിച്ചിട്ടുള്ള ഒരു പഞ്ചായത്താണിത്. ലക്ഷംവീട് പദ്ധതി പ്രകാരം പൂർത്തീകരിച്ച് നൽകിയിട്ടുള്ള വീടുകളുടെ വിവരം.

| ക്രമ നമ്പർ | ലക്ഷംവീട് കോളനിയുടെ പേര് | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | കൂനംകുളം പ്ലോട്ട് | 12 |
| 2 | പാണാട്ടു ചിറ പ്ലോട്ട് | 18 |
| 3 | തോണിപ്പാറ പ്ലോട്ട് | 14 |
| 4 | തെങ്ങുവിള പ്ലോട്ട് | 34 |
| 5 | തേരാക്കുളം പ്ലോട്ട് (പുത്തൻകുളം) | 2 |
| | ആകെ | 100 |

ഇത് കൂടാതെ അഞ്ചാം വാർഡിലെ ജയന്തി ക്കോളനിയിൽ ഒരു ഏക്കർ ഭൂമി വാങ്ങി 20 കുടുംബങ്ങൾക്കും കലയ്ക്കോട് ഒന്നാം വാർഡിലെ പാറവിളയിൽ 2 ഏക്കർ 78 സെൻറ് സ്ഥലം വാങ്ങി 54 ഗുണഭോക്താക്കൾക്ക് നൽകുകയും വീട് വയ്ക്കുന്നതിനുള്ള തുകയും നൽകി വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ രണ്ടു പദ്ധതികളിലേയും 75% ഗുണഭോക്താക്കളും പട്ടികജാതി കുടുംബങ്ങൾ തന്നെയാണ്.

ഇത്രയും സംഗതികൾ പാർപ്പിട കാര്യങ്ങളിൽ നടന്നിട്ടുണ്ടെങ്കിലും ഈ വിഭാഗത്തിലെ 60% കുടുംബങ്ങൾക്കും ഒരുവിധം സൗകര്യങ്ങളുള്ള പാർപ്പിടമില്ലാതെ വിഷമിച്ച് കഴിയുകയാണ്. ഗവൺമെൻറിൽ നിന്നും ഈ വിഭാഗത്തിനായി സ്പെഷ്യൽ പദ്ധതികൾ പ്രകാരം എത്രയും പെട്ടന്നുതന്നെ വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുകയോ മറ്റു ഏജൻസികൾ മുഖേന സ്ഥലംവാങ്ങി വീടു പണി ചെയ്ത്കൊടുത്തോ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങളുടെ താമസസൗകര്യം ഉറപ്പാക്കേണ്ടിയിരിക്കുന്നു. ഈ പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ മറ്റുള്ള സമൂഹത്തോടൊപ്പം അവരും എത്തിയെന്നുള്ള ഒരു പുത്തൻ വികാരം ഈ വിഭാഗത്തിനുണ്ടാവുകയുള്ളു.

എല്ലാ കോളനികളിലും കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നീ അത്യാവശ്യ കാര്യങ്ങൾക്കായി ബുദ്ധിമുട്ടുകയാണ്. കുടിവെള്ളത്തിനായി കോളനി പ്രദേശങ്ങളിൽ കുഴൽകിണർ കുഴിച്ച് പൈപ്പു വെള്ളം നൽകണം. പല കോളനികളിലും ഇലക്ട്രിക് ലൈൻ എത്തിയിട്ടില്ല. അങ്ങനെയുള്ള പ്രദേശത്തേക്ക് ലൈൻ നീട്ടി സപ്ലൈ കൊടുക്കണം. വയറിംഗ് നടത്തിയിട്ടുള്ള പല കോളനികൾക്കും സപ്ലൈ നൽകിയിട്ടില്ല. കക്കൂസുകളില്ലാത്ത വീടുകൾ കോളനിപ്രദേശത്താണ് കൂടുതലായുള്ളത്. അവർക്കെല്ലാംതന്നെ പ്രത്യേക ഘടക പദ്ധതി പ്രകാരം സമയപരിധി വച്ച് കക്കൂസ് നിർമ്മിച്ച് നൽകണം. എല്ലാ കോളനികളിലും തെരിവുവിളക്കുകൾ സ്ഥാപിക്കുവാനുള്ള പദ്ധതി നടപ്പിലാക്കണം. ലക്ഷംവീട് കോളനികളിലെ വിടുകൾക്ക് അത്യാവശ്യമായി മെയിൻറനൻസ് നടത്തി സംരക്ഷിക്കുവാനുള്ള പദ്ധതി താമസിയാതെ വേണം.

കോളനികളിലൊന്നുംതന്നെ മണം നടന്നു കഴിഞ്ഞാൽ അടക്കാൻ പൊതുവായ സ്ഥലമില്ലാതെ വിഷമിക്കുകയാണ്. ഇതിനായി ഓരോ കോളനിയോടും ചേർന്ന് സ്ഥലം വാങ്ങി ശ്മശാനം നിർമ്മിച്ച് പരിഹാരം ഉണ്ടാക്കണം.

പത്തു വീടുകളിൽ കൂടുതലുള്ള പട്ടിജാതി-പട്ടികവർഗ്ഗ കോളനികളിൽ ഓരോ അംഗനവാടികൾ സ്ഥാപിക്കുകയും കുട്ടികളുടെ ആരോഗ്യത്തേയും നെഴ്സറി പഠനത്തേയും പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഈ അംഗനവാടികളോട് ചേർന്നു തന്നെ ഓരോ ടി.വി കിയോസ്കും പണിത് ടി.വി സ്ഥാപിച്ചാൽ പരിപാടികൾ കാണാനും നല്ല കാര്യങ്ങൾ ഉൾക്കൊള്ളാനും ഉപകരിക്കുന്നതായിരിക്കും.

തൊഴിലില്ലായ്മയിൽ നിന്ന് ഈ വിഭാഗത്തിലെ വനിതകളെ വിമുക്തരാക്കുന്നതിലേക്കായി ആവശ്യമായ കോളനി പ്രദേശത്ത് സഹകരണാടിസ്ഥാനത്തിൽ വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചാൽ ഒരു പരിധിവരെ തൊഴിലില്ലായ്മ പരിഹിരിക്കാനും കുടുംബവരുമാനം വർദ്ധിപ്പിക്കു വാനും സാധിക്കും. കൈത്തൊഴിലുകളിൽ പരിശീലനം നൽകി, കൈത്തൊഴിലിനുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കണം. കോളനി നിവാസികൾക്ക്



4213
THRISSUR-680581 ★ KERALA ... TION ★ LIBRARY

കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്ത പരിതസ്ഥിതി ഇന്ന് നിലനിൽക്കുന്നു. എത്രയുംപെട്ടെന്ന് തന്നെ കൈവശഭൂമിക്ക് എല്ലാ കോളനിയിലേയും താമസക്കാർക്ക് പട്ടയം ലഭിക്കാൻ സമയബന്ധിത പരിപാടിയായി നടപ്പാക്കണം.

1957-ൽ കലയ്ക്കോട് വാർഡിൽ പട്ടികജാതി-പട്ടികവർഗ്ഗ സമൂഹത്തിന് തൊഴിൽ പഠിക്കുന്നതിന് മോഡൽ വെൽഫയർ സെൻറർ ഒരേക്കർ സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ ഈ സ്ഥാപനം അവിടെ പ്രവർത്തിക്കുന്നില്ല. സമൂഹത്തിന് വളരെ പ്രയോജനം ചെയ്യുന്ന ഈ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കെട്ടിടവും ഉപകരണങ്ങളും നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ നഷ്ടം ഒഴിവാക്കി കൂടുതൽ സൗകര്യത്തോടുകൂടി ഈ സ്ഥാപനം പ്രവർത്തിപ്പിക്കേണ്ടതാണ്.

കോളനി പ്രദേശങ്ങളിലെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഇന്നുള്ള റോഡുകൾ സംരക്ഷിക്കണം. കോളനികളിലേക്കുള്ള റോഡുകളിലെല്ലാം തന്നെ തെരിവുവിളക്കുകൾ സ്ഥാപിക്കണം.

ഈ പഞ്ചായത്ത് പ്രദേശത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗവും മറ്റു സമുദായത്തിലും മതത്തിലുംപെട്ട കുടുംബങ്ങളും വളരെ ഐക്യമത്യ സ്വഭാവത്തോടുകൂടി സഹകരിച്ച് കഴിഞ്ഞുവരുന്നു. എല്ലാ വിഭാഗത്തിലേയും മതപരമായ ചടങ്ങുകളിലെല്ലാം തന്നെ ഒരു പ്രത്യേക വിഭാഗമെന്നുകാണാതെ തന്നെ പങ്കെടുക്കുന്നുണ്ട്. ഇതൊരു പുത്തൻ സംസ്ക്കാരം കെട്ടിപ്പടുക്കാൻ ഉപകരിക്കുന്നു എന്നുള്ളതിന് തെളിവാണ്.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വിവിധ ഏജൻസികൾ മുഖേന പൂർത്തീകരിച്ച വിവരങ്ങൾ.

| വാർഡ് | സ്കീമിൻെറ പേര് | | | | ആകെ |
|---|---|---|---|---|---|
| | JRY | NREP | MWS | RLGP | |
| 1 | 2 | 3 | 4 | 5 | 6 |
| I | 19 | 13 | 1 | | 33 |
| II | 3 | 1 | | | 4 |
| III | 8 | | | | 8 |
| IV | 6 | | | | 6 |
| V | 10 | 3 | | | 13 |
| VI | 4 | 4 | | 13 | 21 |
| VII | 1 | | | | 1 |
| VIII | 13 | 15 | | | 28 |
| IX | 3 | | | | 3 |
| X | 4 | | | | 4 |
| XI | 4 | | | | 4 |
| ആകെ | 75 | 36 | 1 | 13 | 125 |

*അവലംബം- ഗ്രാമപഞ്ചായത്ത് അസസ്മെൻറ് രജിസ്റ്റർ*

## പ്രശ്നങ്ങൾ

1. സ്വന്തമായി ഭൂമിയില്ലാത്ത അവസ്ഥ അവസാനിപ്പിക്കണം.
2. സ്വന്തമായി കിടപ്പാടമില്ലാത്ത പട്ടികജാതി കുടുംബങ്ങൾ വളരെയാണ്.
3. കുടിവെള്ള പ്രശ്നം ഈ സമൂഹത്തെ അലട്ടിക്കൊണ്ടിരിക്കുന്നു. കിണറുകളിൽ നിന്നും പരിസരമലിനീകരണങ്ങൾ മൂലം ശുദ്ധജലം ലഭിക്കുന്നില്ല.
4. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. തൊഴിൽ സാദ്ധ്യതകൾ വളരെ മോശമാണ്.
5. വൈദ്യുതി പ്രശ്നം അത്യാവശ്യമായി പരിഹരിക്കണം. വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ്.
6. പൊതുശ്മശാനമില്ല.
7. പ്രാഥമിക സൗകര്യങ്ങൾ വളരെ കുറവാണ്.
8. കെട്ടിട നിർമ്മാണത്തിന് നൽകി വരുന്ന തുക അപര്യാപ്തമാണ്. ഇതുകൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നില്ല. നൽകുന്ന ധനസഹായങ്ങൾതന്നെ അതിനായി ഉപയോഗിക്കാതെ ദുർവിനിയോഗം ചെയ്യുന്നു.
9. അനുവദിച്ച് കിട്ടിയിട്ടുള്ള സ്ഥലവും കെട്ടിടവും വ്യാപകമായി കൈമാറ്റം ചെയ്യുന്നു.
10. കൈവശഭൂമിക്ക് പട്ടയം കിട്ടിയിട്ടില്ല.

11. ആരോഗ്യസംരക്ഷണം ഇന്നുള്ളതിൽ നിന്നും മെച്ചപ്പെടുത്തണം.

12. നിർദ്ധനകുടുംബങ്ങളുടെ ചികിത്സയ്ക്കും പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം നൽകുകയും വർദ്ധിപ്പിക്കുകയും വേണം.

13. കുടുംബ അഭിവൃദ്ധിക്കായി ഗവൺമെൻറിൽ നിന്നും നൽകി വരുന്ന വായ്പകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി ക്കാണുന്നില്ല.

14. നടപ്പാക്കുന്ന പദ്ധതികളെപ്പറ്റി വേണ്ടത്ര അറിവു ലഭിക്കുന്നില്ല.

15. വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും സ്കൂളിൽ പഠനത്തിനായി അയയ്ക്കുന്നതും കുറഞ്ഞ തോതിലാണ്.

16. തൊഴിൽ സൗകര്യങ്ങൾ കുറവാണ്. സ്ത്രീ വിഭാഗത്തിനുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

17. സൗജന്യമായി നൽകിയിട്ടുള്ള കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ ഇല്ലാത്തതിനാൽ ഉപയോഗശൂന്യമാകുന്നു.

18. അഭ്യസ്തവിദ്യരായവർക്ക് പട്ടികജാതി കോർപ്പറേഷനിൽ നിന്നും നൽകുന്നവായ്പകൾ വർദ്ധിപ്പിക്കുകയും പദ്ധതി ലഘൂകരിക്കുകയും വേണം. ഈ തുകകൾ ദുർവിനിയോഗം ചെയ്തു വരുന്നു.

19. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കൂടുതലാണ്.

20. കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം എന്നിവ യിൽ വേണ്ടത്ര ശ്രദ്ധകാണുന്നില്ല.

### പരിഹാര മാർഗ്ഗങ്ങൾ

1. റവന്യൂ പുറമ്പോക്ക് ഭൂമിയുടെ ലഭ്യത തിട്ടപ്പെടുത്തി വീതിച്ചു നൽകണം. ഭൂമി വാങ്ങി വിതരണം ചെയ്യണം.

2. സ്വന്തമായി വീടില്ലാത്തവർക്ക് ധനസഹായത്തി നായി സന്നദ്ധ സംഘടനകൾ സഹകരണ സംഘങ്ങൾ എന്നിവയിലൂടെ ധന സമ്പാദനം നടത്തി വീടുവച്ചു നൽകന്ന പദ്ധതി ആസൂത്രണം ചെയ്യണം.

3. കുടിവെള്ള പ്രശ്നപരിഹാരത്തിനായി കിണർ കുഴിപ്പിക്കുക, കുഴൽകിണർ നിർമ്മിച്ച് പമ്പ് സെറ്റുകൾ സ്ഥാപിച്ച് വെള്ളം നൽകുക, വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കി പൈപ്പു വെള്ളം എത്തിക്കുക, കിണറുകളിലെ വെള്ളം ശുദ്ധീ കരണത്തിനായി സന്നദ്ധ സംഘടനകൾ രൂപീകരിച്ച് കിണറ്റിലെ വെള്ളം ശുദ്ധീകരിക്കുക, കോളനി നിവാസികളെ ബോധവൽക്കരിക്കുക.

4. കാർഷിക മേഖലയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക. ഗ്രൂപ്പ് ഫാമിംഗ് മുതലായവ നടത്തി കൃഷി വർദ്ധിപ്പിക്കുകയും അഭിവൃദ്ധിപ്പെടു ത്തുകയും ചെയ്യുക. മറ്റുതൊഴിൽ മേഖലകളിലെ കൂലിക്ക് തുല്യമായ കൂലി കാർഷികമേഖലകളിലും നടപ്പാക്കുക.

5. കോളനികളിലും പട്ടികജാതിക്കാർ കൂടുതലുള്ള പ്രദേശങ്ങളിലും ഡെപ്പോസിറ്റ് ഇല്ലാതെ ഇലക്ട്രിക് ലൈൻ വലിക്കുക. പ്രത്യേക ഘടക പദ്ധതിയിൽ പ്പെടുത്തി പുതിയ ലൈൻ പിടിക്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ട്രാൻസ്ഫോർമർ സ്ഥാപിക്കുക, സൗജന്യമായി വീടുകൾ വൈദ്യുതീകരിക്കുക.

6. ഓരോ കോളനികളിലും പൊതുശ്മശാനങ്ങൾ സ്ഥാപിക്കുക. ലക്ഷംവീട് കോളനി നിർമ്മാണ സമയത്ത് പൊതുആവശ്യത്തിനായി കുറെ സ്ഥലങ്ങൾ ഒഴിച്ചിട്ടിരുന്നു. ഈ സ്ഥലങ്ങൾ വീണ്ടെടുത്ത് മേൽപ്പറഞ്ഞ ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്.

7. കെട്ടിടനിർമ്മാണത്തിന് നൽകുന്ന ധനസഹായം അപര്യാപ്തമാണ്. സാധന സാമഗ്രികളുടേയും ലേബർചാർജ് പുതിയ റേറ്റിൽ കണക്കാക്കി തുക പുതുക്കി നിശ്ചയിക്കുക. ഇപ്പോഴത്തേതു പോലെ ഗഡുക്കളായി തുക ഗുണഭോക്താവിന് നൽകാതെ മൊത്തം വീടുകളും സന്നദ്ധസംഘടനകൾ നിർമ്മിതി തുടങ്ങിയ ഏജൻസികളെ ഏൽപ്പിച്ച് കെട്ടടപ്പണി പൂർത്തീകരിക്കുക.

8. പല പദ്ധതികൾ മൂലം അനുവദിച്ച് കിട്ടിയിട്ടുള്ള സ്ഥലവും കെട്ടിടവും വിൽക്കുന്ന രീതി പരക്കെയുണ്ട്. ഇത്തരം കൈമാറ്റങ്ങൾ നിയമം മൂലം കർശനമായി നിരോധിക്കുക.

9. വർഷങ്ങൾ കഴിഞ്ഞിട്ടും കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല. പട്ടയം നൽകുന്നതിന് നടപടി സ്വീക രിക്കണം.

10. കോളനി നിവാസികളുടെ ആരോഗ്യപരിപാലനം വളരെ ശോചനീയമാണ്. അംഗനവാടികൾ സ്ഥാപിച്ച്, ആഴ്ചയിലൊരിക്കൽ ഡോക്ടർമാർ, നേഴ്സുമാർ എന്നിവരെത്തി കുട്ടികളെ പരിശോധി ക്കുകയും ഉപദേശവും മരുന്നും നൽകുകയും വേണം. കുട്ടികൾക്ക് പോഷകാഹാരവും പ്രതിരോധ ചികിത്സയും ഏർപ്പെടുത്തണം.

11. പട്ടിക ജാതിക്കാർക്കുള്ള ചികിത്സാനുകൂല്യം, പെൺമക്കളുടെ വിവാഹത്തിനുള്ള തുക എന്നിവ വർദ്ധിപ്പിക്കണം. വിവാഹത്തീയതിക്കു മുമ്പ് തന്നെ വിവാഹത്തിനുള്ള തുക ലഭ്യമാക്കണം. ജില്ലാ പഞ്ചായത്തോ ബ്ലോക്ക് പഞ്ചായത്തോ ഗ്രാമ പഞ്ചായത്തോ ഈ സ്കീം ഏറ്റെടുക്കണം.

12. കുടുംബാവശ്യങ്ങൾക്കായി പട്ടികജാതി ക്ഷേമ ബോർഡും മറ്റ് ഏജൻസികളും നൽകുന്ന തുക ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തുകൾ പോലുള്ള ഏജൻസികളെ ചുമതല ഏൽപ്പിച്ചാൽ ഈ ദുർവിനിയോഗം ഒഴിവാക്കാവുന്നതാണ്.

13. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കായുള്ള സർക്കാ രിൻെറ പല പദ്ധതികളെക്കുറിച്ചും ബന്ധപ്പെട്ട വർക്ക് വിവരം ലഭിക്കാതിരിക്കുകയും ഇടനില ക്കാർ അത് തട്ടിയെടുക്കുകയും ചെയ്യുന്നു. ഇത്തരം ക്ഷേമ പദ്ധതികൾ ഗ്രാമ പഞ്ചായത്തു കളെ ഏൽപ്പിച്ചാൽ ഫലപ്രദമായിരിക്കും. യഥാർത്ഥ ഗുണഭോക്താക്കളെ ബോധവൽക്കരി ക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം.

14. പട്ടിക-ജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി ബോധവൽക്കരണം നടത്തുകയും അവർക്കുള്ള ഗ്രാൻറും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുകയും ചെയ്യുക.

15. വനിതകൾക്കുള്ള തൊഴിലവസരം വർദ്ധിപ്പി ക്കുന്നതിനായി കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക. കയർ, കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കുകയും വേണം. കാഷ്യൂ കോർപ്പറേഷൻെറ ചുമതലയിൽ ഒരു കാഷ്യൂ ഫാക്ടറി ഈ പഞ്ചായത്തിൽ സ്ഥാപിക്കണം. വനിതകൾക്ക് തയ്യൽ പരിശീലനത്തിനായി സ്കൂളുകളാരംഭിക്കുക. 1957 ൽ സ്ഥാപിച്ചതും ഇപ്പോൾ പൂട്ടിക്കിടക്കുന്നതുമായ കലയ്ക്കോട് ഹരിജൻ വെൽഫയർ സെൻററിൽ വനിതകൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രം തുടങ്ങണം. പുത്തൻകുളത്ത് 1980 ൽ സ്ഥാപിതമായ ഹരിജൻ ഹാൻഡ്‌വീവ് സൊസൈറ്റിയുടെ കെട്ടിട നിർമ്മാ ണം അടിയന്തിരമായി പൂർത്തീകരിച്ച് പട്ടികജാതി ക്കാർക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കണം.

16. സൗജന്യമായി നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ തക്കസമയത്ത് ചെയ്യേണ്ടതാണ്. അതിനായി ഒരു കർമ്മ സമിതി രൂപീകരിച്ച് വിഭവസമാഹരണം നടത്തുകയും ബാക്കി വേണ്ടിവരുന്ന തുക സർക്കാർ ഏജൻസികൾ നൽകുകയും വേണം.

17. തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് തൊഴിൽ തുടങ്ങുന്നതിനായി നൽകുന്ന തുക വർദ്ധിപ്പി ക്കണം. നടപടി ക്രമങ്ങൾ ലഘൂകരിച്ച് തൊഴിൽ പദ്ധതികൾ പരിശോധിക്കാനും നിയന്ത്രിക്കാനും ജനപ്രതിനിധികളടങ്ങുന്ന സമിതി രൂപീകരിക്കണം.

18. കിട്ടുന്ന കൂലിയിൽ വലിയൊരു ഭാഗം ലഹരി ഉപയോഗത്തിനായി ഈ വിഭാഗം ചിലവഴിക്കുന്നു. അതിനാൽ വ്യാജച്ചാരായ വിൽപ്പനയും കഞ്ചാവ് കച്ചവടവും നിർത്തലാക്കി ബോധവൽക്കരണം നടത്തണം.

19. മിശ്ര ഭോജനമേളകൾ സംഘടിപ്പിക്കുക. മിശ്ര വിവാഹ സംഘടനകൾ രൂപീകരിക്കുക. മിശ്ര വിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പി ക്കുക.

20. കുടുംബാസൂത്രണ പരിപാടി വിജയപ്രദമായി നടത്തുന്നതിനുള്ള ഉപദേശവും അതിനുള്ള തുകയും വർദ്ധിപ്പിക്കണം. കുടുംബാസൂത്രണം നടത്തിയ പട്ടികജാതി കുടുംബങ്ങൾക്ക് സർക്കാർ സഹായങ്ങളിൽ ഒന്നാം സ്ഥാനം നൽകണം. അംഗനവാടികൾ സ്ഥാപിച്ച് പ്രീപ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികമാക്കണം. ■



# പൊതുജനാരോഗ്യം

# കുടിവെള്ളം

## പൊതുജനാരോഗ്യം

സമീപ പഞ്ചായത്തുകളെ താരതമ്യപ്പെടുത്തിയാൽ വിസ്തീർണ്ണവും, ജനസംഖ്യയും വളരെ കുറഞ്ഞ പഞ്ചായത്താണ് പൂതക്കുളം. 1991 ലെ സെൻസസ് പ്രകാരം ഇവിടത്തെ ജനസംഖ്യ 24610. ഇതിൽ 11678 പേർ പുരുഷൻമാരും 12932 പേർ സ്ത്രീകളുമാണ്. നമ്മുടെ പഞ്ചായത്തിലെ സ്ത്രീപുരുഷ അനുപാതം 1000 പുരുഷൻമാർക്ക് 1107 സ്ത്രീകളാണ്.

പൂർവകാല ചികിത്സാരംഗം പാരമ്പര്യ വൈദ്യൻമാരെയും കുടിവൈദ്യൻമാരെയും ആശ്രയിച്ചുള്ളതായിരുന്നു. വിഷചികിത്സാ രംഗത്ത് പുളിമൂട്ടിൽ ശങ്കരപ്പിള്ളയുടെ പ്രശസ്തി ഇതരദേശങ്ങളിലും വ്യാപിച്ചിരുന്നു. വിവിധ ഭാഗങ്ങളിൽ നിന്നും നൂറുക്കണക്കിനാളുകൾ അദ്ദേഹത്തിൻെറ സേവനം ഉപയോഗപ്പെടുത്തിയതും മരണഘട്ടങ്ങളെപ്പോലും തരണം ചെയ്തതും ചരിത്ര യാഥാർത്ഥ്യമാണ്. അദ്ദേഹത്തിൻെറ കാലശേഷം പിൻമുറക്കാർ കുറച്ചു വർഷംകൂടി ഈ ചികിത്സാ സമ്പ്രദായം തുടർന്നു വന്നിരുന്നു. ഇതുകൂടാതെ നേത്രചികിത്സാരംഗത്ത് കരിയിലിൽ പത്മനാഭൻ വൈദ്യരുടെ സേവനവും പ്രകീർത്തിക്കപ്പെട്ടിരുന്നു.

നമ്മുടെ പഞ്ചായത്തിലെ ഏക പ്രാഥമികാരോഗ്യകേന്ദ്രം 1970ൽ കലയ്ക്കോട് സ്ഥാപിതമായി. 1975ൽ മാവിളയിലും വേപ്പാലുംമൂട്ടിലും ഓരോ കുടുംബക്ഷേമകേന്ദ്രങ്ങളും ആരംഭിച്ചു. 1992ൽ ഒരു ഗവ. ഹോമിയോ ആശുപത്രിയും പൂതക്കുളത്ത് പ്രവർത്തനമാരംഭിച്ചു. ഈ ഹോമിയോ ആശുപത്രിക്കും വേപ്പാലുംമൂട്ടിലെ കുടുംബക്ഷേമ കേന്ദ്രത്തിനും സ്വന്തമായി കൊട്ടിടങ്ങളില്ല. 6 സ്വകാര്യ അലോപ്പതി ആശുപത്രികളും ഒരു പാരമ്പര്യ വൈദ്യശാലയും ഒരു പാരമ്പര്യ വിഷചികിത്സാശാലയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇങ്ങനെ ആരോഗ്യരംഗത്ത് നാമമാത്രമായ സ്ഥാപനങ്ങൾ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. എന്നാലും ഇവിടത്തെ ആരോഗ്യ സ്ഥിതി തൃപ്തികരമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

### പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിതം | ജീവനക്കാർ |
|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യകേന്ദ്രം | 1 | 1970 | 24 |
| 2 | കുടുംബക്ഷേമകേന്ദ്രം | 3 | 1975 | 1 |
| 3 | കുടുംബക്ഷേമകേന്ദ്രം | 9 | 1975 | 1 |
| 4 | ഹോമിയോ ആശുപത്രി | 5 | 1992 | 4 |

പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ടെങ്കിലും ജീവനക്കാരുടെ കുറവും മുഴുവൻ സമയ സേവനത്തിനുള്ള ഡോക്ടർമാരുടെ അഭാവവും ഒരു തീരാശാപമായി മാറിയിരിക്കുകയാണ്. ഉച്ചയ്ക്ക് 1 മണിക്കു ശേഷം ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്തതു മൂലം നാട്ടുകാർ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. അതുപോലെ ആശുപത്രിയിൽ മതിയായ മരുന്നുകളും വൈദ്യുദോപകരണങ്ങളും മറ്റും യഥാസമയം ലഭിക്കുന്നില്ല എന്നുള്ള പരാതി ആശുപത്രി അധികൃതരുടെ ഭാഗത്തു നിന്നുമുണ്ടാകാറുണ്ട്. ഇതിന് ഒരു ശാശ്വത പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു. ആരോഗ്യകേന്ദ്രവുമായി ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥൻമാരുടെ സേവനവും അതി പ്രധാനമാണ്. ഇവരുടെയും സേവനം കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും സന്നിപാതജ്വരം, വയറിളക്കം, മഞ്ഞപ്പിത്തം, ചെങ്കണ്ണ് തുടങ്ങിയ സാംക്രമികരോഗങ്ങൾ കാണപ്പെടുന്നു. ഇവരിൽ അധികവും മൂന്നു വയസിൽ താഴെയുള്ള കുട്ടികളാണെന്നുള്ളത് പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു. ബന്ധപ്പെട്ട ആരോഗ്യപ്രവർത്തകരുടെ ശ്രദ്ധ ഉണ്ടാവുകയും കിണറ്റിലെ ജലം ശുദ്ധീകരിക്കുന്നത് ഉൾപ്പെടെയുള്ള മുൻകരുതൽ എടുക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്താൽ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകും.

## ആരോഗ്യസ്ഥിതിവിവരക്കണക്കുകൾ

### അംഗവൈകല്യമുള്ളവർ

| രോഗവിവരം | എണ്ണം |
|---|---|
| അന്ധർ | 29 |
| ബധിരർ | 23 |
| മൂകർ | 15 |
| ബധിരമൂകർ | 8 |
| ചലനവൈകല്യമുള്ളവർ | 206 |
| ആകെ | 281 |

### സ്ഥായിയായ രോഗബാധിതർ

| രോഗവിവരം | എണ്ണം |
|---|---|
| രക്തസമ്മർദ്ദം | 172 |
| പ്രമേഹം | 216 |
| ക്യാൻസർ | 12 |
| കുഷ്ഠം | 9 |
| ക്ഷയം | 34 |
| ഹൃദ്രോഗം | 69 |
| ആകെ | 513 |

### മന്ദബുദ്ധികൾ

| പ്രായം | എണ്ണം |
|---|---|
| 0–5 | 13 |
| 6–10 | 12 |
| 11–15 | 9 |
| 16നു മേൽ | 15 |
| ആകെ | 49 |

ആരോഗ്യമുള്ള തലമുറയെ വാർത്തെടുത്താൽ മാത്രമേ നമ്മുടെ നാടിന്റെ ഭാവി ശോഭനമാവുകയുള്ളൂ. അതിനാൽ കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരത്തിൽ നാം ജാഗ്രത കാട്ടിയാൽ മാത്രമേ മതിയാകൂ. ഈ രംഗത്ത് അംഗൻവാടികൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുണ്ട്. കണക്കുകൾ പരിശോധിച്ചാൽ 50 ശതമാനത്തിൽ അധികം കുട്ടികൾക്ക് ലഘുവായ തോതിലെങ്കിലും പോഷണക്കുറവുള്ളതായിക്കാണാം. പട്ടിക 5 കാണുക.

## കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

*അവലംബം അംഗൻവാടി രജിസ്റ്ററുകൾ*

| പ്രായം | നോർമൽ | | 1–ാം ഗ്രേഡ് | | 2–ാം ഗ്രേഡ് | | 3–ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 ൽ താഴെ | 115 | 98 | 111 | 112 | 5 | 4 | – | 1 |
| 1–3 വയസ് | 189 | 166 | 143 | 136 | 25 | 24 | – | – |
| 3–6 വയസ് | 205 | 176 | 185 | 171 | 12 | 13 | | |

*ഒന്നാം ഗ്രേഡ് – ലഘുവായ പോഷണക്കുറവുള്ളവർ*
*രണ്ടാം ഗ്രേഡ് – മിതമായ പോഷണക്കുറവുള്ളവർ*
*മൂന്നാം ഗ്രേഡ് ഗുരുതരമായ പോഷണക്കുറവുള്ളവർ*

ജനനനിരക്ക് 93–94 വർഷത്തെക്കാൾ 7% 94–95ൽ വർദ്ധിച്ചപ്പോൾ 95–96ൽ മുൻവർഷത്തെക്കാൾ 11% വർദ്ധിച്ചു. 94–95 വർഷത്തിൽ മുൻവർഷത്തെക്കാൾ 46% വർദ്ധനവ് മരണനിരക്കിലുണ്ടായപ്പോൾ 95–96ലേത് മുൻവർഷത്തെക്കാൾ 154% ആണെന്നത് ഭയാനകമായ വസ്തുതയാണ്. പട്ടിക 6 കാണുക.

### ജനനമരണനിരക്കുകൾ–പട്ടിക 6

| വർഷം | ജനനം | മരണം | ചാപിള്ള |
|---|---|---|---|
| 93–94 | 253 | 15 | 1 |
| 94–95 | 271 | 22 | – |
| 95–96 | 302 | 56 | 5 |

## ശുചിത്വം

പ്രതിരോധമാണ് ചികിത്സയെക്കാൾ പ്രധാനം എന്നത് ആരോഗ്യശാസ്ത്രരംഗത്തെ പ്രധാന തത്വമാണ്. അതുകൊണ്ട് ശുചിത്വപരിപാലനത്തിലൂടെ രോഗങ്ങൾ വരാതെ നോക്കുക എന്ന കാര്യം പരമപ്രധാനമാണ്.

ഈ പഞ്ചായത്തിൽ ആകെ 7094 വീടുകളാണുള്ളത്. അതിൽ 5021 കുടുംബങ്ങൾക്ക് വിവിധ തരത്തിലുള്ള കക്കൂസുകളുണ്ട്. അവശേഷി ക്കുന്ന 2073 വീടുകളിൽ കക്കൂസുകളില്ല എന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. ഈ വീടുകളിൽ ഭൂരിഭാഗവും തൊഴിലാളികുടുംബങ്ങളുടേതോ കൂലിവേലക്കാരുടേതോ ആണ്. സ്വന്തമായി കക്കൂസ് നിർമിച്ച് ഉപയോഗിക്കുന്നതിനുള്ള സാമ്പത്തികശേഷി ഇല്ലാത്തതാണ് ഈ അവസ്ഥയ്ക്ക് പ്രധാന കാരണം. ഇത്തരം വീടുകളിൽ അധികവും കോളനി പ്രദേശങ്ങളിലാണ്. ആയതിനാൽ പകർച്ചവ്യാധികൾ ഇവിടെ സർവസാധാരണമാണ്. നിലവിലുള്ള കക്കൂസുകൾ വൃത്തിയായി ഉപയോഗിക്കുന്നതിനും കൊതുക്, ഈച്ച തുടങ്ങിയവ പെരുകാതിരി ക്കുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. ഈ രംഗത്ത് ആരോഗ്യവകുപ്പുദ്യോഗസ്ഥരുടെ സത്വര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

### പകർച്ചവ്യാധികൾ പട്ടിക–8

| വർഷം | ജല ജന്യം | വായു ജന്യം | പ്രാണി ജന്യം | മറ്റുള്ളവ |
|---|---|---|---|---|
| 1993–94 | 112 | 36 | 14 | 323 |
| 1994–95 | 121 | 39 | 12 | 376 |
| 1995–96 | 99 | 20 | 16 | 284 |

വ്യവസായശാലകളില്ലാത്ത പ്രദേശമായതിനാൽ പരിസര മലിനീകരണം ഗുരുതരമല്ല. എന്നാൽ ചിലയിടങ്ങളിൽ മാർക്കറ്റുകളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ പരിസരശുചിത്വത്തെ കാര്യമായി ബാധിക്കുന്നു. ഇത്തരം മാലിന്യങ്ങൾ നീക്കം ചെയ്യാൻ ആവശ്യമായ കർമപദ്ധതികൾക്ക് രൂപം നൽകണം. അന്തരീക്ഷ മലിനീകരണം തടയുന്നതിനുവേണ്ടി പൊതുസ്ഥലങ്ങളിലും മറ്റും വൃക്ഷങ്ങൾ, വിശിഷ്യ ഫലവൃക്ഷങ്ങൾ നട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

### നിർദേശങ്ങൾ

1. കലയ്ക്കോട് പ്രാഥമികാരോഗ്യകേന്ദ്രം ഒരു കമ്യൂണിറ്റി ഹെൽത്തുസെൻററാക്കി ഉയർത്തേണ്ടതാണ്. അതോടൊപ്പം 24 മണിക്കൂറും സേവനം ലഭിക്കത്തക്കവിധം അത്യാഹിത വിഭാഗവും ഐ.പി. വിഭാഗവും പ്രവർത്തിക്കുന്നതിനാവശ്യമായ ഡോക്ടർമാരെയും, ലേഡീ ഡോക്ടർ ഉൾപ്പെടെ, മറ്റുജീവനക്കാരെയും നിയമിക്കേണ്ടതാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കീഴിലുള്ള കുടുംബക്ഷേമ കേന്ദ്രങ്ങളുടെ എണ്ണം ഒരു വാർഡിൽ എന്ന നിലയിൽ വർദ്ധിപ്പിക്കേണ്ടതാണ്.
2. ഹോമിയോ ആശുപത്രിക്ക് ആവശ്യമായ സൗകര്യങ്ങളോടുകൂടിയ കെട്ടിടം ആവശ്യമാണ്.
3. പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കണം.
4. ഹെൽത്തുകാർഡ് ചികിത്സ്ക്കായി എത്തുന്ന രോഗികളുടെ മുൻകാല ആരോഗ്യവിവരങ്ങൾ രോഗനിർണയം വേഗത്തിലും കുറ്റമറ്റതുമാക്കാൻ സഹായിക്കും. ഈ വിവരങ്ങളടങ്ങിയ ഹെൽത്തുകാർഡ് സംവിധാനം നമ്മുടെ ആരോഗ്യരംഗത്ത് പ്രയോഗികമാക്കാവുന്നതാണ്.
5. സ്കൂളുകളിൽ ഹെൽത്തു ക്ലബുകൾ രൂപീകരിക്കുകയും ആരോഗ്യവിദ്യാ ഭ്യാസക്ലാസുകൾ നടത്തുകയും ചെയ്യുന്നത് അഭികാമ്യമാണ്. സ്കൂൾ പരിസരത്തു വില്പന നടത്തുന്ന ഐസ്ക്രീം, കുട്ടികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന മിഠായികൾ എന്നിവ കർശനമായി നിരോധിക്കേണ്ടതാണ്. അടുത്തകാലത്തായി യുവാക്കളുടെ ലഹരിയായിമാറിക്കൊണ്ടിരിക്കുന്ന തമ്പാക്ക് പ്രതിഭാസത്തിനും കടിഞ്ഞാണിടേണ്ടതുണ്ട്.
6. കൊതുകുനിവാരണത്തിനു വേണ്ടി പഞ്ചായത്ത് ഓരോ വർഷവും പ്രത്യേക ഫണ്ട് വകയിരുത്തേണ്ടതുണ്ട്. കൊതുകുനിവാരണത്തിന് സ്ഥിരം സംവിധാനമുണ്ടാകണം.
7. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കണം.
8. ശുചീകരണപ്രവർത്തനങ്ങൾക്കായി പഞ്ചായത്തിൽ സ്ഥിരം ജോലിക്കാരെ നിയമിച്ചുകൊണ്ട് ഒരു ക്ലീൻ പഞ്ചായത്താക്കണം. മാർക്കറ്റുകളിൽ സൗകരയപ്രദമായ സ്ഥലങ്ങളിൽ ഡസ്റ്റ്ബിൻ സ്ഥാപിക്കണം.
9. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ അനധികൃതമായി ആടുമാടുകളെ വെട്ടുന്നുണ്ട്. പഞ്ചായത്തിൻെറ അധീനതയിൽ ആടുമാടുകളെ ശാസ്ത്രീയമായി പരിശോധിച്ച്, വെട്ടി വില്പന നടത്തുന്നതിന് ഒരു പൊതു അറവുശാല ഉണ്ടാകണം.
10. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വ്യാജച്ചാരായം നിർമിക്കുകയും വില്പന നടത്തുകയും ചെയ്യുന്നുണ്ട്. ഇതിനെതിരെ കർശന നടപടികൾ സ്വീകരിക്കണം.
11. പഞ്ചായത്തിന് ഒരു പൊതു ശ്മശാനം ഉണ്ടാകണം.

നിലവിലുള്ള സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തുകയും പുതിയ സംവിധാനങ്ങൾ പ്രായോഗികമാക്കുകയും ചെയ്തുകൊണ്ട് ഇവിടെ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഔദ്യോഗിക സംവിധാനങ്ങളും സന്നദ്ധപ്രവർത്തനങ്ങളും കൂട്ടിയിണക്കി നമ്മുടെ ആരോഗ്യനിലവാരം ഇനിയും അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്.



## കുടിവെള്ളം

ശുദ്ധജലം ജീവജാലങ്ങൾക്കെല്ലാം ഒഴിച്ചുകൂടാൻ കഴിയാത്ത ഘടകമാണല്ലോ. അതുകൊണ്ട് സ്വാഭാവികമായും ശുദ്ധജലവിതരണം എല്ലായിടത്തും ഉറപ്പു വരുത്തേണ്ടത് ആവശ്യമാണ്. പൂതക്കുളം പഞ്ചായത്തിൽ 90% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. ആകെ 4632 കിണറുകളുള്ളതിൽ 1054 എണ്ണം വറ്റാത്തതാണ്. വെള്ളത്തിൻെറ ലഭ്യത തീരക്കുറവായ കിണറുകളുമുണ്ട്. പഞ്ചായത്തിൽ കലയ്ക്കോട് 1, 2 വാർഡുകൾ, കോട്ടുവൻകോണം, മുക്കട, ഇടവട്ടം (3, 4, 6 വാർഡുകൾ) എന്നീ ഭാഗങ്ങളിലാണ് ഭാഗികമായെങ്കിലും പൈപ്പ്ലൈനുള്ളത്. പഞ്ചായത്തിൻെറ മറ്റു പ്രദേശങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടില്ല. കലയ്ക്കോട് ഒന്നാം വാർഡിൽ പെരുംകുളത്തും ഞാറോട്ടും കുഴൽക്കിണർ സ്ഥാപിച്ച് രണ്ടു പമ്പുഹൗസുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിന്നുള്ള ജലം മാവിള ഓവർഹെഡ് ടാങ്കിൽ ശേഖരിച്ചാണ് ജലവിതരണം നടത്തുന്നത്. എന്നാൽ ഈ സംവിധാനം തീരെ അപര്യാപ്തമാണ്. ജനസംഖ്യയിൽ 75 ശതമാനവും കുടിവെള്ളക്ഷാമം അനുഭവിക്കുന്നവരാണ്. ആകെ 20 പൊതുകിണറുകളുണ്ട്. ശുദ്ധിയുടെ കാര്യത്തിലും ജലലഭ്യതയുടെ കാര്യത്തിലും ഇവയുടെ അവസ്ഥ ശോചനീയമാണ്.

1, 2 വാർഡുകളുൾപ്പെടുന്ന കലയ്ക്കോട്, മൂന്നാംവാർഡിൽപ്പെടുന്ന കോട്ടുവൻകോണം, 4, 5, 6 വാർഡുകളുൾപ്പെടുന്ന മാവിള, പൂതക്കുളം, അമ്മാരത്തുമുക്ക് പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. പ്രത്യേകിച്ചും ഫെബ്രുവരി-മേയ് മാസങ്ങളിൽ. ഏഴാം വാർഡിൽ നെല്ലേറ്റിൽ ഭാഗത്തും എട്ടാം വാർഡിൽ തെങ്ങുവിള ലക്ഷംവീടു ഭാഗത്തും കുടിവെള്ളക്ഷാമമുണ്ട്. 9, 10, 11 വാർഡുകൾ ഉൾപ്പെടുന്ന ഊന്നിൻമൂട്, പുത്തൻകുളം ഭാഗങ്ങളിൽ ശുദ്ധജലവിതരണത്തിന് സംവിധാനമില്ല. ജപ്പാൻ ഗവൺമെൻറിൻെറ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പുനലൂർ ആഗ്മെൻേറഷൻ സ്കീമിൽ ശുദ്ധജലവിതരണ ശൃംഖല കൊട്ടിയം ചാത്തന്നൂർ തുടങ്ങി പരവൂർ വരെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ സ്കീമിൽ ഈ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തിയാൽ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ പറ്റും. മാവിളയിൽ സ്ഥാപിച്ചിട്ടുള്ള ഓവർ ഹെഡ് ടാങ്കിൽ ശേഖരിക്കുന്ന ശുദ്ധജലം ഈ പഞ്ചായത്തിലെ ഉയർന്ന ഭാഗങ്ങളിൽ എത്തുന്നില്ല. കുഴൽക്കിണറിൽ നിന്നും പമ്പിൻെറ ഭാഗങ്ങളിൽ മണ്ണടിയുന്നതുമൂലം പമ്പിംഗ് സുഗമമായി നടക്കുന്നില്ല. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ സത്വരശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. ശുദ്ധജലം സുലഭമായി ലഭിക്കുന്ന രാവണംപോയ്കയിൽ കിണർ കുഴിച്ച് കമ്യൂണിറ്റി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കണം.

പുന്നേക്കുളം ഭാഗത്ത് കുഴൽക്കിണർ നിർമിക്കാനുള്ള സാധ്യതയുണ്ട്. പൂതക്കുളം മുതൽ ഊന്നിൻമൂടുവരെയും ഈഴംവിളഭാഗത്തും പൈപ്പ്ലൈനുകൾ സ്ഥാപിച്ച് ജലവിതരണം ഉറപ്പുവരുത്തേണ്ടതാണ്.

### കുടിവെള്ള ക്ഷാമം – ശാശ്വത പരിഹാരമാർഗങ്ങൾ

സമീപപ്രദേശങ്ങളിലെ ഇതരപഞ്ചായത്തുകളെ അപേക്ഷിച്ച് അനുഗൃഹീതമായ ഭൂജലസമ്പത്താണ് പൂതക്കുളത്തുള്ളത്. അവസാദ ശിലാപടലങ്ങൾ ഉൾക്കൊള്ളുന്ന ഭൂഗർഭ ഘടനയാണ് ഇവിടത്തേത്. ഒരു മണിക്കൂറിൽ 60000 മുതൽ 70000 ലിറ്റർ വരെ ജലം നൽകുവാൻ ശേഷിയുള്ള കുഴൽകിണറുകൾ ഈ പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലകളിൽ നിർമിക്കുവാൻ കഴിയും.

ഇടയാടി, കലയ്ക്കോട് പ്രദേശങ്ങളിൽ രണ്ടു കുഴൽക്കിണറുകളും വേണ്ടുന്ന വലുപ്പത്തിൽ ഇടയാടി ഭാഗത്ത് ഓവർഹെഡ്ടാങ്ക് നിർമിച്ച് പമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തിയാൽ കലയ്ക്കോട്, മാവിള, പുന്നേക്കുളം, പൂതക്കുളം ടൗൺ എന്നീ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയും.

കോട്ടുവൻകോണം, അഞ്ചാംവാർഡിലെ പാർക്കുമുക്ക് എന്നിവിടങ്ങളിൽ കുഴൽക്കിണർ നിർമിച്ച് അമ്മാരത്തുമുക്ക് പ്രദേശത്ത് ഓവർഹെഡ് ടാങ്കുകൾ നിർമിച്ച് പമ്പിംഗ് സമ്പ്രദായം എർപ്പെടുത്തിയാൽ കോട്ടുവൻകോണം, പഞ്ചായത്താഫീസ് പ്രദേശം, അമ്മാരത്തുമുക്ക്, പുത്തൻകുളം പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുവാൻ കഴിയും.

ചാത്തന്നൂർ പഞ്ചായത്തിലെ രാവണംപൊയ്ക സുലഭമായി ജലം ലഭിക്കുന്ന പ്രദേശമാണ്. നമ്മുടെ പഞ്ചായത്തുമായി ചേർന്നു കിടക്കുന്ന ഈ പ്രദേശത്ത് കിണർ കുഴിച്ച് കമ്യൂണിറ്റി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കാവുന്നതാണ്. ■



# വിദ്യാഭ്യാസം

ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും വിദ്യാഭ്യാസകാര്യത്തിൽ മുന്നിട്ടു നിൽക്കുന്നതു കേരളമാണ്. ഭരണഘടന 45–ാം വകുപ്പ് അനുശാസിക്കുന്ന നിർബന്ധിതവും സാർവത്രികവുമായ പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തിയ ഏക സംസ്ഥാനം കേരളമാണ്. മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കുക (Universal enrolment), എത്തിയ കുട്ടികളെ കൊഴിഞ്ഞുപോകാതെ നിലനിർത്തുക (Universal retention) എന്നീ കാര്യങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണെങ്കിലും ഗുണനിലവാരത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ പതിനെട്ടാം സ്ഥാനത്താണ്.

1835ൽ മെക്കാളെ പ്രഭു ആസൂത്രണം ചെയ്ത വിദ്യാഭ്യാസപദ്ധതിയുടെ പരിഷ്കരിച്ച പതിപ്പാണ് ഇന്നു നാം തുടർന്നുകൊണ്ടിരിക്കുന്നത്. ജനകീയ ഇടപെടലിലൂടെ വിദ്യാഭ്യാസരംഗത്ത് നമ്മുടെ സംസ്ഥാനത്ത് ഇന്നു നിലനില്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ നമുക്ക് അവസരം കൈവരുന്നു. വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആദ്യമായി ജനങ്ങളുടേതായ ഒരു വിദ്യാഭ്യാസ കമ്മീഷൻ കേരളത്തിൽ പ്രവർത്തിക്കുന്നു എന്നതും ശ്രദ്ധേയമാണ്. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് രൂപം നൽകിയ, ഡോ. അശോക മിത്ര ചെയർമാനായുള്ള ഈ ജനകീയ വിദ്യാഭ്യാസ കമ്മീഷന്റെ നിർദേശങ്ങൾ വിദ്യാഭ്യാസരംഗത്തെ അശാസ്ത്രീയതകൾ തുടച്ചു മാറ്റുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനത്തെ സഹായിക്കുമെന്നു കരുതാം.

കൊല്ലം ജില്ലയുടെ തെക്കേ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പൂതക്കുളം വിദ്യഭ്യാസപരമായി മുൻപന്തിയിൽ നിൽക്കുന്ന ഒരു ഗ്രാമപ്രദേശമാണ്. സംസ്ഥാനത്തു നടപ്പിലാക്കിയ സാക്ഷരതാ പരിപാടിയുടെ ഭാഗമായി ഈ പഞ്ചായത്തിലെ 90 ശതമാനത്തിലധികം ജനങ്ങളെയും സാക്ഷരരാക്കുവാൻ സാധിച്ചിട്ടുണ്ട്. 19–ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ് ഇവിടെ ഒരു പ്രാഥമിക വിദ്യഭ്യാസ സ്ഥാപനം ആരംഭിക്കുന്നത്. ഇന്ന് 2 ഹൈസ്കൂളുകളും 2 യു.പി.സ്കൂളുകളും 3 എൽ.പി. സ്കൂളുകളും, കൂടാതെ, ഒരു ഹൈസ്കൂളിനോട് ചേർന്ന് യു.പി. സ്കൂളും, രണ്ട് യു.പി. സ്കൂളുകളോടു ചേർന്ന് എൽ.പി. സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. പ്രീ പ്രൈമറി തലത്തിൽ 15 അംഗൻവാടികളും അംഗീകാരമില്ലാത്ത 7 നഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നു. ഇതുകൂടാതെ, ഒരു അധ്യാപക പരിശീലന കേന്ദ്രവും (ടി.ടി.ഐ.), സ്കൂൾ ക്ലാസുകൾ മാത്രമുള്ള 6 ട്യൂട്ടോറിയൽ കോളെജുകളും സ്കൂൾ ക്ലാസുകൾക്കു പുറമെ കോളേജുതലത്തിൽ ആർട്ട്സ് വിഷയങ്ങൾ പഠിപ്പിക്കുന്ന ഒരു പാരലൽ കോളേജും 2 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഇവിടുണ്ട്.

## സ്കൂളുകളുടെ ചരിത്രവും ഇന്നത്തെ അവസ്ഥയും

1875ൽ അയ്യരാലുംമൂട്ടിൽ (ഇപ്പോഴത്തെ പഞ്ചായത്ത് ഓഫീസ് ജംഗ്ഷൻ) ആരംഭിച്ച സ്കൂളാണ് നമ്മുടെ ഗ്രാമത്തിലെ ആദ്യത്തെ സർക്കാർ സ്കൂൾ.

പട്ടിക 1

## സ്കൂളുകളിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | സർക്കാർ/ സ്വകാര്യം | കുട്ടികളുടെ എണ്ണം | | | എസ്.സി./എസ്.ടി. | | | അധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| | **ഹൈസ്കൂളുകൾ** | | | | | | | | |
| 1. | ഗവ. ഹൈസ്കൂൾ പൂതക്കുളം | സർക്കാർ | 1095 | 940 | 2035 | 118 | 113 | 231 | 61 |
| 2. | ചെമ്പകശ്ശേരി ഹൈസ്കൂൾ | സ്വകാര്യം | 302 | 277 | 579 | 80 | 70 | 150 | 24 |
| | **യു.പി.സ്കൂളുകൾ** | | | | | | | | |
| 3. | ചെമ്പകശ്ശേരി യു.പി.എസ്. | സ്വകാര്യം | 514 | 496 | 1010 | 152 | 121 | 273 | 32 |
| 4. | ഗവ. യു.പി.എസ്., കലയ്ക്കോട് | സർക്കാർ | 225 | 202 | 427 | 65 | 68 | 133 | 17 |
| | **എൽ.പി.സ്കൂളുകൾ** | | | | | | | | |
| 5. | ദേവരാജവിലാസം എൽ.പി.എസ്. | സ്വകാര്യം | 115 | 123 | 238 | 27 | 40 | 67 | 7 |
| 7. | പൂതക്കുളം സൗത്ത് എൽ.പി.എസ്. | സർക്കാർ | 83 | 88 | 171 | 31 | 29 | 60 | 5 |
| 7. | പൂതക്കുളം നോർത്ത് എൽ.പി.എസ്. | സർക്കാർ | 116 | 132 | 248 | 25 | 29 | 54 | 6 |
| | **ബി.ടി.എസ്.** | | | | | | | | |
| 8. | ചെമ്പകശ്ശേരി ബേസിക് ട്രെയിനിംഗ് സ്കൂൾ | സ്വകാര്യം | | | | | | | 4 |
| | ആകെ | | 2450 | 2258 | 4708 | 498 | 470 | 968 | 156 |

ഈ സ്കൂൾ പിൽക്കാലത്ത് പുളിയറപ്പുരയിടത്തിൽ മാറ്റി സ്ഥാപിക്കുകയും 21 വർഷങ്ങൾക്കു ശേഷം സ്ഥലസൗകര്യക്കുറവുമൂലം ഇന്ന് പൂതക്കുളം ഗവൺമെന്റ് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് പ്രവർത്തനം മാറ്റുകയും ചെയതു. 1951ൽ ഈ വിദ്യാലയം ഹൈസ്കൂളായി ഉയർത്തി. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഡിവിഷൻ കുറവ് അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിലും ഈ സ്കൂളിൽ വിദ്യാർഥികളുടെ എണ്ണം വർഷംതോറും ക്രമാതീതമായി വർദ്ധിച്ചു വരുന്നു. 1996–97 വർഷത്തിൽ 207 കുട്ടികൾക്ക് അധികമായി പ്രവേശനം നൽകി.

കൊല്ലം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എസ്.എസ്.എൽ.സി. വിജയശതമാനത്തിൽ തുടർച്ചയായി ഒന്നാംസ്ഥാനം കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു വിദ്യാലയമാണിത്. ഏറ്റവും കൂടുതൽ എസ്.എസ്.എൽ.സി. വിജയശതമാനം കരസ്ഥമാക്കുന്ന സർക്കാർ സ്കൂളിന് കൊല്ലം ഫൈൻ ആർട്സ് സൊസൈറ്റി ഏർപ്പെടുത്തിയിട്ടുള്ള റിട്ട. ഡി.ഇ.ഒ ജാനകീ മെമ്മോറിയൽ റോളിംഗ് ട്രോഫി ഈ സ്കൂൾ കരസ്ഥമാക്കിക്കൊണ്ടിരിക്കുകയാണ്. 90 മാർച്ച് മുതൽ ലഭിച്ചുകൊണ്ടിരുന്ന ഈ റോളിംഗ് ട്രോഫി 95 മാർച്ചിൽ സ്വന്തമാക്കുവാൻ കഴിഞ്ഞു. 96ൽ

ഏർപ്പെടുത്തിയ പുതിയ ട്രോഫിയും (ശുഭാ മെമ്മോറിയൽ റോളിംഗ് ട്രോഫി) ഈ സ്കൂളിനു തന്നെ ലഭിച്ചു. 1993–94ൽ കൊല്ലംജില്ലാ അധ്യാപക രക്ഷാകർതൃസമിതി ഏർപ്പെടുത്തിയ സർക്കാർ സ്കൂളിലെ ഏറ്റവും നല്ല പി.ടി.എ.യ്ക്കുള്ള അവാർഡ് ഈ സ്കൂളിലെ പി.ടി.ഐ.ക്കു ലഭിച്ചു. മികച്ച നിലവാരം പുലർത്തുന്ന പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങളും അധ്യാപകരും രക്ഷാകർത്താക്കളും നാട്ടുകാരും തമ്മിൽ നിലനിൽക്കുന്ന സ്തുത്യർഹമായ രീതിയിലുള്ള കൂട്ടായ്മയുമാണ് ഉന്നതവിജയം കൈവരിക്കുവാൻ ഈ സ്കൂളിനെ സഹായിക്കുന്നത്. അധ്യാപക-രക്ഷാകരതൃ സമിതി, മാതൃസംഗമം, പൂർവ വിദ്യാർഥി സംഘടന ഇവയുടെ മാതൃകാപരമായ പ്രവർത്തനം സ്കൂളിൻെറ പഠനനിലവാരം ഉയർത്തുവാൻ സഹായിക്കുന്ന പ്രധാനഘടകമാണ്. എങ്കിൽപ്പോലും 100% വിജയം എന്ന ലക്ഷ്യത്തിൽ എത്താൻ വിഘാതമായി നിൽക്കുന്നത് ഈ സ്കൂളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയാണ്. വർഷംതോറും വിദ്യാർഥികളുടെഎണ്ണത്തിൽ വർദ്ധനവുണ്ടാകുമ്പോഴും കെട്ടിടസൗകര്യത്തിൻെറ അഭാവം മൂലം പുതിയ ഡിവിഷനുകൾ അനുവദിക്കപ്പെട്ടിട്ടില്ല. തൻമൂലം ഓരോ ഡിവിഷനിലും 60നും 70നുമിടയ്ക്ക് വിദ്യാർഥികളെ ഇരുത്തി പഠിപ്പിക്കേണ്ടിവരുന്നു. 1957ൽ നിർമിച്ച 12 ക്ലാസുകൾ പ്രവർത്തിക്കുന്ന 3 താൽക്കാലിക ഓലഷെഡ്ഡുകൾ അറ്റകുറ്റപണി കൾക്കു വിധേയമായി ഇന്നും നിലനിൽക്കുന്നു. 24 ക്ലാസ് മുറികളുള്ള ഒരു കെട്ടിടംകൂടി നിർമിച്ചെങ്കിൽ മാത്രമെ ഇപ്പോൾ നിലവിലുള്ള കുട്ടികളെ സർക്കാർ വ്യവസ്ഥയനുസരിച്ച് പഠിപ്പിക്കുവാനുള്ള സാഹചര്യം സംജാതമാകുകയുള്ളൂ.

തിരുവനന്തപുരം സിറ്റി പോലീസ് ഡെപ്യൂട്ടീ കമ്മീഷണറായ ശ്രീ. എ. ഹേമചന്ദ്രൻ ഐ.പി.എസ്, അന്തർദേശീയ കായികതാരം ശ്രീ. വിജയകുമാർ, ദേശീയതാരം ശ്രീ. ശശിധരൻപിള്ള എന്നിവർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

പൂതക്കുളം ഗവൺമെൻറ് ഹൈസ്ക്കൂളിൽനിന്ന് ഏകദേശം രണ്ടു കിലോമീറ്റർ കിഴക്കുമാറി 1966 ജൂൺ 1–ാം തീയതി പ്രവർത്തനം ആരംഭിച്ച ചെമ്പകശ്ശേരി എയ്ഡഡ് സ്കൂൾ സ്ഥിതിചെയ്യുന്നു. ഇതേ മാനേജ്മെൻറിൻെറ കീഴിൽ 1951ൽ ആരംഭിച്ച ചെമ്പകശ്ശേരി എൽ.പി.എസ്, 1959 ൽ യു.പി സ്കൂളായി ഉയർത്തപ്പെട്ടു. അതിനോടനുബന്ധിച്ച് 1963 ൽ ഒരു ബേസിക് ട്രെയിനിംഗ് സ്കൂളും ആരംഭിച്ചു. ഇവയുടെയെല്ലാം സ്ഥാപകൻ ദിവംഗതനായ ശ്രീ. ആർ. അച്ച്യുതൻ EX.M.P. ആണ്. ചെമ്പകശ്ശേരി എച്ച്.എസ്സിൽ ആകെയുള്ള കുട്ടികളിൽ 26% പട്ടികജാതി– പട്ടികവർഗ്ഗ വിഭാഗതിൽപെടുന്നവരാണ്. ചെമ്പകശ്ശേരി യു.പി സ്ക്കൂൾ പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്.

75 വർഷങ്ങൾക്കുമുമ്പ് കലയ്ക്കോട് കുഴിവിള വീട്ടിൽ ശ്രീ. പത്മനാഭൻ ഉണ്ണിത്താൻ ആരംഭിച്ച പ്രൈമറി സ്കൂൾ പിൽക്കാലത്ത് സർക്കാർ ഏറ്റെടുക്കുകയും അപ്ഗ്രേഡ് ചെയ്ത് കലയ്ക്കോട് ഗവ. യു.പി സ്ക്കൂളായി പ്രവർത്തിച്ചുവരുകയും ചെയ്യുന്നു. പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന ഈ സ്കൂളിൻെറ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ പി.റ്റി.എയുടേയും മാതൃസംഗമത്തിൻെറയും പ്രവർത്തനം കാര്യമായ പങ്കുവഹിക്കുന്നു.

പൂതക്കുളം ഗവ. എച്ച്.എസ്സിൽ പ്രവർത്തിച്ചിരുന്ന എൽ.പി. വിഭാഗം 1961 ജൂണിൽ സ്ഥലസൗകര്യക്കുറവുമൂലം പൂതക്കുളം സൗത്ത് എൽ.പി.എസ്, നോർത്ത് എൽ.പി.എസ് എന്നീ പേരുകളിൽ പ്രത്യേകം സ്ഥാപനങ്ങളായി പ്രവർത്തനം ആരംഭിച്ചു. അൺഎയ്ഡഡ് സ്കൂലുകളുടെ കടന്നുകയറ്റം മൂലം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന വിദ്യാലയങ്ങളാണ് ഇവ രണ്ടും. പഞ്ചായത്തിലെ മറ്റൊരു പ്രൈമറി സ്കൂളായ പുത്തൻകുളം ദേവരാജവിലാസം എൽ.പി.എസ് 1964 ൽ ഡോ. ദേവരാജൻെറ മാനേജ്മെൻറിൻ കീഴിൽ സ്ഥാപിതമായി. ഇവിടെയും വിദ്യാർത്ഥികളുടെ എണ്ണത്തിൽ സാരമായ കുറവുണ്ടാകുന്നു.

## SSLC വിജയശതമാനം

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | വിജയശതമാനം 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|---|
| 1 | ഗവ.എച്ച്.എസ് പൂതക്കുളം | 73.8 | 74.7 | 72.4 | 72 | 70.5 |
| 2 | ചെമ്പകശ്ശേരി എച്ച്.എസ് | 30 | 22 | 27 | 30 | 31 |

പൂതക്കുളം ഗവ. എച്ച്.എസ് 1991-92 അധ്യയന വർഷം മുതൽ 1995-96 വരെയുള്ള SSLC വിജയ ശതമാനം പരിശോധിച്ചാൽ 70% ത്തിന് മുകളാലാ ണെന്നു കാണാം. കൊല്ലം ജില്ലയിൽ SSLC ക്ക് ഇത്രയേറെ വിജയശതമാനം നേടുന്ന സർക്കാർ സ്കൂൾ വേറെയില്ല. ഇത് പൂതക്കുളത്തിന് യശസ്സ് നേടിത്തരുന്നു. പക്ഷേ 1995-96 ലെ വിജയശതമാനം 1994-95 മായി താരതമ്യം ചെയ്യുമ്പോൾ 1.5% കുറഞ്ഞിരിക്കുന്നതായി കാണുന്നു. ഇത് ഗൗരവ മായി കണക്കിലെടുക്കേണ്ടതാണ്. ചെമ്പകശ്ശേരി എച്ച്.എസ്സിലെ വിജയശതമാനം മറ്റു വർഷങ്ങളെ അപേക്ഷിച്ച് 1995-96 ൽ വർദ്ധനവ് കാണിക്കു ന്നുണ്ടെങ്കിലും തൃപ്തികരമായ നിലയിലല്ല. ജനകീയാസൂ ത്രണതിലൂടെ ഈ സ്കൂളിലെ വിജയശതമാനം ഉയർ ത്തുവാൻ നമുക്ക് കഴിയണം.

## പ്രീപ്രൈമറീതലം

പ്രീപ്രൈറി വിദ്യാഭ്യാസരംഗത്ത് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകളെല്ലാം തന്നെ അംഗീകീരമില്ലാത്തവയാണ്. ഇവയിൽ നാലെണ്ണ ത്തോട്ചേർന്ന് പ്രൈമറി വിഭാഗവും ഉണ്ട്. നഴ്സറി വിദ്യാഭ്യാസംകൊണ്ട് ലക്ഷ്യമാക്കുന്നത് ഒന്നാം സ്റ്റാൻഡേർഡിൽ ചേരുന്നതിനുവേണ്ട തയ്യാറെടുപ്പ് നൽകുക എന്നതാണ്, പഠിക്കുവാനുള്ള താല്പര്യം. ബുദ്ധിവികാസം, സംഭാഷണ ശുദ്ധി, ആരോഗ്യം ഇവയാണ് തയ്യാറെടുപ്പിൻെറ മുഖ്യഘടകങ്ങൾ. ഈ ഘട്ടത്തിൽ കുട്ടികളെ അക്ഷരവും അക്കങ്ങളും പഠിപ്പിക്കേണ്ടതില്ല. അധ്യാപകരുടെ സഹായത്തോ ടുകൂടി കളികൾ, പാട്ട്, കഥകൾ എന്നിവയിലൂടെ സ്വയം പരിശീലനം നടത്തി കാര്യങ്ങൾ ഗ്രഹിക്കുക എന്നതുമാത്രമാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഇത്തരം സ്കൂളുകളിൽ സാധാരണ കണ്ടുവരുന്നത് കുരുന്നു മനസ്സുകളിൽ വിജ്ഞാനം പമ്പുചെയ്തു കയറ്റുന്ന സമ്പ്രദായമാണ്. ഇതുമൂലം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന മനശ്ശാസ്ത്ര ജ്ഞൻമാരുടെ അഭിപ്രായങ്ങൾ ശ്രദ്ധേയമാണ്. നിലവിലുള്ള ഇത്തരം പഠന രീതി അവസാനി പ്പിക്കുവാൻ രക്ഷാകർത്താക്കളെക്കൂടി ബോധവൽക്ക രിക്കേണ്ടിയിരിക്കുന്നു. മൂന്നുവയസ്സിനും അഞ്ചു വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്കായി സാമൂഹ്യക്ഷേമവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന 15 അംഗനവാടികൾ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി സ്ഥിതിചെയ്യുന്നു. ഇവിടങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുകയും അവശ്യം വേണ്ട കളിക്കോപ്പുകൾ ലഭ്യമാക്കുകയും വേണം.

അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| ക്രമ നമ്പർ | അംഗൻവാടി നമ്പർ | കുട്ടികളുടെഎണ്ണം | | ആകെ |
|---|---|---|---|---|
| | | ആൺ | പെൺ | |
| 1 | 19 | 8 | 9 | 17 |
| 2 | 22 | 7 | 14 | 21 |
| 3 | 23 | 10 | 8 | 18 |
| 4 | 24 | 25 | 15 | 40 |
| 5 | 25 | 14 | 12 | 26 |
| 6 | 121 | 10 | 9 | 19 |
| 7 | 124 | 15 | 10 | 25 |
| 8 | 21 | 17 | 8 | 25 |
| 9 | 128 | 10 | 8 | 18 |
| 10 | 26 | 16 | 17 | 33 |
| 11 | 18 | 12 | 13 | 25 |
| 12 | 17 | 17 | 23 | 40 |
| 13 | 129 | 14 | 12 | 26 |
| 14 | 20 | 12 | 25 | 37 |
| 15 | 122 | 6 | 6 | 12 |
| | ആകെ | 193 | 189 | 382 |

ഹൈസ്ക്കൂൾതലം വരെയുള്ള കുട്ടികൾക്ക് ട്യൂഷൻ നൽകുന്നതിനും പത്താം ക്ലാസ്സ് തോറ്റ വിദ്യാർത്ഥികൾക്ക് പഠനം നടത്തുന്നതിനുമായി 7 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ ഒന്നിൽ മാത്രമേ ഭാഗികമായി കോളേജ് ക്ലാസ്സുകൾ നടത്തുന്നുള്ളു. അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതർക്ക് ഒരു ചെറു വരുമാനം ലഭിക്കു ന്നതിനും കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടു ത്തുന്നതിനും ഈസ്ഥാപനങ്ങൾ ഗണ്യമായ പങ്കുവഹിക്കുന്നു. ഇവയിൽ രണ്ടിടങ്ങളിൽ പി.റ്റി.എ പ്രവർത്തനം മാതൃകാപരമായി നടക്കുന്നു.

സ്കൂളിനാവശ്യമായ ഫർണീച്ചറിൻെറ വിവരണം

| | സ്കൂളിൻെറ പേര് | ആവശ്യമായ ഫർണീച്ചറിൻെറ എണ്ണം | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | ഡെസ്ക്ക് | ബെഞ്ച് | മേശ | കസേര | കസേര | മേശ | അലമാര | സൈൻബോർഡ് |
| 1 | ഗവ. എച്ച്.എസ്. പൂതക്കുളം | 192 | 96 | 30 | 30 | 10 | 5 | 8 | - |
| 2 | ഗവ. യു.പി.എസ്. കലയ്ക്കോട് | 36 | 26 | 4 | 8 | - | - | 2 | - |
| 3 | ഗവ.നോർത്ത് എൽ.പി.എസ് | 12 | 5 | 5 | 10 | - | - | 1 | - |
| 4 | ഗവ. സൗത്ത്. എൽ.പി.എസ് | - | - | 1 | - | - | - | 1 | - |
| 5. | ചെമ്പകശ്ശേരി എച്ച്.എസ്. | 16 | 30 | 14 | 14 | 2 | 1 | - | - |
| 6. | ചെമ്പകശ്ശേരി യു.പി.എസ്. | 10 | 10 | 10 | - | - | - | 1 | - |
| 7 | ദേവരാജവിലാസം എൽ.പി.എസ് പുത്തൻകുളം | 2 | - | 2 | 4 | - | - | 1 | 1 |
| | ആകെ | 268 | 167 | 66 | 66 | 12 | 6 | 14 | 1 |

പൊതു വിദ്യാഭ്യാസ രംഗത്ത് ഇത്രയും സ്ഥാപനങ്ങൾ ഉണ്ടെങ്കിലും ഉപരി വിദ്യാഭ്യാസത്തിനോ സാങ്കേതിക വിദ്യാഭ്യാസത്തിനോ ഉള്ള സ്ഥാപനങ്ങളൊന്നുംതന്നെ ഈ പഞ്ചായത്തിലില്ലാ എന്നത് ദുഖകരമാണ്. ഇവിടത്തെ ഹൈസ്ക്കൂളുകളിൽ നിന്നും പ്രശസ്തമായ രീതിയിൽ വിജയം നേടിവരുന്ന കുട്ടികൾക്ക് വിദൂര സ്ഥലങ്ങളിൽ ഉന്നത വിദ്യാഭ്യാസം തേടിപ്പോകേണ്ടുന്ന സ്ഥിതിയാണുള്ളത്.

നമ്മുടെ പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിലൊന്നിനും തന്നെ ആവശ്യത്തിന് ഫർണീച്ചറുകളോ കെട്ടിട സൗകര്യങ്ങളോ ഇല്ല. അതുപോലെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങളുമില്ല. ഉള്ളയിടങ്ങളിൽ അവ തകർന്നുപോയതായി കാണാവുന്നതാണ്. എയ്ഡഡ് സ്കൂളുകളിലെ സ്ഥിതിയും വ്യത്യസ്തമല്ല.

## സ്കൂൾ ലൈബ്രറികൾ, ലബോറട്ടറികൾ

പൂതക്കുളം ഗവ. എച്ച്.എസ്സിൽ മികച്ച രീതിയിലുള്ള ഒരു ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 18,000 ത്തോളം പുസ്തകങ്ങൾ ഇവിടെയുണ്ട്. നിലവിലുള്ള ലൈബ്രറിയിൽ സ്ഥലക്കുറവുള്ളതു മൂലം പുതിയതായി ഒരു കെട്ടിടം പണിതിട്ടുണ്ട്. ജില്ലയിലെ ഏറ്റവും വലിയ സ്കൂൾ ലൈബ്രറി ഇതുതന്നെയാണ്. മറ്റു സ്കൂളുകളിൽ ലൈബ്രറികൾ മെച്ചപ്പെടുത്തി കുട്ടികളിൽ വായനാശീലവും ഗവേഷണതാൽപര്യവും വളർത്തുവാൻ ഉപകരിക്കുന്ന രീതിയിൽ പുനസംവിധാനം ചെയ്യേണ്ടതായിട്ടുണ്ട്. രണ്ടു ഹൈസ്ക്കൂളുകളിലും ലബോറട്ടറികളുണ്ടെങ്കിലും അവ മെച്ചപ്പെടുത്തി വിദ്യാർത്ഥികൾക്ക് പരീക്ഷണങ്ങളിൽ താൽപര്യം വളർത്തുംവിധം കൂടുതലായി ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്.

## കലാകായിക രംഗം

സ്കൂൾ യുവജനോത്സവങ്ങളിൽ പൂതക്കുളം ഗവ. ഹൈസ്ക്കൂളിൻേറയും ചെമ്പകശ്ശേരി യു.പി.എസ്സിൻേറയും നേട്ടങ്ങൾ അഭിനന്ദനീയമാണ്. ഈ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടു പോകുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഈ രണ്ടു സ്കൂളുകൾ ഉൾപ്പടെ എല്ലാ സ്കൂളുകളിലും ഉണ്ടാകേണ്ടതാണ്. പൂതക്കുളം ഗവ. എച്ച്.എസ്സിൽ നിന്നും അന്തർദേശീയ നിലവാരമുള്ള കായിക താരങ്ങളെ വാർത്തെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സമീപപ്രദേശങ്ങളിലെ സ്കൂളുകളെ അപേക്ഷിച്ച് വലിയൊരു കളിസ്ഥലും മറ്റു സാഹചര്യങ്ങളും ഉണ്ടായിട്ടും ഈ സ്കൂളിന് അടുത്തകാലത്തായി കായികരംഗങ്ങളിൽ വളരെയൊന്നും നേട്ടങ്ങ

ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. സ്കൂൾ മേളകളിൽ ചില വിജയങ്ങൾ കൈവരിക്കുവാൻ ചെമ്പകശ്ശേരി സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

## മാധ്യമങ്ങളുടെ പങ്ക്

പഠനപ്രവർത്തനങ്ങളിൽ മാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. എന്നാൽ ഈ സൗകര്യങ്ങളൊന്നും തന്നെ ഈ പ്രദേശത്തുപയോഗിക്കപ്പെടുന്നില്ല. ദൃശ്യശ്രാവ്യ മാധ്യമങ്ങൾ വേണ്ടും വിധം ഉപയോഗിച്ച് അറിവു വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ അനവധിയാണ്. ദൂരദർശനും ആകാശവാണിയും പ്രക്ഷേപണം ചെയ്യുന്ന വിദ്യാഭ്യാസ പരിപാടികളിലേക്ക് വിദ്യാർത്ഥികളുടെ ശ്രദ്ധ കൂടുതലായി പതിയേണ്ടിയിരിക്കുന്നു. പത്രമാസികകളിൽ വരുന്ന വിജ്ഞാന വാർത്തകൾ അതതു സമയങ്ങളിൽ കുട്ടികൾക്ക് ലഭ്യമാക്കി അറിവിന്റെ പുതു മേഖലകൾ തേടാൻ സഹായിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസരംഗം സംബന്ധിച്ച് ഗ്രാമസഭകളിൽ സജീവമായ ചർച്ചകൾ ഉണ്ടായതായി കാണുന്നു. ഗ്രാമസഭാ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി നടപ്പിലാക്കേണ്ടുന്ന ചില പൊതു നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1. പൊതുവിദ്യാഭ്യാസരംഗം സജീവമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി പഞ്ചായത്തു തലത്തിൽ വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കേണ്ടതാണ്.

2. പഞ്ചായത്തിലെ എല്ലാ സ്കൂളുകളേയും ഉൾപ്പെടുത്തി, പൂതക്കുളം ഗവ. എച്ച്. എസ്സ് ലീഡു സ്കൂളായി സ്കൂൾകോംപ്ലക്സ് പദ്ധതി പുനരാരംഭിക്കേണ്ടതാണ്.

3. നിലവിലുള്ള പ്രൈമറി വിദ്യാലയങ്ങൾ നേരിടുന്ന അടച്ചു പൂട്ടൽ ഭീഷണി ഒഴിവാക്കുന്നതിന് ശാസ്ത്രീയരീതിയിലുള്ള ബോധനം നടത്തുവാൻ എൽ.പി.സ്കൂളുകളോടനുബന്ധിച്ച് പ്രീപ്രൈമരി വിദ്യാലയങ്ങൾ ആരംഭിക്കേണ്ടതാണ്.

4. കർഷകത്തൊഴിലാളികളും കയർത്തൊഴിലാളികളും കശുവണ്ടിത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിലെ കുടുംബങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികളിൽ നല്ലൊരു ശതമാനവും ഉച്ചഭക്ഷണം കഴിക്കുവാൻ നിവർത്തി ഇല്ലാത്തവരാണ്. ഇത്തരം വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്റ്റാൻേർഡ് കണക്കാക്കാതെ ഉച്ചഭക്ഷണം നൽകാനുള്ള സംവിധാനം ഉണ്ടാകണം.

5. എല്ലാ വർഷവും കൊല്ലംജില്ലയിൽ മികച്ച വിജയം കൈവരിക്കുന്ന പൂതക്കളം ഗവ. എച്ച്.എസ്സിൽ പ്ലസ്ടു അനുവദിക്കേണ്ടതാണ്. അതുപോലെ സാങ്കേതിക വിദ്യാഭ്യാസസൗകര്യങ്ങളില്ലാത്ത ഈ പഞ്ചായത്തിൽ ചെമ്പകശ്ശേരി എച്ച്.എസ്സ് കേന്ദ്രമാക്കി വൊക്കേഷണൽ ഹയർ സെക്കൻററികോഴ്സുകൾ ആരംഭിക്കേണ്ടതാണ്. കലയ്ക്കോട് യു.പി.എസിൽ നിന്നും അധ്യയനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ ദൂരസ്ഥലങ്ങളിൽപോയി ഹൈസ്ക്കൂൾ വിദ്യാഭ്യാസം നടത്തേണ്ട സ്ഥിതിയാണുള്ളത്. ആയതിനാൽ ആവശ്യത്തിന് സ്ഥലസൗകര്യങ്ങളും മറ്റുമുള്ള ഈ വിദ്യാലയം ഹൈസ്ക്കൂളായി ഉയർത്തേണ്ടതാണ്. പുത്തൻകുളം ദേവരാജവിലാസം എൽ.പി.എസ് അപ്ഗ്രേഡ് ചെയ്യേണ്ടതാണ്.

6. പൂതക്കുളം ഗവ. എച്ച്.എസ്സിൽ 1987 മുതൽ കംപ്യൂട്ടർ പഠനം നടന്നുവരുന്നു. ഇപ്പോൾ 6 കംപ്യൂട്ടറുകളാണുള്ളത്. എന്നാൽ ഈ കംപ്യൂട്ടറുകൾ ഉപയോഗിച്ചുള്ള പഠനം നടത്തുവാൻ പര്യാപ്തമായ സ്ഥലസൗകര്യം ഇവിടെയില്ല. അതിനുവേണ്ടി 20 X 40 ചതുരശ്രഅടി വിസ്തീർണ്ണമുള്ള ഒരു സൗണ്ട് പ്രൂഫ് ഹാൾ പണിയേണ്ടതാണ്.

7. കലയ്ക്കോട് യു.പി.എസ്സിൽ ഓലഷെഡ് മാറ്റി സ്ഥിരമായ കെട്ടിടമുണ്ടാക്കണം. സൗത്തും നോർത്തും എൽ.പി.എസ്സുകളിൽ ടീച്ചേഴ്സ്റൂം ഉൾപ്പടെയുള്ള കെട്ടിടവും പാചകപ്പുരയും നിർമ്മിക്കേണ്ടതാണ്. ഈ സ്കൂളുകളിൽ നിലവിലുള്ള ഹാൾ ഇടഭിത്തികെട്ടി ക്ലാസ്സുകൾ വേർതിരിക്കേണ്ടതാണ്.

8. പൂതക്കുളം ഗവ. എച്ച്.എസ്സിലെ പുതിയ ബിൽഡിംഗിൽ ഇലക്ട്രിഫിക്കേഷൻ നടത്തണം. മറ്റു ബിൽഡിംഗുകളിൽ റീ വയറിംഗ് നടത്തണം. നോർത്ത് സൗത്ത് എൽ.പി.എസ്സുഗകളിൽ ഇലക്ട്രിഫിക്കേഷൻ നടത്തേണ്ടതുണ്ട്.

9. സമീപപ്രദേശത്തുള്ള സ്കൂൾ ഗ്രൗണ്ടുകളിൽ ഏറ്റവും വലുതാണ് പൂതക്കുളം എച്ച്.എസ്സ്

ഗ്രൗണ്ട്. കന്നുകാലികൾ മേഞ്ഞും ഡ്രൈവിംഗ് പഠിക്കുവാൻ വേണ്ടി വാഹനങ്ങൾ കയറ്റിയും മഴക്കാലത്ത് മണ്ണൊലിച്ച് പോയും ഈ മൈതാനം ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുകയാണ്. ഗ്രൗണ്ടിനു ചുറ്റും മതിലും വടക്ക്പടിഞ്ഞാറു ഭാഗങ്ങളിൽ ഗാലറിയുംകെട്ടി ഈ മൈതാനം സംരക്ഷിക്കേണ്ടതാണ്.

10. എല്ലാ സ്കൂളുകളിലും ക്ലാസ്സ്റൂം പി.റ്റി.എ. കളും മാതൃസംഗമങ്ങളും കാര്യക്ഷമമാക്കുകയും രക്ഷാകർത്താക്കൾക്കുവേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും വേണം. വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളിൽ പഞ്ചായത്തു പ്രതിനിധികളുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുകയും വേണം.

11. പഞ്ചായത്തിൽ ഉപരിപഠന സൗകര്യാർത്ഥം ഒരു ആർട്സ് ആൻറ് സയൻസ് കോളേജ് ആരംഭിക്കേണ്ടതാണ്. സാങ്കേതിക വിദ്യാഭ്യസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു പോളീടെക്നിക്കോ ഐ.ടി.ഐ യോ സ്ഥാപിക്കേണ്ടതാണ്.

12. കുട്ടികളുടെ കലാകായികാഭിരുചികൾ വർദ്ധിപ്പിക്കുന്നതിനായി പ്രൈമറി വിദ്യാലയങ്ങളിൽ സ്പെഷ്യലൈസ്ഡ് അധ്യാപകരെ നിയമിക്കേണ്ടതാണ്.

13. എല്ലാ സ്കൂളുകളിലും ഫർണീച്ചറുകളുടെ അഭാവം പരിഹരിക്കേണ്ടതുണ്ട്. അതുപോലെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കേണ്ടതുണ്ട്.

14. പഞ്ചായത്തിൽ ഇപ്പോഴും ഏകദേശം 10% ജനങ്ങൾ നിരക്ഷരരാണ്. ഇവരെക്കൂടി സാക്ഷരരാക്കുന്നതിനുവേണ്ടി സന്നദ്ധസംഘടനകളുടേയും സാംസ്ക്കാരിക സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെ സമ്പൂർണ്ണ സാക്ഷരതാ പരിപാടി പുനരാരംഭിക്കണം.

15. ഗ്രന്ഥശാലകളോട് അനുബന്ധിച്ച് സ്റ്റുഡൻസ് ലൈബ്രറികൾ ആരംഭിക്കേണ്ടതാണ്.

16. ടെക്സ്റ്റു ബുക്കുകൾ പ്രത്യേകിച്ചും സിലബസ് മാറി വരുന്നവ സ്കൂൾ വർഷാരംഭത്തിൽതന്നെ കുട്ടികൾക്ക് ലഭ്യമാക്കുവാൻ ശ്രദ്ധിക്കണം.

17. കാലാകാലങ്ങളിൽ എ.ഇ.ഓ, ഡി.ഇ.ഓ തലത്തി നടത്തേണ്ട സ്കൂൾ പരിശോധനകൾ നടത്ത ത്തതുമൂലം പഠനബോധനനിലവാരത്തിൽ മൂല ച്യുതി സംഭവിക്കുന്നു. ഈ സാഹചര്യത്തി ഓരോ പഞ്ചായത്തിലേയും സർക്കാർ ഹൈസ്ക ളുകളിലെ ഹെഡ്മാസ്റ്റർമാരെ അതത് പഞ്ചാ ത്തിലുള്ള സ്കൂളുകളിലെ പരിശോധനക നടത്തി ബന്ധപ്പെട്ട ഓഫീസർമാർക്ക് റിപ്പോർ സമർപ്പിക്കുന്നതിനുള്ള അധികാരം നൽകേണ്ട താണ്. ഇത്തരം പരിശോധനകൾ നടത്തുവാ ചുമതലപ്പെടുത്തുന്ന ഹെഡ്മാസ്റ്റർമാരു സ്കൂളിലെ പരിശോധന ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തേണ്ടതാണ്.

18. നിലവിലുള്ള ഒഴിവുകളിൽ സ്കൂൾ വർഷാരം ത്തിൽതന്നെ നിയമനം നടത്തുവാൻ വകുപ്പ ധികാരികൾ ശ്രദ്ധിക്കേണ്ടതുണ്ട്.

19. എയഡഡ് സ്കൂളുകളിൽ ഇന്ന് നിലവിലുള്ള സ്റ്റാഫ് ഫിക്സേഷൻ സമ്പ്രദായം അധ്യാപക മാത്രമല്ല കുട്ടികളുടെ പഠനത്തേയും വള ക്കൂടുതൽ ബാധിക്കുന്നതായി അനുഭവപ്പെടുന്നു രാവിലെയും ഉച്ചക്കും ഉള്ള സെക്ഷനുകളി ഹാജരില്ലാത്ത കുട്ടികളെ എത്തിക്കുന്നതിനായി അധ്യാപകൻ നടത്തുന്ന ശ്രമത്തിൽ അധ്യായന മുടങ്ങുന്നുണ്ട്. ഇതൊരു സാർവത്രിക പ്രക്രി ആകയാൽ നിലവിലുള്ള ഫിക്സേഷൻ സമ്പ്രദാ ത്തെ സർക്കാർ തലത്തിൽ മാറ്റം വരുത്തണം ബന്ധപ്പെട്ട സ്കൂളുകളിലെ ഹെഡ്മാസ്റ്റ നൽകുന്ന സ്റ്റേറ്റ്മെൻറുകളുടെ അടിസ്ഥാനത്തി സ്റ്റാഫ് ഫിക്സേഷൻ നടത്തിക്കൊടുക്കുകയു ആ സ്കൂൾ വർഷം സൗകര്യപ്രഥമായി വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ അത് പരിശോധിച്ച് ബോധ്യപ്പെടുകയും ക്രമവിരുദ്ധമായി അധിക ഡിവിഷൻ നൽകുകയോ നിയമനം നടത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിൻെറ പൂർണ്ണ ഉത്ത വാദിത്വവും ബാധ്യതയും ബന്ധപ്പെട്ട ഹെഡ് മാസ്റ്ററിൽ നിക്ഷിപ്തമാക്കേണ്ടതുമാണ്.

20. അഞ്ചാം ക്ലാസ്സിൽ വന്നുചേരുന്ന വിദ്യാർത്ഥി കളിൽ 30%ത്തോളം അക്കജ്ഞാനവും അക്ഷ ജ്ഞാനവും ഇല്ലാത്തവരാണെന്ന് പഠന റിപ്പോ ട്ടുകൾ സൂചിപ്പിക്കുന്നു. ഇവർക്ക് സ്കൂൾ വർഷാ രംഭത്തിൽതന്നെ പരിഹാരബോധനം നടത്തേ ണ്ടതാണ്.

21. കേരളത്തിലെ 100 ൽ പരം റ്റി.റ്റി.ഐ കൾ ഇന്ന് പ്രവർത്തനം ഇല്ലാത്ത അവസ്ഥയിലാണ്. ഈ സ്ഥാപനങ്ങളിലേയും ഡയറ്റുകളിലേയും അധ്യാപകരുടെ സേവനം മറ്റു സ്കൂൾ അധ്യാപകർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി വർഷം മുഴുവനും പ്രയോജനപ്പെടുത്താവുന്നതാണ്.

22. സ്കൂളുകളിൽ ദൃശ്യശ്രാവ്യമാധ്യമങ്ങളും പത്രമാസികകളും ലഭ്യമാക്കണം. സിഡിറ്റ് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ വിഷയങ്ങളെ അധികരിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.

23. സ്കൂളുകളിൽ ഹെൽത്ത് ക്ലബ്, ഫോറസ്റ്ററി ക്ലബ് ഇവ രൂപീകരിക്കുക. സയൻസ് ക്ലബ്, സാഹിത്യസമാജങ്ങൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

അനുദിനം കലുഷിതമായിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളുടെ നടുവിലെ ചിലനേട്ടങ്ങൾ കൈവരിക്കുവാൻ നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും സ്കൂളിൻെറ ഇന്നുള്ള അവസ്ഥ വിവരിക്കുന്നിടത്ത് സൂചിപ്പിച്ചിട്ടുള്ള പ്രശ്നങ്ങൾ വിദ്യാഭ്യാസരംഗത്ത് വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നു. അധ്യാപകരും രക്ഷാകർത്താക്കളും നാട്ടുകാരും സന്നദ്ധസംഘടനകളും പഞ്ചായത്തു സമിതിയും ഒത്തുചേർന്നു പ്രവർത്തിച്ചാൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയും. ജനകീയാസൂത്രണത്തോടെ നമുക്ക് ലഭിക്കുന്ന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പുതിയൊരു അവബോധം സൃഷ്ടിക്കുന്നതിൽ കേരള ശാസ്ത്ര സാഹിത്യപരിഷത്ത് പോലെയുള്ള സംഘടനകൾക്ക് വിലപ്പെട്ട സംഭാവനകൾ ഇനിയും നൽകുവാൻ കഴിയും. ഇത്തരത്തിൽ കൂട്ടായ്മയുടെ പുതിയൊരു മാതൃക സൃഷ്ടിച്ച് ജനകീയമായൊരു വിദ്യാഭ്യാസ സംസ്കാരത്തിന് രൂപം നൽകവാൻ നമുക്ക് കഴിയണം.

# വനിത





വനിതാരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവക്ക് പരിഹാരങ്ങൾ തേടുന്നതിനും കേരളത്തിൽ ധാരാളം സംഘടനകൾ നിലവിലുണ്ടെങ്കിലും അവയിലെ സജീവ സ്ത്രീപങ്കാളിത്തം കുറവാണ്. നമ്മുടെ പഞ്ചായത്തിലും സ്ഥിതി വ്യത്യസ്തമല്ല. വിദ്യാസമ്പന്നരായ വനിതകൾപോലും സാമൂഹ്യ പ്രസ്ഥാനങ്ങളുമായി സഹകരിക്കുന്നതിൽ വൈമുഖ്യം കാട്ടുകയും അവരുടെ ജീവിതകാലം അടുക്കളകൾക്കുള്ളിൽ ഒതുക്കിത്തീർക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു.

ആദ്യകാലങ്ങളിൽ വനിതകളെ സംബന്ധിച്ച് കേരളത്തിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾ നമ്മുടെ പഞ്ചായത്തിലും ഉണ്ടായിരുന്നു. അവരുടെ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന തരത്തിൽ പുറത്തുപോകാൻ അനുവദിക്കാതിരിക്കുക, ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ നിഷേധിക്കുക, ചെറു പ്രായത്തിൽ തന്നെ വിവാഹം കഴിപ്പിക്കുക തുടങ്ങിയ പ്രവണതകൾ ഇവിടെയും നിലനിന്നിരുന്നു. പഴയകാലത്ത് എല്ലാ ജാതിയിലുംപെട്ടവർക്ക് വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. ഇതുമൂലവും ഉന്നതവിദ്യാഭ്യാസം ലഭിക്കാതിരുന്നതിനാലും സ്ത്രീകൾക്ക് ഗൃഹഭരണം മുഖ്യതൊഴിലായി സ്വീകരിക്കേണ്ടി വന്നു. എന്നാൽ ഇപ്പോൾ ഈ കാര്യങ്ങളിൽ മാറ്റങ്ങൾ വന്നിട്ടുണ്ട്. സാമൂഹ്യ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന വനിതകൾക്ക് നേരെ ചിലയിടങ്ങളിലെങ്കിലും പുച്ഛവും പരിഹാസവും ഉയരുന്നത് സ്ത്രീ അടിമയാണെന്ന യാഥാസ്ഥിതിക ചിന്ത നിലനിൽക്കുന്നു എന്നതിന് തെളിവാണ്. ആജ്ഞാനുവർത്തിയും നിശ്ശബ്ദയുമായി പുരുഷൻെറ നിഴലായി നിൽക്കേണ്ടവളാണ് സ്ത്രീ എന്ന ചിന്തയ്ക്ക് മാറ്റമുണ്ടാകണം. സാമൂഹ്യ നീതി ലഭിക്കുന്നതിന് സമരഭൂമിയിൽ ഇറങ്ങാൻ സ്ത്രീകൾ സംഘടിതരായേ മതിയാകൂ. ഇല്ലങ്കിൽ അടുക്കളയിലെ തേഞ്ഞുതീരുന്ന വീട്ടുപകരണമായി സ്ത്രീക്ക് ഒതുങ്ങിക്കൂടേണ്ടിവരും.

പട്ടിക 1

| ആകെ ജനസംഖ്യ | സ്ത്രീകൾ | പുരുഷൻമാർ | സ്ത്രീ ശതമാനം |
|---|---|---|---|
| 24610 | 12932 | 11678 | 52.55 |
| പട്ടികജാതി പട്ടിക വർഗ്ഗം ആകെ | സ്ത്രീകൾ | പുരുഷൻമാർ | സ്ത്രീ ശതമാനം |
| 3635 | 1889 | 1746 | 51.96 |

നമ്മുടെ പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 52.8% വും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരിൽ 51.96%വും സ്ത്രീകളാണ്. ഇവിടത്തെ വിദ്യാലയങ്ങളിൽ പഠിക്കുന്ന ആകെ കുട്ടികളിൽ 46.9% വും, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 48.6% വും പെൺകുട്ടികളാണ്. ശ്രീമതി ശാരദാ പൊന്നനാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരിണിയും ബിരുദാനന്തര ബിരുദധാരിണിയും. പട്ടികജാതി വിഭാഗത്തിൽ ശ്രീമതി. സരസ്വതിയാണ് ആദ്യത്തെ ബിരുദധാരിണി. ഉന്നത വിദ്യാഭ്യാസ രംഗത്തും ഉയർന്ന ജോലികളിലും സ്ത്രീ പങ്കാളിത്തം കുറവാണെങ്കിലും അധ്യാപനരംഗത്ത് വനിതകൾ കൂടുതലായി കണ്ടുവരുന്നു.

പട്ടിക 2

| പഞ്ചായത്തിലെ സ്കൂളുകളിലെ ആകെ കുട്ടികൾ | പെൺകുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികൾ ശതമാനം |
|---|---|---|---|
| 4708 | 2208 | 2500 | 46.9% |
| പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ ആകെ | പെൺകുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികൾ ശതമാനം |
| 968 | 470 | 498 | 48.6% |

സാമൂഹ്യ- സാംസ്ക്കാരിക രംഗങ്ങളിൽ സജീവ സാന്നിദ്ധ്യമായിരുന്നൊരു മഹിളാ സമാജം 1980 കളുടെ ആദ്യഘട്ടം വരെ പൂതക്കുളം എച്ച്-എസ്സ് ജം. കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്നു. അതുപോലെ കോട്ടുവൻകോണം കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന മഹിളാ സമാജവും ഇന്ന് നിലവിലില്ല. ഇവ രണ്ടും പുനർജ്ജീവിപ്പിക്കേണ്ടതുണ്ട്. അതുപോലെ മറ്റു പ്രദേശങ്ങൾ കേന്ദ്രീകരിച്ചും മഹിളാ സമാജങ്ങൾ രൂപീകരിക്കണം.

തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള അവഗണന നിലനിൽക്കുന്നു. കൃഷി, കയർ, കശുവണ്ടി, നെയ്ത്ത്, കെട്ടിടനിർമ്മാണം എന്നീ മേഖലകളിൽ സ്ത്രീയും പുരുഷനും തൊഴിൽ എടുക്കുന്നുണ്ടെങ്കിലും സ്ത്രീകൾക്കുള്ള കൂലി നിരക്ക് താരതമ്യേന വളരെ കുറവാണ്. തുല്യജോലിക്ക് തുല്യവേതനം എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. വനിതകൾക്ക് മാത്രമായി ഒരു വിദ്യാഭ്യാസ സ്ഥാപനവും ഒരു തൊഴിൽ സ്ഥാപനവും ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു.

തൊഴിലാളി സ്ത്രീകൾ ധാരാളമുള്ള നമ്മുടെ പഞ്ചായത്തിൽ അവരുടെ കുട്ടികളുടെ സംരക്ഷണത്തിനായി ക്രഷ്പോലുള്ള ഡേ കെയർ സെൻററുകൾ സ്ഥാപിക്കണം. റേഷൻ കടകളിലും ചന്തയിലും മറ്റും സാധനങ്ങൾ വാങ്ങാൻ പോകുന്നത് പുരുഷൻമാരെക്കാൾ കൂടുതൽ സ്ത്രീകളാണ്. മിക്കവീടുകളിലും കുടുംബത്തിൻെറ ഉത്തരവാദിത്വം വനിതകളുടെ കൈകളിലാണ്. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള വീടുകളും ഉണ്ട്. വനിതകൾക്ക് സ്വയംതൊഴിൽ നേടുന്നതിന് IRDP വിഭാഗത്തിൽ നാല് D.W.C.R.A. യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇവയുടെ സേവനം മെച്ചപ്പെടുത്തുകയും കൂടുതൽ യൂണിറ്റുകൾ തുടങ്ങുകയും വേണം. സ്ത്രീകളുടെയും കുട്ടികളുടേയും ക്ഷേമം ലാക്കാക്കി പ്രവർത്തിക്കുന്ന 15 അംഗൻവാടികൾ ഇവിടെയുണ്ട്. ഇവയുടെ എണ്ണം വർദ്ധിപ്പിക്കണം.

ചാരായ നിരോധനം നടപ്പിലാക്കിയെങ്കിലും 'ഇവളെക്കൊടു മദ്യത്തിൻ മദം തല്ലിച്ചതയ്ക്കുമോ?' എന്ന സംശയം നമ്മുടെ നാടിനെ സംബന്ധിച്ചും പ്രസക്തമാണ്. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കണമെന്ന ആവശ്യം വനിതകൾ ശക്തമായി ഉയർത്തുന്നുണ്ട്. സ്ത്രീ പീഢനം കൂടുതലായി നമ്മുടെ പഞ്ചായത്തിൽ ഇല്ലാ എങ്കിലും ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 'ഇവളെ പോരപ്പൊന്നെന്ന് തീത്തൈലത്തിലെരിക്കു'ന്നതിനെതിരെ സ്ത്രീ ശക്തി ഉണരേണ്ടതുണ്ട്.

പഞ്ചായത്തിലെ വനിതകളുടെ സാക്ഷരതാ നിരക്ക് ഉയർന്നതാണ്. സാക്ഷരതായജ്ഞത്തിലെ സ്ത്രീ പങ്കാളിത്തം മാതൃകാപരമായിരുന്നു.

വനിതകളെ സംബന്ധിച്ച് ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുമ്പോഴും അവരിൽ കണ്ടുവരുന്ന ചില തെറ്റായ പ്രവണതകളെ ചൂണ്ടിക്കാണിക്കാതിരിക്കാനും വയ്യ. ടെലിവിഷനിലും മറ്റും കാണുന്ന പരസ്യങ്ങളിൽ ആകൃഷ്ടരായി സൗന്ദര്യസംവർദ്ധക വിപണിയുടെ അടിമയാകുവാനും കേരളീയ ശൈലിയെ കൈവിട്ട് പാശ്ചാത്യരെ അനുകരിക്കുവാനുമുള്ള പ്രവണത ഗ്രാമീണ വനിതകളിൽപോലും കണ്ടുവരുന്നത് ദുഖകരമാണ്. വിഷലിപ്തമായ ആശയങ്ങൾ പ്രചരി



# സംസ്കാരം

തെക്കൻ കേരളത്തിൽ ഗ്രാമീണഭംഗി പരിലസിച്ചു നിൽക്കുന്ന ഒരു കൊച്ചു ഗ്രാമമാണ് പൂതക്കുളം. കാവുകളും തോടുകളും വയലേലകളും കായൽ പ്പരപ്പുകളും നമ്മുടെ ഗ്രാമഭംഗിക്ക് മാറ്റു കൂട്ടുന്നു. മലയാളത്തനിമയോടുകൂടിയ കാർഷിക സംസ്കാരമാണ് നാം പിൻതുടർന്ന് പോരുന്നത്. കാർഷിക സംസ്കാരത്തിന്റെ കൂട്ടായ്മയിൽ നാം വിശ്വസിക്കുന്നു. ഉത്സവങ്ങളുടെ ഗ്രാമമാണ് നമ്മുടേത്. കായിക ശക്തി വിളംബരം ചെയ്യുന്ന കുതിരയെടുപ്പുകളും ജലോൽസവങ്ങളും നമ്മുടെ സാംസ്കാരിക തനിമയുടെ മഹനീയത വിളിച്ചറിയിക്കുന്നവയാണ്. ക്ഷേത്രകലകൾക്കും തനത് കലകൾക്കും അനന്യമായ സ്ഥാനമാണ് നാം നൽകിവരുന്നത്. പേരും പെരുമയും കൊണ്ട് അത്ര പ്രശസ്തരല്ലെങ്കിലും ഈ മണ്ണിൽ അദ്ധ്വാനിച്ച് ഒത്തിരി നന്മകൾ ഈനാടിന് പകർന്നു നല്കിയ നിരവധി ത്യാഗധനന്മാർ ഇതിലെ കടന്നുപോയിട്ടുണ്ട്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ രൂപംകൊണ്ട പൂതക്കുളം സ്കൂൾ ഇവിടത്തെ വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. ഇതിന് ശേഷം രൂപം കൊണ്ട മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളും സമൂഹത്തിൽ ചെയ്ത സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്. ഗ്രന്ഥശാലകൾ, വായനശാലകൾ മറ്റ് സാംസ്ക്കാരിക പ്രസ്ഥാനങ്ങൾ എന്നിവ അനൗപചാരിക വിദ്യാഭ്യാസ രംഗത്തും സാംസ്കാരിക രംഗത്തും ഒട്ടനവധി പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്. സമാധാനപരമായഗ്രാമജീവിതത്തിന് ഭംഗം വരുത്തുന്ന ചില പ്രതിലോമ പ്രവർത്തനങ്ങളേയും നാം കാണാതിരുന്നുകൂടാ. ഇവയെ ചെറുത്ത് തോൽപ്പിക്കേണ്ട ബാദ്ധ്യത നമുക്കുണ്ട്. മതസൗഹാർദ്ദത്തിന്റെ വിളനിലമാണ് ഇവിടം. ഭൂരിഭാഗം ജനങ്ങളും ഹിന്ദുമതത്തിൽപ്പെട്ടവരാണ് മുസ്ളിം, ക്രിസ്ത്യൻ മതവിഭാഗങ്ങളും ഇവിടെയുണ്ട്.

ദേശീയ, സംസ്ഥാനതലത്തിൽ നടന്നമാറ്റത്തിന്റെ ശംഖധ്വനിയ്ക്ക് നേരെ നാം എന്നും കാതോർത്തിരുന്നിട്ടുണ്ട്. അതിന്റെ ഫലമായി സാംസ്കാരിക രംഗത്ത് ഒട്ടേറെ സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും നമ്മുടെനാട് ജന്മം നൽകിയിട്ടുണ്ട്.

## ഗ്രന്ഥശാലകൾ

ഈ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല 1949–ൽ കലയ്ക്കോട് സ്ഥാപിച്ചു. ഗാന്ധിസ്മാരക ഗ്രന്ഥശാല എന്ന ഈ സാംസ്കാരിക കേന്ദ്രം തിരുവനന്തപുരം–കൊച്ചി മുഖ്യമന്ത്രിയായിരുന്ന പറവൂർ ടി.കെ. നാരായണ പിള്ളയാണ് ഉത്ഘാടനം ചെയ്തത്. പൂതക്കുളത്ത് നേതാജി ഗ്രന്ഥശാലയായി ആരംഭിച്ച സ്ഥാപനം 1950 ഫെബ്രുവരിയിൽ ശങ്കരപിള്ള സ്മാരക ഗ്രന്ഥശാലയായി അറിയപ്പെട്ടുതുടങ്ങി. പ്രശസ്ത സംസ്കൃത പണ്ഡിതനും അറിയപ്പെടുന്ന വിഷവൈദ്യനുമായിരുന്ന ശങ്കരപിള്ളയുടെ നാമധേയത്തിൽ പ്രവർത്തിക്കുന്ന ഈ ഗ്രന്ഥശാല പൂതക്കുളത്തെ സാംസ്കാരിക–സാമൂഹിക മണ്ഡലങ്ങളിൽ നിറഞ്ഞു നില്ക്കുന്ന സ്ഥാപനമാണ്. പൂതക്കുളം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന എസ്സ്.ബി.എൻ.വി. ക്ലബ്ബിന്റെ ഭാരവാഹികൾ നാടകം നടത്തിയും ഭാഗ്യക്കുറി നടത്തിയും സമാഹരിച്ച തുകയും നാട്ടുകാരുടെയും സിംഗപ്പൂർ മലയാളികളുടെയും സാമ്പത്തിക സഹായവും ഉപയോഗിച്ചാണ് വായനശാലയുടെ പണി പൂർത്തിയാക്കിയത്. 1956–ൽ സ്ഥാപിതമായ നെല്ലേ

## നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ.

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടത്തിൻെറ വിവരം | നിലവിലുള്ള അംഗങ്ങളുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തക വിതരണം | സർക്കാർ ഗ്രാൻറ് ലഭിക്കുന്നുണ്ടോ | മറ്റഭിപ്രായം. |
|---|---|---|---|---|---|---|---|---|
| 1. | ഗാന്ധിസ്മാരക ഗ്രന്ഥശാല കലയ്ക്കോട് പി.ഒ. | 1949 | സ്വന്തം | 1200 | 8200 | 1000 | ഉണ്ട് | 4 മലയാളപത്രം, 1 ഇംഗ്ലീഷ് പത്രം, ടി.വി. |
| 2. | ശങ്കരപിള്ള സ്മാരക ഗ്രന്ഥശാല & റീഡിംഗ്റൂം, പൂതക്കുളം പി.ഒ. | 1950 | സ്വന്തം | 214 | 6666 | 800 | ഉണ്ട് | ഫുട്ബാൾമേള നടത്തുന്നു. 3 ദിനപത്രങ്ങൾ |
| 3. | ഐക്യകേരളം ഗ്രന്ഥശാല നെയ്യേറ്റിൽ പി.ഒ. | 1956 | സ്വന്തം | 660 | 3970 | 250 | ഉണ്ട് | 4 ദിനപത്രങ്ങൾ ടി.വി. |
| 4. | അജയകുമാർ സ്മാരക ഗ്രന്ഥശാല പുന്നേക്കുളം, പൂതക്കുളം പി.ഒ. | 1995 | വാടക | 80 | 1250 | 100 | ഇല്ല | സ്വന്തം കെട്ടിടം പണിപൂർത്തിയായി. |
| 5. | സാംസ്കാരിക നിലയം, കോട്ടുവൻകോണം. | 1988 | സ്വന്തം | 170 | 850 | 400 | ഉണ്ട് | 3 ദിനപത്രങ്ങൾ. |

റ്റിൽ ഐക്യകേരള ഗ്രന്ഥശാലയ്ക്ക് ജെ.ആർ.വൈ സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഒരു പുതിയ ഹാൾ കൂടിയുണ്ട്. 1988-ൽ സ്ഥാപിച്ച പഞ്ചായത്ത് സാംസ്കാരികനിലയം കോട്ടുവൻകോണത്ത് സ്ഥിതി ചെയ്യുന്നു. ഇവിടം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഗ്രന്ഥശാലയിൽ കൂടുതൽ നല്ല പുസ്തകങ്ങൾ ശേഖരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. പുന്നേക്കുളം പ്രദേശത്തെ സാമൂഹ്യസാംസ്കാരിക രംഗത്തെ സജീവപ്രവർത്തകനായിരുന്ന അജയകുമാറിന്റെ സ്മരണനിലനിർത്തുന്നതിന് 1995-ൽ സ്ഥാപിച്ചതാണ് അജയകുമാർ സ്മാരക ഗ്രന്ഥശാല. ഗ്രന്ഥശാലകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

## കാലാസാംസ്കാരിക സമിതികൾ

കലാസാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സമിതികൾ ഈ പഞ്ചായത്തിൽ ഉണ്ട്. നിരവധി അമേച്വർ നാടകസമിതികൾ ഇവിടെ പ്രവർത്തിച്ചിരുന്നു. 1964 മുതൽ അഖിലകേരള നാടക മൽസരങ്ങൾ സംഘടിപ്പിച്ചിരുന്ന ആലിൻമൂട് കേരളോദയം കലാകേന്ദ്രം നാടകസമിതി ഇവയിൽ മുൻനിരയിലായിരുന്നു. ഇരുപത് കൊല്ലം മുൻപ് ഈ സമിതിയുടെ പ്രവർത്തനം നിലച്ചു. ഇടയാടി, പൂതക്കുളം പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന സമിതികളും ഇപ്പോൾ ഇല്ല. നെല്ലേറ്റിൽ ഐക്യകേരള നാടക സമിതി നാടക മൽസരങ്ങളിൽ പങ്കെടുത്തും സമ്മാനങ്ങൾ നേടിയും സജീവമായി പ്രവർത്തിച്ചുവരുന്നു. കലയ്ക്കോട് ഗ്രാമോദ്ധാരണ സമിതി സന്നദ്ധപ്രവർത്തനങ്ങളിൽ ശ്രദ്ധപുലർത്തുന്നുണ്ട്. മാവിള ജന്യനാട്യമഞ്ച് എന്ന സംഘടനയുടെ വകയായി പൂതക്കുളം ഗവൺമെൻറ് എച്ച്. എസ്സിൽ. ഒൻപതാം സ്റ്റാൻേർഡിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിക്കൾക്ക് അവാർഡും ട്രോഫിയും നൽകി വരുന്നതോടൊപ്പം നിർദ്ധനരായ വിദ്യാർത്ഥികളെ ദത്തെടുത്ത് പഠനോപകരണങ്ങൾ നൽകി സഹായിക്കുകയും ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് പട്ടിക 2 കാണുക.

## കേരള കലാരംഗം

കേരളത്തിന്റെ തനത് കലയായ കഥകളിയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകിവരുന്ന ഗ്രാമമാണിത്. കഥകളിയ്ക്ക് വേണ്ടി നിരവധി അരങ്ങുകൾ ഒരുക്കുന്ന ഈ നാട്ടിൽ നിന്നും ധാരാളം കഥകളി കലാകാരന്മാർക്ക് ജന്മം കൊടുത്തിട്ടുണ്ട്. അന്തരിച്ചുപോയ കൊക്കാടൻ നാരായണപിള്ള, തെറ്റിക്കുളം പരമുപിള്ള എന്നിവർ ഇവരിൽ പ്രധാനികളായിരുന്നു. കഥകളിനടൻ കൂടിയായിരുന്നിട്ടുള്ള നീലമന ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ ഒരു കഥകളി യോഗം പുതക്കുളത്ത് പ്രവർത്തിച്ചിരുന്നു. ഈ കലയുടെ പരിപോഷണത്തിന് വേണ്ടി കഥകളി പ്രേമികളുടെ ശ്രമഫലമായി രൂപീകരിക്കപ്പെട്ട വിദ്യാലയമാണ് കേരളകലാരംഗം. 1988 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിന് സ്വന്തമായി പൂതക്കുളം മിനിസ്റ്റേഡിയത്തിന് സമീപം 17സെൻറ് സ്ഥലം ഉണ്ട്. പ്രഗൽഭരായ അദ്ധ്യാപകരുടെ കീഴിൽ ഇപ്പോൾ കഥകളിവേഷം, കഥകളി-സംഗീതം, ചെണ്ട, മദ്ദളം, ചുട്ടിയെഴുത്ത് എന്നീവിഭാഗങ്ങളിലായി 22 വിദ്യാർത്ഥികൾ പഠിക്കുന്നു. സ്വന്തമായി ഒരു കഥകളിയോഗമുള്ള ഈ വിദ്യാലയത്തിന്റെ പ്രിൻസിപ്പാൾ പ്രശസ്ത കഥകളി നടൻ ചിറക്കരമാധവൻകുട്ടിയാണ്. 125 പേരടങ്ങുന്ന ലൈഫ് മെമ്പറന്മാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയാണ് കേരളകലാരംഗത്തിന്റെ ഭരണസാരഥ്യം വഹിക്കുന്നത്. സ്വന്തമായി ഒരു കെട്ടിടം എന്ന സ്വപ്നം ഇനിയും സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. ഗവൺമെൻറിന്റെ ആവർത്തന ഗ്രാൻറ് ലഭിച്ചാൽ മാത്രമേ പ്രവർത്തനം മെച്ചപ്പെടുകയുള്ളൂ.

## പാര്യമ്പര്യകലാരൂപങ്ങൾ

പൂതക്കുളം പഞ്ചായത്തിൽ പ്രചുരപ്രചാരം ലഭിച്ചിരുന്ന ഒരു പ്രധാന കലാരൂപമായിരുന്നു കമ്പടികളി. കലയ്ക്കോട്, ഇടയാടി, പുന്നേക്കുളം, കൂനംകുളം പ്രദേശങ്ങളിൽ ശക്തമായി നിലനിന്നിരുന്ന ഈ കലാരൂപം ഇന്ന് നിർജീവവസ്ഥയിലാണ്. പുന്നേകുളത്ത് മാത്രമാണ് ഇത് ഇപ്പോൾ അവശേഷിക്കുന്നത്. ഇവിടെ കുട്ടികൾക്ക് ഈ കലയിൽ പരിശീലനം നൽകുന്നുണ്ട്.

ഒരുകാലത്ത് വളരെയധികം ജനപ്രീതിയാർജിച്ചിരുന്ന ഓട്ടൻതുള്ളൽ ഇന്ന് അരങ്ങൊഴിഞ്ഞ അവസ്ഥയിലാണ്. അന്തരിച്ച കുഞ്ഞുകൃഷ്ണനാചാരി ഈ രംഗത്തെ പ്രശസ്തനായ കലാകാരനായിരുന്നു. പ്രഗൽഭരായ ചെണ്ട വാദ്യക്കാർ പൂതക്കുളത്ത് ഉണ്ടായിരുന്നു. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ പങ്കെടുത്തിട്ടുള്ള തെങ്ങുവിള ലക്ഷംവീട്ടിൽ സത്യൻ നമ്മുടെ നാടിന്റെ അഭിമാനമാണ്.

തോറ്റംപാട്ട്, ശാസ്താംപാട്ട് തുടങ്ങിയവ ഇവിടെ നിലനിന്നിരുന്നു എങ്കിലും ഇന്ന് നിർജീവാവസ്ഥ യിലാണ്.

ക്ഷേത്രാചാരങ്ങളുടെ ഭാഗമായി നടക്കുന്ന ഉത്സവങ്ങൾ ഇവിടത്തെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്നതാണ്. പ്രശസ്തമായ നെടുംകുതിര എടുപ്പ്, ഗജവീരന്മാരുടെ എഴുന്നള്ളത്ത്, പൂപ്പട, കഥകളി മറ്റ് കലാരൂപങ്ങൾ ഇവ പഞ്ചായത്തിലെ വിവിധ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളുടെ പ്രത്യേകത കളാണ്.

ഓയിൽ പെയിൻറിംഗിൽ പ്രവീണനായ ചിത്ര കാരനാണ് തടത്താവിള കുട്ടൻ പിള്ള. സിംഗപ്പൂർ ഗവൺമെൻറിൻെറ സാംസ്കാരിക വകുപ്പിൽ നിന്നും പ്രശംസാപത്രം ലഭിച്ചിട്ടുള്ള ഇദ്ദേഹം ചെമ്പക ശ്ശേരിഎച്ച്.എസ്സിലെ അദ്ധ്യാപകനായിരുന്നു. ചൈതന്യം തുടിക്കുന്ന ഒട്ടേറെ ചിത്രങ്ങളുടെ രചനയിലാണ് അദ്ദേഹം ഇപ്പോഴും.

കേരളോത്സവത്തിൻെറ സംസ്ഥാനതല മത്സര ത്തിൽ പങ്കെടുത്ത മണിക്കുട്ടൻ നമ്മുടെ ഗ്രാമത്തിന് ഒരു മുതൽകൂട്ടാണ്. ചിത്രരചനയിലും ക്ലേമോഡലിം ഗിലും മികവ് തെളിയിച്ച ഈ യുവാവ് ക്ഷേത്രങ്ങ ളുടെ വിഗ്രഹ നിർമ്മാണ ജോലിയിൽ ഏർപ്പെട്ടിരി ക്കുകയാണ്.

നൃത്തമൽസരങ്ങളിൽ നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുള്ള കുമാരി രഞ്ജു ലക്ഷ്മി ഈ നാടിൻെറ അഭിമാനമാണ്. പൂതക്കുളം ഗവൺമെൻറ് ഹൈസ്കൂളിലെ വിദ്യാർത്ഥിനിയായ ഈ കുട്ടി തുടർച്ചയായ വർഷങ്ങളിൽ യുവജനോത്സവങ്ങളിൽ കലാതിലകമാണ്.

## കായികരംഗം

പ്രശംസനീയമായ ഒരു കായിക പാരമ്പര്യം അവകാശപ്പെടാവുന്ന നാടാണിത്. ദേശീയ അന്ത ർദേശീയ രംഗങ്ങളിൽ വിജയം വരിച്ചിട്ടുള്ള ധാരാളം കായികതാരങ്ങൾക്ക് ഈ ഗ്രാമം ജന്മം നൽകി യിട്ടുണ്ട്. ജക്കാർത്തയിൽ നടന്ന ഏഷ്യൻ ട്രാക്ക് ആൻറ് ഫീൽഡ് മാൽസരത്തിൽ മെഡൽ നേടിയ കായികതാരമാണ് അഞ്ചു മൂലവീട്ടിൽ വിജയകുമാർ. ദേശീയ മത്സരങ്ങളിൽ ദീർഘദൂര ഓട്ടത്തിന് റിക്കാർഡ് സ്ഥാപിച്ച കൊടിയിലഴികം ശശിധര ൻപിള്ള, എൻ.സി.സി. യുടെ കായിക മത്സരങ്ങളിൽ ദേശീയതലത്തിൽ മെഡൽ നേടിയി ട്ടുള്ള ചന്ദ്രൻ പിള്ള, ബാബു, സ്കൂൾ മീറ്റുകളിൽ ജില്ലാതലത്തിൽ മെഡൽ നേടിയിട്ടുള്ള സുരേന്ദ്രൻ, രാമചന്ദ്രൻ പിള്ള എന്നിവർ ഈ നാടിൻെറ പുത്ര ന്മാരാണെന്നതിൽ നമുക്ക് അഭിമാനിക്കാം.

പൂതക്കുളത്തിൻെറ കായിക പുരോഗതിക്ക് ഗണ്യമായ സംഭാവന നൽകിയ ഒരു കായികാ ദ്ധ്യാപകനായിരുന്നു വിജയസിംഹൻ പിള്ള, ഇദ്ദേഹം പുതക്കുളം ഗവൺമെൻറ് എച്ച്. എസിൽ അദ്ധ്യാപകനായിരുന്ന കാലഘട്ടത്തിൽ സ്കൂളിന് നിരവധി വിജയങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ട്.

ഒരു കാലത്ത് പൂതക്കുളം പ്രദേശത്തെ എല്ലാ വോട്ടർമാരെയും ജനറൽ കൗൺസിലിൽ ഉൾപ്പെടു ത്തിക്കൊണ്ട് പ്രവർത്തിച്ചിരുന്ന ഒരു കായിക സമിതിയായിരുന്നു എസ്.ബി.എൻ.വി. ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്. ഈ സമിതിയുടെ നേതൃത്വത്തിൽ ഫുട്ബാൾ, വോളിബാൾ, ബാൾ ബാറ്റ്മിൻറൻ തുടങ്ങിയ കളികളിൽ ശക്തമായ ടീമുകൾ ഇവിടെയുണ്ടായിരുന്നു. പഞ്ചായത്തിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു പ്രാധാന കായിക വിനോദമായിരുന്നു നാടൻ പന്തുകളി.

ഫുട്ബാൾ താരങ്ങൾക്ക് പ്രോത്സാഹനം നൽ കുന്നതിനായി നടത്തിവരുന്ന ശങ്കരപിള്ള സ്മാരക ട്രോഫിയ്ക്കുവേണ്ടിയുള്ള ടൂർണമെൻറ് ഇന്നും പ്രശസ്തമായ രീതിയിൽ നടക്കുന്നുണ്ട്.

അടുത്തകാലത്തായി കായികരംഗത്ത് വേണ്ട ത്ര നേട്ടങ്ങൾ കൈവരിക്കുവാൻ ഈ പഞ്ചായ ത്തിന് കഴിയുന്നില്ല. രണ്ട് വലിയ കളിസ്ഥലങ്ങളും പ്രതിഭയുള്ള താരങ്ങളും ഉണ്ടായിട്ടും നാം പിന്നോ ട്ടുപോകുന്നതിന് കാരണം ഈ താരങ്ങളെ യഥാ സമയം കണ്ടെത്തി അവരുടെ അഭിരുചിക്കനുസരിച്ച് വേണ്ട പ്രോത്സാഹനവും പരിശീലനവും നൽകാൻ കഴിയാത്തതുകൊണ്ടാണ്.

ഇവിടെയാണ് കോരുത്തോട് മാതൃകയുടെ പ്രസക്തി. യാതൊരുവിധ സൗകര്യങ്ങളുമില്ലാതെ കേവലം ഒരു കായികാദ്ധ്യാപകൻെറ ഇച്ഛാശക്തി ഒന്നുകൊണ്ടുമാത്രം നിരവധി നേട്ടങ്ങൾ കൊയ്യു വാൻ കഴിഞ്ഞ കോരുത്തോട് ഹൈസ്കൂളിൻെറ ചരിത്രം നമുക്ക് പാഠമാകേണ്ടതാണ്. സർവ്വകലാ ശാലാ പരിശീലകരുടെ സേവനം ഉപയോഗപ്പെടുത്തി എ.കെ.ജി. സ്പോർട്സ് ക്ലബ്ബിൻെറ ഫുട്ബാൾ ടീം

# നിലവിലുള്ള കലാ–സാംസ്ക്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസഹായത്തിന്റെ വിവരം | അഫിലിയേറ്റ് ചെയ്തിരിക്കുന്ന സ്ഥാപനം | പ്രവർത്തനത്തിന്റെ ലഘുവിവരണം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1. | കലയ്ക്കോട് ഗ്രാമോദ്ധാരണ സ്പോർട്ട്സ് ക്ലബ്, പുന്നവിള, പുത്തൻകുളം. | 1992 | 15 | ഇല്ല | ഇല്ല | ഇല്ല | സാമൂഹ്യസാംസ്ക്കാരിക രംഗം. |
| 2. | ഗാന്ധി മെമ്മോറിയൽ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, കലയ്ക്കോട്. | 1981 | 55 | സ്വന്തം | ഇല്ല | ക്യു.എ.സി. | കലാകായികരംഗം. |
| 3. | പ്രതിഭ ക്രിക്കറ്റ് ക്ലബ്, കലയ്ക്കോട് | 1983 | 12 | ഇല്ല | ഇല്ല | ഇല്ല | കായികരംഗം. |
| 4. | ചെമ്പുലരി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, കലയ്ക്കോട് പി.ഒ. | 1976 | 85 | സ്വന്തം | ഇല്ല | ഇല്ല | കലാകായികരംഗം. |
| 5. | ചലഞ്ച് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, ഇ.എം.എസ്. കോളനി. | 1988 | 58 | ഇല്ല | ഇല്ല | ക്യു.എ.സി. | സൗത്ത് ഇൻഡ്യൻ കബഡി ടൂർണമെൻറ് |
| 6. | ബാസ്ക് പാർക്ക് | 1986 | 13 | സ്വന്തം | ഇല്ല | ഇല്ല | കലാകായികരംഗം |
| 7. | ഐക്യകേരള നാടകസമിതി, നെല്ലേറ്റിൽ | 1995 | 15 | സ്വന്തം | ഇല്ല | ഐക്യകേരള ഗ്രന്ഥശാല | നാടകപ്രവർത്തനം |
| 8. | ബ്രദേഴ്സ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, പുന്നെക്കുളം. | 1989 | 40 | ഇല്ല | ഇല്ല | ഇല്ല | കലാകായികരംഗം. |
| 9. | ബ്രദേഴ്സ് സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്, ഊന്നൻമൂട് | 1996 | 20 | വാടക | ഇല്ല | ഇല്ല | കലാകായികരംഗം. |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 10. | ഹീറോ ക്ലബ്, പൂതക്കളം | 1996 | 30 | വാടക | ഇല്ല | ഇല്ല | കലാകായികരംഗം. |
| 11. | എ.കെ.ജി. ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, പൂതക്കുളം | 1977 | സ്വന്തം | ഇല്ല | ഇല്ല | നെഹ്റു യുവക്കേന്ദ്ര | ഫുഡ്ബാൾ ടൂർണമെൻറ് കലാകായികരംഗം. |
| 12. | മംഗളോദയം ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, മുക്കട, പൂതക്കളം പി.ഒ. | 1980 | 50 | സ്വന്തം | ഉണ്ട് | ഇല്ല | വായനശാല, കലാകായികരംഗം, ടി.വി. |
| 13. | യുവരശ്മി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, പഞ്ചായത്താഫീസ് ജംഗ്ഷൻ, പൂതക്കുളം | 1983 | 60 | സ്വന്തം | ഇല്ല | ഇല്ല | വായനശാല കലാകായികരംഗം. |
| 14. | വിന്നേഴ്സ് ക്ലബ്, വെട്ടുവിള | 1990 | 65 | ഇല്ല | ഇല്ല | കൊല്ലം ജില്ലാ കബഡി അസോസിയേഷൻ | കബഡി ടൂർണമെൻറ് |
| 15. | നവോദയ ആർട്ട്സ് ആൻറ് സ്പോർട്ട്സ്, പുന്നേക്കുളം | 1990 | 36 | ഇല്ല | ഇല്ല | ഇല്ല | കലാകായികരംഗം. |
| 16. | യുവരേഖ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, ശാരദമുക്ക്, ഊന്നിൻമൂട്, പൂതക്കളം പി.ഒ. | 1993 | 55 | വാടക | ഇല്ല | നെഹ്റു യുവക്കേന്ദ്ര | കലാകായികരംഗം. |
| 17. | യുവജനവേദി, പുന്നേക്കുളം | 1992 | 25 | വാടക | ഇല്ല | ഇല്ല | വായനശാല കലാസാംസ്കാരികം |
| 18. | സൗഹൃദ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, ഇടയാടി, പൂതക്കുളം. | 1991 | 62 | ഇല്ല | ഇല്ല | ഇല്ല | കലാകായികരംഗം. |
| 19. | വേപ്പാലിൻമൂട് പ്രോഗ്രസീവ് ആർട്ട്സ് ക്ലബ്, പുന്നേക്കുളം | 1966 | 30 | സ്വന്തം | ഇല്ല | ഇല്ല | വായനശാല കലാസാംസ്കാരിക |
| 20. | നവജീവൻ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, പൂതക്കുളം | 1966 | 30 | ഇല്ല | ഇല്ല | ഇല്ല | പ്രവർത്തനം ഇല്ല. |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 21. | ശ്രീവദ്യാധിരാജാ റിക്രിയേഷൻ ആൻറ് റീഡിംഗ് ക്ലബ്, കലയ്ക്കോട് പി.ഒ. | 1980 | 50 | സ്വന്തം | ഇല്ല | ഇല്ല | കലാസാംസ്കാരികം വായനശാല |
| 22. | വിശ്വശ്രീ കലാസാംസ്കാരിക സമിതി കരടിമുക്ക്, പൂതക്കുളം പി.ഒ. | 1992 | 15 | സ്വന്തം | ഇല്ല | ഇല്ല | കലാകായികരംഗം. |
| 23. | യംഗ്ചലഞ്ചേഴ്സ്, അമ്മാരത്തുമുക്ക് | 1991 | 50 | ഇല്ല | ഇല്ല | ഇല്ല | കലാകായികരംഗം, കബഡി. |
| 24. | വിവേകോദയം ആർട്സ് ആൻറ് സ്പോർട്ട്സ് ക്ലബ് | 1963 | 41 | സ്വന്തം | ഇല്ല | ഇല്ല | ടി.വി. വായനശാല |
| 25. | പ്രിയദർശിനി ആർട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, പൂതക്കുളം | 1984 | 15 | ഇല്ല | ഇല്ല | ഇല്ല | കായികരംഗം. |
| 26. | ചാണക്യ കൾച്ചറൽ സൊസൈറ്റി, പുത്തൻകുളം | 1994 | 70 | വാടക | ഇല്ല | ഇല്ല | കലാകായികരംഗം. |
| 27. | ഐശ്വര്യ ക്ലബ്, ഇടയാടി | 1990 | 56 | ഇല്ല | ഇല്ല | ഇല്ല | കായികരംഗം |
| 28. | ജനനാട്യമഞ്ച്, ചക്കവിള, പൂതക്കുളം | 1984 | 45 | ഇല്ല | ഇല്ല | ഇല്ല | കലാരംഗം. |
| 29. | തോട്ടത്തിൽ ഭാഗം പൗരസമിതി, ഇടയാടി | 1990 | 50 | ഇല്ല | ഇല്യല | ഇല്ല | കലാകായികരംഗം |
| 30. | ബ്രദേഴ്സ് ക്ലബ്, മിനിസ്റ്റേഡിയം, പൂതക്കുളം | 1993 | 15 | ഇല്ല | ഇല്ല | ഇല്ല | കാലാകായികരംഗം. |
| 31. | നവോദയ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, പുന്നവിള, പുത്തൻകുളം. | 1959 | 07 | സ്വന്തം | ഇല്ല | ഇല്ല | വായനശാല |

നിരവധി വിജയങ്ങൾ നേടിയിട്ടുള്ളത് പരിശീലനത്തിൻെറ ആവശ്യകത ബോധ്യപ്പെടുത്തുന്നു.

നാട്ടുകാരുടെ സഹകരണം ഉറപ്പാക്കി കായിക താരങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്ത് കൊടുത്താൽ അനവധി നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് കഴിയും. ഇതിനായി ഒരു പുതിയ കായിക സംസ്കാരത്തിൽ അധിഷ്ഠിതമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ പഞ്ചായത്ത്തലത്തിൽ ഒരു കായിക സമിതിക്ക് രൂപം നൽകേണ്ടതാണ്.

## ജനകീയ ശാസ്ത്ര പ്രസ്ഥാനം

കൃഷി, വിദ്യാഭ്യാസം, സംസ്കാരം, പരിസ്ഥിതി വികസനം, ആരോഗ്യം, ഊർജ്ജം എന്നീ രംഗങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വച്ചു കൊണ്ട് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ രണ്ട് യൂണിറ്റുകൾ പൂതക്കുളവും കലയ്ക്കോടും കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു. രണ്ട് പതിറ്റാണ്ടുകൾക്ക് മുൻപ് ഗ്രാമശാസ്ത്ര സമിതി എന്ന പേരിൽ പൂതക്കുളത്ത് പ്രവർത്തനമാരംഭിച്ച ശാസ്ത്രസാഹിത്യപരിഷത്ത് ബോധപൂർവ്വവും ശാസ്ത്രീയവുമായ ഇടപെടലുകളിലൂടെ ഒരു ജനകീയ ശാസ്ത്രപ്രസ്ഥാനമെന്ന സ്ഥാനം ഇതിനകം നേടിക്കഴിഞ്ഞിട്ടുണ്ട്. കാലാജാഥകൾ, ബാലോത്സവജാഥകൾ, യുറീക്ക-ശാസ്ത്രകേരളം വിജ്ഞാനോത്സവങ്ങൾ, സെമിനാറുകൾ, ശാസ്ത്ര ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ച് ജനങ്ങളുടെ ശാസ്ത്രാവബോധം വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങളിൽ പരിഷത് വ്യാപൃതരായിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസ പ്രവർത്തനം നടത്തുന്ന ഏക സന്നദ്ധസംഘടന ശാസ്ത്രസാഹിത്യപരിഷത്താണ്. പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിയുന്ന വിധത്തിൽ ശാസ്ത്രസാഹിത്യപരിഷത്തിൻെറ പ്രവർത്തനങ്ങൾ വളർന്നിട്ടുണ്ട്.

## ടി.വി, റേഡിയോ കേന്ദ്രങ്ങൾ

പൂതക്കുളം പഞ്ചായത്തിൽ ആകെ 14 ടി.വി, റേഡിയോ കേന്ദ്രങ്ങളുണ്ട്.

## കേബിൾ ടി.വി.

ഈ പഞ്ചായത്തിൽ 4 കേബിൾ ടി.വി. റിലെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

### പഞ്ചായത്തിൽ നിലവിലുള്ള ടി.വി. റേഡിയോ കേന്ദ്രങ്ങൾ

| ക്രമ നമ്പർ | പേരും സ്ഥലവും | വാർഡ് നമ്പർ | ടി.വി | റേഡിയോ |
|---|---|---|---|---|
| 1. | വിദ്യാധിരാജാറിക്രിയേഷൻ ക്ലബ്, കലയ്ക്കോട് | 1 | ഉണ്ട് | ഇല്ല |
| 2. | പാറവിള കോളനി, കലയ്ക്കോട് | 1 | ഉണ്ട് | ഇല്ല |
| 3. | ഗാന്ധിസ്മാരകഗ്രന്ഥശാല, കലയ്ക്കോട് | 2 | ഉണ്ട് | ഉണ്ട് |
| 4. | ഇ.എം.എസ്. കോളനി, കലയ്ക്കോട് | 3 | ഉണ്ട് | ഇല്ല |
| 5. | മംഗളോദയം വായനശാല, മുക്കട | 4 | ഉണ്ട് | ഉണ്ട് |
| 6. | പഞ്ചായത്താഫീസ്, പൂതക്കുളം | 5 | ഉണ്ട് | ഉണ്ട് |
| 7. | ശങ്കരപ്പിള്ള സ്മാരകഗ്രന്ഥശാല, പൂതക്കുളം | 5 | ഉണ്ട് | ഉണ്ട് |
| 8. | കയർസഹകരണസംഘം, ഇടയാടി | 6 | ഉണ്ട് | ഇല്ല |
| 9. | ട്രെയിനിംഗ് സ്കൂൾ, ഇടയാടി | 7 | ഉണ്ട് | ഇല്ല |
| 10. | പുന്നേക്കുളം കോളനി | 8 | ഉണ്ട് | ഇല്ല |
| 11. | പ്രോഗ്രസീവ് ആർട്ട്സ് ക്ലബ്, വേപ്പാലിൻമൂട് | 8 | ഇല്ല | ഉണ്ട് |
| 12. | എസ്.എൻ.ഡി.പി. മന്ദിരം, പുത്തൻകുളം | 10 | ഉണ്ട് | ഇല്ല |
| 13. | വിവേകോദയം ക്ലബ്, കലുങ്ക് ജംഗ്ഷൻ | 11 | ഉണ്ട് | ഉണ്ട് |
| 14. | ഐക്യകേരള ഗ്രന്ഥശാല, നെല്ലേറ്റിൽ | 7 | ഉണ്ട് | ഉണ്ട് |

## വീഡിയോ ലൈബ്രറികൾ

പൂതക്കുളത്ത് എട്ട് വീഡിയോ ലൈബ്രറികളുണ്ട്. പ്രതിദിനം ശരാശരി 10 കാസറ്റ് വീതം ഓരോ ലൈബ്രറിയിൽനിന്നും പോകുന്നുണ്ട്.

## സിനിമാശാലകൾ

മിലൻ സിനിഹൗസ്, എസ്.പി.സിനിഹൗസ് എന്നീ രണ്ട് സിനിമാ ടാക്കീസുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

### പ്രസിദ്ധീകരണങ്ങൾ

| ദിനപത്രങ്ങൾ | എണ്ണം | മാസികകൾ/ വാരികകൾ | എണ്ണം | കുട്ടികളുടെ മാസിക | എണ്ണം |
|---|---|---|---|---|---|
| മാതൃഭൂമി | 535 | ഇന്ത്യാ ടുഡേ | 24 | മുത്തശ്ശി | 20 |
| മലയാളമനോരമ | 305 | കേരളശബ്ദം | 32 | പൂമ്പാറ്റ | 85 |
| കേരള കൗമുദി | 440 | കലാകൗമുദി | 50 | ബാലഭൂമി | 76 |
| ദേശാഭിമാനി | 179 | യുവധാര | 43 | ബാലമംഗളം | 43 |
| ഇന്ത്യൻ എക്സ്പ്രസ് | 80 | മനോരമ | 265 | കളിക്കുടുക്ക | 27 |
| രാഷ്ട്രദീപിക | 20 | മംഗളം | 294 | തളിര് | 82 |
| ഹിന്ദു | 20 | മനോരാജ്യം | 18 | കസ്തൂരി | 11 |
| | | കുങ്കുമം | 24 | യൂറീക്ക | 34 |
| | | നാന | 20 | ശാസ്ത്രകേരളം | 16 |
| | | ചിത്രഭൂമി | 9 | | |
| | | വെള്ളിനക്ഷത്രം | 17 | | |
| | | സിനിമ | 12 | | |
| | | ചിന്ത | 30 | | |
| | | വനിത | 85 | | |
| | | നവയുഗം | 60 | | |
| | | ശാസ്ത്രഗതി | 14 | | |

## നിർദ്ദേശങ്ങൾ

1. നിലവിൽ ഗ്രന്ഥശാലകളില്ലാത്ത വർഡുകളിൽ അവസ്ഥാപിക്കുന്നതിന് മുൻകൈ എടുക്കണം.
2. നെല്ലേറ്റിൽ കായലിൽ വർഷം തോറും നടത്തിവരുന്ന അവിട്ടം തിരുനാൾ ജലോത്സവം പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച് വിപുലപ്പെടുത്തണം.
3. കേരളോത്സവത്തിൽ കൂടുതൽ യുവജന പങ്കാളിത്തം ഉറപ്പുവരുത്തി നീന്തൽ, തുടങ്ങിയ ഇനങ്ങൾ കൂടി ഉൾപ്പെടുത്തണം.
4. പാരമ്പര്യ കലാരൂപങ്ങൾ, കമ്പടികളി, ഓട്ടൻ തുള്ളൽ തുടങ്ങിയവ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണം.

5. കായിക പ്രതിഭകളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് വേണ്ട പരിശീലനം നൽകുകയും വേണം.

6. പഞ്ചായത്ത് സാംസ്കാരിക നിലയത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

7. ഫലപ്രദമായി പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഗ്രാൻറ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

8. പഞ്ചായത്തിലെ എല്ലാ കലാകായിക സമിതികളേയും ഉൾപ്പെടുത്തി ഒരു കേന്ദ്രസംഘടന രൂപീകരിക്കണം.

9. രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം നിർജീവാവസ്ഥയിലാണ്. നവസാക്ഷരർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിക്കണം.

10. ഉപയോഗശൂന്യമായി കിടക്കുന്ന പഞ്ചായത്ത് മിനി സ്റ്റേഡിയം ഗ്രൗണ്ട് നിരപ്പാക്കി പുല്ല് വച്ച് പിടിപ്പിച്ചും ചുറ്റും ഗ്യാലറികെട്ടിയും സംരക്ഷിക്കേണ്ടതാണ്.

11. പൂതക്കുളം ഗവൺമെൻറ് ഹൈസ്കൂൾ ഗ്രൗണ്ട് അറ്റക്കുറ്റപണി നടത്തി സംരക്ഷിക്കപ്പെടേണ്ടതാണ്.

12. കായിക-കലാ-സാഹിത്യാഭിരുചിയുള്ള ദരിദ്ര വിദ്യാർത്ഥികളുടെ മുന്നിൽ ഉന്നതങ്ങളിലേക്കുള്ള മാർഗ്ഗം അടഞ്ഞുകിടക്കുകയാണ്. കായിക താരങ്ങൾക്കും സർഗ്ഗാത്മക ഭാവനകൾക്കും വേണ്ട പ്രോത്സാഹനം നൽകേണ്ടതാണ്.

13. പ്രവർത്തനമില്ലാത്ത ഗ്രന്ഥശാലകൾ ഉൾപ്പെടെയുള്ള എല്ലാ സാംസ്കാരിക കേന്ദ്രങ്ങളുടെയും പ്രവർത്തനം സജീവമാക്കുന്നതിന് ആവശ്യമായ ജനകീയ സംരംഭങ്ങൾക്ക് രൂപം കൊടുക്കണം.

അത്യാധുനിക ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ രംഗപ്രവേശം അന്യരാഷ്ട്രങ്ങളും നമ്മളും തമ്മിലുള്ള അകലം കുറച്ചിരിക്കുകയാണ്. സംസ്കാരങ്ങൾ തമ്മിൽ നടക്കേണ്ടുന്ന ഗുണപരമായ വിനിമയ പ്രക്രിയകൾക്ക് പകരം സാംസ്കാരികാധിനിവേശത്തിന് നാം ഇന്ന് മൂകസാക്ഷികളായി തീർന്നിരിക്കുന്നു. കാലത്തിൻെറ കുത്തൊഴുക്കിൽ ലോകവും നമ്മുടെ നാടും മൂല്യാപചയത്തിൻെറ അഗാധഗർത്തങ്ങളിലേക്ക് പദംവെയ്ക്കുന്ന കാഴ്ച നമ്മെ ദുഃഖിതരാക്കുന്നു. ഈ അപചയത്തിനെതിരെ പ്രതികരിക്കുന്ന ലക്ഷ്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ ഇനിയും നമുക്ക് കൂട്ടായി മുന്നേറാം.





# സഹകരണം

കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടത്തിൽ മരിക്കുന്ന ഗ്രാമീണ കർഷകൻെറ മോചന പ്രസ്ഥാന മായി സഹകരണ മേഖല നിലകൊള്ളുന്നു. പൊതു മേഖലയുടേയും സ്വകാര്യമേഖലയുടേയും ഇടയിൽ രണ്ടിൻേറയും ഗുണദോഷങ്ങളുടെ വ്യതിരിക്ത ഭാവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജനകീയ പ്രസ്ഥാന മായി സഹകരണമേഖല വളർന്നു പന്തലി ച്ചുകഴിഞ്ഞു. സർക്കാരിൻെറ നിയന്ത്രണമുള്ള എന്നാൽ വ്യക്തികളുടെ പങ്കാളിത്തത്തിന് മുൻഗണന നൽകിയുള്ള ഈ പ്രസ്ഥാനം കടന്നുചെല്ലാത്ത മേഖലകൾ അന്യമാണ്. വായ്പാ വിതരണ മേഖലകൾക്കപ്പുറം ഡയറി, കയർ, കൈത്തറി, ഇതര പരമ്പരാഗത വ്യവസായങ്ങൾ, ആതുര ശുശ്രൂഷാ രംഗം, ട്രാൻസ്പോർട്ടിംഗ് രംഗം, ബീഡി വ്യവസായം പമ്പുസെറ്റ് നിർമ്മാണം തുടങ്ങിയ സമസ്ത മേഖലകളിലും വ്യാപരിച്ചിരിക്കുന്നു.

സഹകരണമേഖലയുടെ ജീവനായ ജനാധിപത്യം സംരക്ഷിക്കുകയും ഭരണ സമിതികൾക്കെതിരെ സങ്കുചിത ലാഭങ്ങൾക്കുവേണ്ടിയുള്ള ഇടപെടലുകൾ ഒഴിവാക്കുകയും ചെയ്താൽ സ്വന്തം കാലിൽ നിൽ ക്കാൻ ഒരുപക്ഷേ പൊതുമേഖലയെക്കാൾ ഒരുപടി മുന്നിലാണ് ഈ പ്രസ്ഥാനം. ത്രിതല സംവിധാന ക്രമമുള്ള പ്രാഥമിക–ജില്ലാ– സംസ്ഥാന സഹകരണ സംഘങ്ങളാണ് ക്രഡിറ്റ് മേഖലയിലെ പ്രധാനി. അംഗസംഘങ്ങൾക്ക് വായ്പ നൽകുകയും അവയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുകയും ചെയ്യേണ്ടുന്ന ഇടത്തട്ട് സ്ഥാപനമായ ജില്ലാ സഹകരണ ബാങ്കുകൾ വ്യക്തികൾക്ക് വഴിവിട്ട് വ്യായ്പകൾ നൽകുക വഴി അവയുടെ നിലനിൽപ്പു തന്നെ പലപ്പോഴും അനിശ്ചി തത്ത്വത്തിലാകുന്ന കാലം ഒരു പക്ഷേ വിദൂരമല്ല. സംഘങ്ങൾ പുലർത്തുന്ന സാമ്പത്തിക അച്ചടക്കവും സഹകാരികളുടെ വിശ്വാസ്യതയും ഭരണസമിതിയുടെ കെടുകാര്യസ്ഥതമൂലം പലപ്പോഴും കാറ്റിൽ പറക്കുന്നു. പ്രാഥമിക സംഘത്തിൽ ജില്ലാ– സംസ്ഥാന സംഘങ്ങൾ ഓഹരി പങ്കാളികളാകുന്ന വിചിത്ര സഹകരണ മാതൃകകളും കേരളത്തിൽ പിറവി കൊണ്ടിട്ടുണ്ട്.

ബഹുഭൂരിപക്ഷം ഗ്രാമപഞ്ചായത്തുനിവാസികളും സഹകരണമേഖലയുടെ ഗുണഭോക്താക്കളാണ്. കൊല്ലം ജില്ലയിലെ ഈ കൊച്ച് പഞ്ചായത്തിൽ രണ്ട് വലിയ വായ്പാ സഹകരണ സംഘങ്ങൾ, അതും ജില്ലയിൽ ഏറ്റവും മുൻനിരയിലുള്ള രണ്ട് പ്രഥമിക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമത്തിൻെറ മുഖച്ഛായതന്നെ മാറ്റിക്കുറിക്കുന്ന മനോഹരങ്ങളായ ആഡിറ്റോറിയങ്ങൾ പൂതക്കുളത്തും കലയ്ക്കോട്ടും

ഉണ്ട്. കയർ രംഗത്ത് കായൽത്തീരത്ത് മൂന്ന് മുനമ്പുകൾക്ക് സമീപമായി മൂന്ന് കയർ സംഘങ്ങൾ, അവയിൽ രണ്ടെണ്ണം മെച്ചപ്പെട്ട പ്രവർത്തനവുമായി മുൻനിരയിൽ തന്നെ. ജില്ലയിലെ നന്നായി പ്രവർത്തിക്കുന്ന ഹരിജൻ സംഘവും ഈ കൊച്ചു ഗ്രാമത്തിൽ തന്നെ.

വ്യവസായ മേഖലയിലും ഖാദി ബോർഡിൻെറ കീഴിലും പ്രവർത്തിക്കുന്നവയും നിലച്ചതും പുതുതായി ആരംഭിക്കുന്നതുമായ സംഘങ്ങൾ ഇതര സഹകരണമേഖലകൾക്ക് വളക്കൂറുള്ള ഈ മണ്ണിൽ അവയുടെ പാരമ്പര്യം ഉയർത്തിപ്പിടിക്കുകതന്നെ ചെയ്യുമെന്ന പ്രത്യാശയോടെ ഈ ഗ്രാമത്തിലെ സഹകരണ സംഘങ്ങളെ വായ്പാ സഹകരണ സംഘങ്ങളും വായ്പേതര സഹകരണസംഘങ്ങളും എന്നു വേർതിരിക്കാം.

## വായ്പാ സഹകരണ സംഘങ്ങൾ

1. *കലയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക്, ക്ലിപ്തം നമ്പർ. Q 1194*

പൂതക്കുളം പഞ്ചായത്തിലെ ജനങ്ങളുടെ വായ്പാവശ്യങ്ങൾ നിറവേറ്റാൻ പരമാവധി പരിശ്രമം നടത്തുന്ന ഈ സ്ഥാപനം വായ്പാസംഘങ്ങളുടെ മുൻനിരയിൽ പ്രവർത്തിക്കുന്നു. നിരവധി വർഷങ്ങളായി ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം 20–8–1101 ന് ആണ് പ്രവർത്തനം ആരംഭിച്ചത്. 1976–ൽ സഹകരണമേഖലയിൽ നിക്ഷേപ സമാഹരണത്തിന് സംസ്ഥാനതലത്തിൽ തുടക്കം കുറിച്ചത് ഈ സ്ഥാപനത്തിലാണ്. 9.42 കോടി രൂപ നിക്ഷേപമുള്ളതിൽ 8.57 കോടിയും സ്ഥിരനിക്ഷേപമാണ്. കൊല്ലം ജില്ലയിൽ ഒരു പ്രൈമറി ക്രഡിറ്റ് സംഘത്തിന് ആദ്യമായി ബ്രാഞ്ചുണ്ടാകുന്നതും ആഡിറ്റോറിയം ഉണ്ടാകുന്നതും ഈ സ്ഥാപനത്തിലാണ്. കലയ്ക്കോട് പ്രവർത്തിക്കുന്ന ഹെഡ്ഡാഫീസിനു പുറമേ പുത്തൻകുളത്തും കോട്ടുവൻകോണത്തും ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നു. ഹെഡ്ഡാഫീസും പുത്തൻകുളം ബ്രാഞ്ചും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കോട്ടുവൻകോണം ബ്രാഞ്ചിനു വേണ്ടി മാവിൻമൂട്ടിൽ ബാങ്ക് വക സ്ഥലത്ത് പുതിയ കെട്ടിടത്തിൻെറ പണി ധ്രുതഗതിയിൽ നടന്നുവരുന്നു. ഹെഡ്ഡാഫീസിനോടൊപ്പമുള്ള ആഡിറ്റോറിയവും സദ്യാലയവും ജനങ്ങൾക്കുപകാരപ്രദമാണ്. കലയ്ക്കോട് ബ്രാഞ്ച് പോസ്റ്റാഫീസ് ഹെഡ്ഡാഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മൂന്നുവളം ഡിപ്പോകൾ നടത്തിവരുന്നു. ജില്ലയിലെ ഏറ്റവും നല്ല വായ്പാ സംഘത്തിനുള്ള അവാർഡ് പലകുറി ഈ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. ജില്ലാ ബാങ്കുകൾവഴി വിതരണം നടത്തുന്ന കുറഞ്ഞ പലിശയുള്ള വായ്പകൾ അർഹരായവർക്ക് വിതരണം നടത്തുന്നതിൽ കൂടുതൽ ഊന്നൽ നൽകി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

2. *പൂതക്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. Q 2944*

ജില്ലയിലെ ഏറ്റവുംനല്ല വായ്പാസംഘമെന്ന ബഹുമതി പലകുറി നേടിയിട്ടുള്ള ഈ സ്ഥാപനം 19–11–1951 ൽ പ്രവർത്തനം ആരംഭിച്ചു. 6.17 കോടി രൂപ നിക്ഷേപമുള്ളതിൽ 5.48 കോടി രൂപയും സ്ഥിരനിക്ഷേപമാണ്. 10215 അംഗങ്ങളുള്ള ഈ ബാങ്കിൻെറ പ്രവർത്തന പരിധിയിലുള്ള മുഴുവൻ ജനവിഭാഗങ്ങളുടേയും വായ്പാവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നില്ല. കുടിശ്ശിക നിർമ്മാർജ്ജനത്തിന് ഊന്നൽ

### പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വായ്പാസംഘങ്ങൾ

| സംഘത്തിൻെറ പേര് | അംഗങ്ങൾ | ഓഹരി മൂലധനം | നിക്ഷേപം | വായ്പ |
|---|---|---|---|---|
| കലയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക് | 13305 | 85,38,188 | 9,41,49,331 | 10,20,28,300 |
| പൂതക്കുളം സർവ്വീസ് സഹകരണ ബാങ്ക് | 10215 | 55,68,008 | 6,16,58,695 | 6,51,98,210 |
| കലയ്ക്കോട് ഹരിജൻ സർവ്വീസ് സഹകരണബാങ്ക് | 2562 | 2,46,082 | 1,31,798 | 4,27,126 |

നൽകി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനം ലാഭകരമായി പ്രവർത്തിക്കുന്നു. പൂതക്കുളം ജംഗ്ഷന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഹെഡ്ഡാഫീസിനോടൊപ്പം മനോഹരമായ ആഡിറ്റോറിയവും സമീപത്തുള്ള ബാങ്ക് വക സ്ഥലത്ത് ഗോഡൗൺ കെട്ടിടവും സ്വന്തമായുണ്ട്. ഗോഡൗൺ കെട്ടിടത്തിൽ കൃഷിഭവൻ, മാവേലിസ്റ്റോർ എന്നിവ പ്രവർത്തിക്കുന്നു. ഊന്നിൻമൂട് പ്രവർത്തിക്കുന്ന ബ്രാഞ്ച് പഞ്ചായത്തിലെ കിഴക്കൻമേഖലകളിലെ ജനങ്ങൾക്ക് ഉപകാരപ്രദമാണ്. ഒരു വളം ഡിപ്പോയും നടത്തിവരുന്നുണ്ട്. വിവേചനരഹിതമായ പ്രവർത്തനം എല്ലാ മേഖലകളിലും നടത്താൻ പ്രത്യേകം ശ്രദ്ധിക്കുകയും നബാർഡ് വായ്പകൾ, സബ്സിഡിയോടുകൂടിയുള്ള ബ്ലോക്ക് വ്യവസായവകുപ്പ് വായ്പകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നതിന് കൂടുതൽ ഊന്നൽ നൽകുകയും വേണം.

*3. കലയ്ക്കോട് ഹരിജൻ സർവ്വീസ് സഹകരണ ബാങ്ക്, ക്ലിപ്തം നമ്പർ. Q 86*

പൂതക്കുളം പഞ്ചായത്തിലുള്ള പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വായ്പാവശ്യങ്ങൾ നിറവേറ്റുന്നതിനും അനുബന്ധപ്രവർത്തനങ്ങൾ നടത്തുന്നതിനുമായി രൂപീകരിക്കപ്പെട്ട ഈ സംഘം 1959 ൽ പ്രവർത്തനം ആരംഭിച്ചു. 2562 അംഗങ്ങളും 4 ലക്ഷം രൂപ പ്രവർത്തനമൂലധനവും 1.32 ലക്ഷം രൂപ നിക്ഷേപവുമുണ്ട്. വായ്പാ പ്രവർത്തനം കുറേക്കൂടി ചിട്ടപ്പെടുത്തി കുടിശ്ശിക നിലവാരം താഴ്ത്തി കൂടുതൽ നിക്ഷേപകരെ ആകർഷിച്ചാൽ സംഘത്തിന് ഏറെ പുരോഗതി കൈവരിക്കാൻ കഴിയും. സംഘം ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു.

*4. കൊല്ലം സഹകരണ കാർഷികഗ്രാമ വികസന ബാങ്ക്, ക്ലിപ്തം നമ്പർ. Q 167*

ദീർഘകാല വായ്പകൾ നൽകിവരുന്ന ഈ സ്ഥാപനത്തിൽ നിന്നും 112 കർഷകർക്കായി 45 ലക്ഷം രൂപയും 5 ചെറുകിടസംരംഭകർക്കായി 25 ലക്ഷം രൂപയും പൂതക്കുളം പഞ്ചായത്തിൽ വിതരണം നടത്തിയിട്ടുണ്ട്. 25,000 രൂപ വരെയുള്ള വായ്പകൾക്ക് 12.5% വും 2 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് 15% വും പലിശനിരക്ക് മാത്രമേയുള്ളൂ. 10 ലക്ഷം രൂപവരെ വ്യക്തികൾക്ക് വായ്പ നൽകുന്ന ഈ സ്ഥാപനത്തിന്റെ സേവനം പൂതക്കുളം പഞ്ചായത്തിൽ ലഭ്യമാക്കുവാൻ വായ്പാമേള സംഘടിപ്പിക്കുന്നതിന് ഭരണാധികാരികളെ പ്രേരിപ്പിക്കേണ്ടിയിരിക്കുന്നു.

*5. ഇത്തിക്കര ബ്ലോക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം, ക്ലിപ്തം നമ്പർ. Q 801*

പരവൂർ ആസ്ഥാനമാക്കി ഇത്തിക്കര ബ്ലോക്കിലെ ജനവിഭാഗങ്ങൾക്ക് ഭവനനിർമാണ വായ്പ ലഭ്യമാക്കുവാൻ വേണ്ടി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നിന്ന് പൂതക്കുളം പഞ്ചായത്തിൽ പെട്ട വളരെക്കുറച്ച് പേർക്കുമാത്രമേ വായ്പ ലഭിച്ചിട്ടുള്ളൂ. വായ്പകൾ ലഭിക്കുവാൻ വളരെയധികം കാലതാമസം നേരിടുന്നു. 12 പുതിയ വീടിനും 2 വീട് പുതുക്കുന്നതിനും പഞ്ചായത്തിൽ വായ്പ നൽകിയിട്ടുണ്ട്. പദ്ധതികളെക്കുറിച്ചും സംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘം ഭരണ സമിതി നടത്തേണ്ടിയിരിക്കുന്നു.

വായ്പാ വിതരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ അടിയന്തിരമായി വരുത്തേണ്ട മാറ്റങ്ങൾ

1. എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
2. നിക്ഷേപസമാഹരണത്തിന് കുറേക്കൂടി ഊന്നൽ നൽകുക.
3. കുടിശ്ശിക നിയന്ത്രിച്ചുകൊണ്ടുവരുന്നതിൽ ശ്രദ്ധിക്കുക.
4. 1 ലക്ഷം രൂപവരെ സലയുള്ള ചിട്ടികൾ ഗവൺമെന്റ് അംഗീകാരത്തോടുകൂടി ആരംഭിക്കുക.
5. കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടുകൂടിയ ലാൻറ് രജിസ്റ്റർ തയ്യാറാക്കുകയും അതിൻപ്രകാരം ഓരോ വർഷത്തേയ്ക്കും ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിനുമുമ്പ് പാസ്സാക്കി നൽകുക. കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.
6. കാർഷികാവശ്യത്തിനായി നബാർഡിൽ നിന്നും കൺസഷണൽ ഫിനാൻസ് അനുവദിച്ചു കിട്ടുന്നതിന് നടപടിയെടുക്കുക.
7. സർക്കാരിൽ നിന്നും അനുവദിച്ചുകിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പ്പകാരന് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.
8. കാർഷിക വായ്പയുടെ പരിധി കാലോചിതമായി പരിഷ്ക്കരിക്കുക.

## ക്ഷീരസംഘങ്ങളൊഴികെയുള്ള വായ്പേതരസംഘങ്ങൾ

| സംഘം | അംഗങ്ങൾ | ഓഹരിമൂലധനം | | പരമാവധി കടം |
|---|---|---|---|---|
| | | അംഗങ്ങളിൽ | സർക്കാരിൽ | എടുക്കാവുന്നതുക |
| നെല്ലേറ്റിൽ കയർവ്യവസായ സഹകരണ സംഘം നല്ലേറ്റിൽ | 373 | 16,805 | 1,30,680 | 50 ലക്ഷം |
| ഇടയാടി കയർവ്യവസായ സഹകരണ സംഘം ഇടയാടി | 664 | 31,422 | 240,840 | 27.23 |
| കലയ്ക്കോട് കയർ വ്യവസായ സഹകരണ സംഘം കലയ്ക്കോട് | 727 | 69423 | 45800 | 69.42 |
| ചൊമ്പകശ്ശേരി എച്ച്.എസ് സഹകരണ സംഘം | എ–90, ബി–4679 | 13679 | 10,000 | – |
| പൂതക്കുളം ഗവ. എച്ച്.എസ്. സഹകരണ സംഘം | എ–150, ബി–2103 | 2853 | 10,000 | – |
| ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം, പൂതക്കുളം | 118 | 3620 | – | – |
| പൂതക്കുളം ഗ്രാമപഞ്ചായത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘം, കലയ്ക്കോട് | 35 | 350 | – | – |
| രാജീവ്ഗാന്ധി ജനറൽ മാർക്കറ്റിംഗ് ആൻറ് പ്രോസസിംഗ് സഹകരണ സംഘം, പുത്തൻകുളം | 62 | 7000 | – | – |

9. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് വരുമ്പോൾ അവ ജാമ്യമായി വാങ്ങിക്കൊണ്ട് കീലോൺ അനുവദിക്കുക.

10. ദീർഘകാല വായ്പ നൽകിവരുന്ന കാർഷിക ഗ്രാമവികസന ബാങ്കിൻെറ ഒരു ശാഖ ഇത്തിക്കര ബ്ലോക്കിൽ ആരംഭിക്കുക.

11. കാർഷിക ഗ്രാമവികസന ബാങ്കിൻെറ വായ്പാമേളകൾ പഞ്ചായത്തുതോറും നടത്തി പ്രവർത്തനം കൂടുതൽ ജനകീയവൽക്കരിക്കണം.

12. കാർഷിക ഗ്രാമവികസന ബാങ്കുകൾക്കുള്ളതുപോലെ ഗഹാൻ സംവിധാനം പ്രാഥമിക വായ്പാസംഘങ്ങൾക്കും ഹൗസിംഗ് സംഘങ്ങൾക്കും ഏർപ്പെടുത്തി ഭാരിച്ച രജിസ്ട്രേഷൻ ഫീസിൽ നിന്നും മറ്റു അനാവശ്യ ചെലവുകളിൽനിന്നും വായ്പക്കാരെ മുക്തരാക്കുക.

### സഹകരണസംഘങ്ങൾ അടിയന്തിരമായി ശ്രദ്ധിക്കേണ്ട ഇതരവിഷയങ്ങൾ.

1. കൃഷിവകുപ്പുമായി സഹകരിച്ചു ട്രാക്ടർ, ടില്ലർ എന്നിവ വാങ്ങി കാർഷികമേഖലയിലെ യന്ത്രവൽക്കരണത്തിൻെറ ഉപയോഗം കുറഞ്ഞ ചെലവിൽ കർഷകന് ലഭ്യമാക്കുക.

2. നാളികേരം സംസ്കരിക്കുന്നതിനുള്ള ഡ്രയർ സ്ഥാപിച്ച് പച്ചതേങ്ങ കർഷകരിൽ നിന്നും നേരിട്ടുവാങ്ങി സംസ്കരിച്ച് വിപണനം നടത്തുവാനുള്ള വിപുലമായ സംവിധാനത്തിന് തുടക്കം കുറിക്കണം.

3. ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ, മറ്റ് ഏജൻസികൾ എന്നിവയുമായി സഹകരിച്ച് ഉഴവുമാടുകൾ, കാർഷികോപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള ഉദാരമായ വായ്പാപദ്ധതികൾ ആരംഭിക്കണം.

## വായ്പേതര സഹകരണ സംഘങ്ങൾ

### എ. കയർ സഹകരണ സംഘങ്ങൾ

*1. നെല്ലേറ്റിൽ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ 643*

1979ൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനത്തിൽ 373 അംഗങ്ങളും 16805 രൂപ അംഗങ്ങളിൽ നിന്നും ഓഹരിമൂലധനവും സർക്കാരിൽ നിന്നും 130680 രൂപയും ഓഹരിമൂലധനമായുണ്ട്. പൂതക്കുളം ഗ്രാമപഞ്ചായത്തിലെ 7–ാം വാർഡാണ് പ്രവർത്തന മേഖല. പച്ചത്തൊണ്ടു വാങ്ങി മൂടൽ, തൊണ്ടു തല്ലി ചകിരിനിർമാണം, ടി ചകിരി കൊണ്ട് കയർ പിരിപ്പു നടത്തൽ എന്നിവയാണ് പ്രവർത്തനങ്ങൾ. സാധാരണ റാട്ടുകൾക്കു പുറമെ യന്ത്രറാട്ടുകളും പ്രവർത്തിക്കുന്നു. യന്ത്രവൽക്കരണം മൂലം കൂടുതൽ തൊഴിൽ സാധ്യതയുണ്ട്. ഉല്പാദിപ്പിക്കപ്പെടുന്ന കയർ, കേരള സ്റ്റേറ്റ് കയർ മാർക്കറ്റിംഗ് ഫെഡറേഷനു നേരിട്ടു വില്പന നടത്തുന്നു. തൊണ്ടുസംഭരണം ഏറെ പ്രയാസകരമായിരിക്കുന്നു. എല്ലാത്തരം വൈതരണികളെയും അതിജീവിച്ച് സംഘം മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്.

*2. കലയ്ക്കോട് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ 203*

റാട്ടുകളുടെ സംഗീതം കേട്ടുണരുന്ന കലയ്ക്കോട് പ്രദേശത്ത് സ്വകാര്യ കയർ വ്യവസായികളുടെ ചൂഷണത്തിൽ നിന്നും തൊഴിലാളികൾക്ക് ആശ്വാസമേകിയിരുന്ന ഈ സംഘം ഇന്ന് നിശ്ചലമാണ്. പഴയ പ്രതാപങ്ങൾ അയവിറക്കിക്കൊണ്ട് നിശ്ചലമായി, മാപ്പുസാക്ഷിയായി സ്വന്തം കെട്ടിടത്തിലെ മേൽക്കൂരയും മറ്റയവയവങ്ങളും നിലകൊള്ളുന്നു. ആസ്തി ബാധ്യതകൾ തട്ടിക്കഴിച്ചാൽ ഫലം ശൂന്യമാണ്. 30 സെൻറ് കായൽ, 50 സെൻറ് കരഭൂമിയും കെട്ടിടവും, ഒരേക്കർ കുത്തകപ്പാട്ടവും ആസ്ഥിയായിട്ടുള്ള ഈ സംഘത്തിന് 5 ലക്ഷം രൂപയോളം വരുന്ന കടങ്ങൾ വീട്ടാൻ കഴിയണം. 727 അംഗങ്ങളുള്ള ഈ സംഘം പുനരുദ്ധരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

*3. ഇടയാടി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ 395*

1963–ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 664 അംഗങ്ങളിൽ നിന്നും 31422 രൂപയും സർക്കാരിൽ നിന്നും 240840 രൂപയും ഓഹരിമൂലധനമായിട്ടുണ്ട്. കേരളാസ്റ്റേറ്റ് കയർ മാർക്കറ്റിംഗ് ഫെഡറേഷന് കയർ വില്പന നടത്തുന്നു. സ്ഥിരമായി തൊഴിൽ നൽകാൻ കഴിയത്തക്കവിധം തൊണ്ട് സംഭരിക്കുകയും, ഉല്പാദിപ്പിക്കപ്പെടുന്ന കയർ കാലതാമസം കൂടാതെ വിറ്റഴിക്കുകയും ചെയ്യുന്നതിൽ പ്രത്യേക ജാഗ്രത പുലർത്തിയാൽ ഈ സംഘത്തിന് മുന്നേറാനാകും. യന്ത്രവൽക്കരണം നടപ്പാക്കാനുള്ള നടപടികളും കൈക്കൊള്ളേണ്ടതാണ്. സംഘത്തോടനുബന്ധിച്ചുണ്ടായിരുന്ന ക്രഷ് പുനരാരംഭിക്കേണ്ടിയിരിക്കുന്നു.

### ബി. ഖാദി ബോർഡു സംഘങ്ങൾ

*പൂതക്കുളം ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം. KVINDQ 90*

1979 ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ 118 അംഗങ്ങളും 3600 രൂപ പ്രവർത്തനമൂലധനവും സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. കുട്ട, വട്ടി, പായ് എന്നിവ നെയ്ത് വിൽപ്പന നടത്തിയിരുന്ന ഈ സംഘം പരമ്പരാഗത മേഖലയിൽ പൂതക്കുളം പഞ്ചായത്തിൽ ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഏക സംഘമായിരുന്നു. ഇപ്പോൾ പ്രവർത്തനരഹിതമാണ്. പുന്നേക്കുളം ആസ്ഥാനമായുള്ള ഈ സ്ഥാപനം പ്രവർത്തനക്ഷമമാക്കുവാനുള്ള കടമ സാമൂഹ്യപ്രവർത്തകർ അടിയന്തിരമായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

### സി. സ്കൂൾ സഹകരണ സംഘങ്ങൾ

*1. ചെമ്പകശ്ശേരി എച്ച്.എസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ 583*

90 എ ക്ലാസ് അംഗങ്ങളിൽ നിന്നും 9000 രൂപയും 4679 ബി ക്ലാസ് അംഗങ്ങളിൽ നിന്നും 4679 രൂപയും സർക്കാരിൽ നിന്ന് 10000 രൂപയും ഓഹരിമൂലധനമായുണ്ട്. ഹൈസ്കൂളിലെയും യു.പി.സ്കൂളിലെയും കുട്ടികൾക്കാവശ്യമായ നോട്ടുബുക്കുകളുടേയും പാഠപുസ്തകങ്ങളുടേയും വിതരണം നടത്തുന്നു. പ്രവർത്തനമേഖല കൂടുതൽ വിപുലീകരിച്ച് കുട്ടികൾ

ക്കാവശ്യമായ യൂണിഫോമുകൾ, കോസ്മെറ്റിക്, സ്റ്റേഷനറി സാധനങ്ങൾ എന്നിവയും വിതരണം ചെയ്യാവുന്നതാണ്.

*2. പൂതക്കുളം ഗവ. എച്ച്.എസ്. സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ 9*

150 എ ക്ലാസ് അംഗങ്ങളും 2103 ബി ക്ലാസ് അംഗങ്ങളുള്ള ഈ സംഘത്തിന് 12853 രൂപ ഓഹരി മൂലധനമുണ്ട്. ചിട്ടയായ പ്രവർത്തനം നടക്കുന്നില്ല. പാഠപുസ്തകവിതരണത്തിൽ മാത്രം പ്രവർത്തനമൊതുങ്ങുന്നു. പ്രവർത്തനമേഖല കൂടുതൽ വിപുലീകരിക്കണം.

### ഡി. ക്ഷീര സഹകരണ സംഘങ്ങൾ

*1. കലയ്ക്കോട് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം ക്യൂ 154 (ഡി) അപ്കോസ്, കലയ്ക്കോട്*

1986-ൽ പ്രവർത്തനമാരംഭിച്ചു. 93 അംഗങ്ങളിൽ നിന്നായി 1060 രൂപ ഓഹരിമൂലധനം. പ്രതിമാസം ശരാശരി 1896.7 ലിറ്റർ പാൽ സംഭരിക്കുന്നു. ഇതിൽ 383.5 ലിറ്റർ പാൽ പ്രവർത്തനപരിധിയിൽ വിതരണം നടത്തുകയും 1513.2 ലിറ്റർ മിൽമയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. പ്രവർത്തനമേഖലയിലെ മുഴുവൻ പാലും സംഭരിച്ച് വിതരണം നടത്താൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. കലയ്ക്കോട് പ്രദേശം മാത്രമാണ് പ്രവർത്തനപരിധി.

*2. പൂതക്കുളം ക്ഷീരോല്പാദക സഹകരണ സംഘം ക്യൂ 157 (ഡി) അപ്കോസ്, പൂതക്കുളം*

1986-ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിന് 245 അംഗങ്ങളും 2450 രൂപ ഓഹരി മൂലധനവുമുണ്ട്. പ്രതിദിനം 280 ലിറ്റർ പാൽ സംഭരിക്കുന്നു. 50 ലിറ്റർ പ്രദേശത്ത് വിതരണം ചെയ്യുകയും 230 ലിറ്റർ മിൽമയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. പൂതക്കുളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനം അർഹരായ മുഴുവൻ കർഷകരെയും അംഗങ്ങളാക്കി പ്രവർത്തനം കൂടുതൽ ശക്തമാക്കാവുന്നതാണ്. നെല്ലേറ്റിൽ, ഇടയാടി വാർഡുകളാണ് പ്രവർത്തനപരിധി.

*3. മുക്കട ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം ക്യൂ 81 (ഡി) അപ്കോസ്, മുക്കട*

87-ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിന് 190 അംഗങ്ങളും 2110 രൂപ ഓഹരി മൂലധനവുമുണ്ട്. 95-96 വർഷം 57302 ലിറ്റർ പാൽ സംഭരിക്കുകയും 41516 ലിറ്റർ മിൽമയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പാലിൽ നിന്നും മിഠായി ഉല്പദിപ്പിച്ച് വിതരണം നടത്തുന്ന ചെറിയ ഒരു യൂണിറ്റും പ്രവർത്തിക്കുന്നു. സാധ്യതകൾ പരമാവധി ചൂഷണം ചെയ്ത് പാൽ സംഭരണം വർദ്ധിപ്പിച്ചാൽ സംഘത്തിന് ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയും. 3, 4 വാർഡുകളാണ് പ്രവർത്തനപരിധി.

*5. പുത്തൻകുളം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം ക്യൂ 292 (ഡി) അപ്കോസ്, പുത്തൻകുളം*

96-ൽ പ്രവർത്തനം ആരംഭിച്ച 82 അംഗങ്ങളുള്ള ഈ സംഘത്തിന് 820 രൂപയാണ് ഓഹരിമൂലധനം. പ്രതിദിനം 80 ലിറ്റർ പാൽ സംഭരിച്ച് 70 ലിറ്റർ പാൽ മിൽമയ്ക്ക് അയയ്ക്കുന്നു. 10, 11 വാർഡുകളാണ് പ്രവർത്തനപരിധി.

*6. ഊന്നിൻമൂട് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം ക്യൂ 81 (ഡി)*

10-2-1981ൽ പഞ്ചായത്തിലെ 7, 8, 9 വാർഡുകൾ പ്രവർത്തനപരിധിയായി പ്രവർത്തനമാരംഭിച്ചു. 199 അംഗങ്ങളിൽ നിന്നായി 2110 രൂപ ഓഹരിമൂലധനമുണ്ട്. പ്രതിദിനം ശരാശരി 205 ലിറ്റർ പാൽ സംഭരിച്ച് വിതരണം നടത്തുന്നു.

ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ അംഗങ്ങൾക്ക് നല്ലയിനം പശുക്കളെ വിതരണം ചെയ്തും പുതിയ അംഗങ്ങളെ ചേർത്തും ഉല്പാദനം വർദ്ധിപ്പിക്കേണ്ടതാണ്. കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് അംഗങ്ങൾക്കു ലഭിക്കുന്നതിനുള്ള സ്ഥിരം സംവിധാനം സംഘങ്ങൾ ചെയ്തു കൊടുക്കണം. കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്ക സമയത്തു ലഭ്യമാക്കണം. പഞ്ചായത്തുതലത്തിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ക്ഷീരവികസനത്തിനു ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്.

### ഇ. മത്സ്യത്തൊഴിലാളി സംഹകരണ സംഘങ്ങൾ

പൂതക്കുളം ഗ്രാമപഞ്ചായത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘം, കലയ്ക്കോട് ക്ലിപ്തം നമ്പർ F(Q)I.

പുതുതായി രൂപീകരിക്കപ്പെട്ട ഈ സംഘത്തിലെ പ്രമോട്ടിംഗ് കമ്മിറ്റി 35 അംഗങ്ങളിൽ നിന്നും 350 രൂപ ഓഹരി ഇനത്തിൽ സംഭരിച്ചിട്ടുണ്ട്. മുഴുവൻ മത്സ്യത്തൊഴിലാളികളെയും അംഗങ്ങളാക്കി പ്രവർത്തന മേഖല വിപുലീകരിക്കണം. വളരെയധികം വികസനസാധ്യതയുള്ള ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ ഈ സംഘത്തിന് മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയും.

## രൂപീകരിക്കപ്പെടേണ്ട സഹകരണ സംഘങ്ങൾ

*1. വനിതാ ക്രെഡിറ്റ് സഹകരണ സംഘം*

ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന വനിതകളുടെ ക്ഷേമത്തിനായി സഹകരണ വകുപ്പിൻകീഴിൽ പൂതക്കുളം ഗ്രാമപഞ്ചായത്ത് പ്രവർത്തന മേഖല യാക്കിക്കൊണ്ട് ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. നിക്ഷേപങ്ങൾ സ്വീകരിക്കുക, ചിട്ടി, സ്വർണപ്പണയം തുടങ്ങി വായ്പാസംഘത്തിൻെറ എല്ലാ പ്രവർത്തനങ്ങളും ഇപ്രകാരം രൂപീകരിക്ക പ്പെടുന്ന സംഘം വഴി നടത്താവുന്നതാണ്.

*2. വനിതാ വ്യവസായ സഹകരണ സംഘം*

റെഡിമേഡ് ഗാർമെൻറ്സ്, ബുക്ക് ബയൻറിംഗ്, പ്ലാസ്റ്റിക് കവർ നിർമാണം, കറിപ്പൊടി നിർമാണം തുടങ്ങിയ പദ്ധതികൾ നടത്തുന്നതിനായി ഒരു വനിതാ വ്യവസായ സഹകരണ സംഘം രൂപീകരിച്ചാൽ നിരവധി വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതാണ്.

*3. കൺസ്യൂമർ സഹകരണ സംഘം*

നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്കു വിതരണം ചെയ്യുന്നതിനായി പൂതക്കുളം ഗ്രാമപഞ്ചായ ത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കേന്ദ്രത്തിൽ കൺസ്യൂമർ സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാവുന്നതാണ്. വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് ഈ സ്ഥാപനത്തിന് നിർണായക പങ്കു വഹിക്കാൻ കഴിയും.

*4. ലേബർ കോൺട്രാക്ട് സഹകരണ സംഘം*

അസംഘടിത മേഖലകളിൽ തൊഴിൽ ചെയ്യുന്ന വർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായ ത്തടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കേണ്ടതും പഞ്ചായ ത്തുകൾ നേരിട്ടു നടത്തുന്ന നിർമാണ പ്രവർത്തന ങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതും കൂടാതെ, പഞ്ചായത്തിലെ മറ്റു നിർമാണപ്രവർത്തനങ്ങൾ ഈ സംഘത്തിന് ഏറ്റെടുത്തു നടത്താവുന്നതുമാണ്.

*5. കോഴിവളർത്തൽ സഹകരണ സംഘം*

കേരളത്തിൽ വരുമാനത്തിൻെറ വലിയൊരു ഭാഗം ഇറച്ചിക്കോഴി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നുണ്ട്. ഒരു കോഴി വളർത്തൽ സഹകരണ സംഘം പഞ്ചായത്തു തലത്തിൽ രൂപീകരിച്ച് കോഴിവളർത്തൽ പ്രോത്സാഹി പ്പിക്കേണ്ടതും ഈ സംഘം വഴി പഞ്ചായത്തിലെ മുഴുവൻ വീടുകളിലും ചെറിയ യൂണിറ്റുകളായി കോഴി വളർത്തുകയും അതിനാവശ്യമായ സാമ്പത്തിക സഹായവും മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കേണ്ടതുമാണ്.

കോക്കനട്ട് ഗ്രോവേഴ്സ് സഹകരണ സംഘം

മുഖ്യ കാർഷികോല്പന്നമായ നാളികേരത്തിൻെറ വികസനത്തിനായി നാളികേരവും അനുബന്ധ ഉല്പന്നങ്ങളും സംസ്കരണ വിതരണത്തിനായി ഒരു കോക്കനട്ട് ഗ്രവേഴ്സ് സഹകരണ സംഘം ആരംഭിക്കാവുന്നതാണ്.

*7. ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘം*

കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുക വഴി കൃഷിച്ചിലവ് കുറയ്ക്കുവാനും നല്ല നിലയിൽ ശാസ്ത്രീയമായ വളപ്രയോഗങ്ങൾ നടത്തി വിളവു വർദ്ധിപ്പിക്കുവാനും ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘം രൂപീകരിക്കുക വഴി സാധ്യമാകും. കൃഷിഭവനുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് ഓരോ വാർഡു തോറും ഇത്തരം സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

## പ്രവർത്തനം ആരംഭിക്കാത്ത രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾ

വിപണനരംഗത്ത് രാജീവ്ഗാന്ധി ജനറൽ മാർക്കറ്റിംഗ് ആൻറ് പ്രോസസിംഗ് സഹകരണ സംഘം ഇനിയും പ്രവർത്തനം സജീവമായിട്ടില്ല. പുത്തൻകുളം ആസ്ഥാനമായുള്ള ഈ സ്ഥാപനം ജില്ലാ സഹകരണ ബാങ്കിൽ അംഗത്വം സമ്പാദിച്ചിട്ടുണ്ട്. കയറുല്പന്നങ്ങൾ നിർമിക്കുന്നതിനായി വിപുലമായ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മൂന്നാം വാർഡിൽ

ഒരു സംഘം പ്രവർത്തനം ആരംഭിക്കുവാനുള്ള തയ്യാറെടുപ്പിലാണ്.

നിർദ്ദേശിക്കപ്പെട്ട സംഘങ്ങൾ രൂപീകരിക്കുക വഴിയും നിലവിലുള്ളവ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്താൽ 650 പേർക്ക് പ്രത്യക്ഷമായും 750 പേർക്ക് പരോക്ഷമായും ജോലി ലഭ്യമാക്കുന്നതിനു കഴിയും. ഈ മേഖലയിലെ മൂലധനം ഗണ്യമായി വർദ്ധിക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കുടുംബങ്ങൾക്കും സാമ്പത്തികാഭിവൃദ്ധി കൈവരിക്കാൻ കഴിയത്തക്കവിധം ഈ മേഖല ഏറെ മുന്നേറേണ്ടതായിട്ടുണ്ട്.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനത്തിന് നിർണായകപങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനമെന്ന നിലയിൽ പൂതക്കുളം പഞ്ചായത്തിൽ സഹകരണമേഖലയിൽ നടപ്പാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് സജീവ ചർച്ചകൾക്കും മുൻഗണനാക്രമം നിർണയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.

| | സംഘം | സ്ഥാപിച്ച വർഷം | ഇനം | അംഗങ്ങൾ | ഓഹരി മൂലധനം |
|---|---|---|---|---|---|
| 1. | കലയ്ക്കോട് സർവീസ് സഹകരണ ബാങ്ക് | 20-8-1101 (കൊ.വ.) | ക്രെഡിറ്റ് | 13305 | 8538188 |
| 2 | പൂതക്കുളം സർവീസ് സഹകരണ ബാങ്ക് | 19-11-1959 | ക്രെഡിറ്റ് | 10215 | 5568008 |
| 3 | കലയ്ക്കോട് ഹരിജൻ സർവീസ് സഹകരണ സംഘം | 1959 | ക്രെഡിറ്റ് | 2562 | 246082 |
| 4 | നെല്ലേറ്റിൽ കയർ വ്യവസായ സഹകരണ സംഘം | 1979 | നോൺ ക്രെഡിറ്റ് | 373 | 147485 |
| 5 | ഇടയാടി കയർ വ്യവസായ സഹകരണ സംഘം | 1963 | നോൺക്രെഡിറ്റ് | 664 | 272262 |
| 6 | കലയ്ക്കോട് കയർ വ്യവസായ സഹകരണ സംഘം | 1957 | നോൺക്രെഡിറ്റ് | 727 | 115223 |
| 7 | ചെമ്പകശ്ശേരി എച്ച്.എസ് സഹകരണ സംഘം | 1976 | നോൺക്രെഡിറ്റ് | 90 | 23679 |
| 8 | പൂതക്കുളം എച്ച്.എസ് സഹകരണ സംഘം | | നോൺക്രെഡിറ്റ് | 150 | 12853 |
| 9 | ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം | 1979 | നോൺക്രെഡിറ്റ് | 118 | 3620 |
| 10 | ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘം | 1996 | നോൺക്രെഡിറ്റ് | 35 | 350 |
| 11 | രാജീവ്ഗാന്ധി സ്മാരക ജനറൽ മാർക്കറ്റിംഗ് ആൻറ് പ്രോസസിംഗ് സഹകരണ സംഘം | 1994 | നോൺക്രെഡിറ്റ് | 62 | 7000 |
| 12 | കലയ്ക്കോട് ക്ഷീരോല്പാദക സഹകരണ സംഘം | 1986 | നോൺക്രെഡിറ്റ് | 93 | 1060 |
| 13 | മുക്കട ക്ഷീരോല്പാദക സഹകരണ സംഘം | 1987 | നോൺ ക്രെഡിറ്റ് | 190 | 2110 |
| 14 | പൂതക്കുളം ക്ഷീരോല്പാദക സഹകരണ സംഘം | 1986 | നോൺ ക്രെഡിറ്റ് | 245 | 2450 |
| 15 | പുത്തൻകുളം ക്ഷീരോല്പാദക സഹകരണ സംഘം | 1996 | നോൺ ക്രെഡിറ്റ് | 82 | 820 |
| 16 | ഊന്നിൻമൂട് ക്ഷമീരോല്പാദക സഹകരണ സംഘം | 1981 | നോൺ ക്രെഡിറ്റ് | 199 | 2310 |

# വിഭവസമാഹരണം



വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ തന്നെ അതിനാവശ്യമായ വിഭവ സമാഹരണത്തിനും ആസൂത്രണം നടത്തേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ തനതു വരുമാന മാർഗങ്ങളായ കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയിൽ കാര്യമായ വർദ്ധനവിന് സാദ്ധ്യതകാണുന്നില്ല. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് അധികരിച്ച കെട്ടിടനികുതി ഈടാക്കുന്നു എന്ന ഒരു പരാതിയും നിലവിലുണ്ട്. പ്രകൃതി വിഭവങ്ങളായ ധാതുസമ്പത്തുക്കൾ ചൂഷണം ചെയ്ത് പുതിയ വിഭവങ്ങൾ സമാഹരിക്കാനുള്ള സാദ്ധ്യതയും ഇപ്പോൾ തെളിഞ്ഞു കാണുന്നില്ല. ഒരു കാർഷിക ഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ വിഭവസമാഹരണത്തിനുള്ള മാർഗ്ഗങ്ങൾ കാണുന്നത് കാർഷിക – വ്യാവസായിക മേഖലകളിലുള്ള മുന്നേറ്റത്തിൽ കൂടിയുള്ളതാണ്.

## കാർഷിക മേഖല

നമ്മുടെ ഗ്രാമത്തിലെ എഴുപത്തിയഞ്ച് ശതമാനത്തിൽ അധികം ജനങ്ങളുടെ മുഖ്യ വരുമാനം കൃഷിയിൽ നിന്നുമാണ്. നെൽകൃഷി ഇന്ന് രൂക്ഷമായ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. വർദ്ധിച്ച കൃഷി ചെലവ്, വളങ്ങളുടെ വില വർദ്ധന, ഗതാഗതസൗകര്യത്തിന്റെ അപര്യാപ്തത എന്നിവ ഉത്പാദനത്തെ സാരമായി ബാധിക്കുന്നു. മേടകൃഷിക്കുള്ള ജലസേചനത്തിന്റെ അപര്യാപ്തതയും, വർഷകാലത്തെ അധികജലവും നെൽകൃഷിയ്ക്ക് നാശം വിതച്ചുകൊണ്ടിരിക്കുന്നു. ഈ പ്രതികൂല സാഹചര്യങ്ങൾ ഗ്രാമത്തിലെ ഫലഭൂയിഷ്ടമായ നെൽപ്പാടങ്ങളുടെ ഉത്പാദനക്ഷമത കുറയ്ക്കുകയും നിലം തരിശിടാൻ കർഷകരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇത് പരിഹരിക്കാതെ നെൽകൃഷിയിൽ നിന്നും അധിക വിഭവസമാഹരണം സാദ്ധ്യമല്ല. അതുകൊണ്ട് ഈ രംഗത്ത് കൂടുതൽ മുതൽ മുടക്ക് ആവശ്യമായിരിക്കുന്നു.

ഗ്രാമത്തിലെ പ്രധാന നാണ്യവിളയായ നാളീകേരത്തിന്റെ ഉത്പാദനം അനുദിനം കുറഞ്ഞു വരുന്നു. തെങ്ങ്രോഗം വർദ്ധിച്ചു വരുന്നതാണ് മുഖ്യകാരണം. നാളികേരത്തിനു ന്യായമായവില ലഭിക്കുന്നില്ല എന്നുള്ളതാണ് വിഭവസമാഹരണത്തിന്റെ മറ്റൊരു പ്രതിസന്ധി. ഈ പ്രശ്നങ്ങൾ കാലതാമസം കൂടാതെ പരിഹരിക്കേണ്ടിയിരിക്കുന്നു. തെങ്ങ് രോഗം നിയന്ത്രിക്കുന്നതിന് ബ്രഹത്തായ ഒരു പദ്ധതി നടപ്പിലാക്കേണ്ടിയിരിക്കുന്നു. കർഷകരിൽ നിന്നും പച്ചതേങ്ങ സംഭരിച്ച് വിപണനം നടത്തുന്നതിന് കലയ്ക്കോട് സർവ്വീസ് സഹകരണ ബാങ്കും, പൂതക്കുളം സർവ്വീസ് സഹകരണ ബാങ്കും മുന്നോട്ടു വരേണ്ടതാണ്.

## വ്യാവസായിക മേഖല

നമ്മുടെ ഗ്രാമത്തിൽ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. പരമ്പരാഗത വ്യവസായങ്ങൾക്കു പുറമേ നാമമാത്രമായ ചെറുകിട വ്യവസായങ്ങൾ മാത്രമേ ഈ പഞ്ചായത്തിൽ ഉള്ളൂ. കയർ ഉൽപന്നങ്ങളുടെ ഡിമാൻഡ് അനുദിനം വർദ്ധിച്ചു വരികയാണ്. അസംസ്കൃതവസ്തുക്കളായ ചകിരിയും കയറും നമ്മുടെ പഞ്ചായത്തിൽ സുലഭമായതിനാൽ കയറുത്പന്നങ്ങൾ നിർമ്മിക്കുന്ന ഇടത്തരം-വൻകിട വ്യവസായത്തിനാവശ്യമായ മുതൽമുടക്ക് കണ്ടെത്തേണ്ടിയിരിക്കുന്നു. ഉയർന്ന സാമ്പത്തിക നില കൈവരിച്ചവർ കുറവാണെങ്കിലും ഗൾഫ് നാടുകളിൽ ജോലിചെയ്യുന്ന ധാരാളം പേർ ഈ പഞ്ചായത്തിലുണ്ട്. സുഖസൗകര്യങ്ങൾ വർദ്ധി പ്പിക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന ഇവരുടെ സമ്പാദ്യത്തിൻെറ ഒരുഭാഗം വ്യവസായ വികസനത്തിനുള്ള മൂലധനത്തിലേക്ക് വഴിതിരിച്ച് വിടാവുന്നതാണ്. ഇതിനാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കേണ്ടതാണ്.

ഒരു ബ്രാഞ്ചുള്ള പൂതക്കുളം സർവ്വീസ് സഹകരണ ബാങ്ക്, രണ്ടു ബ്രാഞ്ചുകളുള്ള കലയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക്, ഐ.ഒ.ബി. പുത്തൻകുളം, ഇന്ത്യൻ ബാങ്ക്, കലയ്ക്കോട് എന്നിവയാണ് പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ. അനവധി സ്വകാര്യപണമിടപാട് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഗ്രാമത്തിൽ നിന്നും സ്വരൂപിക്കുന്ന നിക്ഷേപങ്ങൾക്ക് ആനുപാതികമായി വായ്പ കൊടുക്കുവാൻ ഈ ധനകാര്യസ്ഥാപനങ്ങൾ തയ്യാറാകേണ്ടതാണ്.

പഞ്ചായത്തിലെ വരവിനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

### പഞ്ചായത്തിൻെറ 95-96 ലെ വരവിനങ്ങൾ

| | ഇനം | വരവ് |
|---|---|---|
| 1. | കെട്ടിടനികുതി | 3,06,307 |
| 2. | തൊഴിൽനികുതി | 1,39,942 |
| 3. | വിനോദനികുതി | 49,257 |
| 4. | പ്രദർശനനികുതി | 4,542 |
| 5. | ഉപാധിരഹിത ഫണ്ട് | 2,79,600 |
| 6. | ചന്തവരവ് | 49,665 |
| 7. | ജെ.ആർ.വൈ | 3,30,901 |
| 8. | ലൈസൻസ് ഫീസ് | 4,399 |
| 9. | ലൈബ്രറി സെസ്സ് | 12,976 |
| 10. | വസ്തുകൈമാറ്റനികുതി | 94,164 |
| 11. | സർക്കാർ ഗ്രാൻറുകളും മറ്റും | 2,09,835 |
| 12. | ഒഴികെയുള്ള മറ്റുവരവുകൾ | 3,53029 |
| | ആകെ | 18,34,617 |

## ചെലവിനങ്ങൾ

| ഇനം | തുക |
|---|---|
| ഭരണം | 5,72,707.70 |
| പൊതുമരാമത്ത് | 94,773.00 |
| വിദ്യാഭ്യാസം | 5988.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 60.00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നതിന് | 1,15,608.00 |
| മറ്റുള്ളവ | 4,87,568.00 |
| ആകെ | 12,76,699.70 |

### കെട്ടിടനികുതി

1995–96 ൽ മുഴുവൻ കെട്ടിടനികുതിയും പിരിച്ചെടുത്തിട്ടുള്ളത് അഭിമാനാർഹമാണ്. സാധാരണ കെട്ടിടത്തിനുമേൽ നികുതി വർദ്ധിപ്പിക്കുവാൻ സാദ്ധ്യതകാണുന്നില്ല. അത്യന്താധുനികമായ രീതിയിൽ 10 ലക്ഷത്തിൽ അധികം രൂപ ചെലവാക്കി നിർമിക്കുന്ന കൊട്ടാരസാദൃശ്യമായ വീടുകൾക്ക് ആഡംബരനികുതി ചുമത്താവുന്നതാണ്.

### വിനോദ നികുതി

ഈ ഗ്രാമപഞ്ചായത്തിൽ 2 സിനിമാതിയേറ്ററുണ്ടെങ്കിലും 95–96 വർഷത്തിൽ 49257 രൂപ മാത്രമേ ഈ ഇനത്തിൽ ലഭിച്ചിട്ടുള്ളതായി കാണുന്നുള്ളു. വിനോദനികുതിയിൽ ചോർച്ചയുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. മുഴുവൻ നികുതിയും പിരിച്ചെടുക്കുന്ന സംവിധാനം നിലവിൽ വരേണ്ടതാണ്. കേബിൾ ടി.വി. യെ പഞ്ചായത്ത് നികുതുയുടെ പരിതിയിൽ കൊണ്ടുവരാവുന്നതാണ്.

### മറ്റു ധനാഗമ മാർഗ്ഗങ്ങൾ

പൂതക്കുളം ഗ്രാമപഞ്ചായത്തിലെ അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന പൂതക്കുളം ജംഗ്ഷൻ, കോട്ടുവൻകോണം ജംഗ്ഷൻ, പഞ്ചായത്താഫീസ് ജംഗ്ഷൻ ഭാഗങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചാൽ പഞ്ചായത്തിന് അധികവരുമാനം ലഭിക്കും. പൂതക്കുളം, ഇടയാടി, കലയ്ക്കോട്, കോട്ടുവൻകോണം എന്നീ പ്രദേശങ്ങളിൽ പൊതുമാർക്കറ്റ് തുടങ്ങിയാൽ പുതിയവരുമാന മാർഗമായിരിക്കും. ഇന്ദിരാവികാസ്പത്രവഴി ശേഖരിക്കുന്ന തുകയടെ ഒരു നിശ്ചിതവിഹിതം അതതു പഞ്ചായത്തിനു ലഭിക്കുമെന്നുള്ളതിനാൽ പഞ്ചായത്ത് ഭരണസമിതി മുഖേനയോ സന്നദ്ധ സംഘങ്ങൾ രൂപീകരിച്ചോ ഈ പദ്ധതിയിൽ കൂടുതലായി ആളുകളെ ചേർക്കേണ്ടതാണ്.

പഞ്ചായത്തിലെ പ്രാധാന വിഭവം മനുഷ്യാദ്ധ്വാനശേഷിയാണെന്നതിനാൽ സന്നദ്ധ സേനകൾ രൂപീകരിച്ച് ശ്രമദാന പ്രവർത്തനത്തിലൂടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ കഴിയും. അതുവഴി പദ്ധതി അടങ്കൽ തുകയ്ക്ക് ഗണ്യമായ കുറവു വരുത്താൻ കഴിയും.

നിർദിഷ്ട പരവൂർ ടൂറിസം പദ്ധതിയുമായി നമ്മുടെ പഞ്ചായത്തിലെ കായൽ തീരങ്ങളെ ബന്ധിപ്പിച്ചാൽ ടൂറിസം വികസനത്തിനും അതുവഴി പുതിയ വിഭവസമാഹരണത്തിനും മാർഗ്ഗം തുറക്കുന്നതാണ്. വസ്തുകൈമാറ്റനികുതി, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ, ലാൻഡ് സെസ്സ് വിഹിതം എന്നീ പഞ്ചായത്തിനു കിട്ടേണ്ടവിഹിതങ്ങൾ യഥാസമയം ലഭിക്കാൻ നടപടിയുണ്ടാകേണ്ടതാണ്.

## ഉപസംഹാരം

നമ്മുടെ പഞ്ചായത്തിൽ അടിയന്തിരമായി നടപ്പിലാക്കേണ്ട വികസന നിർദേശങ്ങളെക്കുളിച്ചുള്ള സംക്ഷിപ്തവിവരണമാണ് ഈ റിപ്പോർട്ട്. വികസനരംഗത്ത് നാളിതുവരെ നാം തുടർന്നുവന്ന മാമൂലുകളെ ഉപേക്ഷിച്ച് പുതിയൊരു വികസന സംസ്കാരത്തിന് അടിത്തറ പാകുക എന്ന ലക്ഷ്യം ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ നാം കൈവരിക്കാൻ പോകുകയാണ്. വികസനം ഒരു തുടർപ്രക്രിയയാണ്. അതുകൊണ്ടുതന്നെ നമ്മുടെ പ്രാദേശിക ആസൂത്രണത്തിന്റെ തുടർന്നുള്ള എല്ലാ ഘട്ടങ്ങളിലും ജനകീയ ചർച്ചയും പങ്കാളിത്തവും നാം ഉറപ്പു വരുത്തണം. പ്രാദേശിക വികസന പ്രശ്നങ്ങളെ പ്രാദേശിക വിഭവങ്ങളുടെ അടിസ്ഥാനത്തിൽ നോക്കികണ്ടു വേണം സമഗ്ര പദ്ധതികളാക്കി മാറ്റേണ്ടത്. അതേസമയം തന്നെ നമ്മുടെ പൂർവികർ വികസനരംഗത്തു കാണിച്ച മാതൃകാപ്രവർത്തനങ്ങളെയും നാം കണക്കിലെടുക്കണം. ജനങ്ങളും ഉദ്യോഗസ്ഥൻമാരും ഒത്തൊരുമയോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന നിർദേശങ്ങളെ പ്രോജക്ടുകളായും തുടർന്ന് സമഗ്ര പദ്ധതികളായും മാറ്റുവാൻ നമുക്കു കഴിയുകയുള്ളൂ എന്ന കാര്യവും ഓർക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ മനസിൽ കണ്ടുകൊണ്ടുള്ള ആഴത്തിലുള്ള ചർച്ച ഈ വികസന സെമിനാറിലുണ്ടാകണം. ഈ സെമിനാർ പര്യവസാനിക്കുമ്പോൾ ഇവിടെ രൂപീകരിക്കുന്ന 'ടാസ്ക്ഫോഴ്സു'കൾ പദ്ധതികളുടെ രൂപീകരണത്തിലും അവയുടെ നടത്തിപ്പിലും വിലയിരുത്തലിലും പൂർണസമയമുണ്ടാകണം. എങ്കിൽ മാത്രമേ വികസനലക്ഷ്യം കൈവരിക്കാൻ നമുക്കു കഴിയുകയുള്ളൂ.

''എന്തിന്നധീരത!

ഇപ്പോൾ തുടങ്ങണം

എല്ലാം നിങ്ങൾപഠിക്കേണം

തയ്യാറാകണമിപ്പോൾ തന്നെ

ആജ്ഞാശക്തിയായി മാറീടാൻ.....''

ആശംസകളോടെ,

50,000ത്തിൽപരം
രൂപയുടെ
സമ്മാനപദ്ധതി

ഫാഷൻ ജൂവലറി A/c
ഊന്നിൻമൂട്, പരവൂർ
Ph. 212325

ആദായകരമായ രണ്ട്
ഗോൾഡ് പർച്ചേസ്
സ്കീമുകൾ

Bliss of PREM GOLD

ആശംസകളോടെ!!

# കലയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 1194


**കലയ്ക്കോട്. പി. ഒ., പൂതക്കുളം ഫോൺ : 212268**

ബ്രാഞ്ചുകൾ : കലയ്ക്കോട് (Ph:212268), പുത്തൻകുളം (Ph: 212368),
കോട്ടുവൻകോണം(Ph: 212307).


**കൊല്ലം ജില്ലയിലെ ഒന്നാംകിട സ്പെഷ്യൽ ഗ്രേഡ് ക്ലാസ് I ബാങ്ക്**

| | | |
|---|---|---|
| രജിസ്റ്റർ ചെയ്ത തീയതി | : | 13.7.1101 (M.E.) |
| അംഗീകൃതഓഹരി മൂലധനം | : | 1,35,00000 |
| അംഗങ്ങൾ | : | 14000 |
| പിരിഞ്ഞടഞ്ഞ ഓഹരിമൂലധനം | : | 8400,000 |
| ബാക്കിനില്പ് വായ്പത്തുക | : | 10,50,00,000 |
| ബാക്കിനില്പ് നിക്ഷേപങ്ങൾ | : | 10,00,00,000 |
| പ്രവർത്തനമൂലധനം | : | 11.00,00,000 |

- നിക്ഷേപങ്ങൾക്ക് 15.5% വരെ പലിശ നൽകുന്നു.
- സ്ഥിരനിക്ഷേപങ്ങൾ 57 മാസംകൊണ്ട് ഇരട്ടിയും 84 മാസംകൊണ്ട് 3 ഇരട്ടിയുമായി തിരികെ ലഭിക്കുന്നു. 10,000 രൂപയുടെ നിക്ഷേപം 240 മാസങ്ങൾക്കുശേഷം 218000 രൂപയായി തിരിച്ചു നൽകുന്നു.
- നിക്ഷേപകർക്ക് ലോക്കർ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു.
- ആധുനികസൗകര്യങ്ങളുള്ള ആഡിറ്റോറിയവും സദ്യാലയങ്ങളും മിതമായ നിരക്കിൽ വാടകയ്ക്കു നൽകുന്നു.
- അംഗങ്ങൾക്കു സ്ഥിരമായി ഡിവിഡന്റ് നൽകി വരുന്നു.
- എല്ലാവിധ കാർഷിക- കാർഷികേതര വായ്പകളും ഹയർ പർച്ചേസ് വായ്പകളും നൽകുന്നു.

അംഗങ്ങൾക്ക് മികച്ച സേവനം! ഇടപാടുകാർക്ക് വർദ്ധിച്ച ആനുകൂല്യങ്ങൾ. ഏവർക്കും കലയ്ക്കോട് ബാങ്കിലേയ്ക്ക് വിനയാദരവോടെ സ്വാഗതം.

*വീടിനൊരു സഹകാരി, സഹകാരിക്കൊരു നിക്ഷേപം,*
*നാടിനാകെ ഐശ്വര്യം.*

**ഒ. സുരേന്ദ്രൻപിള്ള**
*(പ്രസിഡന്റ്)*

**കെ. ഗോപിനാഥക്കുറുപ്പ്**
*(സെക്രട്ടറി)*


PRINTED AT SUJILEE PRINTERS, CHATHANNOOR. PH. 243682